KOTTAYAM PUBLIC LIBRARY

Call No MA5 Acc. No 61637

Author രാഘവൻ പിള്ള, കെ

Title പഞ്ചതന്ത്രം കിളിപ്പാട്ട്

**BOOK To READER**

* Thank you for not tearing my pages.
* Grateful for not Writing Comments or put unsightly markings.

**Calling Urgent Attention**

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and put markings disfigures the Book. Please take care.

**Secretary**

തിരുവനന്തപുരം മലയാളം ഗ്രന്ഥാവലി
അങ്കം 128

# പഞ്ചതന്ത്രം

## കിളിപ്പാട്ട്

61637

**പ്രസാധകൻ**

കെ. രാഘവൻപിള്ള ബി. എ. (ഓണേഴ്സ്)
പിഎച്ച്. ഡി. (ലണ്ടൻ)

ഡയറക്ടർ

ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ്
മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി

**കേരളസർവ്വകലാശാല**

തിരുവനന്തപുരം.

1969/1144

പകർപ്പവകാശം സുരക്ഷിതം ] വില. രൂ 6

13.2.19

MA5
Rag- P

# ഉള്ളടക്കം


| | |
|---|---|
| അവതാരിക. | i–xv |
| മിത്രഭേദം. | 1–121 |
| സുഹൃല്ലാഭം. | 122–158 |
| സന്ധിവിഗ്രഹം. | 159–205 |
| ലബ്ധനാശം. | 205–218 |
| അസംപ്രേക്ഷ്യകാരിത്വം. | 219–230 |


★

# അവതാരിക

ആമുഖം—വിശ്വവിഖ്യാതി നേടിയിട്ടുള്ള കൃതികളിൽ രണ്ടാം സ്ഥാനം അർഹിക്കുന്ന പഞ്ചതന്ത്രത്തിന്റെ ഒരു ഭാഷാനുവാദകൃതിയാണ് ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന പഞ്ചതന്ത്രം കിളിപ്പാട്ട്. പഞ്ചതന്ത്രത്തെ ആശ്രയിച്ച് 55 ഭാഷകളിലായി ഇരുന്നൂറിൽപ്പരം പതിപ്പുകൾ രചിക്കപ്പെടുകയുണ്ടായിട്ടുണ്ട്. ഇവയിൽ ഏറിയ ക്രമം ഭാരതീയേതരഭാഷകളിലാണ്. പ്രൊഫസ്സർ ഹെർട്ടിൽ രചിച്ചിട്ടുള്ള 'പഞ്ചതന്ത്ര'ത്തിലെ പതിനൊന്നാം അദ്ധ്യായത്തിൽ പഞ്ചതന്ത്രകഥകളുടെ പാശ്ചാത്യരാജ്യങ്ങളിലേയ്ക്കുള്ള ജൈത്രയാത്രയുടെ പൂർണ്ണചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

പഞ്ചതന്ത്രം മൂലത്തിനുണ്ടായിട്ടുള്ള വിവിധഭാഷാനുവാദങ്ങളെ സംബന്ധിച്ച പൂർണ്ണവിവരം ശ്രീ. എം. കൃഷ്ണമാചാരി സംസ്കൃതസാഹിത്യചരിത്രത്തിൽ (423–428 വരെയുള്ള പേജുകളിൽ) സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അടുത്ത കാലത്ത് തൃശ്ശൂർ ഗീതാപ്രസ്സിൽ നിന്നും ഡാ. കെ. കുഞ്ചുണ്ണിരാജാ പ്രസിദ്ധീകരിച്ചിട്ടുള്ള 'പഞ്ചതന്ത്ര'ത്തിന്റെ അവതാരികയിലെ പ്രസക്തഭാഗങ്ങളും അക്കാര്യത്തിന് കൂടുതൽ പ്രയോജനപ്പെടുന്നതാണ്. അവർ രണ്ടുപേരും ഒരു ദാക്ഷിണാത്യപാഠത്തെക്കുറിച്ച് പറയുന്നുണ്ട്.

## കിളിപ്പാട്ടിന്റെ മൂലം ദാക്ഷിണാത്യപാഠമോ ?

ഒരു ദാക്ഷിണാത്യപാഠത്തെക്കുറിച്ച് മേല്പറഞ്ഞ പണ്ഡിതന്മാർ പറയുന്നതല്ലാതെ അതു കണ്ടിട്ടുള്ളതായി പ്രസ്താവിക്കുന്നില്ല. പഞ്ചതന്ത്രം കിളിപ്പാട്ട് മുൻപ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവരാരും ഈ വസ്തുത സൂചിപ്പിക്കുന്നില്ല. മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള പഞ്ചതന്ത്രം ഇന്നു നാം അച്ചടിച്ചു കണ്ടിട്ടുള്ള മൂലകൃതിയുമായി വളരെ അകന്നുനിൽക്കുന്നതായി പ്രസ്താവിക്കാൻ കഴിയും. ഞങ്ങളുടെ പക്കൽ ദാക്ഷിണാത്യപാഠമെന്നോ കേരളീയപാഠമെന്നോ സംശയിക്കാവുന്നതായ ഏതാനും ഗ്രന്ഥങ്ങൾ

ഉണ്ടു്. അതിൻെറ തർജ്ജമയാണു് പഞ്ചതന്ത്രം കിളിപ്പാട്ടു്. സംസ്കൃതകൃതിയും ഉടൻതന്നെ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നതാണു്. കിളിപ്പാട്ടിൻെറ പ്രസിദ്ധീകരണത്തിനുവേണ്ടി സംസ്കൃതകൃതി മുഴുവനും ഇതിനകം പരിശോധിച്ചിട്ടുമുണ്ടു്. അവയ്ക്കുതമ്മിൽ ഭാഷയ്ക്കല്ലാതെ മറെറാരു ഘടനയ്ക്കും വ്യത്യാസമില്ല.

പഞ്ചതന്ത്രം മൂലത്തെസംബന്ധിച്ചിടത്തോളം ഇത്രമാത്രം പറയട്ടെ. ഇത്ര വിശ്വവിഖ്യാതി നേടിയിട്ടുള്ള ഇതരഗ്രന്ഥങ്ങൾ ഉണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. തർജ്ജമയ്ക്കു് കുഞ്ചൻ നമ്പ്യാർ ഉപയോഗിച്ച ഗ്രന്ഥം പഞ്ചതന്ത്രം മൂലത്തിൻെറ സംഗ്രഹമാണെന്നു ഈ ഗ്രന്ഥാലയത്തിലെ 4149. സി ഗ്രന്ഥത്തിലുള്ള തെളിവിനെ അടിസ്ഥാനപ്പെടുത്തി പ്രസ്താവിച്ചുകൊള്ളുന്നു. പ്രസ്തുത ഭാഗം ഇങ്ങിനെയാണു്.

ഗ്രന്ഥവിസ്താരഭീരൂണാം ബാലാനാം അല്പചേതസാം
ബോധായ പഞ്ചതന്ത്രോയം മയാ സംക്ഷിപ്യ വർണ്ണ്യതേ.

ഇതിൻെറ തർജ്ജമ ഇങ്ങിനെയാണു്.

"ഗ്രന്ഥവിസ്താരഭയമുള്ളോരു ബാലന്മാർക്കു-
മന്തരംഗത്തിൽ ബോധമില്ലാത്ത ജനങ്ങൾക്കും
ചന്തമോടറിവാനിപ്പഞ്ചതന്ത്രാഖ്യം നീതി-
ഗ്രന്ഥതാല്പര്യം കിഞ്ചിൽ ഭാഷയായ്ചൊല്ലീടുന്നേൻ."

ഇതിൽനിന്നും മുകളിൽ പറഞ്ഞതുപോലെ തർജ്ജമയ്ക്കു് നമ്പ്യാർ ഉപയോഗിച്ചതു് പഞ്ചതന്ത്രസംഗ്രഹമാണെന്നും അതിൻെറ വിവർത്തനമാണു് കിളിപ്പാട്ടായി കുഞ്ചൻനമ്പ്യാർ നിർവഹിച്ചിരിക്കുന്നതെന്നും തെളിയുന്നു. അതുകൊണ്ടു് യഥാർത്ഥമായി ഇതിനു് പഞ്ചതന്ത്രസംഗ്രഹം കിളിപ്പാട്ടു് എന്നു പേരുകൊടുക്കേണ്ടതാണു്.

**പഞ്ചതന്ത്രം** കിളിപ്പാട്ടു്—ഏററവും ഹൃദ്യമായ രീതിയിൽ തർജ്ജമ ചെയ്തിരിക്കുന്ന ഒരു കൃതിയാണു് പഞ്ചതന്ത്രംകിളിപ്പാട്ടു്. ഈ പ്രസിദ്ധീകരണത്തിനു് ഏകദേശം ഇരുപത്തിരണ്ടു ഗ്രന്ഥങ്ങൾ പരിശോധിച്ചിട്ടുണ്ടു്. സാരമായ മാററങ്ങളൊന്നും കാണാൻ കഴിഞ്ഞിട്ടില്ല. അവയെല്ലാം കേരളീയപാഠത്തെ അനുകരിച്ചുള്ളവ

യുമാണ്. ദേശഭേദമനുസരിച്ചുള്ള പാഠഭേദങ്ങൾ ചില ഗ്രന്ഥങ്ങളിൽ കാണാനുണ്ട്. ഗ്രന്ഥങ്ങളുടെ ഒരു ചരിത്രം താഴെ കൊടുക്കുന്നു.

ഉപയോഗിച്ച ഗ്രന്ഥങ്ങളും അവയെ സംബന്ധിച്ച വിവരണങ്ങളും: [ഗ്രന്ഥങ്ങളിലെ കോളഫോൺ അതുപോലെകൊടുക്കുന്നു.]

1) L. 649—ക. ഈ. വി. പരമേശ്വരൻ നമ്പൂതിരി ഇളയടത്തുമന, ആമ്പല്ലൂർ, കൊച്ചി. (ഈ ഗ്രന്ഥത്തെയാണ് ഉള്ളൂർ അദ്ദേഹത്തിൻെറ സാ: ചരിത്രത്തിൽ സ്മരിച്ചിരിക്കുന്നതു്)

ഇതി ശ്രീമൽ പഞ്ചതന്ത്രപ്രകരണേ അസംപ്രേക്ഷ്യകാരിത്വം നാമ പഞ്ചമം തന്ത്രം സമാപ്തം. പഞ്ചതന്ത്രപ്രകരണമപി സമാപ്തം. ശ്രീകൃഷ്ണായ നമഃ.

പഞ്ചതന്ത്രം നീതിശാസ്ത്രം ഭാഷയാ സന്നിവേശിതം
രാമേണ പാണിവാദേന ബാലാനാം ബോധഹേതവേ.
ശ്രീമദംബരവാഹിന്യാം ധാമനി സ്ഫുടമുല്ലസൽ
ശ്രീവാസുദേവോ ഭഗവാൻ ശ്രേയസേ ബോഭവീതു നഃ.

915-മാണ്ടു് ചിങ്ങമാസം 14-ാനു- സോമവാരം എഴുതി ത്തീൎന്നു.

2. 17—ഖ. മുദ്രിതം. റെഡ്യാർപ്രസ്സ്, കൊല്ലം.

3. 10546—ഗ. ഇടപ്പള്ളി പാലസ്സ് ലൈബ്രറി. ഇതി പഞ്ചതന്ത്രപ്രകരണേ അസംപ്രേക്ഷ്യകാരിത്വം നാമ പഞ്ചമ തന്ത്രം സമാപ്തം.

4. 6089—ഘ. എം. ഏ. ഗോവിന്ദപ്പിള്ള, അമ്മവീടു്, മുഞ്ചിറ. 990-മാണ്ടു തുലാമാസം 9-നു- സൂൎയ്യവാരവും അവിട്ടവും വിദ്യാദശമിയും കൂടിയ ദിവസം എഴുതിത്തീൎത്തിതു. പഞ്ചതന്ത്രം സമാപ്തം. ശ്രീമൽ ഗുരുചരണാരവിന്ദാഭ്യാം നമഃ.

5. 6538—ങ. ഇതി പഞ്ചതന്ത്രപ്രകരണേ അസംപ്രേക്ഷ്യകാരിത്വം നാമ പഞ്ചതന്ത്രം സമാപ്തം, ചേൎത്തല ഭഗവതി സഹായം. ശുഭം. ഉടമസ്ഥനെക്കുറിച്ചുള്ള വിവരം ഇല്ല.

1043-ാമാണ്ട് ധനുമാസം 25-ാനു നിലവീട്ടിൽ കണക്ക രാമൻ നാരായണൻ എഴുതിത്തീർത്ത പഞ്ചതന്ത്രംഗ്രന്ഥം സമാപ്തം. ശ്രീ ഗുരുഭ്യോ നമഃ. ഗുരുവായൂരപ്പൻ സഹായം. തെക്കനപ്പൻ സഹായം. തെക്കനെപ്പൻ സഹായം ശുഭം.

6. 6794—ച. ഉടമസ്ഥനാരാണെന്നു് നിശ്ചയമില്ല.

ഇതി പഞ്ചതന്ത്രസന്ധിവിഗ്രഹം. ശ്രീ ഗുരുഭ്യോ നമഃ.

കരകൃതമപരാധം ക്ഷന്തുമർഹന്തി സന്തഃ

കൊല്ലം 975 മത ചിങ്ങമാസം 19-നു-യും ഞായറാഴ്ചയും പൂർവപക്ഷത്തു് ദ്വിതീയയും ഉത്രം നാളും കൂടിയ ദിവസം എഴുതി തീർത്ത ഗ്രന്ഥം. തൃച്ചാററുകുളത്തപ്പൻ തുണയ്ക്ക.

7. L. 338—ഛ. നാലാംതന്ത്രം ഏതാനും ഭാഗംവരെ. കാരുവള്ളി നീലകണ്ഠപ്പിള്ളയുടെ കളക്ഷൻ.

8. L. 465-ജ. ഇതി പഞ്ചതന്ത്രപ്രകരണേ അസംപ്രേക്ഷ്യ കാരിത്വം പഞ്ചമതന്ത്രം സമാപ്തം. കാരുവള്ളി

ഈ എഴുതിയ കാളിയാങ്കൽ മൂല്ലര കേരളൻ കേരളൻ ഹരി ശുഭം ശുഭം. ഗുരുമേ നമഃ. കളരിൽ ഭരദേവത നമഃ.

ഈ എഴുതിതീന്നത 928-മാണ്ട മീനമാസം 3-നു-യും തിങ്കളാഴ്ചയും കൂടിയ ദിവസം എഴുതിതീർത്ത പൊസ്തകം. പഞ്ചതന്ത്രം മഹാസാരം സമാപ്തം. ശ്രീഗുരുവേ നമഃ.

9. L. 343-ഝ. അപൂർണ്ണം. കാരുവള്ളി

10. L. 332-ഞ അപൂർണ്ണം. സന്ധിവിഗ്രഹത്തിന്റെ അവസാനംവരെ. കാരുവള്ളി

11. 6852—ട. അപൂർണ്ണം. മിത്രഭേദം മുഴുവനില്ല. (ഉടമസ്ഥന്റെ പേരില്ല)

12. 13244—ഠ. (കട്ടിയാട്ട ശിവരാമപ്പണിക്കർ. പൂർണ്ണം) ഇതി ശ്രീമത് പഞ്ചതന്ത്രപ്രകരണേ പഞ്ചമതന്ത്രം ശുഭം ശുഭം.

13. 16831—ഡ. കിളിമാന്നൂർ കൊട്ടാരംവക (ഇതി പഞ്ച തന്ത്രപ്രകാരേണ(?പ്രകരണേ) സംപ്രേക്ഷ്യകാരിതപന്നാമ (?അസം പ്രേക്ഷ്യകാരിതപന്നാമ) പഞ്ചമതന്ത്രം സമാപ്തം. ശ്രീ ഗുരവേ നമ:. ഗോശ്രീപുരവാസശ്രീവെങ്കിടേശായ നമോ നമ:. ശുഭമസ്തു. ശ്രീ വേദവ്യാസായ നമഃ. ശ്രീകൃഷ്ണായ നമ:.

14. 13236—ഢ. മിത്രഭേദത്തിൽ കുറച്ചുഭാഗം. കട്ടിയാട്ടു ശ്രീ പരമേശ്വരൻ നായർ, ചൂരെഴത്തുവീട്ട്, അത്തുക്കറെറി.

15. 13181—ണ. പഞ്ചതന്ത്രം സമാപ്തം. ഏകവപദം 913-മാണ്ട് കക്കടകമാസം 4-ാനു- ബുധനാഴ്ചയും രോഹിണിയും ദ്വാദശിയും കൂടിയ ദിനേ എഴതി തീത്തു.

16. 13049—ത. ശ്രീ എം. ഏ. ഗോവിന്ദപ്പിള്ള അവർകൾ, അമ്മവീട്ട്, മഞ്ചിറ.

17. 13163—ഥ. അപൂർണ്ണം. കട്ടിയാട്ട്. മിത്രഭേദത്തിൽ കുറച്ചുമാത്രം.

18. 13171—B. ദ. അപൂർണ്ണം. കട്ടിയാട്ട്. മിത്രഭേദത്തിൽ കുറച്ചുഭാഗവും സുഹൃല്ലാഭത്തിൽ അല്പവും.

19. 18994—ധ. മദ്രാസ് ഓറിയൻറൽ ലൈബ്രറി. അപൂർണ്ണം. മിത്രഭേദത്തിൽ കുറച്ചുഭാഗം.

20. 21244—ന. തിരുവനന്തപുരം വലിയകൊട്ടാരം ഗ്രന്ഥപ്പുര പൂർണ്ണം.

ഇതി പഞ്ചതന്ത്രപ്രകാരേണ (? പ്രകരണേ) സംപ്രേക്ഷ്യ(? അസംപ്രേക്ഷ്യ) കാരിതപം നാമ പഞ്ചമതന്ത്രം സമാപ്തം.

കാത്തികപ്പള്ളിയിൽനിന്നും 980 തുലാമാസം 21-ാനു- എഴതിത്തീത്തു പഞ്ചതന്ത്രം ശുഭം.

21. 21242–പ. വലിയകൊട്ടാരം ഗ്രന്ഥപ്പുര. അപൂർണ്ണം.

22. 21243—ഫ. വലിയകൊട്ടാരം ഗ്രന്ഥപ്പുര. ഇതി പഞ്ചതന്ത്രപ്രകാരേണ(? പ്രകരണേ) സംപ്രേക്ഷ്യ(? അസംപ്രേക്ഷ്യ)കാരിതപം നാമ പഞ്ചമം തന്ത്രം സമാപ്തം.

ശ്രീ ഗുരുഭ്യോ നമഃ. ശ്രീഗുരുവായൂർപുരവാസശ്രീവെങ്കിടേശായ നമഃ. ശുഭമസ്തു. വേദവ്യാസായ നമഃ. ശ്രീകൃഷ്ണായ നമഃ. പെരുന്തൃക്കോലപ്പൻ തുണെക്ക. ഗുരുഭ്യോ നമഃ.

ഇതു നെടുമങ്ങാട്ടു കോയിക്കൽ എഴുന്നെള്ളിയിരിക്കുന്ന കൊച്ചുതമ്പുരാൻെറ വകക്ക് തൊള്ളായിരത്തിഅറുപത്തുമൂന്നാമാണ്ടു് മേടമാസം 21-ാനു- എഴുതിതീർത്ത പഞ്ചതന്ത്രം ഗ്രന്ഥം.

ഇരുപത്തിരണ്ടു ഗ്രന്ഥങ്ങൾ പരിശോധിച്ചതിൽ 'ഖ' പാഠമായി സ്വീകരിച്ചിരിക്കുന്നതു് റെഡ്യാർ പ്രസ്സിൽ അടിച്ച പുസ്തകമാണു്. ബാക്കിയുള്ള ഇരുപത്തിയൊന്നു ഗ്രന്ഥങ്ങളിൽ, കൊല്ലം 913 മുതൽ 1043 വരെയുള്ള കാലഘട്ടങ്ങളിൽ പകർത്തിയെഴുതിയവയാണെന്നുള്ളതിനു് തെളിവുണ്ടു്. പൂർണ്ണങ്ങളായിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളിലും പകർത്തിയെഴുതിയ കാലം രേഖപ്പെടുത്തിയിട്ടുമുണ്ടു്. അപൂർണ്ണഗ്രന്ഥങ്ങൾ പലതുണ്ടു്. അവയിലൊന്നാണു് 'ച' പാഠമായി സ്വീകരിച്ചിരിക്കുന്ന 6794-ാം നമ്പർ ഗ്രന്ഥം. അതിൽ സന്ധിവിഗ്രഹം അവസാനംവരെയുള്ളൂ. എങ്കിലും കൊല്ലം 975 ചിങ്ങം 19-ാനു- എഴുതിയതാണെന്നു് പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നു. വടക്കു് കൊച്ചി മുതൽ തെക്കു് മഞ്ചിറ വരെയുള്ള സ്ഥലങ്ങളിൽ നിന്നുമാണു് ഗ്രന്ഥങ്ങളെല്ലാം ലഭിച്ചിട്ടുള്ളതു്. ഇതെല്ലാം അടുത്തു ചിന്താവിഷയമാകുന്ന മററു ചില കാര്യങ്ങൾക്കു് ഉപകാരപ്രദമാണു്.

കർത്താവു്—രാമപാണിവാദനും കുഞ്ചൻനമ്പ്യാരും ഒരാളാണെന്നും അതല്ല രണ്ടുപേരാണെന്നും പണ്ഡിതന്മാരുടെയിടയിൽ പ്രബലമായ അഭിപ്രായഭേദം ഉണ്ടു്. ഇവിടെ മാതൃകയായി സ്വീകരിച്ചിട്ടുള്ളതും 915 ചിങ്ങം 14-ാനു- എഴുതിത്തീർത്തുമായ L. 649-ാംനമ്പർ ഗ്രന്ഥത്തിൽ

പഞ്ചതന്ത്രം നീതിശാസ്ത്രം ഭാഷയാ സന്നിവേശിതം
രാമേണ പാണിവാദേന ബാലാനാം ബോധഹേതവേ.

എന്നൊരു പദ്യം കാണുന്നുണ്ടു്. പ്രസ്തുത പദ്യത്തെ അടിസ്ഥാനമാക്കി പല പണ്ഡിതന്മാരും പഞ്ചതന്ത്രം കിളിപ്പാട്ടിൻെറ കർത്താവു് രാമപാണിവാദനാണെന്നു വിശ്വസിക്കുന്നു. ഗ്രന്ഥാന്തർഗത

മായ മററു തെളിവുകളെ അടിസ്ഥാനപ്പെടുത്തി കുഞ്ചൻ നമ്പ്യാരാണെന്നു് വാദിക്കുന്നവരാണു് മറെറാരു കൂട്ടർ. പഞ്ചതന്ത്രത്തിലെ ഒന്നാംതന്ത്രമായ മിത്രഭേദത്തിൽ

"അജ്ഞനപ്രിയങ്കരനമ്പലപ്പുഴക്കൃഷ്ണൻ
ഇജ്ജനങ്ങൾക്കു പരമാശ്രയം രമാകാന്തൻ"

എന്നും

മൂന്നാംതന്ത്രം പ്രാരംഭത്തിൽ,
"അംബരാപഗാപുരേ വാണരുളീടും ദേവ-
നംബുജവിലോചനൻ പാർത്ഥസാരഥി കൃഷ്ണൻ
അംബരാലയന്മാരാലെപ്പൊഴമാരാധിതൻ.
ശാബരാന്തകപ്രിയൻ ശാശ്വതൻ സദാനന്ദൻ
കമ്പവും പ്രമോദവും അനുഘം ധരിക്കുന്ന
ബിംബവിഗ്രഹപ്രതിബിംബിതൻ ബ്രഹ്മാത്മകൻ
അംബുദാവലിരുചിശ്യാമളൻ സദാ സമാ-
ലംബനം മമ സ്വാമി ദേവനാം നാരായണൻ.
ശ്രീപതേ ! ജഗൽപതേ ! ഗോപകാമിനീപതേ !
ഗോപതേ മഹാകൃപാവാരിധേ നമോസ്തു തേ."

എന്നും

നാലാംതന്ത്രത്തിൽ,
ശുകതരുണി വരിക തവ സുകവിതകൾ കേൾക്കയാൽ
ശുദ്ധമെൻമാനസം മാനനീയാകൃതേ !
ശുകനിലയവരവസതി പരമശിവശങ്കരൻ
ശൂലബാലേന്ദുസാരംഗഖട്വാംഗവാൻ
ലളിതതരമഭിലഷിതവരമരുളുമീശ്വരൻ
ലബ്ധനാശാഖ്യമാം തന്ത്രം കഥിക്ക നീ.
വരദ ജയ മുരമഥന ജയ വിജയസാരഥേ
വാരനാർനദീനാഥ, വന്ദേ രമാപതേ !"

എന്നും കാണുന്ന ആന്തരതെളിവുകൾ മാതൃകയിൽ കാണുന്ന രാമപാണിവാദാങ്കിതമായ ശ്ലോകം പ്രക്ഷിപ്തമാണെന്നും അതുകൊണ്ടു് കുഞ്ചൻനമ്പ്യാർ തന്നെയാണു് പഞ്ചതന്ത്രം കിളിപ്പാട്ടിന്റെ

കത്താവെന്നും വിചാരിക്കാവുന്നതാണ്. ഇരുപത്തൊന്നു ഗ്രന്ഥങ്ങൾ പരിശോധിച്ചതിൽ ഒരേ ഒരു ഗ്രന്ഥത്തിൽ മാത്രമേ മുൻപറഞ്ഞ രാമപാണിവാദവാചകമായ മുദ്ര കാണുന്നുള്ളു എന്നുള്ളതും പ്രസ്താവ്യമാണ്.

വിഷ്ണുഗീത ഹംസപ്പാട്ടിന്റെ പ്രസിദ്ധീകരണത്തിൽ ശ്രീ. സാംബശിവശാസ്ത്രികളും മുകുന്ദശതകത്തിൽ ഡാക്ടർ എൽ. എ. രവിവമ്മ അവർകളും കുഞ്ചൻനമ്പ്യാരും രാമപാണിവാദനും രണ്ടു പേർതന്നെ എന്നു സ്ഥാപിച്ചിട്ടുണ്ട്. പഞ്ചതന്ത്രത്തിലെ ആന്തരമായ തെളിവുകൾ കുഞ്ചൻനമ്പ്യാരുടെ പാർവ്വതീസ്വയംവരം പാനയിലും ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലും മററു കൃതികളിലും കാണുന്നവ തന്നെയാണ്. അതുകൊണ്ട് പഞ്ചതന്ത്രം കുഞ്ചൻനമ്പ്യാരുടെ കൃതിയാണെന്ന് നിസ്സന്ദേഹം പ്രസ്താവിക്കാം. ശ്രീ. കെ. കുഞ്ചുണ്ണിരാജാ അദ്ദേഹത്തിന്റെ അവതാരികയിൽ ഇങ്ങനെ പ്രസ്താവിക്കുന്നു. "തുള്ളൽക്കഥകളുടെ കത്താവായ സാക്ഷാൽ കുഞ്ചൻനമ്പ്യാരാണ് പഞ്ചതന്ത്രം കിളിപ്പാട്ടിന്റെ കത്താവെന്നാണ് പണ്ഡിതാഭിപ്രായം. കല്ലേക്കുളങ്ങര രാഘവപ്പിഷാരടിയും പഞ്ചതന്ത്രം പരിഭാഷപ്പെടുത്തിയിട്ടുണ്ടത്രേ. പക്ഷേ പ്രചുരമായ പ്രചാരം സിദ്ധിച്ചിട്ടുള്ളതു് നമ്പ്യാരുടെ കിളിപ്പാട്ടിനാണ്. പതിനെട്ടാം നൂററാണ്ടിന്റെ തുടക്കത്തിൽ ലക്കിടിക്കടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലം ക്ഷേത്രത്തിനു സമീപത്തു കലക്കത്തു നമ്പ്യാർ മഠത്തിലാണ് കുഞ്ചൻനമ്പ്യാർ ജനിച്ചതു്. അദ്ദേഹത്തിന്റെ ഗുരുനാഥന്മാരിൽ മൂന്നുപേരെപ്പററി നമുക്കറിയാം. ഒന്നൊരു ബ്രാഹ്മണനായിരുന്നു. മറെറാന്നു് ഓണമ്പള്ളി ആചായ്യനും, മൂന്നാമത്തേതു് നന്ദിക്കാട്ട് ഉണ്ണിരവിക്കുറുപ്പും. ഓണമ്പള്ളിയും ഒരു ബ്രാഹ്മണൻതന്നെ. (ക്ഷോണീമാനവൻ എന്നു് സഭാപ്രവേശം തുള്ളലിൽ) നമ്പ്യാരുടെ പ്രോത്സാഹകന്മാരിൽ ഒരാളായ മുള്ളൂക്കര മനക്കാട്ടു ബാലരാമനച്ചനെ ആശ്രയിച്ചു താമസിക്കുന്നകാലത്താണ് ശിവപുരാണം കിളിപ്പാട്ട് നിർമ്മിച്ചതു്. കൊല്ലം 917-നു മുമ്പായി മനക്കാട്ടച്ചൻ മരിച്ചുപോയി. പിന്നീട് നമ്പ്യാർ അമ്പലപ്പുഴ രാജാവിന്റെ ആശ്രിതനായും കുറേക്കാലം കഴിച്ചുകൂട്ടി. കല്ല്യാണസൌഗന്ധികം, കിരാതം, ഘോഷയാത്ര, ത്രിപുരദഹനം

തുടങ്ങിയ തുള്ളലുകൾ ഇക്കാലത്തുണ്ടാക്കിയതാണ്. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉല്പത്തിയും ഇക്കാലത്താകണം. അന്നു നിലവിലുണ്ടായിരുന്ന പടയണിയിലെ പറയൻതുള്ളൽ, ശീതങ്കൻതുള്ളൽ മുതലായ പ്രാകൃതകലാരൂപങ്ങൾക്ക് നമ്പ്യാരുടെ സാഹിത്യം പുതിയൊരു ചൈതന്യം കൊടുത്തതോടുകൂടി തുള്ളൽപ്രസ്ഥാനം തുടങ്ങി. 923-ൽ അമ്പലപ്പുഴരാജ്യം മാർത്താണ്ഡവർമ്മ കീഴടക്കിയതോടുകൂടി കുഞ്ചൻ നമ്പ്യാർ മാർത്താണ്ഡവർമ്മയുടേയും 933-നു ശേഷം കാർത്തികതിരുനാൾ മഹാരാജാവിന്റേയും ആശ്രിതനായി കുറേക്കാലം ജീവിക്കയുണ്ടായിട്ടുണ്ട്. ഹനുമദുൽഭവം, ഹരിണീസ്വയംവരം, പൗണ്ഡ്രകവധം, സഭാപ്രവേശം തുടങ്ങിയ തുള്ളലുകൾ രചിച്ചതക്കാലത്താണ്. പഞ്ചതന്ത്രം കിളിപ്പാട്ടും തിരുവനന്തപുരത്ത് താമസമാക്കിയതിനുശേഷമാണെന്ന് വിചാരിക്കുവാൻ വഴിയുണ്ട്. പക്കത്തിൽ ചോറുംതിന്നു കോയിക്കൽ പാർക്കുന്നതിനെപ്പററി തൃപ്തിയില്ലാതെ പ്രസ്താവിച്ചുകാണുന്നുണ്ടല്ലോ. ഇക്കാലത്തുതന്നെ രാമപാണിവാദൻ എന്ന പേരിൽ പ്രസിദ്ധനായ ഒരു സംസ്കൃതമഹാകവിയും ജീവിച്ചിരുന്നു. മംഗലത്തുകാരനും ഒരു രാഘവൻ നമ്പ്യാരുടെ മരുമകനുമായ ഈ രാമൻനമ്പ്യാർ വെട്ടത്തുരാജാവിന്റെ ആശ്രിതനായിരിക്കുമ്പോൾ 'ചന്ദ്രിക' എന്നൊരു വീഥിയും പാലിയത്തച്ഛന്റെ ആശ്രിതനായി ചേന്നമംഗലത്തു താമസിക്കുമ്പോൾ വിഷ്ണുവിലാസവും മുകുന്ദപുരത്തുവച്ചു മുകുന്ദശതകവും രചിക്കയുണ്ടായി. ഇദ്ദേഹം അമ്പലപ്പുഴരാജാവിന്റേയും പിന്നീട് തിരുവനന്തപുരത്ത് മാർത്താണ്ഡവർമ്മ മഹാരാജാവിന്റേയും ആശ്രിതനായി ജീവിക്കയുണ്ടായിട്ടുണ്ട്. ഈ രാമപാണിവാദൻ തന്റെ ഗുരുനാഥനായ ഒരു നാരായണഭട്ടതിരിയെ എല്ലാ കൃതികളിലും സ്മരിക്കുന്നതായി കാണാം.

രാമപാണിവാദനും കുഞ്ചൻനമ്പ്യാരും ഒരേ ആൾതന്നെയാണെന്നു മഹാകവി ഉള്ളൂരും ആർ. നാരായണപ്പണിക്കരും മററും അഭിപ്രായപ്പെടുകയുണ്ടായി. എങ്കിലും ആ അഭിപ്രായത്തിന് സാർവത്രികമായ സ്വീകാരം ലഭിച്ചിട്ടില്ല. കുഞ്ചൻനമ്പ്യാരുടെ നിരങ്കുശത്വവും പ്രകടമായ ഹാസവും ഔചിത്യദീക്ഷയില്ലുള്ള

അശ്രദ്ധയും അല്ല, രാമപാണിവാദന്റെ സംസ്കൃതകൃതികളിൽ കാണുന്നതു്. സംസ്കൃതചിത്തനായൊരു പണ്ഡിതനെയാണദ്ദേഹത്തിൽ നാം കാണുക. വെട്ടത്തു രാജാവിനേയോ പാലിയത്തച്ഛനേയോ മറ്റോ കുഞ്ചൻനമ്പ്യാർ ആശ്രയിച്ചിരുന്നതായി തെളിവില്ല. രാമപാണിവാദന്റെ ഗുരുവായ നാരായണഭട്ടനെ കുഞ്ചനോ കുഞ്ചന്റെ ഗുരുക്കന്മാരെ രാമപാണിവാദനോ സ്മരിക്കുന്നില്ല. കുഞ്ചൻ കിള്ളിക്കുറിശ്ശിമംഗലത്തുകാരനാണു്. രാമപാണിവാദൻ "മംഗലഗ്രാമവാസ്തവ്യ"നാണെന്നേ പറയുന്നുള്ളു. രണ്ടുപേരും ഒരേ കുടുംബത്തിൽപ്പെട്ടവരാണെന്നു വന്നാൽത്തന്നെ അവർ ഒരാൾ തന്നെയാകണമെന്നില്ല. കുഞ്ചൻ മാർത്താണ്ഡവർമ്മയുടേയും കാർത്തികതിരുനാളിന്റേയും ആശ്രിതനായി ജീവിച്ചിട്ടുണ്ടു്. രാമപാണിവാദൻ കാർത്തികതിരുനാളിന്റെ കാലത്തുണ്ടായിരുന്നുവെന്നുള്ളതിനു് തെളിവില്ല. "ലീലാവതീവീഥി"യിൽ നിന്നു് "ഗോഷ്ഠീ സാവിരളാ" എന്ന പദ്യം നമ്പ്യാർ സഭാപ്രവേശം തുള്ളലിൽ ഉദ്ധരിച്ചു് അർത്ഥം പറയുന്നതുകൊണ്ടു് രാമപാണിവാദനേക്കാൾ അല്പം പ്രായം കുറവായിരുന്നു കുഞ്ചനെന്നുകരുതുവാനാണു് ന്യായം കാണുന്നതു്. പഞ്ചതന്ത്രം കുഞ്ചൻനമ്പ്യാരുടേതാണെന്നു ഭാഷകൊണ്ടും മററും തീർച്ചപ്പെടുത്താം. ഏതോ ഒരു ഗ്രന്ഥത്തിൽ രാമൻനമ്പ്യാരുടേതാണെന്നു കാണുന്നുണ്ടെങ്കിലും അതുമാത്രം വിശ്വസിച്ചു് പഞ്ചതന്ത്രകർത്തൃത്വം അദ്ദേഹത്തിൽ ആരോപിക്കാവുന്നതല്ല."

തർജ്ജമ:—സാമാന്യജനങ്ങൾക്കു് കാര്യം മനസ്സിലാക്കുന്നതിനു് പ്രയോജനപ്പെടണമെന്നുള്ള വിചാരത്തോടുകൂടി പരത്തി പറയുന്ന മട്ടിലാണു് അദ്ദേഹത്തിന്റെ തർജ്ജമ. പൊടിപ്പും തൊങ്ങലും വച്ചുകെട്ടാതെ മൂലത്തിനു വഴങ്ങുന്ന സമ്പ്രദായം അദ്ദേഹത്തിനില്ല. ഏതും സ്വതന്ത്രമായി പ്രതിപാദിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ മികച്ച കഴിവു് അനന്യസാധാരണമായിട്ടുള്ളതാണു്. അദ്ദേഹത്തിനു് തന്റെ കൃതികളിൽ എവിടെയും കേരളീയത്വം തെളിഞ്ഞുകാണണമെന്നു് നിർബ്ബന്ധമാണു്.

പഞ്ചതന്ത്രം കിളിപ്പാട്ടു പരിശോധിച്ചുനോക്കുമ്പോൾ പദാ

നപദം തർജ്ജമയും സ്വീകരിച്ചിട്ടുള്ളതായി കാണാം. ഏതാനും ഉദാഹരണങ്ങൾ ചുവടേ ചേർക്കുന്നു.

യൗവനം ദ്രവ്യസമ്പത്തിഃ പ്രഭുത്വമവിവേകിതാ
ഏകൈകമപ്യനത്ഥായ കിമു യത്ര ചതുഷ്ടയം. എന്ന

മൂലത്തിനു്

"യൗവനം ദ്രവ്യകാമം പ്രാഭവം മൂഢത്വവും
ദുർവ്വിധം ചതുർവ്വിധം നാശകാരണം നൂണാം
എന്നതിലനർത്ഥത്തിനൊന്നുമാത്രമേ പോരും
പിന്നെയെന്തിതു നാലുമേകനിൽ സ്വരൂപിച്ചാൽ"

എന്നാണു് തർജ്ജമ.

"വർദ്ധമാനോ മഹാൻ സ്നേഹ: സിംഹഗോവൃഷയോർവനേ
പിശുനേനാതിലുബ്ധേന ജംബുകേന വിനാശിത:"

എന്ന മൂലത്തിനു്—

എങ്കിലോ പണ്ടു മഹാസിംഹവും വൃഷഭവും
തങ്ങളിൽച്ചേർന്നു മഹാസ്നേഹമായ് വാഴുംകാലം
ഏഷണിക്കാരനൊരു ജംബുകൻ ചെന്നുകൂടി
ദൂഷണം പറഞ്ഞവർ തങ്ങളിൽ ഭേദിപ്പിച്ചു."

എന്നു തർജ്ജമ. പദാനുപദമുള്ള തർജ്ജമയ്ക്കു അനേകം ഉദാഹരണങ്ങൾ ഇതുപോലെ എടുത്തുകാണിക്കാവുന്നതാണു്.

പരത്തിപ്പറയുന്നതിനു് ഒന്നുരണ്ടു ദൃഷ്ടാന്തങ്ങൾ കാണിക്കാം.

"അസ്തി ഹി സകലദേവതാധിഷ്ഠാനം പാടലീപുരം നാമ നഗരം തത്ര സകലഗുണോപേത: സുദർശനോ നാമ രാജാസീത്"

എന്ന മൂലത്തിനു്:—

പാടലാധരിമാർക്കു് കേളിസങ്കേതസ്ഥാനം
പാടലീപുത്രമെന്നു നാമമാം മഹാപുരം
വാടകൾ കിടങ്ങുകൾ വാടികളങ്ങാടികൾ
നാടകാഗാരങ്ങളും നാഗരസ്ഥാനങ്ങളും
ഹാടകാലയങ്ങളും ഹസ്തിമന്ദിരങ്ങളും
ഘോടകാവാസങ്ങളും ചേടികാഗേഹങ്ങളും
മാടവും മഹാമണിമേടകൾ മഠങ്ങളും

മാട്ടക്കൂട്ടകൾ മണിതോരണശ്രേണികളും
തോട്ടകൾ നദികളും കൂപങ്ങൾ കുളങ്ങളും
കേട്ടകൾ കൂടാതുള്ള കേളീസൗധാദികളും
കോട്ടകൾ നിറഞ്ഞുള്ള കേരവും ക്രമുകവും
വീട്ടകൾ തോറം ധനധാന്യസംഭാരങ്ങളും
ശൈവമന്ദിരം വിഷ്ണുക്ഷേത്രവും ദുർഗ്ഗാലയം
ദേവതാഗൃഹം ബഹുബ്രാഹ്മണാഗാരങ്ങളും
ഏവമുള്ളൊരു മഹാരാജമന്ദിരംതന്നിൽ' എന്നു രാജ

ധാനിയേയും

"ദേവനായകോപമൻ ഭൂപതി സുദർശനൻ
വീര്യവാൻ വിദ്യാശാലി വിത്തവാൻ വിവേകവാൻ
കാര്യസാരജ്ഞൻ പ്രാജ്ഞൻ കാമസന്നിഭാകാരൻ
കാമിനീമനോഹരൻ കാമശാസ്ത്രജ്ഞൻ ധീരൻ
കാമനീയകത്തിനു ധാമഭൂതനാം നൃപൻ."

എന്ന് രാജാവിനേയും വർണ്ണിക്കുന്നു. ഔത്തരാഹപാഠംകൂടി ഇവിടെ ചേർക്കുന്നതു് ഉചിതമായിരിക്കുമെന്നു കരുതി ആ ഭാഗം ചുവടെ ചേർത്തുകൊള്ളുന്നു.

'അസ്തി ദാക്ഷിണാത്യേ ജനപദേ മഹിളാരോപ്യം നാമ നഗരം. തത്ര സകലാർത്ഥികല്പദ്രുമഃ പ്രവരനൃപമുകുടമണിമരീചിമഞ്ജരീചയചർച്ചിതചരണയുഗളഃ സകലകലാപാരംഗതോഽമരശക്തിർന്നാമ രാജാ ബഭൂവ'

ഒരു ദൃഷ്ടാന്തം കൂടി—

"അതഃ കോ മമ പുത്രാണാം നിത്യമുന്മാർഗ്ഗവർത്തിനാം
നീതിശാസ്ത്രോപദേശേന പുനർജ്ജന്മ കരിഷ്യതി"

എന്ന മൂലത്തിനു—

"നമ്മുടെ മക്കൾക്കിപ്പോൾ ധർമ്മബുദ്ധിയുമില്ല
നിർമ്മലം വിവേകവും നീതിശാസ്ത്രവുമില്ല
ദുർമ്മാർഗ്ഗങ്ങളിൽ മനസ്സുണ്ണികൾക്കെല്ലാവർക്കും
വെണ്മയിലുണ്ടുതാനുമെന്തു ഞാൻ ചെയ്തീടേണ്ടു
ആരുവാനൊരു ശാസ്ത്രിബ്രാഹ്മണനത്രവന്നു

ചാരുവാം നീതിശാസ്ത്രമിവരെ ബോധിപ്പിച്ചു
സാരമാം പുനർജ്ജന്മമിവൎക്ക സമ്പാദിപ്പാൻ
ധീരനായ് വരാനിന്നിപ്പാരിടം തന്നിലിപ്പോൾ''

എന്നാണ് തൎജ്ജമ. ഇങ്ങനെ പരിശോധിച്ചുപോയാൽ രണ്ടുവിധ ത്തിലുള്ള തൎജ്ജമയും ഗ്രന്ഥത്തിലങ്ങോളമിങ്ങോളം കാണാവുന്ന താണ്.

ദാക്ഷിണാത്യപാഠത്തിൽ ശാസ്ത്രീദ്വിജന്റെ പേരു് വിഷ്ണു ശൎമ്മാവെന്നുതന്നെയാണെങ്കിലും കുഞ്ചൻനമ്പ്യാർ

"സോമശൎമ്മാവെന്നൊരു ഭൂമിദേവാഗ്രേസരൻ
സോമശേഖരപ്രിയൻ നീതിശാസ്ത്രാംഭോനിധി
വിശ്രുതൻ ബൃഹസ്പതി സന്നിഭൻ തത്ര വന്നു
വിശ്രമിച്ചരചനോടിങ്ങിനെ ചൊല്ലീടിനാൻ''

എന്നു പറഞ്ഞിരിക്കുന്നതിൽനിന്നും സോമശൎമ്മാവെന്നു നാമകരണം ചെയ്തിരിക്കുന്നതായി മനസ്സിലാക്കാം. വെറുമൊരു തൎജ്ജമ എന്ന നിലയ്ക്കുമാത്രമല്ല ഒരു സ്വതന്ത്രകൃതിയെന്നനിലയ്ക്കും ഇതിനെ മലയാളികൾക്ക് അംഗീകരിക്കാവുന്നതാണ്.

<u>നമ്പ്യാരുടെ ഭാഷ</u>—കവിതിലകൻ വടക്കുംകൂർ ശ്രീ രാജരാജ വൎമ്മ അവർകൾ അദ്ദേഹത്തിന്റെ കേരളീയസംസ്കൃതസാഹിത്യ ചരിത്രത്തിൽ (നാലാംഭാഗം, ഒന്നാം അദ്ധ്യായം, ഇരുപത്തെ ട്ടാംപുറം) കുഞ്ചൻനമ്പ്യാരുടെ ഭാഷയെക്കുറിച്ചു താഴെക്കാണും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"വിദ്യാഭ്യാസം കുറയുന്നവരും താഴ്ന്നതരക്കാരും ആയ ജന ങ്ങളുടെ സ്വഭാവവും ഭാഷയും നടപടികളും തന്മയത്വത്തോടു കൂടിയും ഫലിതമധുരമായും വൎണ്ണിക്കുന്ന കാൎയ്യത്തിൽ കുഞ്ചൻ നമ്പ്യാൎക്കുള്ള പാടവം അദ്വിതീയമാകുന്നു. ഇക്കാൎയ്യത്തിൽ നമ്പ്യാർ പലപ്പോഴും പഴയ ഭാഷാചമ്പൂകൎത്താക്കന്മാരെക്കൂടി ജയിച്ചുനില്ക്കുന്നുവെന്നു പറയണം. തത്തുല്യനായ ഒരു കവി വേറെ ഉണ്ടായിട്ടുണ്ടോ എന്നു് സംശയമാണ്. ഉത്സവം, സ്വയംവരം, യുദ്ധം, യാഗം എന്നിവയെപ്പററി തുള്ളലിൽ ചെയ്തിരിക്കുന്ന വൎണ്ണ

നങ്ങളെ ഇവിടെ ദൃഷ്ടാന്തത്തിനു സ്മരിക്കാവുന്നതാണ്. മലയാളി, പരദേശി, ചെട്ടി, കോമട്ടി, നമ്പൂതിരി, നായർ, സ്ത്രീകൾ, ദേഹദണ്ഡക്കാർ, ഭൃത്യന്മാർ, വിടന്മാർ, വേശ്യകൾ, മന്ത്രികൾ, രാജാക്കന്മാർ, പ്രഭുക്കന്മാർ, കാര്യസ്ഥന്മാർ, ശാന്തിക്കാർ, കഴകക്കാർ, വൈദ്യന്മാർ, ജ്യോതിഷക്കാർ. ഭുക്തിപ്രിയന്മാർ ബ്രഹ്മചാരികൾ, കവികൾ, സമരഭീരുക്കൾ. ഭടന്മാർ എന്നിവരുടെയെല്ലാം സ്വഭാവമാലിന്യത്തേയും അല്പതയേയും ജളത്വത്തേയും പററി നമ്പ്യാരെപ്പോലെ ഹൃദയാവർജ്ജകമായ വിധം വർണ്ണിച്ചു ഫലിപ്പിച്ചിരിക്കുന്ന കവികൾ വളരെ ചുരുക്കമാണ്. പഴയ ഭാഷാചമ്പൂകർത്താക്കന്മാരുടേയും ചാക്യാന്മാരുടേയും മാർഗ്ഗങ്ങളെ പുതുക്കി മോടിപിടിപ്പിച്ചു രസപ്രദമാക്കുന്നതിൽ നമ്പ്യാർ വിജയിച്ചിട്ടുണ്ട്. കേരളീയജീവിതത്തിന്റെ ദുർഭഗങ്ങളും സുഭഗങ്ങളുമായ അംശങ്ങളെ രസഭരിതമായ ശൈലികൊണ്ടു് സുന്ദരമായ വാഗ്വിലാസദർപ്പണത്വം പ്രതിബിംബിക്കുന്നതിന്നു നമ്പ്യാൎക്കു് കഴിഞ്ഞിരിക്കുന്നു. ലോകവ്യവഹാരമർമ്മജ്ഞതയും മനോധർമ്മചാതുര്യവും നമ്പ്യാരുടെ മുഖ്യഗുണങ്ങളാണ്." ഇതു് നിഷ്പക്ഷമതിയായ ഒരു ന്യായാധിപന്റെ വിധിയെഴുത്തുപോലെ കുഞ്ചൻനമ്പ്യാരുടെ ഭാഷയെ സംബന്ധിച്ചുള്ള ഒരു വിധിന്യായമാണെന്നു് കരുതുന്നതിൽ അപാകതയില്ലെന്നാണ് എനിക്കു തോന്നുന്നതു്

നമ്പ്യാരുടെ നിരങ്കുശത്വം:— തുള്ളൽക്കഥകളിൽ കാണുന്നതുപോലെ അത്ര പ്രകടമായിട്ടല്ലെങ്കിലും പഞ്ചതന്ത്രത്തിലും നമ്പ്യാരുടെ നിരങ്കുശത്വം ഏറെക്കുറെ തെളിഞ്ഞുകാണാം. പക്കത്തിലെ ഊണിന്റെ കാര്യം, സിംഹത്തമ്പുരാട്ടനാട്ട്, ആനയുടെ തലച്ചോർപഴയരി ഭക്ഷിക്കുന്ന കാര്യം, മൂക്കിൽ വിരലും തള്ളിയുള്ള രാജസേവാരീതി മുതലായവ രാജാക്കന്മാരെ നമ്പ്യാർ സേവിച്ചിരുന്നു എന്നുള്ളതിന്നു് തെളിവുകളാണല്ലോ. ഏതു രാജ്യത്തെ വർണ്ണിച്ചാലും അവിടമെല്ലാം നമ്പ്യാൎക്കു് കേരളമാണ്. ഉദാഹരണമായി പാടലീപുത്രത്തിന്റെ വർണ്ണന തന്നെ. കാര്യക്കാരന്മാരുടെ പ്രവൃത്തികൾ സൌകര്യം കിട്ടിയാൽ പുറത്തുകൊണ്ടുവരുന്നതിൽ നമ്പ്യാൎക്കു് യാതൊരു മടിയുമുണ്ടായിരുന്നില്ല. മത്സ്യങ്ങളെ വർണ്ണി

കുമ്പോൾ പേരുപറഞ്ഞു് വർണ്ണിക്കുകയും വൃദ്ധമുയലിൻെറ കെണിയിൽപ്പെട്ടു കണ്ടുകിണററിൽ വീണുചത്ത സിംഹം എങ്ങനെ ചത്തു എന്നുകൂടി പറയുകയും ചെയ്യേങ്കിലേ അദ്ദേഹത്തിനു് തൃപ്തിയുള്ളൂ.

വെള്ളത്തിൽ മുങ്ങിപ്പൊങ്ങി കൈകാലും കുഴഞ്ഞഹോ
വെള്ളവും കുടിച്ചാശു പള്ളയും വീർത്തുപൊട്ടി–
ത്തൊള്ളയും പിളർന്നവൻ ചത്തുപോയെന്നേ വേണ്ടൂ"

പദപ്രയോഗത്തിലും മററും ഈ നിരങ്കുശത്വം തെളിഞ്ഞുകാണാം.

ഉപസംഹാരം—

പഞ്ചതന്ത്രം കുട്ടികൾക്കും മുതിർന്നവർക്കും ഒന്നുപോലെ രസകരമായ കഥകളെ വിഷയമാക്കിക്കൊണ്ടുള്ളതാണു്. ലോകജീവിതം ശരിയായി നയിക്കുവാൻ അത്യാവശ്യമായ തന്ത്രങ്ങൾ എല്ലാവരേയും എളുപ്പത്തിൽ ഗ്രഹിപ്പിക്കണമെന്നുള്ള ഉൽകൃഷ്ടമായ ഉദ്ദേശത്തോടുകൂടിയാണു് ഈ ഗ്രന്ഥം നിർമ്മിച്ചതു്. രസികശിരോമണിയും സാമാന്യജനങ്ങളുടെ കവിയുമായ കുഞ്ചൻനമ്പ്യാരുടെ തൂലികയിൽക്കൂടി കടന്നുവന്നപ്പോൾ കേരളക്കരയിൽ പഞ്ചതന്ത്രത്തിനു് അതർഹിക്കുന്ന പ്രചാരം ലഭിക്കുകതന്നെ ചെയ്തു. കുഞ്ചൻനമ്പ്യാരും അദ്ദേഹത്തിൻെറ കൃതികളും പ്രത്യേകിച്ചു് പഠനവിഷയമായിത്തീർന്നിരിക്കുന്ന ഈ ഘട്ടത്തിൽ ഗവേഷകന്മാക്കു് ഈ പ്രസിദ്ധീകരണം ഒരു വിലപ്പെട്ട സംഭാവനയായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഈ കൃതി പ്രസാധനം ചെയ്യുന്നതിൽ ശ്രീ. എൻ. ശ്രീധരൻ നായർ, അസിസ്റ്റൻറു് റിസർച്ച ആഫീസർ, ശ്രീ. വി. ചന്ദ്രശേഖരപിള്ള റിസർച്ചു് ആഫീസർ എന്നിവർ എന്നെ സഹായിച്ചിട്ടുണ്ടു്.

തിരുവനന്തപുരം
31—1—1969

കെ. രാഘവൻ പിള്ള
ഡയറക്ടർ

# പഞ്ചതന്ത്രം

## കിളിപ്പാട്ട്

പഞ്ചമരാഗം[1]കൊണ്ടു പാട്ടുകൾ[2] പാടുന്നൊരു[3]
പഞ്ചവർണ്ണിനിക്കിളി[4]പ്പെണ്മണിമാണിക്കമേ[5]!
പഞ്ചസാരയും[6] തേനും[7] പായസ[8]ഗ്ഗു[9]ളങ്ങളും
പഞ്ചമെന്നിയേ[10] തരുന്നുണ്ടു ഞാനെടോ ബാലേ!
പഞ്ചതന്ത്രമാം മഹാനീതിശാസ്ത്രത്തെ സുഖം
പഞ്ചധാ വിഭജിച്ചു[11] പാട്ടുപാടുകവേണം.
*പഞ്ചമവേദം[12] നാട്യം ഗാനവും പ്രയോഗിച്ചാൽ[13]
പഞ്ചപാതകങ്ങളുന്നീങ്ങുമെന്നറിഞ്ഞാലും[14].
പഞ്ചഭൂതാദിത്യേന്ദ്രശ്രോത്രിയാത്മാവാകുന്ന
പഞ്ചബാണാരിശ്രീമൽപാദപങ്കജങ്ങളെ
ചഞ്ചലഹീന[15]മ്മനക്കാമ്പതിലുറപ്പിച്ചു
പഞ്ചതന്ത്രത്തെ[16] പ്രപഞ്ചിച്ചു നീ ചൊല്ലീടണം.

---

1. മം—ഘ,ഡ. 2. രാഗങ്ങൾ—ച, 3. പാടീടുന്ന—ഛ. 4. കിളി—ക; ശുക—ഘ. 5. മനോജ്ഞമേ—ഘ. 6. താ—ച, ഛ, ജ, ഝ, ഞ, ട, ഥ. 7. പാലും—ഘ. 8. സം—ഞ, ട, ഥ, ധ. 9. പഴ—ഘ. 10. ചേർത്തകം തെളിവോടേ ഭുജിച്ചു സുഖമോടേ—ഘ. 11. ഭാഗി—ഖ, ഘ, ധ. 12. മം—ഛ, ഝ, ഡ. 13. കേട്ടീടുകിൽ—ഘ. 14. ടെ സഞ്ചയം നശിച്ചീടും—ഘ. 15. ലം വിനാ—ഘ, ച, ഛ, ജ, ഞ, ഡ. 16. ന്ത്രാർത്ഥം ബോധിച്ചീടുവാൻ പറക നീ—ഘ.

* 7–ാമത്തെ വരിമുതൽ 12–ാംവരിവരെ 'ഖ' പാഠത്തിൽ ഇല്ല.

എന്നതുകേട്ടു കിളിപ്പെൺകിടാവുരചെയ്താ—[1]
ളെന്നുടെ ഗുരുക്കന്മാരന്തണപ്രവരന്മാർ[2]
മന്നിടന്തന്നിലവരീശ്വരന്മാരായതും[3]
സന്നതന്മാൎക്കു വരം നൽകുവാനായതും
അങ്ങിനെയുള്ള മഹാബ്രാഹ്മണപ്രസാദത്താൽ[4]
എങ്ങുമേ ഭംഗം[5] ക്രൂടാതിതിന്നു ഞാനുരചെയ്യാം.
ശ്രീമാനാം[6] ബൃഹസ്പതി ശുക്രനും വേദവ്യാസൻ
ധീമതാം വരൻ വിഷ്ണുഗുപ്തനാം ചാണക്യനും
മാമുനിപരാശരൻ[7] മററുള്ള ബുധന്മാരും
സാമദാനാദിനീതിശാസ്ത്രകൎത്താക്കളല്ലോ.
അജ്ജനങ്ങളെയെല്ലാമഞ്ജലിക്രൂപ്പിക്കൊണ്ടു[8]
സജ്ജനപ്രസാദാൎത്ഥം[9] ശാസ്ത്രമൊന്നുരചെയ്യാം.
അൎജ്ജുനപ്രിയങ്കരനമ്പലപ്പുഴക്കൃഷ്ണൻ
ഇജ്ജനങ്ങൾക്കു പരമാശ്രയം[10][11] പത്മാകാന്തൻ.
ഗ്രന്ഥവിസ്താരഭയ[12]മുള്ളോരുബാലന്മാൎക്കു—
മന്തരംഗത്തിൽ ബോധമില്ലാത്ത ജനങ്ങൾക്കും[13]
ചന്തമോടറിവാ[14]നിപ്പ[15]ഞ്ചതന്ത്രാഖ്യം നീതി—
ഗ്രന്ഥതാല്പര്യം കിഞ്ചിൽ ഭാഷയായ് ചൊല്ലീടുന്നേൻ
പാടലാധരിമാൎക്കു[16] കേളിസങ്കേതസ്ഥാനം[17]
പാടലീപുത്രമെന്നു[18] നാമമാം മഹാപുരം

---

1. വരരാം—ക. 2. വീണ—ക; വീര—ഥ. 3 നീ—ക. 4. വിപ്രന്മാർ
കാരുണ്യത്താൽ—ഘ. 5. കുററം—ഗ, ങ; ദണ്ഡം—ച. 6. ശ്രീമനു—ഖ, ഛ, ഗ, ന;
ശ്രീപതി—ച. 7. ജനാദികൾ—ഘ. 8. ഭക്ത്യാ ചിത്തത്തിൽ കരുതീട്ടു—ഘ.
9. ദത്താൽ—ജ, ധ. 10. ദൈവമാം—ഘ. 11. ശ്രയൻ—ച, ജ, ഡ, ന. 12. സ്താര—
ങ, ഡ; സ്തരേ—ഛ, ഞ, ന, പ. 13. ത്തിനും—ഘ. 14. ചിന്തയിൽ—ഘ. 15.
വാനായ്-ഖ. 16. ധീശന്മാൎക്ക-ഘ. 17. സ്ഥലം—ഘ. 18. പുര—ഘ, ച, ഛ, ജ, ധ.

വാടകൾ കിടങ്ങുകൾ [1]വാടികളുങ്ങാടികൾ
[2]നാടകാഗാരങ്ങളും [3]നാഗരസ്ഥാനങ്ങളും
[4]ഹാടകാലയങ്ങളും ഹസ്തിമന്ദിരങ്ങളും
[5]ഘോടകാവാസങ്ങളും [6]ചേടികാഗേഹങ്ങളും
മാടവും മഹാമണി[7]മേടകൾ മഠങ്ങളും
[8]മാട്ടുക്കൂട്ടുകൾ മണിതോരണശ്രേണികളും
[9]തോട്ടുകൾ നദികളും [10]കൂപങ്ങൾ കുളങ്ങളും
കേട്ടുകൾക്കൂടാതുള്ള കേളിസൗധാദികളും
കോട്ടുകൾ നിറഞ്ഞുള്ള കേരവും ക്രമുകവും
വീട്ടുകൾതോറും ധനധാന്യസംഭാരങ്ങളും
[11]ശൈവമന്ദിരം വിഷ്ണുക്ഷേത്രവും ദുർഗ്ഗാലയം
[12]ദേവതാഗൃഹം [13]ബഹുബ്രാഹ്മണാഗാരങ്ങളും
ഏവമുള്ളൊരു മഹാരാജമന്ദിരംതന്നിൽ
ദേവനായകോപമൻ ഭൂപതിസുദർശനൻ
വീര്യവാൻ വിദ്യാശാലി വിത്തവാൻ വിവേകവാൻ
കാര്യസാരജ്ഞൻ പ്രാജ്ഞൻ [14]കാമസന്നിഭാകാരൻ
കാമിനീമനോഹരൻ കാമശാസ്ത്രജ്ഞൻ ധീരൻ
[15]കാമനീയകത്തിനു ധാമഭൂതനാം നൃപൻ
[16]താമസിക്കാതോരോരോ [17]സൽക്കർമ്മം ദിനംദിനേ
[18]ഭൂമിദേവന്മാരെക്കൊണ്ടാദരാൽ ചെയ്യിപ്പിച്ചു

---

1. വഴികൾ—ഛ. 2. കരം—ഗ, ഝ. 3. നഗര—ഛ. 4. നാടക—ക. 5. കവാട—ക. 6. ഗൃഹ—ഘ. 7. സൗധ—ഗ, ങ. 8. മാട്ട—ഖ. 9. ട്ടമാ—ഛ. 10. വും—ഘ. 11. മാഹേശ—ഘ. 12. താലയം—ഛ, ജ 13. ണഗേഹ—ഘ, ഛ. 14. മിനീമനോഹരൻ—ഘ. 15. കാമിതം നൽകീടുവാൻ ദീനതയില്ലാതവൻ—ഘ. 16. താമസംകൂടാതോരോ സൽക്കർമ്മം ദിനന്തോറും—ഘ. 17. കർമ്മങ്ങൾ—ഡ. 18. ഭൂസുരന്മാരെക്കൊണ്ടുചെയ്യിച്ചു ഭക്തിപൂർവ്വം—ഘ.

[1]എന്നതുകൊണ്ടു മഹാ[2]ഭാഗ്യവാൻ [3]മഹീപാലൻ
[4]നന്ദനന്മാരെ ലഭിച്ചീടിനാനെട്ടോ പത്തോ.
നന്ദനന്മാൎക്കു ചെററും വിദ്യയില്ലായ്ക[5]കൊണ്ടു
മന്ദഭാഗ്യൻ ഞാനെന്നു ദുഃഖിച്ചു സുദൎശനൻ.
ചിന്തിച്ചു [6]മനക്കാമ്പിൽ വിദ്യയും വിവേകവും
സന്ധിവിഗ്രഹാ[7]ദിയാം നീതിയും വിനീതിയും
[8]സന്തതം ഗ്രഹി[9]ക്കാത്ത പുത്രരെക്കൊണ്ടു കാൎയ്യ-
മെന്തൊ[10]ള്ളു ശരീരികൾക്കെത്രയും [11]പാരം കഷ്ടം.
ഗൎഭ[12]മുണ്ടാകാത്തുള്ള ഗോവിനെ വളൎക്കു[13]ന്ന
ദുൎഗന്മാൎക്കു ഫലമെന്തഹോ [14]വിചാരിച്ചാൽ.
ചെററുവെന്നാലും കററപ്പിയ്ക്കയില്ലെന്നുവന്നാൽ
ഏററവും [15]മഹാദുഃഖമപ്പശു പാഴിൽത്തന്നെ.
[16]പുണ്യമില്ലാത്ത ബഹുസന്തതി [17]വൃഥാ ഫലം;
എണ്ണമേറെയുണ്ടെന്നു [18]വരുത്താൻമാത്രം കൊള്ളാം.
ധന്യനെന്നാകിലൊരു നന്ദനൻമാത്രം [19]മതി
തന്നുടെ കുലം പരിത്രാ[20]ണവുഞ്ചെയ്യുമവൻ.
[21]വല്ലാത്ത തനയന്മാരി[22]ല്ലായ്കിൽത്തന്നെ നല്ലൂ;
[23]വല്ലഭയ്ക്കുടൻ ഗൎഭം [24]ഛിദ്രിയ്ക്കതന്നെ [25]സുഖം.

---

1. തിൻമൂലം—ഖ, ഗ, ങ, ച, ഛ, ജ, ട, ഢ, ഥ. 2. നാം—ഘ. 3. പന—ഘ; പതി ന, ഥ; പതിക്ക—ഡ. 4. ആത്മജന്മാരും ജനിച്ചീടിനാൻ—ന; ആത്മജന്മാരെ—ധ; നന്ദനന്മാരുണ്ടായ്ചമഞ്ഞിതു നാലഞ്ചുപേർ—ഘ. 5. മൂലം—ഖ, ഘ 6. ചേതോരംഗേ—ഘ. 7. ദിയും—ഖ. 8. ചിന്തയിലറിയാത്ത മർത്യനെക്കൊണ്ടു കാര്യം—ഘ. 9. ക്കാത—ഖ. 10. ന്തുള്ള—ഖ. 11. കഷ്ടം—ഘ 12. മുദ്ഭവിക്കാത്ത—ഘ. 13. ത്തുന്ന—ഖ, ധ. 14. ചിന്തിക്കമ്പോൾ—ഘ. 15. കഷ്ടം—ക. 16. ല്ലാത—ഖ. 17. പാഴിൽത്തന്നെ—ച. 18. ത്തീടുവാൻ കൊള്ളാം—ഘ. 19. പോരും—ഛ. 20. ണന—ജ, ധ. 21. ല്ലാത—ഖ. 22. യ്കതന്നെ ഗുണം—ക. 23. വല്ലഭിമാൎക്ക—ഘ, ച 24. ഛിദ്രിച്ചീടുക—ഘ. 25. നല്ലൂ—ഗ, ഘ, ഞ, ണ, ഥ

നല്ലാരിൽ[1]മണിമാർക്കു [2]ഗർഭമുണ്ടാക്കാനാരും
[3]ചെല്ലായ്കിൽതന്നെ [4]ഗുണം ദുസ്സുതോത്ഭവത്തെക്കാൾ
ഉത്തമനല്ലാതുള്ള [5]പുത്രനുണ്ടായാലന്നേ
[6]ചത്തുപോയാലും കൊള്ളാം [7]പുത്രി[8]യെന്നാലും കൊള്ളാം.
തന്നുടെ മഹിഷിതാൻ [9]മച്ചിയെന്നാലും കൊള്ളാം;
താനൊരു വിവാഹവും [10]ചെയ്കീലെന്നാലും കൊള്ളാം.
[11]വിത്തവും സൗന്ദര്യവുമൊക്കെയുണ്ടെന്നാകിലും
വിദ്യ[12]യില്ലാത്ത [13]സുതനുണ്ടായാൽ [14]ഫലമില്ല.

ദാനശീലത്വംകൊണ്ടും ശാസ്ത്രനൈപുണ്യംകൊണ്ടും
[15]മാനനീയനാമൊരു പുത്രനുണ്ടാവാനിപ്പോൾ
പുണ്യവാന്മാർക്ക് [16]മുററും സംഗതി [17]വരു [18]ദൃഢം.
[19]പുണ്യഹീനന്മാർക്കൊരു പുത്ര[20]നുണ്ടായാലവൻ
[21]ഘോരമാം രോഗംപോലെ ക്രൂരമാം വിഷംപോലെ
ദാരുണൻ [22]മഹാപാപി തങ്കുലം മുടിച്ചീടും.
[23]യൗവ്വനം ദ്രവ്യകാമ [24]പ്രാഭവം മൂഢത്വവും
ദുർവ്വിധം ചതുർവ്വിധം നാശകാരണം നൂനം.
എന്നതിലനർത്ഥത്തിനൊന്നുമാത്രമേ [25]പോരും
പിന്നെ[26]യെന്തിതു നാലുമേകനിൽ സ്വരൂപിച്ചാൽ.

---

1. മൗലി—ഘ. 26. വല്ലഭനായിട്ടാരും—ഘ. 3. ഇല്ലായ്ക—ഘ, ങ; ചെല്ലായ്ക—ഛ, ഡ, ണ. 4 നല്ലു—ഘ, ജ. 5. നന്ദനൻ ജനിച്ചന്നേ—ഗ, ങ. 6. പോകിലും—ഘ; പോയെങ്കിൽ—ഗ, ങ, ഡ, ണ, ന. 7. ഛരിദ്രിച്ചാകിലും—ഘ 8. യായാലും—ന, പ. 9. യായാലും—ഖ, ഡ, ഫ. 10 യ്കില്ലെ—ഡ, ന. 11. വിത്തസൗന്ദര്യഗുണമൊക്കെയുമുണ്ടെങ്കിലും—ഘ. 12. ല്ലാത—ഖ. 13. പുത്ര—ഘ 14. സുഖ—ക, ഖ. 15. മാനിയായീടുന്നൊരു—ഘ. 16. ചെററും—ഘ. 17. വരും—ഝ. 18. നൂനം—ഘ. 19. ശീല—ട. 20. ലിപ്പോൾ—പ. 21 നാം—ഘ, ങ, ഛ, ജ, ട, ഡ. 22. തത്കുലം—ങ, ഛ, ഡ, ന. 23. കാമം ദ്രവ്യപ്രാഭവം—ഖ; ദ്രവ്യാഗമപ്രാഭവം—ഢ, ണ; ദ്രവ്യാഗമം—ഘ, ജ, ഝ, ഞ, ട, ണ, ധ, ന, പ. 24 പ്രഭുത്വം—ഛ. 25. പോരു—ഖ; മതി—ഘ. 26. ന്തിനു— ക, ഘ.

[1]നമ്മുടെ മക്കൾക്കിപ്പോൾ ധർമ്മബുദ്ധിയുമില്ല;
[2]നിർമ്മലം വിവേകവും നീതിശാസ്ത്രവുമില്ല.
[3]ദുർമ്മാർഗ്ഗങ്ങളിൽ മനസ്സുണ്ണികൾക്കെല്ലാവൎക്കും
[4]വെണ്മയിലുണ്ടുതാനുമെന്തു ഞാൻ [5]ചെയ്തീടേണ്ടു?
[6]ആരുവാനൊരുശാസ്ത്രിബ്രാഹ്മണനത്ര വന്നു
[7]ചാരുവാം നീതിശാസ്ത്രമിവരെ ബോധി[8]പ്പിച്ചു
[9]സാരമാം പുനർജ്ജന്മമിവൎക്കു സമ്പാദിപ്പാൻ
ധീരനാ[10]യാരാനിന്നിപ്പാരിടംതന്നിലിപ്പോൾ?
[11]ഭൂമിപൻ സുദർശനനിങ്ങിനെ വിചാരിച്ചു
ഭാമിനിമാരോടൊന്നിച്ചാദരാൽ [12]മേവുംകാലം
സോമശർമ്മാവെന്നൊരു ഭൂമിദേവാഗ്രേസരൻ
[13]സോമശേഖരപ്രിയൻ നീതിശാസ്ത്രാംഭോനിധി
വിശ്രുതൻ ബൃഹസ്പതിസന്നിഭൻ തത്ര വന്നു
[14]വിശ്രമിച്ചരചനോടിങ്ങിനെ ചൊല്ലീടിനാൻ.
മന്നവ കേൾക്ക ഭവാ,നാറു മാസത്തിൻമുമ്പേ
നിന്നുടെ [15]സുതന്മാൎക്കു നീതിശാസ്ത്രങ്ങളെല്ലാം
ഒന്നൊഴിയാതെ[16]കണ്ടു സാദരം ഗ്രഹി[17]പ്പിക്കാം;
[18]ഉന്നതന്മാരായ്വരും ഉത്തമന്മാരായ്വരും.

---

1. പുത്രന്മാൎക്കു—ഗ. 2. നിർമ്മലവിവേകവും—ഖ, ഗ, ട; ഉള്ളിലും വിചാരാദിനീതിശാസ്ത്രവും നാസ്തി—ഘ. 3. ത്തുങ്കൽ മനസ്സേറിവന്നീവൎക്കിപ്പോൾ—ഘ. 4. എന്തു ഞാൻ ചെയ്തീടേണ്ടുവെന്നതുമറിഞ്ഞില്ല—ഘ. 5. ചെയ്യേണ്ടുന്നു—ക. 6. ആരൊരുമഹീസുരശ്രേഷ്ഠനിന്നത്ര വന്നു—ഘ. 7. ചാരവേ—ഘ. 8 പ്പു,—ക, ഘ. 9. സാമമാം—ത. 10. യുണ്ടാവാൻ—ഘ. 11. ഭൂമീശൻ—ച. 12. വാഴും—ച, ജ, ഥ, ന. 13. സൗമ്യവാൻ വേദപ്രിയൻ—ഖ. 14. വിഭ്രമം തീർത്തീടുവാൻ ഭൂപതിയോടു ചൊന്നാൻ—ഘ. 15. പുത്ര—ഘ. 16. ഞാനും—ഘ. 17. പ്പിപ്പേൻ—ഞ. 18. കീർത്തിയോടും—ഘ. ന്മാരായവരുത്തമരായും വരും—ഖ.

എന്നതു[1] വന്നില്ലെങ്കിലെന്നെ[2] നീ നിൻെറ രാജ്യം
തന്നിൽനിന്നാട്ടിപ്പുറത്താക്കുകേ[3] വേണ്ടൂ നൃപ!
എന്നതുകേട്ടു[4] നൃപൻ നിർഭരം[5] പ്രസാദിച്ചു
തന്നുടെ തനൂജവൃന്ദങ്ങളെ[6] വിളിച്ചുടൻ
സോമശർമ്മാഖ്യദ്വിജശ്രേഷ്ഠൻെറ സമീപത്തു
താമസംവിനാ പറഞ്ഞാക്കിനാൻ വിദ്യാഭ്യാസേ.
സോമശർമ്മാവും മുദാ രാജനന്ദനന്മാരെ
സാമദാനാദിശ്രീമന്നീതിശാസ്ത്രങ്ങളെല്ലാം
സാദരം ഗ്രഹിപ്പിപ്പാനാശു[7] താനാരംഭിച്ചു.
സൽക്കഥാകഥനമെന്നുള്ളോരുമാർഗ്ഗത്തൂടെ[8]
പഞ്ചതന്ത്രങ്ങളല്ലോ പാർത്ഥിവന്മാർക്കു ധർമ്മം.
അഞ്ചിലും പ്രഥമമായുള്ളതു[9] മിത്രഭേദം;
നല്ലോരുസുഹൃല്ലാഭമെന്നതു രണ്ടാം തന്ത്രം;
ചൊല്ലുവൻ പിന്നെസ്സന്ധിവിഗ്രഹം മൂന്നാം തന്ത്രം;
ലബ്ധനാശമെന്നല്ലോ ചൊല്ലുന്നു നാലാം തന്ത്രം;
സിദ്ധമാമസംപ്രേക്ഷ്യകാരിത്വമഞ്ചാം[10] തന്ത്രം.

---

1. ന്നീലെന്നാൽ — ഗ; ന്നില്ലെന്നാൽ — ണ. 2. പിന്നെ — ഞ. 3. കളഞ്ഞീടുകേ — ഘ. ജ. 4. ഇങ്ങനെ — ഘ 5. ഏററവും — ഘ, ഢ. 6. ത്തെയും — ഘ 7. നാരേവോടു ചൊന്നാൻ — ഘ. 8. ത്തോടേ — ട. 9. പ്രധാനമായുള്ളോന്നു — ഖ. 10. കാര്യമാം — ഘ.

# മിത്രഭേദം

## സഞ്ജീവകന്റെ യാത്ര

[*]എങ്കിലോ പണ്ടു മഹാസിംഹവും [1]വൃഷഭവും
[2]തങ്ങളിൽച്ചേൎന്നു മഹാ[3]സ്നേഹമായ് മേവുംകാലം
ഏഷണിക്കാരനൊരു [4]ജംബുകൻ ചെന്നുകൂടി
ദൂഷണം പറഞ്ഞവർതങ്ങളിൽ ഭേദിപ്പിച്ചു.
[5]ധൃഷ്ടനാം ക്രോഷ്ടാവിനെ [6]ജംബുകനെന്നും ചൊല്ലും;
സ്പ[7]ഷ്ടമാക്കേണമെങ്കിലായവൻ കുറുനരി.
അക്കഥാവിശേഷത്തെ വിസ്തരിച്ചുരചെയ്തു
കേൾക്കേണമെന്നു നൃപനന്ദനന്മാരും ചൊന്നാർ.
ഉണ്ടുപോൽ [8]മഹീതലേ മഹിളാരൂപ്യമെന്നു
പണ്ടുപണ്ടുള്ള പുരം ദക്ഷിണരാജ്യംതന്നിൽ.
വർദ്ധമാനനെന്നൊരു വ്യാപാരി [9]ചെട്ടിശ്രേഷ്ഠൻ
വർദ്ധിതദ്രവ്യൻ ഭവ്യൻ തത്ര പണ്ടുണ്ടായിപോൽ.
വിത്ത[10]സമ്പത്തുകൊണ്ടു വിത്തനാഥനെപ്പോലും
[11]ചിത്തത്തിലൊരു ബഹുമാനവുമവനില്ല.
തദ്ധ[12]നങ്ങൾക്കു [13]ചെറവും സംഖ്യയില്ലെന്നാകിലും
[14]വർദ്ധനം വ്യാപാ[15]രങ്ങൾക്കേറ്റമേ കുറവില്ല.

---

1. ഭന്നം—ങ. 2. തമ്മിൽ—ഞ. 3. വാഴ്വം—ഢ, ഡ. 4. നേകൻ—ക. 5. ദുഷ്ടനാം—ഗ, ണ. 6. നെന്നു ചൊൽവൂ—ഞ, ഡ, ഢ, ണ, ത, ന; നെന്നും ചൊല്ലാം—ച, ട. 7. മായ് പറഞ്ഞീടാം—ഘ. 8. മാഹി—ന. 9. ശ്രേഷ്ഠി—ക; വണിക്—ഘ. 10. ത്തി—ങ. 11. പങ്കജേ—ഗ, ങ, ച, ഛ, ഡ, ത, പ ഫ. 12. ക്കഹോ—ഘ. 13. റവു—ഖ. 14. നവ—ഘ, ഛ, ഞ, ത, ന. 15. ചെയ്യുന്നു ദിനന്തോറും—ഘ.

* മിത്രഭേദമെന്നുള്ളോരാദിതന്ത്രത്തെ ചൊൽവാ—
നത്ര ഞാൻ തുടങ്ങുന്നു കേട്ടുകൊണ്ടാലും നിങ്ങൾ. ഗ, ട, ഡ, ണ.

അങ്ങിനെ വേണം[1] താനുമർത്ഥമുണ്ടായാലതു
തങ്ങളേ[2] യത്നംചെയ്തു വർദ്ധിതമാക്കീടണം
മുന്നമേ ലഭിക്കാതുള്ളർത്ഥങ്ങൾ ലഭിക്കണം[3]
പിന്നെയും ലഭിച്ചതു സാദരം രക്ഷിക്കണം.[4]
രക്ഷിതം[5] ധനം[6] പുനസ്സന്തതം വർദ്ധിപ്പിച്ചു
തൽക്ഷണം സൽപാത്രങ്ങൾക്കർപ്പണംചെയ്തീടണം.
അർപ്പണം[7]ചെയ്തീലെങ്കിൽ[8] തൽക്ഷണം നശിച്ചീടും
ലക്ഷണമതിനു കർപ്പൂരമെന്നറിഞ്ഞാലും.[9]
കർപ്പൂരമ്മുളകുമിട്ടങ്ങിനെ[10] സൂക്ഷിക്കാഞ്ഞാൽ[11]
എപ്പൊഴെന്നറിയാതെ നാസ്തിയാമെന്നേ[12] വേണ്ടൂ.
പെട്ടിയിൽ ധനം പൂട്ടിക്കെട്ടിയങ്ങിരിക്കയും
പട്ടിണിയിട്ടും[13]കൊണ്ടു താനങ്ങു[14] നടക്കയും
യഷ്ടികൾക്കല്ലാതതു[15] തോന്നുമോ കഷ്ടം കഷ്ടം!
ചെട്ടികൾക്കതു ചിതമല്ലെടോ ബാലന്മാരേ!
അർത്ഥമുണ്ടായാലതുകൊണ്ടനുഭവിക്കാഞ്ഞാൽ[16]
അർത്ഥമുള്ളോരു[17]മിരപ്പാളിയു[18]മൊരുപോലെ.
ബുദ്ധിമാനായുള്ളവൻ[19] തന്നുടെ ധനങ്ങളിൽ
പത്തിലൊ[20]ന്ന[21]ർത്ഥികൾക്കു ദാനവുംചെയ്തീടണം.

---

1. തന്നെവേണം—ജ. 2. തന്നുടെ—ഘ. 3. ഉണ്ടാകണം—ഘ; ലഭിക്കിലും—ച. 4. ഭക്ഷി—ക. 5. ത—ഖ. 6. ദ്രവ്യം—ഫ. 7. രക്ഷണം—ഘ, ങ, ഞ, ഡ, ന; ഭക്ഷണം—ധ. 8. സ്തില്ലെന്നാൽ—ഖ; സ്തില്ലെങ്കിൽ—ച. 9. തുപോലെ—ഘ. 10. മുളകിട്ടു സൂക്ഷിച്ചീലെന്നാകിൽ—ഘ. 11. ര—ഞ. 12. യായീടുന്നില്ലേ—ച, ഡ, ന, ഫ; യാമെന്നു നൂനം—ഘ; യായ്‌വരുന്നീലേ—ഗ, ഛ, ങ, ണ, ത; യായ്‌വരുന്നില്ല്യോ—ട. 13. വിട്ടും—ക; യിട്ടു—ഖ; വിട്ടു—ജ. 14. കിട—ക. 15. ചെട്ടി—ഢ. 16. ക്കാത്തോരർത്ഥ—ഘ. 17. നു—ന. 18. നു—ജ. 19. ള്ളോരു ധനവാൻ—ഖ. 20 നൊ—ഖ. 21. ന്നാജ്ഞി—ന, ഫ.

[1]സൽക്കാരം വ്യയംതന്നെ രക്ഷണം ദ്രവ്യത്തിനെ-
[2]ന്നുൾക്കാമ്പിലെല്ലാവരുമോർത്തുകൊണ്ടിരിക്കണം.
വട്ടമുള്ളോരുകുളമെങ്കിലും ജലം വന്നു
കെട്ടിനില്ക്കുമ്പോൾ തീരം [3]പൊട്ടിവാന്നൊക്കെപ്പോകും.
[4]ഓകുവച്ചതിൽ[5]ക്കൂടെ വാർത്തുവർത്തിരി[6]ന്നെങ്കിൽ
[7]പോകയില്ലുള്ളിലുള്ള വെള്ള[8]മെന്നറിയണം.
[9]എന്നതുകൊണ്ടു മഹാബുദ്ധിമാൻ വർദ്ധമാനൻ
പിന്നെയും ധനമാർജ്ജി[10]ക്കേണമെ[11]ന്നുറച്ചവൻ
ചാട്ടമുണ്ടാക്കി ദ്രവ്യമായതി[12]ലേററിക്കൊണ്ടു
നാട്ടുകൾതോറുംചെന്നു വ്യാപാരംചെയ്തീട്ടവാൻ.
[13]നന്ദിപൂണ്ടുടൻ പുറപ്പെട്ടിതു [14]ചെട്ടിശ്രേഷ്ഠൻ
നന്ദനന്മാരെ [15]ഗേഹേ രക്ഷണത്തിനുമാക്കി.
നന്ദികൻ [16]സഞ്ജീവകനിങ്ങിനെ നാമ[17]ത്തോടേ
[18]നന്ദികൾ [19]തനിയ്ക്കുണ്ടു രണ്ടിഹ [20]പണ്ടേതന്നെ.
നന്ദികളെന്നു [21]ചൊന്നാൽ കാളകളെന്നു [22]നൃപ-
നന്ദനന്മാരേ നിങ്ങൾക്ക[23]ർത്ഥമുണ്ടായീടണം.

---

1. ദ്രവ്യം—ന. 2. വക്കം ബോധമുണ്ടായീടണം—ക. 3. അങ്ങൊക്കെ—ച. 4. ഓവു—ഝ. 5. കൂടി—ഖ. 6. ന്നാകിൽ—ഖ, ഘ; ക്കമ്പോൾ—ഗ, ങ, ണ, ന; ന്നെന്നാൽ—ജ. 7. കേയുള്ളതിലുള്ള—ഖ. 8. റിഞ്ഞാലും—ഗ, ജ, ഞ, പ. 9. പോലെ—ഖ; വിചാരിച്ചു—ഘ. 10. ച്ചീട്ടവാനതുകാലം—ഘ. 11. ന്നുറച്ചവൻ—ങ, ച, ഛ, ജ, ധ; ന്നൊരുമിച്ചു—ഞ. 12. കേററി—ഛ, ണ. 13. മന്ദത കൂടാതൊരുമ്പെട്ടിതു വണിക്ശ്രേഷ്ഠൻ—ഘ. 14. മഹാശ്രേഷ്ഠി—ക. 15. ഗേഹം—ഖ; ഗൃഹം—ഗ, ഘ, ങ, ജ, ധ, ന; ഗൃഹേ—ച, ഛ, ഢ, ണ, പ. 16. നെന്നൊരു—ജ. 17. ത്തോടും—ഗ. 18. നന്ദിവീരന്മാരുണ്ടു രണ്ടിതു—ഘ, ങ. 19. യ്ക്കു രണ്ടുണ്ടിഹ മുമ്പേ—ഖ, ഗ, ച, ഛ, ഡ. 20. പണ്ടു—ധ. 21. ന്നാൽ നല്ല—ഗ, ങ, ച, ട, ഡ, ന, പ. 22. കൾ മഹീപതി—ഗ, ങ, ച, ട, ഡ, ണ, ന, പ. 23. ർത്ഥവുമുണ്ടാക്കേണം—ഗ, ങ, ച; ർത്ഥവുമുണ്ടാകണം—ഛ, ട, ന.

മന്ദമെന്നിയേ രണ്ടു നന്ദിവീരന്മാരെയും
ഒന്നിച്ചു ശകടത്തേൽ[1] ബന്ധിച്ചു താനും കേറി[2]
ഘോരമാം കാന്താരത്തിൽ പുക്കുടൻ ഗമിയ്ക്കുമ്പോൾ
ഭാരത്തെ വലിച്ചും[3]കൊണ്ടോടുന്ന ക്രൂരന്മാരിൽ[4]
സാരനാം സഞ്ജീവകൻതന്നുടെ പാദംതന്നിൽ
ക്രൂരമാം[5] പാഷാണം വന്നടിച്ചു[6] മുട്ടും[7] പൊട്ടി
പെട്ടെന്നു മഹീതലേ വീണപ്പോൾ വർദ്ധമാനൻ
കെട്ടഴിച്ചങ്ങു[8] വിട്ടു കാട്ടിലങ്ങൊരു ദിക്കിൽ.
വെള്ളവും പുല്ലും കാട്ടി[9] രക്ഷിപ്പാൻ ഭൃത്യന്മാരാ[10]—
യുള്ളതിൽ നാലുപേരെ പാർപ്പിച്ചു പതുക്കവേ.
ഒററയായ്[11] ചമഞ്ഞൊരു ക്രൂരനെക്കൊണ്ടും തന്റെ
മററുള്ള ഭൃത്യന്മാരെക്കൊണ്ടുമശ്ശകടത്തെ
തെറെറന്നു വലിപ്പിച്ചു[12] തൽപ്പുരംതന്നിൽച്ചെന്നു[13]
പററിയെന്നതേവേണ്ടൂ പാരമാധിയും പൂണ്ടു.
കാളയെ രക്ഷിപ്പാനായ്[14] പ്പാർക്കുന്ന ഭടന്മാരും
കാനനം കണ്ടു പേടിച്ചൊക്കവേ[15] മാറിപ്പോന്നു[16].
കാളയും ചത്തുപോയെന്നുള്ളൊരു ഭോഷ്ക്കുണ്ടാക്കി
നീളവേ നടത്തിക്കൊണ്ടായവർ വീട്ടിൽ[17] പുക്കാർ[18].

---

1. ത്തിൽ—ഖ, ഗ, ഞ 2. ഏറി—ഖ, ഗ, ഞ. 3. വഹിച്ചു—ഗ, ങ, ച, ഢ. 4. ദങ്ങളിൽ—ഗ, ങ, ജ, ഡ, ഫ. 5. ഘോര—ഘ. 6. ന്നുമുട്ടി—ഘ; ന്നിടിച്ചു—ങ; ച്ചുടൻ—ഗ. 7. കാലു—ഖ. 8. ച്ചുടൻ—ഘ, ങ, ഞ. 9. നൽകി—ങ, ത; കൊടുത്തീടുവാൻ—ഘ. 10. ന്മാരെ—ഖ. 11. തിരി—ക. 12. തമ്പുരം—ഖ. 13. വന്നു—ഘ. 14. പാർത്തൊരു—ഗ. 15. വാങ്ങി—ങ, ച. 16. ന്നാർ—ഘ. 17. വീടു—ക. 18. പുക്ക—ക.

## പിംഗലന്റെ ഭയപ്പാട്

ജീവശേഷത്തിൻപ്രഭാവംകൊണ്ടു സഞ്ജീവകൻ
ജീവിച്ചു പതുക്കവേ പാദവും[1] നേരായ്‌വന്നു.
വെള്ളവും നല്ല പുല്ലും തണുപ്പുമുള്ള കാട്ടിൽ
വെള്ളെരുതായുള്ളവൻ വെള്ളിമാമലപോലെ
മുഷ്കരൻ നട[2]ന്നങ്ങു മു[3]ക്കറയിട്ടന്നേരം
ദിക്കുകൾ മു[4]ഴങ്ങുന്നു; ജന്തുക്കൾ പേടിക്കുന്നു.
അക്കാലമൊരു സിംഹം പിംഗലകാഖ്യൻ മഹാ—
വിക്രമി, മഹാഘോരൻ, വിശ്വവി[5]ശ്രുതൻ, വീരൻ
അക്കാട്ടിന്നധിപതി, വക്കാ[6]ണക്കാരൻ തത്ര
പൊക്കമേറുന്ന[7] ഗിരിഗഹ്വരേ മേവീടുന്നു.
സ്നാനവുമില്ല തത്വജ്ഞാനവുമില്ല വിഷ്ണു—
ധ്യാനവുമില്ല വിദ്യാഭ്യാസവുമി[8]ല്ലെന്നാലും
വിക്രമംകൊണ്ടു വിശ്വം ജയിച്ചു വിപിനത്തിൽ
ചക്രവർത്തിയാ[9]യ്‌വന്ന കേസരി[10]പ്രവരൻതാൻ
ഹസ്തങ്ങൾകൊണ്ടു മഹാഹസ്തിവീരന്മാരുടെ
മസ്തകം കുത്തിപ്പിളർന്നസ്തശങ്കമാംവണ്ണം
രക്തവും[11] പാനംചെയ്തു മൗക്തിക[12]രത്നം നഖേ
കോർത്തുകൊണ്ടോടിച്ചാടി ധൂർത്തുകൊണ്ടൂറ്റക്കാരൻ

---

1. നന്നായ്—ഗ, ങ, ഡ, ന; നേരെവന്നു—ഘ. 2. ന്നവൻ—ഘ. 3. ട്ടനേരം—ച. 4. ഞട—ഗ, ങ്ങ; നട്ടങ്ങുന്നു—ദ, ഫ. 5. ശ്രുതവീരൻ—ച. 6. ണം ചെയ്യുന്നവൻ—ഘ. 7. റീടും—ച, ഛ, ഥ; റിന—ധ. 8. ല്ലാത്തവൻ—ഘ; ല്ലെന്നാകിലും—ധ. 9 യിതു—ഗ, ങ, ഛ, ട, ഫ. 10. വീ—ക. 11. പാനവും—ഗ, ങ, ഡ, ണ, ത. 12. മുത്തുരത്നങ്ങൾ—ക.

പാർത്ഥ[1]ലങ്ങളിൽ [2]സിംഹം സിംഹമെന്നതു കേട്ടാൽ
പാർത്ഥിവന്മാരുംകൂടെ പേടിച്ചു വിറയ്ക്കുന്നു.
പാർത്ഥിവാത്മജന്മാരെ! [3]നിങ്ങൾ ബോധിച്ചീടണം
കീർത്തിയുണ്ടാവാൻ[4]മൂലം വിക്രമംതന്നെ [5]നൂനം.
അങ്ങിനെ [6]ഗിരി[7]ഗുഹാഗർഭത്തിൽ വസിക്കുന്ന
പിംഗല[8]കാഖ്യൻ [9]മഹാധീരനാം സിംഹേന്ദ്രനും
ഏകദാ ജലം [10]കുടിച്ചീടുവാൻ പുറപ്പെട്ടു
[11]ലോകപാവനേ ഘനേ [12]യാമുനേ തീർത്ഥേ ചെന്നു
വെള്ളവും കുടിച്ചുകൊണ്ടുള്ളവും തണുപ്പിച്ചു
പള്ളയും വീർത്തു മെല്ലെ[13]പ്പോവാനായ്ത്തുനിഞ്ഞപ്പോൾ
പണ്ടു കേട്ടറിവില്ലാതുള്ളോരു ശബ്ദം കേട്ടു
രണ്ടു [14]ചോടിങ്ങുവാങ്ങി കിഞ്ചന [15]ഭയപ്പെട്ടു.
മുഷ്കര[16]നാകുന്നൊരു ക്രൂരന്റെ [17]കണ്ഠധ്വാനം
[18]മുക്കറശബ്ദമെന്നു [19]മർത്ത്യന്മാർ ചൊല്ലീടുന്നു.
കേസരിശ്രേഷ്ഠനതു കേട്ടിട്ടുമില്ല മുന്നം
കേവലമിടിപോലെ കേട്ടപ്പോൾ ഭയപ്പെട്ടു.

---

1. ലം തന്നിൽ—ഖ; ലത്തുങ്കൽ—ഘ. 2. നിന്നു ശ്രേഷ്ഠത്വം കേൾക്കുന്തോറും—ഘ; സിംഹമെന്നതു കേട്ടാൽ പിന്നെ—ച; സിംഹനാദമെന്നതു കേട്ടാൽ—ഥ. 3. നിങ്ങളും ബോധിക്കണം—ഘ. 4. ഭുജ—ക. 5. മൂലം—ക; വേണം—ധ. 6. വരഗഹ്വരേ—ഘ. 7. ഗേഹ—ച. 8. കാഖ്യനാം മഹാകേസരിവീരന്താനും—ഖ; കാഖ്യനാകും കേസരി മഹാവീരൻ—ഘ, ച, ഛ, ജ, ണ; കാഖ്യനാകും മഹാകേസരി മഹാധീരൻ—ങ, ച, ഝ, ഞ, ട, ഡ, ണ, ത, ഥ, ധ, ന, പ. 9. ഘോരനാം—ഞ. 10. പാനം ചെയ്‌വാനായ്—ഘ. 11. ഘോരകാനനാവനേ യാമുനാതീരേ—ഘ, ങ. 12. യാമുനതീരേ—ഗ; യമുനാതീരേ—ഢ; യമുനാതീരം— ച, ജ, ഞ, ഡ, ണ, ത, ഥ, ന, പ, ഫ. 13. പുറപ്പെട്ടു—ഖ, ഒ, ധ; മുതിർന്നപ്പോൾ—ഗ, ഘ, ങ; തുടർന്നപ്പോൾ—ച, ജ, ണ, ത, ന; തുടങ്ങുമ്പോൾ—ഞ, ഢ. 14. മാറി—ഡ, ത, ഫ. 15. ത്തോടേ—ഘ. 16. യുള്ളൊരു—ഘ, ജ, ഞ. 17. കണ്ഠധ്വനി—ഘ; നാദം പിന്നെ—ഢ. 18. മിക്കറശബ്ദമങ്ങു മുറവുമി ങ്ങനുഭവം—ഗ, ങ, ച, ഛ, ഡ, ത, ഫ. 19. ചൊല്ലുന്നു മർത്ത്യജനം—ജ.

തത്ര വന്നിതു മഹാമന്ത്രിയാം[1] ക്രോഷ്ടാവിന്റെ
പുത്രന്മാരിരിവരുണ്ടെത്രയും സമർത്ഥന്മാർ.
അഗ്രജൻ കരടകൻ സോദരൻ ദമനകൻ
വ്യഗ്രമെന്നിയേ[2] യവർ തങ്ങളിൽ[3]പ്പറയുന്നു.
സോദരൻ ദമനകൻ ചോദിച്ചു പതുക്കവേ;
സാദരം[4] സൂക്ഷിച്ചാലുമഗ്രജാ മഹാത്മാവേ!
നമ്മുടെ സ്വാമിയ്ക്കിപ്പോൾ[5] എന്തൊരു[6] ഭയ[7]മുള്ളിൽ
ദുർമ്മദംവിട്ടു പാരം ദീനനായ്[8] മേവീടുന്നു.
ചൊല്ലിനാനതുനേരമഗ്രജൻ കരടകൻ
വല്ലതുമാകട്ടെങ്കിൽ കാര്യമിങ്ങതു[9]കൊണ്ടു
കാര്യമില്ലാത്ത വസ്തു ചിന്തിച്ചു പ്രവർത്തിച്ചാൽ
കാരണംകൂടാതുള്ളോരനർത്ഥം[10] ഭവിച്ചീടും.
പണ്ടൊരു കുരങ്ങച്ചൻ[11] പാഴിലുള്ളാരംഭത്താ-
ലൊണ്ടുടൻ തരംകെട്ടു ചത്തതു കേട്ടിട്ടില്ലേ?
ഞാനതു ചേട്ടാ![12] കേട്ടിട്ടില്ലെന്നു[13] സഹോദരൻ;
വാനരാപായം കേട്ടുകൊൾകെന്നു കരടകൻ.

---

## വാനരാപായം

വമ്പനാമൊരു നൃപൻതന്നുടെ നാട്ടിൽ നല്ലോ-
രമ്പലം കേട്[14] വന്നു കൂടവുംകൂടെ വീണു.

---

1. മന്ത്രിശ്രേഷ്ഠനാം—ഘ. 2. തക്കടാതവർ—ഘ. 3. ഉരചെയ്തു—ക; ചൊല്ലി നാൻ—ജ. 4. പതുക്കവേ—ച. 5. ഉള്ളിലെന്തൊരു ഭയം—ഡ. 6. ഭീതികൊണ്ടു—ഘ. 7. ഇപ്പോൾ—ണ. 8. ചേടിക്കുന്നു—ഢ; മേവീടുവാൻ—ഘ. 9. മാകാര്യം—ഘ; മില്ലതു—ഖ; മില്ലിതു—ഢ. 10. തകണ്ട—ഘ. 11. കുരങ്ങിനു—ണ; കുരങ്ങച്ചാർ—ങ; കീശേശനു—ഘ. 12. കേട്ടിട്ടില്ലായെന്നുടൻ ദമനകൻ—ഘ, ഞ. 13 ല്ലന്നനേരം—ഥ. 14. കേ—ട.

ആയതു പണിചെയ്യാനാശാരിപ്പരിഷകൾ
[1] ആയതമൊരുമരം കാമരംവച്ചു കാട്ടിൽ
[2] ഈർച്ചയും [3] തുടൻ[4]കൊണ്ടാണികൾ [5] വെട്ടി വെട്ടി—
ത്താഴ്ത്തുകൂടാതെ [6] പാതി പിളൻ നിർത്തിക്കൊണ്ടു
ഭക്ഷണത്തിനു [7] കാലമാകയാൽ പണിചെയ്യും
തക്ഷകപ്പരിഷകൾ ഗ്രാമത്തിൽ[8]പ്പോയശേഷം
മർക്കടക്കൂട്ടം പല [9] കാട്ടീന്നും [10] ചാടിച്ചാടി—
[*11] ത്തക്കത്തിൽ തത്ര വന്നു നിറഞ്ഞൂ ദേവാലയേ.
ആയതിലൊരു [12] മരഞ്ചാടി[13]താൻ ചാടിച്ചെന്നു
[14] അർദ്ധമീന്നിരിക്കുന്ന ദാരുവിമ്പുകളേറി
രണ്ടു [15] ഭാഗത്തും [16] കാലും [17] തൂക്കി വാൽ പൊക്കിക്കരം—
[18] കൊണ്ടുടൻ കുററി [19] കുലുക്കീട്ടവാനാരംഭിച്ചു.
അന്നേരം മരത്തി[20]ൻെറ വിള്ളലിൽ കുരങ്ങിൻെറ
അണ്ഡവുമകപ്പെട്ടു പൊ[21]ണ്ണനും ബോധിച്ചീല.
തട്ടിയ[22]ങ്ങിളപ്പിച്ചോരു കുററിമേൽ ബലമൊക്കെ—
[23] ക്കാട്ടിയ[24]ക്കരങ്ങച്ചൻ കുററിയെ[25]പ്പിഴുതപ്പോൾ

---

1. ആയതിനൊരുമരം—ഛ; ആയതം മഹാമരം—ക. 2. ഈററിച്ചു—ച. 3. തുടന്നിതു വേണകൾ—ഗ, ങ, ച, ഛ; തുടന്ന തു വെട്ടുകൾ—ന; തുടന്നിതു വേട്ടകൾ—ഫ; തുടങ്ങിനാർ വേണകൾ—പ. 4. പേരാണിയും വെട്ടിനന്നായി—ഘ; പിളൻ കൊണ്ടാണിയും വെട്ടിൽ—ജ; പേരാണിയും തറച്ചുടൻ—ഢ. 5. തടി—ഗ, ങ. 6. മരം—ജ; തന്നെ—ഗ, ങ. 7. യപ്പോൾ—ങ, ധ 8. പോന്നനേരം—ക. 9. ദിക്കീന്നും—ക; കാട്ടിലും—ച. 10. വന്നു—ഘ. 11. തത്ര ദേവാഗാരത്തിന്നന്തികേ നിറഞ്ഞിതു—ഗ, ങ, ച, ഛ, ട, ഡ, ണ. 12. കപിചാടീട്ടു ചെന്നങ്ങു—ഗ, ച. 13. യും ചാടിക്കേറി—ഘ. 14 അർദ്ധമായിനിൽക്കുന്ന—ഛ; അർദ്ധം ഭേദിച്ചദാരുതന്നുടെ—ഗ, ങ; അർദ്ധംഭേദിച്ച ദാരുതൻ—ച, ഛ, ജ, ഡ, പ. 15. വും—ജ. 16. കാലുകത്തി—ഖ, ച. 17. വച്ചു—ജ. 18. കൊണ്ടവൻ—ഘ. 19. വലിച്ചീടവാ—ണ. 20. ള്ളിലകപ്പെിയുടെ—ഘ. പിളർപ്പിൽ—ഢ; വിള്ളതിൽ—ന. 21. ഗ്രഹിച്ചില്ല—ഘ, ഛ, ഝ, പ. ഗ്രഹിച്ചീല—ഫ. അറിഞ്ഞീല—ഢ. 22. യങ്ങുറപ്പിച്ചു—ഘ. 23. ഏററിയ—ഛ. 24. മർക്കടശ്രേഷ്ഠൻ—ഘ; യക്കരങ്ങച്ചാർ—ഗ 25 വിട്ടത്ത—ഖ.

*പൊക്കമുള്ളരയാലിൻകൊമ്പുകൾ മുകളേറി
പത്രവും കായും തിന്നു പല്ലിളിച്ചോടിച്ചാടി—എന്നു് ഗ, ങ, ച, ഛ, ട, ഡ, ണ. ഈ പാഠങ്ങളിൽ രണ്ടു വരി കൂടുതൽ.

ദാരുഭാഗങ്ങൾ തമ്മിൽച്ചേൎന്നിതു[1] കപിയുടെ
സാരമാമണ്ഡം[2] പൊട്ടിച്ചതഞ്ഞു താനും ചത്തു.
തങ്ങൾക്കു ഫലമില്ലാതുള്ളതു പ്രവൎത്തിച്ചാൽ
ഭംഗമേ വരൂ[3] എന്നു സൎവ്വരും ബോധിക്കണം.
എന്തിനു വൃഥാ തനിയ്ക്കാവശ്യമില്ലാത്തതു
ചിന്തിച്ചു മനഃക്ലേശം ചെയ്യുന്നു സഹോദരാ!
ഒട്ടേടം ഭുജിച്ചു നാമിട്ടേച്ചു പോന്നീലയോ[4]
പുഷ്ടമായൊരു[5] മാംസമൎയ്യത്തു തിമ്മാൻ പോക.
എന്നതു കേട്ടു പറഞ്ഞീടിനാൻ ദമനകൻ
നന്നിതു മഹാമതേ![6] നിന്നുടെ രാജസേവ.
ഭോജനം മോഹിച്ചോ[7] താനിങ്ങിനെ[8] വനാന്തരേ
രാജമന്ത്രിയെന്നൊരു[9] പേരോടേ[10] നടക്കുന്നു?
തന്നുടെ ബന്ധുക്കളെ[11] സന്തതം രക്ഷിപ്പാനും
തന്നുടെ ശത്രുക്കളെയൊക്കെവേ ശിക്ഷിപ്പാനും
ഉന്നതി[12] വരേണമെന്നാഗ്രഹിച്ചല്ലോ[13] ലോകേ[14]
മന്നവന്മാരെച്ചെന്നു മാനുഷർ സേവിക്കുന്നു.
തന്നുടെ ജഠരത്തെപ്പൂരിയ്ക്കുവേണ്ടുവെങ്കി-
ലന്യവസ്തുക്കൾ പലതുണ്ടല്ലോ[15]യെളുപ്പത്തിൽ[16].
യാതൊരു പുമാനിഹ ജീവിച്ചു വസിക്കുമ്പോ-
ളാതുരന്മാരാം ബഹുബന്ധുക്കൾ[17] ജീവിക്കുന്നു.

---

1. ചേൎന്നടൻ—ഗ, ങ; ചേൎന്നപ്പോൾ—ഡ, ണ; ചേൎന്നിട്ടു—ഖ. 2. മൎമ്മം വിഷണം—ഢ. 3. രുമെന്നു—ഖ, ഝ. 4. ന്നില്ല—പ. 5. പു—പ. 6. ത—ഖ, ഗ, ഘ, ച, ട, ഡ, പ, ഫ. 7. ച്ചുതാൻ—ഗ; ച്ചു നീ—ഢ. 8. ങ്ങ—ഖ. 9. ന്ത്രീശനുടെ പുത്രനായ°—ഘ. 10. രാലേ—ക; രുടേ—ഥ. 11. കക്കവേ—ഥ. 12. ഇന്നതു—ഠ. 13. വരുവതി—ഘ. 14. ക—പ. 15. ഹോ—ഘ. 16. മായ°—ട, ഢ 17. ജന്തു—ഖ, ഗ, ങ.

അപ്പുമാനത്രേ ഭ്രമര കേവലം ജീവിക്കുന്നു;
സൽപ്പുമാനവൻതന്നെ; സാധു[1]താനവൻതന്നെ.
തക്കത്തിൽ [2]തൻെറ ഭുക്തിമാത്രമേ [3]വേണ്ടൂയെങ്കിൽ
പക്കത്തിൽച്ചോറും[4]തിന്നു കോയിക്കൽപ്പോകേണമോ?
പൊക്കത്തിൽപ്പറക്കുന്ന പരുന്തും കിളികളു–
[5]മൊക്കവേ [6]തന്നെത്തന്നെപ്പോററി രക്ഷിക്കുന്നില്ലേ?
അക്കണക്കുള്ള ജനം[7] ചത്താലും ജീവിച്ചാലും
മിക്കതുമന്വേഷണമാക്കാനുമുണ്ടോ[8] ചേട്ടാ?
ഒക്കവേ നിരൂപിച്ചാൽ ഭൂപതിസേവകൊണ്ടു[9]
[10]സൽക്കുലത്രാണംതന്നെ സാധ്യമെന്നറിഞ്ഞാലും.
തന്നുടെ [11]ബലത്തിനും [12]പൌരുഷത്തിനും താഴ്ച
[13]വന്നുപോകാതെതന്നെ വല്ലതും സാധിക്കണം.
ഭുക്തിമാത്രമേയല്ല മാനികൾക്കഭിപ്രായം
ശക്തികാട്ടേണമെന്നേയവർക്കു[14] തൃപ്തിയുള്ളൂ.
ഗോക്കടെ ശവം [15]തിന്മാനാഗ്രഹിച്ചിട്ടുകന്ന
ശ്വാക്കളും [16]തമ്മിൽ തമ്മിൽക്കുരച്ചും കലഹിച്ചും
തരിമ്പും മാംസമില്ല ഞരമ്പുമില്ല നല്ലൊ–
രിരിമ്പിൻകട്ടപോലുള്ളസ്ഥിമേൽ [17]കടിപെട്ടു
കരമ്പിൻചണ്ടിപോലെ[18] കടിച്ചും കാന്നും തമ്മിൽ
ഉരമ്പിഘോഷിക്കെന്യേ[19] കുക്ഷിപൂരണം [20]നാസ്തി.

---

1. മാ—ഡ. 2. തനിക്കഷ്ടി ത. 3. ണ്ടവെ – ങ. 4. ഉണ്ടു—ജ. 5. കൊക്കമൊക്കവേതന്നെ—ഡ, പ. 6. ദൈവം രക്ഷിക്കുന്നില്ലേ നിത്യം—ച; ത്തന്നെയല്ലയോ രക്ഷിക്കുന്നു—ഘ 7. ന്നു—ഗ, ങ. 8. നണ്ടാമോ ജ്യേഷ്ഠ—ങ. 9. തന്നെ—ഝ. 10. തൽ—ഖ, ഗ, ങ, ജ, ഞ, ഡ, പ. 11. കുല—ണ. 12. ശീലപൌരുഷത്തിനും —ണ. 13. കണ്ടു—ഞ. 14 അത്രേ എത്രയുമവൎക്കുള്ളൂ—ത; അന്നേ തൃപ്തിയുമവൎക്കുള്ളൂ —ഗ, ങ, ഛ, ട, ണ, പ; അന്നേയേവൎക്കും തൃപ്തിയുള്ളൂ —ഖ. 15. നാ—ഖ 16. നരീന്തമ്മിൽ—ഘ. 17. പി—ച. 18. മട്ടി—ഘ; തണ്ടു—ഛ. 19. സി—ഘ, ച. 20. വരാ—പ.

[1]തനിച്ച സിംഹങ്ങൾക്കും [2]തങ്ങടെ [3]മുമ്പിൽവരും
[4]തടിച്ച ക്രോഷ്ടാക്കളെ [5]ഭക്ഷിപ്പാൻ മോഹമില്ല.
മദിച്ച കുലയാനക്കൊമ്പനോടമർചെയ്തു
വധിച്ചു കട്ടഞ്ചോര കുടിച്ചേ തൃപ്തിയുള്ളു.
എന്നതുകൊണ്ടു ചൊന്നേൻ തന്നുടെ ബലം കാട്ടാൻ
[6]അന്യനേകുന്നോരന്നം ഭക്ഷിപ്പാൻ ചിതം [7]പോരാ.
പട്ടിയ്ക്കങ്ങുരുളയും[8]കൊണ്ടുചെല്ലുമ്പോളവൻ
കാട്ടുന്ന ഗോഷ്ഠി കണ്ടാലെത്രയും ചിരിയാകും.
വട്ടത്തിലോട്ടം പിന്നെ [9]വാലങ്ങു വിറപ്പിക്കും
മുട്ടുകൾ കുത്തിക്കുണിഞ്ഞൂഴിയിൽ [10]പററത്താഴം
പെട്ടെന്നു ദാതാവിൻെറ വക്ത്രവുമുദരവും
ഒട്ടൊട്ടു നോക്കിച്ചില ശബ്ദവും പുറപ്പെടീ-
[11]ച്ചങ്ങിനെ വികൃതികൾ കാട്ടാതെ ഭക്ഷിപ്പാന-
ച്ചെങ്ങാതിക്കൊരുനാളും സംഗതി [12]വരത്തില്ല.
കുംഭിരാജന്നു തിന്മാൻ [13]വാശ്ശുതും [14]കൊടുത്തെന്നാൽ
സംഭ്രമംക്കൂടാതവൻ [15]മേടിച്ചു [16]ഭക്ഷിച്ചീടും.
[17]ഗംഭീരം, വിലോകനം ഭാവവും ഭയങ്കരം;
വമ്പനാം പുരുഷൻെറ [18]ഭാവമിങ്ങനെ [19]വേണ്ടു.

---

1. തനിയ—ജ, ഝ, ഡ; തടിച്ച—ങ. 2. തന്നുടെ—ക. 3. മുന്നിൽ—ക. 4. തനിച്ച—ക. 5. വധി—ഖ. 6. മാകുന്നോ—ഖ, ഗ, ങ, ച; നേകൊന്നോ—ഛ. 7. വരം—ച; അല്ല—ജ. 8. കൊണ്ടങ്ങുചെല്ലുന്നേരം—ജ. 9 ലൊന്നു—ജ. 10. പററി—ക. 11. ഞ്ഞേറെ—ഞ. 12. പരാഭവം—ങ; വരുന്നില്ല—ച; വരാ ദ്രഢം—ഗ, ന, ഫ; വരാ താനും—ജ. വരാ നൂനം—ഥ. വരാ കഷ്ടം—ണ. 13. വല്ലതും—ധ. 14. അകിൽ—ണ. 15. വാങ്ങിച്ചു—ജ, ഞ. 16. ഭുജി—ഗ, ങ, ന, ഫ. 17. ര—ഖ. 18. അങ്ങിനെ—ജ. 19. ഉള്ളു—ഗ, ങ, ഡ, ണ, ന, ഫ.

തന്നുടെ വിദ്യകൊണ്ടും തന്നുടെ ശൌര്യംകൊണ്ടും
തന്നുദരത്തെ[1]പ്പൂരിക്കുന്നവൻ മഹാധന്യൻ.
ശ്വാവിനെപ്പോലെ കിഴിഞ്ഞാശ്രയിച്ചുണ്ണുന്നവൻ
കേവലം കൃമിപ്രായമെന്നതേ[2] ചൊൽവാനുള്ളൂ.
വിക്രമംകൊണ്ടും വിജ്ഞാനാദികൾകൊണ്ടും പത്തു
ദിക്കുകൾ വെളുപ്പിക്കും[3] കീർത്തിധാവള്യത്തോടേ[4]
യാതൊരു[5] പുമാൻ മഹാമാനിയായ് ജീവിക്കുന്നു[6]
നീതിമാനവൻജീവൻ[7] ജീവനെന്നുരചെയ്യാം.
മററുള്ള മഹാമൂഢൻ കൊററിന്നുമാത്രം കൊള്ളാം.
മുററുമിഗ്ഗുണമൊന്നും[8] പററാതെ ജീവിക്കുന്നോൻ[9]
പെററമാതാവിന്നുള്ള യൗവനമാകും വൃക്ഷം
പററെക്കണ്ടിപ്പാനൊരു കോടാലിതന്നെയവൻ.[10] [11]
ആരാനും[12] ബലിയിട്ടു കൈകൊട്ടു കേൾക്കുന്നേരം
പാരാതെ[13] പറന്നങ്ങു ചെന്നുടൻ പിണ്ഡം കൊത്തി-
ത്തിന്നുകൊണ്ടിരിക്കുന്ന കാകനും ജീവിക്കുന്നു;
എന്നതുപോലെ മഹാമന്ദനും ജീവിക്കുന്നു.
സ്വല്പബുദ്ധിയായുള്ള മാനുഷൻ മഹാദീനൻ
സ്വല്പലാഭത്തെക്കൊണ്ടു തൽക്ഷണം പ്രസാദിക്കും.
അല്പമാം ജലാധാരം[14] പൂരിപ്പാൻ മഴത്തുള്ളി
സ്വല്പമുണ്ടായാൽ പോരുമായതു നിറഞ്ഞീടും.

---

1. ന്നുടയു—ഗ. 2. നെ—ഖ. 3. ജയിക്കുന്ന—ഛ. 4. ബുദ്ധി—ജ. 5. സാദരം പുമാനവനെന്നതു ധരിക്കണം—ഘ. 6. ജനിക്കുന്നു—ഛ. 7. ജീവ—ക, റ. 8. ങ്ങളിൽ—ച. 9. ന്നോർ—ഗ. 10. അവൻതന്നെ—ജ, ഞ. 11. ഉഷ്ണൻ—ഘ. 12. യിട്ടും—ക. 13. ന്നുടൻ ചെന്നങ്ങു—ഖ, ജ, ഝ: ന്നിങ്ങു—ണ. 14. ബിലാന്തരം—ഖ; ജലധാരം—ണ.

മൂഷികൻതന്റെ കൊച്ചുകൈരണ്ടും[1] ജലംകൊണ്ടു
തൃഷിതമാക്കീടുവാനെത്ര പാനീയം വേണം.
കൃത്യവുമകൃത്യവും ധർമ്മവുമധർമ്മവും
നിത്യവുമനിത്യവും[2] സത്യവുമസത്യവും
ഇത്ഥമുള്ളതിലൊന്നും ചെറവുമേ ഗ്രഹിക്കാത്ത
മർത്ത്യനും[3] പശുക്കളുമേതുമേ ഭേദം നാസ്തി[4].
എപ്പൊഴുമാഹാരവു[5]മപ്പൊഴേ[6] നിർഹാരവും
തൽപര[7]മുറക്കവും മൈഥുന[8]വ്യാപാരവും
ഇപ്പറഞ്ഞതു നാലുമൊക്കവേ[9] പശുക്കൾക്കും
സ്വല്പബുദ്ധിയാം പുരുഷാധമന്മാർക്കും[10] തുല്യം.
എന്നതിലല്ല[11]ക്കൂട്ടു[12] നമ്മുടെ സ്വാമിസിംഹ—
മെത്രയും മഹാവീരൻ[13] ബുദ്ധിമാൻ വിവേകവാൻ;
അങ്ങിനെയുള്ള സിംഹത്തമ്പുരാൻതാനുമിപ്പോൾ
ഇങ്ങിനെ വിഷണ്ണനായീടുവാനെന്തുമൂലം?

---

## ക്രോഷ്ടാക്കളുടെ ആമന്ത്രണം.

ചൊല്ലിനാൻ കരടകൻ കാരിയം[14] ക്ലേശിക്കുന്നോ—
രല്ലല്ലോ നീയും ഞാനുമെന്നതുകൊണ്ടു ചൊന്നേൻ[15].
അപ്രധാനന്മാരാകും നമുക്കീവിചാരംകൊ—
ണ്ടല്പവുമൊരുകാര്യമില്ലെടോ സഹോദരാ!

---

1. രണ്ടു കൈകൊണ്ടും—ഛ. 2. വിദ്യയുമവിദ്യയും—ണ. 3. ത്ഥം—ഢ.
4. ഇല്ല—ന, ഫ. 5. പ്പോലെ—ഗ, ങ; പ്പൊഴും—ഛ. 6. നീഹാരവും—ജ, ഡ.
7. സത്വര—ഥ. 8. ഥുനം—ഡ. 9. ഒക്കമേ—ണ. 10. മനുഷ്യാധമ—ഛ.
11 ല്ലം—ങ, ജ; ല്ലോ—ഘ. 12. ട്ടം—ഖ, ജ, ണ. 13. മഹാവീരൻ—ഢ.
14. കാര്യത്തെ—ങ. 15. ചൊന്നതു—ഖ.

[1]തൽപരമുരചെയ്തു [2]സോദരൻ ദമനകൻ
സുപ്രധാനത്വം പിന്നെ നമുക്കും [3]വരാമല്ലോ.
അപ്രധാന[4]നായുള്ള പുരുഷൻ ക്രമത്താലേ
സുപ്രധാനനായിട്ടും മറിച്ചും [5]കാണുന്നില്ലേ?
മറെറാരുത്തന്റെ ശക്തികൊണ്ടല്ല മനുഷ്യ[6]ര-
ങ്ങൂററക്കാരാകുന്നതു[7]മൂനന്മാരാകുന്നതും.
മുററുമി[8]ക്ഷോണിതന്നിൽ മാതൃഗർഭത്തിൽനിന്നു
പെററുവീ[9]ഴുമ്പോളുള്ള ലഗ്നത്തിൻശുഭാശുഭം
കാരണം നന്നായിട്ടുമെത്രയും പാഴായിട്ടും
*തീരുന്നു [10]ശരീരികൾ കർമ്മശക്തികൊണ്ടല്ലോ.
എന്തിനു മററുള്ളോർക്കു കുററമുണ്ടാക്കീടുന്നു
ചിന്തിച്ചാൽ തന്റെ [11]ഗുണം ദോഷവും താനുണ്ടാക്കും.
ഉന്നതി [12]വരുത്തുവാനെത്രയും പരാധീനം;
പിന്നെയിങ്ങധോഗതിക്കെത്രയുമെളുപ്പമാം.
എത്രയും കനത്തൊരു കല്ലുകളുരുട്ടിക്കൊ-
ണ്ടദ്രിതൻ[13]മുകൾപ്പാട്ടിൽ [14]കേററുവാൻ [15]പാരം ദണ്ഡം.
ആയതു [16]കീഴ്പ്പോട്ടേക്കു ചാടിപ്പാനെളുപ്പമാം;
ആയാസം ചെററും വേണ്ട താഴത്തു [17]വന്നേ [18]നിൽക്കൂ.

---

1. ഉത്തരം—ഖ, ഞ; സത്വര—ഫ. 2. സാദരം—ഞ. 3. വരു—ഗ. 4. ത്വമു—ഢ. 5. ന്നീലേ—ങ, ജ 6. ന്മാരു—ക. 7. ഢ—ഖ, ധ. 8 ക്ഷോണീതലേ—ഗ, ങ, ഡ, ണ. 9. കൂട—ഘ. 10. ശാരീരിക—ക, ഖ. 11. ണ—ഖ, ഛ. 12. ന്നീട—ച. 13. പ്പോട്ടേക്കേററു—ഡ; പരപ്പേററു—ഢ. 14. ഏററുവാൻ—ഖ, ഗ; ഏററാൻ—ഘ, ഢ; ആകുവാൻ—ജ 15. പരാധീനം—ഘ, ച. 16. പ്പാട്ടിൽ—ക; പ്പോട്ടിൽ—ണ; പ്പെട്ടു—ത. 17. ചെ—ഞ. 18. ല്ലൂ—ങ, ച, ഞ, ഡ.

* തീരുന്നു ശരീരികളത്രതാൻ മുന്നംചെയ്ത
കർമ്മശക്തികൊണ്ടല്ലോ എന്നതേ പറയാവൂ—ഗ.

*
തന്നുടെ ഗുണത്തിന്നും തന്നുടെ ദോഷത്തിന്നും
തന്നുടെ ജീവാത്മാവെന്നുള്ളതു[1]തന്നേ മൂലം
എന്നതു[2]കേട്ടു [3]തദാ [4]ചോദിച്ചു കരടകൻ;
നിന്നുടെ വാക്കിന്നഭിപ്രായമെന്തെടോ സഖേ!
എന്നുടെ വാക്കിന്നഭിപ്രായ[5]മിത്തമ്പുരാന്റെ
ഖിന്നത മൂഢത്വവും ഭീതിയും [6]കാൺകതന്നെ.
ഇങ്ങിനെ ദമനകൻ [7]ചൊല്ലിനാനിദമിപ്പോൾ
എങ്ങിനെയറിഞ്ഞു നീയെന്നപ്പോൾ കരടകൻ
എങ്ങിനെയറിഞ്ഞു[8]വെന്നാ[9]ജ്ജനരുടെ ചെയ്തി—
ലിങ്ങു[10]തോന്നിയതെല്ലാമടിയനുണർത്തിക്കാം
ചൊല്ലുന്ന വാക്കുകേട്ടു [11]ഗോക്കളും [12]പ്രവർത്തിക്കും;
തല്ലുപേടിച്ചു മരം വലിക്കും ഗജങ്ങളും;
[13]വല്ലതും കെട്ടി[14]പ്പുറത്തേററിയാൽ കഴുതയും
[15]കല്ലിലും [16]പേറി[17]ക്കൊണ്ടു മണ്ടുമെന്നതേവേണ്ടു.
ചൊല്ലുകൂടാതെതന്നെ മർത്യന്റെ മനോഗതം
തെല്ലുമേ [18]തെററീടാതെ [19]ബോധിക്കും [20]മഹാജനം.
അന്യചിത്താഭിപ്രായം [21]ഗ്രഹിപ്പാനല്ലോ [22]മർത്ത്യൻ
തന്നുടെയുള്ളിൽ ബുദ്ധിസാരത്തെ വഹിക്കുന്നു.

---

1. നൂനം—ച. 2. കൊണ്ടു—ഝ. 3 മു—ഘ. 4. ചൊല്ലിനാൻ—ഗ, ങ. 5. സ്വാമിതന്റെ—ഘ. 6. മൂലം—ക. 7. നതു—ഗ; നിതു—ങ. 8. നീയെന്നപ്പോൾ കരടകൻ—ങ, ച. 9. നര—ക, ഖ. 10. മാദിയേ—ഡ, ഢ, ണ. 11. ഗജം—ഘ. 12. മര—ഘ 13. തെങ്കിലും കെട്ടിപ്പേറിയാൽ—ക. 14. ത്താക്കി—പ. 15. ത—ച 16. ഏററി—ഗ, ഘ, ഡ, ണ, ഫ; പേടി—ച; ഏറി—ഛ. 17. പോകും—ത. 18. ററി—ക; തേറി—ഖ, ണ, ഥ. 19. ബോധിക്കുന്നവൻ ധന്യൻ—പ. 20. ബുധ—ഥ. 21, ലഭി—ഥ. 22. ഭൃത്യൻ—ണ.

* ഇങ്ങനെ തന്നെ പിന്നെ ചൊന്നതു നാലും രണ്ടും
ഭംഗിക്കുമഭംഗിക്കും പാത്രഭേദമേയുള്ളൂ—ഞ.

ജംബുകൻ[1]തന്നെ നാമെന്നാകിലും നമുക്കുള്ളിൽ[2]
ബിംബിതം പ്രഭുവിന്റെ ചിത്തസംക്ഷോഭം ദൃഢം.
നമ്മുടെ ബുദ്ധികൊണ്ടു നമ്മുടെ [3]തമ്പുരാനെ
നമ്മുടെ പാട്ടിലാക്കി[4]ത്തീർക്കണമിന്നുതന്നെ
എന്തെടാ[5] നിനക്കു[6]ണ്ടോ രാജസേവാഭിജ്ഞത്വ[7]-
മെന്നുടൻ കരടകനന്നേരം ദമനകൻ,
എന്നോളം രാജസേവാധർമ്മത്തെ ഗ്രഹിച്ചവൻ
പിന്നെ മററാരുമില്ലെ[8]ന്നഗ്രജാ[9] ബോധിച്ചാലും.
മന്ത്രിയായ്‌വസിക്കേണ്ടും മാർഗ്ഗവും സംസാരവും
മന്ത്രിച്ചു[10] മററുള്ളോരെ വഞ്ചി[11]പ്പാനുപായവും
കൈയ്ക്കൂണം മേടിപ്പാനും[12] കണ്ടവരോടു[13] ചെന്നു
വക്കാണംകൂട്ടി ദ്രവ്യം കയ്ക്കുലാക്കീടുവാനും
കാര്യങ്ങൾ തീരുന്നേരം സ്വാമിക്കു ചെല്ലേണ്ടുന്ന
കാണത്തിൽ[14]പ്പാതീലേററം [15]പററുവാനുപായവും
മറെറാരുവിധം നാട്ടിൽത്തീരുന്ന വർത്തമാനം
മറെറാരുവിധം ചെന്നു സ്വാമി[16]യോടുണർത്തിക്കാം;
പററിലുള്ളോർക്കു കാര്യമൊക്കവേ സാധിപ്പി[17]ക്കാം;
മററുള്ള ജനത്തിന്റെ കൊററങ്ങു മുടക്കുക;

---

സൎവ്വസമ്മതം ഗുണമുള്ളൊരു സചിവന്മാർ
സൎവ്വദാ[8] സഹസ്ഥിതന്മാരായാൽ മഹാസുഖം.
മാധുൎയ്യം ഭാവിക്കയും മാനസേ കപടവും
ജാതമാമമാത്യന്മാർ കേവലം വിഷംതന്നെ.
ബുദ്ധിയിൽ പരദ്രോഹം[9] ചിന്തിച്ചു മേവും[10] ഭവാൻ
ബുദ്ധിമാനല്ലെന്നതും[11] വന്നീടും ദമനക!
ശാഠ്യത്തെ വിടാതെകണ്ടുള്ളൊരു[12] സൗഹാൎദ്ദവും
മൗഢ്യത്തെ[13] വിടാതെകണ്ടുള്ളൊരു ധൎമ്മങ്ങളും
ലോകരെ ദ്വേഷിച്ചുകൊണ്ടുണ്ടാക്കും ധനങ്ങളും
ലൗകികം കൂടാതുള്ള[14] സാധുസൽക്കാരങ്ങളും
നിത്യവും സുഖിച്ചിരുന്നുള്ള വിദ്യാഭ്യാസവും
ചിത്തപാരുഷ്യത്തോടെ[15] കാമിനീസംഭോഗവും[16]

---

1. മന്നവർ ഗുണവാന്മാരെങ്കിലും—ച. 2. ചേരാതായീടും ദൃഢം—ച. 3. വെള്ളം—ഘ, ങ. 4. യ—ഘ. 5. ഗുണംവരാ—ട. 6. സൎവ്വതം—ഖ. 7. സംസൎഗ്ഗം—ഗ, ങ, ഛ, ജ, ഡ, ണ, ഥ; സംഗമം—ഘ. 8. സുഖ—ഖ. 9. ദ്രവ്യം—ഛ. 10. മേവുന്നവൻ—ഞ. 11. ല്ലയെന്നു—ച. 12. കൂടാതെ—ച. 13. മൗഢ്യം—ഖ, ങ. 14. ബന്ധു—ച. 15. സൗഖ്യങ്ങളോടും—ഛ. 16. സംസൎഗവും—ഖ.

ഇച്ഛിക്കും പുരുഷന്മാരെത്രയുമധമന്മാർ.
[1]തുച്ഛ[2]ബുദ്ധികളവരെന്നു ബോധിക്ക ഭവാൻ.
ബാലകാ, ദമനകാ! നിന്നുടെ [3]പിതാവിന്റെ
ശീലവു[4]മനുമിക്കാം നിന്നുടെ [5]ശീലം കണ്ടാൽ.
താതന്റെ സ്വഭാവവും പുത്രന്റെ സ്വഭാവവും
ഭേദമില്ലെന്നു പറയുന്നതു [6]പരമാർത്ഥം.
കൈതമേലുണ്ടാകുന്ന [7]കായിനും മുള്ളുണ്ടല്ലോ
കൈതവ[8]പ്രയോഗങ്ങൾ താതങ്കൽ[9]നിന്നുണ്ടായി.
എന്തിനു [10]ഹിതോപദേശങ്ങൾ ഞാൻ ചെയ്തീടുന്നു
[11]ചിന്തയിൽ നിനക്കൊരു നേർവഴി [12]കാണുന്നീല.
നല്ലൊരു കടുപ്പമുള്ളായുധം [13]കല്ലേൽ വച്ചു
തല്ലിയാൽ [14]വളയുമോ? പൊട്ടുകേയുള്ളു ദൃഢം.
നല്ലൊരു [15]സൂചീമുഖപ്പക്ഷിതാൻ കുരങ്ങിന്നു
നല്ലതു പറഞ്ഞിട്ടു [16]തനിക്കു നാശം വന്നു.
[17]എങ്ങിനെ[18]യതെന്തെന്നു [19]ചോദിച്ചു, ദമനകൻ;
[20]എങ്കിൽ നീ കേൾക്കെന്നുര[21]ചെയ്തിതു കരടകൻ.
മർക്കടക്കൂട്ടം മഹാശീതത്തെ [22]സഹിക്കാഞ്ഞു
ഒക്കവേ വിറ[23]ച്ചൊരു [24]ദിക്കിൽ വന്നിരിക്കുമ്പോൾ

---

1. കൃച്ഛ്റാ—ങ 2. കളെന്നു ബുധന്മാർ പറയുന്നു—ച. 3. ജനകന്റെ—ഗ. 4. മിനുപമിക്കാം—ഖ; നിശ്ചയിക്കാം—ഛ 5 ഗുണം—ഝ. 6 സത്യം തന്നെ—ഞ. 7. കായ്കൾക്കും—ഖ; ചക്കക്കും—ഘ. 8. പ്രധാന—ഗ, ങ. 9. നിൽ—ച. 10. ചിതോ—ക. 11. ന്തിക്കിൽ—ഖ. 12. ന്നില്ല—ഘ, ച, ഝ, ണ. 13 കല്ലിൽ—ഖ, ച. 14. യുമ്പോൾ—ഘ, ഡ. 15. മുന—ഖ. 16. തങ്ങൾക്കു—ഝ. 17 ങ്ങ—ഖ, ഡ. 18. ആയതെന്നു—ച, ഡ; അതെന്നു—ഛ; അതെന്നുടൻ—ഖ, ഗ, ഘ; അതെന്നങ്ങു—ദ. 19. ചോദിച്ചിതു—ഗ, ഘ, ഛ, ഡ. 20 എങ്കിലോ—ഛ. 21. അരുൾ—ഘ. 22. യാഞ്ഞ—ഖ, ങ. 23, ച്ചങ്ങു—ഗ, ഘ, ങ ഛ, ണ. 24. കാട്ടിൽ—ച.

തീക്കനൽ തിരഞ്ഞൊരു വാനരം പുറപ്പെട്ടു;[1]
നീക്കമില്ലെടോ നല്ല തീയിതാ[2] പറക്കുന്നു.
എന്നു നിശ്ചയിച്ചവൻ[3] ചെന്നങ്ങു മിന്നാമിനു-
ങ്ങെന്നുള്ള[4] പ്രാണികളിലൊന്നിനെ[5] പിടിപെട്ടാൻ.[6]
പൃഷ്ഠത്തിൽ പ്രകാശമുണ്ടപ്പക്ഷി[7] പറക്കുമ്പോൾ,
പൊട്ടൻതാനതുകണ്ടു പാവകനെന്നുറച്ചു.[8]
കൂട്ടക്കാരിരിക്കുന്ന യോഗത്തിൽക്കൊണ്ടുവന്നു[9]
ചേട്ടക്കാരനുമൂതിക്കത്തിപ്പാൻ[10] ഭണ്ഡിക്കുന്നു.[11]
അന്നേരം സൂചീമുഖനെന്നൊരു[12] പക്ഷി മെല്ലെ[13]
ചെന്നങ്ങു കുരങ്ങിൻെറ കർണ്ണത്തിൽ മന്ത്രിച്ചിതു.
വഹ്നിയല്ലിതു സഖേ വാനരാ! മിന്നാമിനു-
ങ്ങെന്നൊരു പ്രാണിയിതങ്ങൂതിയാലെരിയുമോ.
എന്നതു കേട്ടു കയർത്തീടിനാൻ[14] കുരങ്ങച്ചൻ.[15]
എന്തെടാ[16] നിന്നോടൊരുണ്ടോ ചോദിച്ചുവെന്നങ്ങവൻ[17]
പക്ഷിയെപ്പിടിച്ചാശു[18] പാറമേലടിച്ചുടൻ[19]
തൽക്ഷണം കുലചെയ്തു ഭക്ഷണം[20] കഴിച്ചിതു.
എന്നതുകൊണ്ടു ഞാനിന്നൗപമ്യശ്ലോകം[21][22] ചൊന്നേൻ
എന്നുടെ ദമനകാ! ദുഷ്പ്രയത്നങ്ങൾ വൃഥാ.

---

1. പ്പെട്ടാൻ—ഗ, ഘ, ങ, ച. 2. തീക്കനൽ—ഝ. 3 ച്ചങ്ങുചെന്നുടൻ—ഗ, ങ, ച; ച്ചങ്ങുചെന്നൊരു—ഘ 4. ങ്ങെന്നൊരു—ഘ 5 ഏകനെ പ ടി പെട്ടു—ച. 6. കൂടി—ന 7. ജ്ജ്വലു—ഖ. 8. വച്ചു—ഘ, ങ, ഛ, ഡ. 9 ചെന്നു—ഗ; ചോന്നു—ഘ, ഡ, ണ. 10. ചെണ്ട—ഖ, ഗ, ങ, ച, ഛ, ഞ, ഒ. 11 തുടങ്ങുന്നു—ഖ, ഗ, ഘ, ങ, ഡ, ണ. 12. മുഖി—ക, ജ 13. താനെ—ഗ, ങ 14. പറഞ്ഞീടിനാൻ—ഘ, ന. 15 ച്ചാർ—ഗ, ങ, 16. ടീ—ക; ടോ—ഖ, ങ, ഛ, ണ 17 വെന്നും ചൊല്ലി—ഗ, ഘ, ങ ച, ഛ, ണ; ഞാനെന്നപ്പോൾ—ഞ. 18. ച്ചുടൻ—ഗ, ങ, ച. 19. ച്ചാശു—ഗ, ങ; ച്ചതിനു—ച. 20. ഭക്ഷിച്ചാനെന്നേ വേണ്ടൂ—ഗ, ങ, ച, ഛ; ഭക്ഷിപ്പാനെന്നേ വേണ്ടൂ—ഘ. 21. ഞാനും—ഝ. 22. നാനാമൃ—ഖ, ഝ.

തന്നുടെ ബുദ്ധികൊണ്ടും തന്നുടെ ശക്തികൊണ്ടും
തന്നുടെ ദ്രവ്യംകൊണ്ടും തന്നുടെ ധർമ്മംകൊണ്ടും
ഗാത്ര[1]ത്തെ രക്ഷിക്കുന്ന യാതൊരു[2] പുമാനവൻ
പുത്രനായ്‌വരുംമാതാവല്ലദയാ മാതാവെടോ.
ഇങ്ങിനെ കരടകൻ ചൊല്ലിന[3] മൊഴി[4]കേട്ട
മങ്ങിന മുഖ[5]ത്തോടെ ഭൂതലം[6] നോക്കി[7]ക്കൊണ്ട
കുണ്ഠിതം വഴിപോലെ തോന്നിച്ചു ദമനകൻ
മിണ്ടാതെ നിന്നാനരചെയ്തിതു കരടകൻ.
ദുഷ്ടബുദ്ധിയും ധമ്മബുദ്ധിയുമിരിവരിൽ
ദുഷ്ടബുദ്ധിയാമവൻ തന്നുടെ പിതാവിനെ
വല്ലാത്ത സ്ഥാന[8]ത്തിങ്കൽകൊണ്ടുപോയ്
പാർപ്പിക്കയാൽ
വല്ലാതെ മരിച്ചു[9]പോയെന്നതു കേട്ടിട്ടില്ലേ?
അഗ്രജാ! നമുക്കതുകേൾക്കണമെന്നു തമ്പി-
ക്കാഗ്രഹം സാധിപ്പിപ്പാനക്കാലവാൻ കരടകൻ.

## ദുഷ്ടബുദ്ധിയും ധർമ്മബുദ്ധിയും

ചെട്ടികൾ വസിക്കുന്ന പട്ടണം തന്നിലൊരു
ചെട്ടിക്കു രണ്ടു മക്കളുണ്ടായി വളർന്നിതു.

---

1. ഗോത്ര—ഗ, ങ, ച, ന. 2. കുന്നതേതൊ—ഖ, ഗ. 3 യ—ഖ, ഗ. ങ, ച, ഛ, ട. 4. വാക്ക—ഞ. 5. മാഖ—ഘ. 6. ഭൂ—ഛ. 7. ഭൂമിയിൽ—ണ. 8. സ്ഥലത്തിങ്കൽ—ഖ; സ്ഥലങ്ങളിൽ—ഘ 9. പ്പിച്ചാൻ—ഖ, ഗ, ഘ, ങ, ച, ഛ, ഡ, ന.

അഗ്രജൻ ദുഷ്ടബുദ്ധി സോദരൻ ധർമ്മബുദ്ധി
വ്യഗ്രമെന്നിയേ സുഖിച്ചങ്ങിനെ മേവുംകാലം
അർത്ഥമാർജ്ജിപ്പാനവരന്യദേശങ്ങൾ തോറും
സ്വസ്ഥരായ് നടക്കുമ്പോ[1]ളുലകദാ വനാന്തരേ
ജ്യേഷ്ഠനാം ദുഷ്ടബുദ്ധി മുൻഭാഗേ നടക്കുന്നു[2]
പൃഷ്ഠഭാഗത്തു[3] നടക്കുന്നിതു ധർമ്മബുദ്ധി.
കാട്ടിലങ്ങൊരു[4] മരം പിഴകി[5] വീഴുന്നേരം
മൂട്ടിൽനിന്നൊരു നിധികുംഭവും പ്രകാശിച്ചു.
ധർമ്മബുദ്ധിക്കു കിട്ടി തൽകുംഭം മഹാഘനം[6]
നിർമ്മലസ്വർണ്ണം[7]കൊണ്ടു പൂർണ്ണമെത്രയും സാരം.
കുട്ടകമുരുട്ടി[8]ക്കൊണ്ടങ്ങിനെ[9] ചെന്നു മുദാ
ദുഷ്ടബുദ്ധിയോടുരചെയ്തിതു സഹോദരൻ.
അഗ്രജാ! നമുക്കൊരു നിക്ഷേപം ലഭിച്ചിതു
ദുർഗ്രഹമിതു[10] ഭവാൻ കൂടവേ പിടിക്കണം[11].
വള്ളികൾകൊണ്ടു കെട്ടി തണ്ടുമിട്ടെടുത്തവർ
മെല്ലവേ നടന്നുതൻ[12] പട്ടണമടുത്തപ്പോൾ[13]
ദുഷ്ടബുദ്ധിയും ചൊന്നാൻ സോദരാ! നമുക്കിതു
പട്ടണം പ്രവേശിപ്പിച്ചീടിനാൽ ദോഷം വരും.
അത്ര നല്ലൊരു ദിക്കിൽക്കുഴിച്ചു[14] സ്ഥാപിച്ചുകൊ—
ണ്ടത്രമാത്രവും കയ്യിലെടുത്തു[15] പോകേ നല്ലു.

1. നം—ച. 2. ക്കുമ്പോൾ—ഝ. 3. ന്നീടിനാൻ—ഖ, ഞ 4. നുന്നേരം—ഘ, ച, ഞ. 5. പുഴങ്ങി—ഒ; മുഴങ്ങി—ഖ; പിഴുതു—ഘ, ങ, ജ; പുഴങ്ങി—ഝ. 6. ധ—ഗ, ഘ, ച, ഝ, ഡ, ഒ, ന. 7. ലം—ഗ. 8. തട്ടിക്കൊണ്ടിട്ടു—ഖ. 9. ഇങ്ങിനെ—ച. 10 സുഗ്രഹം—ഞ. 11 ധരി—ച. 12. ന്നങ്ങു—ഗ, ഘ, ണ, ഫ. 13. കുമ്പോൾ—ച. 14. കണം—ജ. 15. കൈയ്യിൽ—ഖ, ഞ

അങ്ങിനെയെന്നു[1] ധമ്മബുദ്ധിയുമനു[2]വദി–
ച്ചങ്ങൊരു പെരുമരം[3] തന്നുടെ മൂലംതന്നിൽ
കുട്ടകം കുഴിച്ചിട്ടു മണ്ണുകൊണ്ടാച്ഛാദിച്ചു
പട്ടണംപുക്കു ഗൃഹം മേവിനാരിരുവരും.
ഒട്ടുനാൾ[4] കഴിഞ്ഞപ്പോളൊളിച്ചങ്ങൊരുദിനം
ദുഷ്ടബുദ്ധി[5]താൻ ചെന്നു കുട്ടകം കയ്ക്കലാക്കി.
അന്നുരാത്രിയിൽത്തന്നെ കൊണ്ടന്നു പണിപ്പെട്ടു
തന്നുടെ പുരമുറി[6]തന്നിലും[7] കുഴിച്ചിട്ടാൻ.
പെട്ടന്നങ്ങൊരു ദിനം ധമ്മബുദ്ധിയെ വിളി–
ച്ചിഷ്ടഭാവം പൂണ്ടുരചെയ്തിതു ദുഷ്ടബുദ്ധി.
പണ്ടു നാം സ്ഥാപിച്ചൊരു കുട്ടകമിന്നു[8]തന്നെ
കൊണ്ടുപോരണമിനി[9] കൊണ്ടന്നാൽ ദോഷമില്ല.
എന്നതുകേട്ടു ധമ്മബുദ്ധിതാൻ[10] മഹാശുദ്ധൻ
ചെന്നു[11] നോക്കുന്നനേരം കുട്ടകം കാണുന്നില്ല[12].
പട്ടണേ[13] പോന്നു ദുഷ്ടബുദ്ധിയോടുരചെയ്തു
കുട്ടകം ഭവാൻതന്നെ മോഷ്ടിച്ചുകൊണ്ടുപോന്നു;
കട്ടതു[14] നീതാനെന്നു ദുഷ്ടബുദ്ധിയുമിതു
കട്ടതു[15] ഭവാനെന്നു ധമ്മബുദ്ധിയും തമ്മിൽ
ശണ്ഠയിട്ടിരുവരും രാജധാനിയിലെത്തി[16].
കുറ്റത കൂടാതറിയിച്ചിതു[17]നൃപനോടു

1. തന്നെ—ഘ. 2 സരി—ഞ. 3. ത്തിങ്കൽ—ഖ. 4. ചെന്നനേരം—ഞ. 5. യും—ഞ. 6. ലേ—ഖ. 7. ട്ടു—ഘ 8. ങ്ങു—ക. 9. നാലു—ഗ, ഘ, ങ, ച, ഡ, ന. 10. മാൻ—ച. 11. ചെന്നുടൻ നോക്കുന്നേരം—ഘ, ങ, ഡ. 12. കണ്ടീലല്ലോ—ഖ. 13. ചെന്നു—ഖ, ഞ; വന്നു—ഗ, ഘ, ണ. 14. എടുത്തു—ച. 15. എടുത്തു—ച. 16. പുക്കു—ച. 17. തുരചെയ്തിതു—ച.

ധർമ്മരക്ഷണത്തിന്നു[1] ശക്തരാം കാര്യക്കാരെ
ധാർമ്മികൻ[2] നരപതി കല്പിച്ചു നിയോഗിച്ചു.
ധർമ്മബുദ്ധിയാമിവൻ കൂട്ടകം കട്ടാനെന്നു[3]
ദുർമ്മദത്തോടേ ദുഷ്ടബുദ്ധിയുമുരചെയ്തു.
സാക്ഷിയാരെന്നു[4] ചൊൽവിനെന്നു മന്ത്രികൾ ചൊന്നാർ
സാക്ഷിയായതു വൃക്ഷമെന്നവരുരചെയ്താർ.
വാസ്തുമട്ടത്തനാൾ വൃക്ഷത്തിൻമൂലേ[5] ചെന്ന[6]–
ങ്ങീശ്വരപരീക്ഷയും[7] ചെയ്യണമിരുവരും[8].
അദ്രിക്കിൽച്ചെന്നു വിരൽ മുക്കണം[9] രണ്ടുപേരും
അദ്യ പൊയ്ക്കൊൾവിൻ നാളെ ഞങ്ങളും വരുന്നൊണ്ടു.
അങ്ങിനെ[10] പറഞ്ഞാശു[11] പിരിഞ്ഞാരമാത്യന്മാർ[12]
തങ്ങളുമിരുവരും പോന്നങ്ങു[13] ഗൃഹം പുക്കു[14].
അന്തിക്കു ദുഷ്ടബുദ്ധി അച്ഛനാം ചെട്ടീന്ദ്രന്റെ[15][16]
അന്തികംതന്നിൽച്ചെന്നുനിന്നുകൊണ്ടുരചെയ്തു.
താതനങ്ങൊരു[17] വാക്കു പറഞ്ഞെങ്കിലിദ്രവ്യം[18]
താമസം·കൂടാതിങ്ങു ലഭിക്കുമൊക്കെത്തന്നെ[19].
എന്തു ഞാൻ[20] പറയേണ്ടുന്നാരോടു പറയേണ്ടു
എന്തൊരു കാര്യമെന്നും ചോദിച്ചു ജനകനും.

---

1. നാം—ഗ. 2. മഹീ—ഞ. 3. കട്ടു—ജ 4. സാക്ഷിക്കാരെങ്ങു ചൊൽവിനെന്നു മന്ത്രികൾ ചൊന്നാർ—ഖ, ങ; സാക്ഷിക്കാരനെങ്ങു—ഗ. 5. കീഴേ—ച 6 ചെന്നിട്ടു—ഖ. 7. ക്ഷണം—ജ. 8. രണ്ടുപേരും—ച. 9. ഇരുവരും—ഖ. 10. ഇങ്ങനെ—ഘ, ങ, 11. ഞങ്ങു—ഗ, ഘ, ങ, ച, ഡ. 12 തൃരും—ഞ 13. പോന്നിങ്ങു—ഘ, ങ; വന്നിങ്ങു—ഭ. 14. പുക്കാർ—ഖ, ഗ, ഘ, ങ, ഡ. 15. ശ്രേഷ്ഠി—ക. 16. തന്റെ—ച. 17. നിന്നോ—ക. 18. ദ്രവ്യം—ക. 19. ആകെ—ന. 20. നാം—ഗ.

അച്ഛനിന്നൊരു[1] തരു[2]കോടരം തന്നിൽ പുക്കു
സ്വച്ഛന്ദം[3] വസിക്കണം യാമിനി കഴിവോളം.
സൂര്യനങ്ങുദിക്കുമ്പോൾ കാര്യക്കാരവിടേയ്ക്കു[4]
കാര്യങ്ങൾ[5] കേൾപ്പാൻ[6] വരും ഞങ്ങളുംകൂടെ വരും.
ഭവ്യരാമമാത്യന്മാർ ചോദിക്കുന്നേരം ഭവാൻ
ദിവ്യവാക്യത്തെപ്പറഞ്ഞീടണം നിഗൂഢമായ്
ദ്രവ്യത്തെ മോഷ്ടിച്ചതു ധർമ്മബുദ്ധിതാനെന്നു
സർവ്വരും കേൾക്കപ്പറഞ്ഞീടണമെന്നാൽ മതി.
ദുഷ്ടബുദ്ധിയോടുരചെയ്തിതു ജനകനും
നഷ്ടരാം നീയും ഞാനുമിങ്ങിനെ ചെയ്തീടിനാൽ.
ഏവനുമുപായത്തെ[7]ച്ചിന്തിക്കുന്നേരം തന്നെ
കേവലമപായവും[8] ചിന്തിച്ചേ ഗുണം വരൂ.
സ്വൈരമേ[9] ബകത്തിന്റെ മൊട്ടകൾ തിന്നും[10] സർപ്പം
കീരിയാൽ താനും തന്റെ മക്കളും നശിച്ചല്ലോ[11].
എങ്ങിനെയതെന്നുടൻ ചോദിച്ചു ദുഷ്ടബുദ്ധി;
സംഗതിപ്രകാരത്തെച്ചൊല്ലിനാൻ ജനകനും.
പൊക്കമുള്ളൊരു വൃക്ഷ കൊക്കിന്റെ കളത്രവും
കൊക്കുമായ് വിനോദിച്ചു[12] തത്ര മേവീടും കാലം.
കൊക്കിന്റെ ഗൃഹിണി പെറ്റുണ്ടാകും[13] ശിശുക്കളെ
ഒക്കവേ ഒരു സർപ്പം വന്നുടൻ ഭക്ഷിക്കുന്നു.

---

1. ഇങ്ങൊരു—ക. 2. മര—ച; വൃക്ഷ—ജ, ഝ, ഝ. 3. പ്രഛന്നം—ഖ, ഗ, ഘ, ങ, ഡ, ണ, ന; സ്വസ്ഥനായ്—ച 4. ടത്തിൽ—ച. 5. ശങ്കകൾ—ണ, ന, ഫ. 6. ക്കാൻ—ച. 7. യവും—ഗ, 8. യത്തെ—ങ, ഡ. 9 മായ്—ഖ, ച, ജ; മാം—ഘ, ങ. 10. തിന്നു—ച. 11. മരി—ജ. 12. വുന്ന—ഗ, ഘ, ങ; ച, ണ. 13. ള്ളൊരു—ഗ, ഘ, ങ, ഡ, ണ, ന.

ദുഃഖിതനാകും[1] ബകം ചെന്നൊരു[2] വാപീതീരേ
നില്ക്കുന്ന നേരം തന്റെ ബന്ധുവാം കുളീരകൻ
ചോദിച്ചു; താനെന്തെടോ ഖേദിച്ചു വസിക്കുന്നു?
ഖേദത്തിൻമൂലം ബകം ഞണ്ടിനെ ഗ്രഹിപ്പിച്ചു.
ഞണ്ടുമങ്ങുപദേശം[3] ചൊല്ലിനാൻ; മത്സ്യങ്ങളെ—
ക്കൊണ്ടുപോയ് കീരി നിത്യം വസിക്കും പോട്ടിൽനിന്നു[4]
പന്നഗം പാർക്കുന്നൊരു[5] സുഷിരത്തോളമൊക്കെ—
ച്ചിന്നിയിട്ടേച്ചു[6] ഭവാൻ സ്വസ്ഥനായിരുന്നാലും[7].
അനന്തരം നകുലവും മത്സ്യവൃന്ദത്തെയെല്ലാം
തിന്നുതിന്നഹിയുടെ രന്ധ്രത്തിൽച്ചെന്നു[8] കേറും.
പന്നഗത്തെയും പുത്രന്മാരെയുമെല്ലാം[9] കീരി
കൊന്നൊടുക്കീടുമെന്നാൽ തന്നുടെ താപം[10] തീരും.
എന്നതുകേട്ടു ബകം ബന്ധുവാം കുളീരേന്ദ്രൻ[11]
ചൊന്നതുപോലെ ചെയ്തു പന്നഗം നശിച്ചിതു.
പിന്നെ വന്മരത്തിന്മേൽ കൂടിനെക്കണ്ടു കീരി
ചെന്നു കൊക്കുകളുടെ വംശത്തെയൊടുക്കിനാൻ.
എന്നതുകൊണ്ടു ചൊന്നേനിങ്ങിനെ പ്രയോഗിച്ചാൽ
എന്നുണ്ണീ, നീയും[14] ഞാനും[12] ജീവിക്കയില്ല[13] ദൃഢം.
ഇത്തരം പറഞ്ഞൊരു താതനെപ്പിടിച്ചവൻ
സത്വരം മരത്തിന്റെ കോടരദ്വാരംതന്നിൽ

---

1. നായ—ഖ, ഫ. 2. താനൊരു—ഫ. 3 ഉണ്ടു—ക. 4 പോത്തിൽ—ഖ, ജ; ദിക്കിൽ—ഫ. 5. ഇരിക്കുന്ന—ഗ. 6 ചിക്കി—ജ. 7. വസിച്ചാലും—ക. 8 പൊത്തിലും—ഗ, ഘ, ങ; പോട്ടിലും—ണ, ന, പ; പോട്ടിൽ—ഢ; വീട്ടിലും—ഫ. 9. കീറിക്കീറി—ഫ. 10. ദുഃഖം—ഗ, ങ. 11. രകൻ—ക. 12. 2095-96 വരികൾ ക, ഘ, പാഠങ്ങളിൽ ഇല്ല. 13. ജയിക്കയില്ല—ഫ. 14. താനും—ണ.

കൊണ്ടുപോയൊളിപ്പിച്ചു തിരിച്ചു പോന്നീടിനാൻ.[1]
കണ്ടു ഭാസ്കരനുദിക്കുന്നതുമതുനേരം
ദുഷ്ടബുദ്ധിയും ധമ്മബുദ്ധിയും ബന്ധുക്കളും
ശിഷ്ടരാം ജനങ്ങളും രാജസേവകന്മാരും
പക്ഷപാതികളമാത്യന്മാരുമൊക്കെച്ചെന്നു
വൃക്ഷമൂലത്തിൽ മഹായോഗമിങ്ങിനെ[2] കൂടി.
കൈവിരൽ മുക്കാനുള്ള പന്നുമുണ്ടാക്കിക്കൊണ്ടു
കൈതവം നേരും തിരിച്ചീടുവാൻ തീയും നെയ്യും[3]
വട്ടങ്ങൾ കൂട്ടിക്കൊണ്ടു ചോദിച്ചു സചിവന്മാർ
കുട്ടകം മോഷ്ടിച്ചവനാരെന്നു[4] പറഞ്ഞാലും.
ദിവ്യഭാരതി[5] വൃക്ഷകോടരേ നിന്നുണ്ടായി
ദ്രവ്യത്തെ മോഷ്ടിച്ചതു ധമ്മബുദ്ധിതാനെന്നു
ആയതുകേട്ടനേരമെല്ലാരും വിസ്മയിച്ചു.[6]
മായമെന്നതേ വരുവെന്നുടൻ ധമ്മബുദ്ധി
നിശ്ചിതമറിവാനായ്[7] വൃക്ഷത്തിൻമുകളേറി.
കച്ചിലും തൃണങ്ങളും കോടരദ്വാരേ[8] വച്ചു.
തീയിട്ടു പുകച്ചപ്പോളച്ഛനും[9] തലപൊക്കി
ചെയ്യല്ല മമ വധം വീർപ്പുമുട്ടുന്നു പാരം.
പൊയ്യല്ല മമ സുതൻ[10] ദുഷ്ടബുദ്ധി താനിതു
ചെയ്യിപ്പിച്ചതും ദ്രവ്യം കട്ടതുമവൻ തന്നെ.

---

1. പോന്നാനവൻ—ച; വന്നീ—ഘ. 2 അങ്ങനെ—ഘ, ച. 3. നെയ്യും തീയും—ഖ. 4. ഷ്ടി—ങ. 5. വാക്കപ്പോൾ—ക. 6. ചാരി—ച. 7. ശ്ചയ—ഖ, ച, ഛ. 8. വൃക്ഷകോടരേ—ച. 9. കാട്ടി—ഘ, ങ, ച, ഡ, ണ, ന. 10. പുത്രൻ—ഗ, ഘ, ങ, ഛ, ണ, ന.

ഇത്തരമുരചെയ്തു കാലന്തുർ പുക്ക[1] മഹാ–
വൃദ്ധനാം[2] വണിഗ്വരൻ പുത്രന്റെ ചൊൽ കേൾക്കയാൽ.
ധാമ്മികൻ മഹീപതി[3] തദ്ധനമശേഷമേ
ധമ്മബുദ്ധിക്കു നൽകി സമ്മാനിച്ചയച്ചിതു.
ദുഷ്ടബുദ്ധിയെശ്ശൂലാരോഹവും[4] ചെയ്യിപ്പിച്ചു
പുഷ്ടശോഭമായ്‌വന്നു പട്ടണം മനോഹരം.[5]
എന്നതുകൊണ്ടു ചൊന്നേൻ ദുഷ്ടബുദ്ധിയെപ്പോലെ
[6]നഷ്ടനാകൊല്ലാ ഭവാനെന്നുടെ സഹോദരാ!
പിന്നെയും കരടകൻ ചൊല്ലിനാൻ ദമനക!
നിന്നുടെ ദുസ്സാമത്ഥ്യംകൊണ്ടഹോ കുലക്ഷയം!
വാരിരാശിയിട്ടലാള[7]മാററിന്റെ[8] ഒഴുക്കൊള്ളൂ!
നാരിവിശ്വാസത്തോളം ബന്ധു[9]സ്നേഹവുമുള്ളൂ[10];
സൂചകശ്രുതിയോളം[11] മന്ത്രഗോപനമുള്ളൂ[12];
നീചനന്ദനനോളം നിമ്മലം[13] കുലമുള്ളൂ.
ശാഠ്യമുള്ളവരോടു ശാഠ്യവും വേണം താനും
[14]പാഠ്യമാമൊരു പദ്യം കേട്ടിട്ടില്ലയോ ഭവാൻ.
ആയിരം തുലാമിരുമ്പൊക്കവേ[15] കൂടെത്തന്റെ[16]
വായിലാക്കിനാനൊരു[17] മൂഷികനൊരു ദിക്കിൽ[18]

---

1. ക്കാൻ--ച. 2. വണ ഗീശൻ—ഖ; വണീശ്വരൻ—ങ, ഛ, ഡ. 3. അ—ങ ച 4. രോഹണം—ഖ, ഗ, ഘ, ങ, ഝ. 5. അശേഷവും—ച. 6. വന്നപോകൊലാ—ഖ, ഗ; നഷ്ടമാക്കൊല്ല—ഛ. 7. ട—ഝ. 8. ലേ—ഖ, ങ, ച, ഛ, ഞ, പ. 9. ബന്ധി—ഝ. 10. മേയുള്ള—ച. 11. സ്മൃതി—ഗ, ങ. 12. ശോധന—ജ. 13 ല—ഖ, ഗ. 14. വാക്യം—ച; ശാഠ്യമാം—ഛ. 15. പാരം—ക; ഭാരം—ഛ. 16. കൂടെത്തന്നെ—ഛ; കൂട്ടിത്തന്റെ—ഖ. 17. പോൽ—ഗ, ങ, 18. യസ്മിൻദേശേ—ക.

[1]അദ്ദേശ [2]ശ്യേനപക്ഷി [3]വന്നാശു വണിക്കിന്റെ
പുത്രനെക്കൊണ്ടുപോയെന്നുള്ളതു വരാത്തതോ.
[4]എങ്ങിനെ അതെന്നു [5]ചോദിച്ചിതു ദമനകൻ
[6]എങ്കിലോ കേൾക്കെന്നുരചെയ്തിതു കരടകൻ.

## യസ്മിൻ ദേശേ അദ്ദേശേ

പണ്ടൊരു നഗരത്തിൽ വാണിഭംചെയ്തു [7]കുടി-
ക്കൊണ്ടൊരു വണിക്കുതാൻ തന്നുടെ സുഹൃത്താകും
വാണിഭക്കാരൻ കയ്യിലമ്പതു ഭാരം ലോഹം
[8]പ്രാണവിശ്വാസംമൂലം സൂക്ഷിപ്പാൻ കൊടുത്തവൻ
[9]വിത്തവിക്രയം ചെയ്വാൻ [10]ഗമിച്ചു [11]തെക്കിൻദിക്കിൽ
[12]പത്തു മാസങ്ങൾ തത്ര താമസിച്ചിങ്ങു വന്നു
[13]തന്നുടെ സുഹൃത്തോടു ചോദിച്ചു സഖേ! മുന്നം
[14]തന്നുടെ പക്കൽ തന്ന ലോഹത്തെത്തരികെടോ
എന്നുടെ വീട്ടിൽ ബഹു മൂഷികന്മാരുണ്ടവർ
തിന്നുതിന്നിരിമ്പെല്ലാ[15]മില്ലാതായ്വന്നു, കഷ്ടം!
എന്തു ഞാൻ [16]ചെയ്യുന്നെന്നു ചെട്ടിയുമുരചെയ്തു
ബന്ധുവെങ്കിലുമവനെത്രയും [17]മഹാലുബ്ധൻ.

1. അട്ടിക്കിൽ—ഗ, ഘ, ങ, ച, ഛ, ഡ, ണ; അക്കാലമൊരു—ജ. ന. 2. ശ്യേനനാകും പക്ഷിയും—ഖ; പരന്നുടൻ വന്നൊരു—ഗ, ഘ, ങ, ച, ഡ, ന, പ, ഫ. 3 വന്നുടൻ—ച, ഛ 4. അതെന്നുടൻ—ഖ, ഗ, ഘ, ങ, ഛ, ന; അതെന്നല്ല—ജ. 5 ചൊദിച്ചു—ഖ, ഗ, ഘ, ങ, ഛ, ജ, ന. 6 പറഞ്ഞീടാം—ഗ, ങ. 7. കൂട്ടി കൊണ്ടു°—ഖ; കൂടി—ങ. 8 സ—ഖ. 9 വിക്ര°ം—ങ, ച. 10. തിരിച്ചു—ഛ. 11. ക്കും—ച; ക്കേ—ഖ, ഗ, ഘ, ങ, ന. 12. മാത്രം—ച. 13. നദേ—ച, 14 കയ്യിൽത്തന്നലോഹങ്ങൾ—ച, ഛ, ഡ. 15. ല്ലാതെ—ഛ. 16. ചെയ്യു°യെന്നു—ച; ചെയ്യേണ്ടുന്നു—ഛ. 17. ധൂർത്തൻ—ഖ, ഢ, ജ, ഒ; മൂഢൻ—ക.

ആയതു കേട്ടു മറേറ ചെട്ടിയും[1] വിചാരിച്ചു
മായമിപ്പറഞ്ഞതു മറിച്ചു[2] വഞ്ചനഹം.[3]
പോയതുകൊണ്ടു പറഞ്ഞാലിനി ഫലമെന്തെ—
ന്നായവൻ പറഞ്ഞിങ്ങു[3] യാത്രയും ചൊല്ലിപ്പോന്നു.[4]
പിന്നെയങ്ങൊരു ദിനം[5] തന്നുടെ സുഹൃത്തിൻെറ
നന്ദനൻ കുളിപ്പാനായിപ്പോകുന്ന ദശാന്തരേ
ചെന്നുടൻ പിടിപെട്ടു വലിച്ചു കൊണ്ടുപോന്നു
തന്നുടെ വീട്ടിലൊരു ഗൂഢസ്ഥാനത്തങ്ങാക്കി;
വാതിലുമടച്ചാശ്ശു[6] മുടക്കനിട്ടു പൂട്ടി
വാണിഭക്കാരനങ്ങാതങ്ങു[7] വാണീടിനാൻ.
ബദ്ധനായ്ക്കിടക്കുന്ന ബാലനാം വണിക്കിൻെറ
വൃദ്ധനായുള്ള[8] താതൻ പുത്രനെക്കാണായ്കയാൽ
ബദ്ധപ്പെട്ടോടി വന്നു[9] ചോദിച്ചു സുഹൃത്തോടു
പുത്രനെക്കണ്ടീലെടോ[10] താനെങ്ങാൻ കണ്ടോ[11] സഖേ!
അന്നേരമുരചെയ്താൻ മറേറവൻ മഹാമതേ!
ഇന്നൊരു പരുന്തുവന്നെടുത്തു[12] കൊണ്ടുപോയാൻ.
പുത്രനാം[13] പതിനെട്ടു വയസ്സായവനെയി—[14]
ഷ്പ്പത്രിയാം[15] പരുന്തൊണ്ടോ കൊണ്ടുപോകുന്നു സഖേ!
താനെൻെറ[16] തനൂജനെ കൊന്നിതോ, കളഞ്ഞിതോ?
ഞാനിനിച്ചെന്നു നാട്ടുവാഴിയോടറിയിപ്പൻ.

---

1. ഉരചെയ്തു—ക. 2. ചതിച്ചാനിവനെന്നെ—ഗ, ങ. 3. വെച്ചാനവൻ—ഖ; വഞ്ചനഹം—ഛ; വയ്ചാനഹം—ഘ. 3. ഞങ്ങു—ഘ; ഞടൻ—ച. 4. പോന്നാൻ—ജ. 5. നേരം—ഝ. 6. മൂങ്ങു—ക; ച്ചുടൻ—ച. 7. വണിക്കങ്ങിനെ മേവീ—ഗ, ഘ, ങ, ച, ഛ, ണ, ന; വന്നിങ്ങനെ മേവീ—പ. 8. നാം താതൻ തൻെറ—ച 9. ചെന്നു—ച. 10. ല്ലെടോ—ഖ, ഘ. 11. താനങ്ങോം കണ്ടു—ഖ 12 ത്തവൻ തന്നെയും—ച. 13. നു—ച. 14. ആയവൻ തന്നെ—ച 15 ക്ഷീയും—ഘ, ണ, ന. 16. എന്നുടെ—ച.

ഇത്ഥമങ്ങുരചെയ്തു കോയിക്കൽച്ചെന്നു വണി-
ക്കേത്ര്യയും വിഷാദിച്ചു കരഞ്ഞുനിന്നീടിനാൻ.
ശ്രേഷ്ഠരാമമാത്യന്മാർ[1] ചോദിച്ചാരവസ്ഥകൾ
ചെട്ടിയു[2]മുരചെയ്[3]താനെന്നുടെ[4] തന്നുജനെ[5].
മററൊരു ചെട്ടിയൊളിപ്പിക്കയോ വധിയ്ക്കയോ
മൂ[6]ലമിപ്പരമാർത്ഥമന്വേഷിക്കണം നിങ്ങൾ.
പറ[7]ഞ്ഞാനവനൊരു പരുന്തു കൊത്തിക്കൊണ്ടു
പറന്നു പോയെന്നതുമങ്ങിനെ വരുന്നതോ?
എന്നതുകേട്ടു മഹാമന്ത്രികൾ വണിക്കിനെ
ചെന്നിങ്ങു കൂട്ടിക്കൊണ്ടു വരുവാൻ നിയോഗിച്ചു.
ഭൃത്യന്മാർ വണിക്കിനെ കൂട്ടിച്ചുകൊണ്ടുവന്നു;
സത്യം നീ പറകെന്നു[8] കല്പിച്ചു[9] കാര്യക്കാരും.
പുത്രനെപ്പരുന്തുവന്നെടുത്തു കൊണ്ടുപോയെ-
ന്നത്ര[10] നിന്നുരചെയ്താനച്ചെട്ടിതാനുമപ്പോൾ.
ലൗകികമല്ലാ[11]തുള്ള വാക്കുകൾ പറഞ്ഞാലി-
ലോകർ സമ്മതിക്കുമോ, ചൊല്ലെടാ പരമാർത്ഥം.
ഇത്തരം കയർത്തൊരു മന്ത്രികൾ ചൊന്നവാക്കി-
ന്നുത്തരമുരചെയ്തു പേടി[12]കൂടാതെ ചെട്ടി.
ആയിരം[13] തുലാമിരിമ്പൊക്കവേകൂടെത്തന്റെ
വായിലാക്കിനാനൊരു മൂഷികനൊരു[14] ദിക്കിൽ

1. ഷ്ഠന്മാർ—ച. 2. ശ്രേഷ്ഠി—ക. 3 ചെയ്തു—ഗ, ഛ, പ. 4 നമ്മുടെ—ഗ, ഘ, ഛ, ന, പ. 5. തനയനെ—ഖ. 6. മ—ഘ 7. എന്നോടെരു—ഛ. 8. ചോദിച്ചു—ച, ന. 9. ക്കാരൻ—ഖ, ഗ, ഘ, ങ, ഡ. 10. ഉരചെയ്തു ചെട്ടിയുമതുനേരം—ഗ, ഘ. ങ, ച, ഡ, പ, ഫ. 11. ഞ്ഞാലോ—ജ. 12. ഭീതി—ഗ, ഘ, ച, ഡ. 13. പാരം—ക 14. യസ്മിൻ ദേശേ—ക.

അദ്രിക്കിൽ[1] പരുന്നുടൻ[2] വന്നൊരു വണിക്കിൻെറ
പുത്രനെക്കൊണ്ടുപോയെന്നുള്ളതു[3] വരാത്തതോ.
എന്നതു കേട്ടു[4] ചിരിച്ചീടിനാരമാത്യന്മാർ[5]
മുന്നമീവണിക്കേവം വ്യാജത്തെപ്പറഞ്ഞിതോ.
നന്നെടാ നിൻെറ തല പോവതിന്നടുത്തു[6] നീ
ചെന്നുടനിരിമ്പെല്ലാം കൊണ്ടന്നു കൊടുത്താലും.
അന്നേരം കാണാം നിൻെറ നന്ദനൻ വരുന്നതും
അന്യായം പറഞ്ഞതിനുള്ളൊരു ഫലമിപ്പോൾ[7]
തമ്പുരാൻ കല്പിക്കുന്ന ദ്രവ്യങ്ങളൊക്കെത്തിരു-
മുമ്പിൽ വയ്ക്കുണ്ടിവരുമെന്നവരുരചെയ്താർ[8].
ആയതു[9] കേട്ടു വണിക്കായിരം തുലാമിരി-
മ്പായവൻകയ്യിൽ കൊടുത്തേൽപ്പിച്ചോരനന്തരം[10]
ആയവൻ സുതനെയും കൊണ്ടന്നു ദാനംചെയ്തു[11].

---

## പിംഗലൻെറ പശ്ചാത്താപം

ആയതുകൊണ്ടു ശഠന്മാരോടു ശാഠ്യം വേണം.
ഏകദാ പറഞ്ഞതു മനസ്സിൽക്കിടക്കാത്ത[12]
ലോകത്തിൽ ഗുണം പറയുന്നതും[13] പാഴിൽത്തന്നെ.
കല്ലുപോൽ നിൻെറ ചിത്തമെന്നുടെ ദമനക!
നല്ലതുമാകാത്തതുമൊന്നു[14] നീയറിയുമോ?

---

1. അദ്ദേശേ—ക. 2. ന്നാശു—ക. 3. യംനെന്നതു—ച. 4. പറഞ്ഞീടിനാൻ—ഘ, ച. 5. അമാത്യരും—ച, ഛ. 6. ന്നിനി—ഖ; ത്തിതു—ച. 7. ഇനി—ഗ, ഘ, ഡ, പ; ഇദം—ച. 8. ചെയ്തു—ഗ, ഘ, ച. 9. കൊണ്ടു—ഡ. 10. കല്പിച്ചു—ഢ. 11. ചെയ്താൻ—ഖ, ഛ. 12. ക്കാതെ—ഖ, ഗ. 13. ന്നതു—ഗ. 14. അറിയം ദുഷ്ടബുദ്ധി—ച.

ശുദ്ധാശുദ്ധികൾ പിന്നെ ദോഷങ്ങൾ ഗുണങ്ങളും
ബുദ്ധിയിലാക്കിക്കൊണ്ടു സഞ്ചരിച്ചീടും[1] സദാ.
മാരുതൻ മഹീതലേ ദുർഗ്ഗന്ധം[2] സുഗന്ധവും
ചാരു തൻവശത്താക്കിക്കൊണ്ടല്ലോ ചരിക്കുന്നു.[3]
നാമിനി വൈകീടാതെ പോകെടോ ദമനക!
സ്വാമിയും വൃഷഭവും തങ്ങളിൽ സമരത്തിൽ[4]
സ്വാമിയ്ക്കോ പരാഭവം[5] കാളയ്ക്കോ പരാഭവം[6]
നാമിപ്പോളതുചെന്നു ബോധിച്ചേ മതിയാവൂ.
ഇങ്ങിനെ പറഞ്ഞവരങ്ങു ചെല്ലുന്ന നേരം
തിങ്ങിന വിഷാദവും പൂണ്ടങ്ങു[7] മഹാസിംഹം
മിത്രമാം സഞ്ജീവകക്കാളയെ വധിക്കകൊ-
ണ്ടെത്രയും പശ്ചാത്താപം മാനസേ ഭവിക്കയാൽ
വക്ത്രവും താഴ്ത്തിത്തന്റെ കാൽവിരൽനഖംകൊണ്ടു
ധാത്രിയിൽ വരച്ചുകൊണ്ടങ്ങിനെ[8] മേവീടുന്നു.[9]
തങ്ങളാൽ വർദ്ധിപ്പിക്കപ്പെട്ടൊരു ജനങ്ങളെ[10]
തങ്ങളേ[11] ക്ഷയിപ്പിപ്പാനൊട്ടുമേ യോഗ്യം പോരാ.
താൻതന്നെ വിഷവൃക്ഷമെങ്കിലും നട്ടുണ്ടാക്കി
താൻതന്നെ പിന്നെ ഛേദിക്കുന്നതും[12] മഹാകഷ്ടം![13]
എന്നെല്ലാം വിചാരിച്ചു[14] വസിക്കും സിംഹത്തിനെ
ചെന്നു വന്ദിച്ചു മന്ത്രിപുത്രന്മാരിരുവരും.

---

1. തലേ—ഘ. 2. സുഗന്ധം ദുർഗ്ഗന്ധവും—ഗ. 3 നടക്കുന്നു—ഗ, ഘ, ങ, ഛ, ണ, ന. 4. കലഹ—ണ. 5. പരി—ക. 6. പരി—ക. 7. ണ്ടുടൻ—ഖ, ഛ. 8. ണ്ടിങ്ങനെ—ഘ. 9. ജീവിക്കുന്നു—ഖ. 10 ത്തിനെ—ച. 11. ളാൽ—ഗ, ങ. 12. തെത്രയും കഷ്ടം—ഖ. 13 ദോഷം—ച. 14. ഷാദി—ണ.

ഉക്തവാൻ ദമനകൻ കുണ്ഠിതം വേണ്ടാ സ്വാമിൻ!
യുക്തമീവധമെന്നു ഞങ്ങൾക്കു തോന്നീടുന്നു.
താതനെന്നാലും[1] തന്റെ ഭ്രാതാക്കളെന്നാകിലും[2]
മാതുലനെന്നാകിലും ബന്ധുക്കളെന്നാകിലും
വിഗ്രഹം ചെയ്‌വാൻ വന്നു പിണങ്ങുന്നവർകളെ
നിഗ്രഹം ചെയ്ക തന്നെ മന്നവന്മാർക്കു ധർമ്മം.
ആചാരഭ്രംശം വന്ന വിപ്രനെ ത്യജിച്ചീടാം.
നീചന്മാരോടു ചേരും[3] നാരിയെയുപേക്ഷിക്കാം[4];
ധർമ്മത്തെ ധ്വംസിക്കുന്ന പുത്രനെക്കളഞ്ഞീടാം;
ദുർമ്മാർഗ്ഗം നടത്തുന്ന മന്ത്രിയെ വെടിഞ്ഞീടാം.
ചാരുത്വം വിനാ പകൽ കാണുന്ന ശശാങ്കനും
താരുണ്യം പോയിത്തളർന്നീടുന്ന വേശ്യാസ്ത്രീയും[5]
താമരപ്പൂവില്ലാത്ത പൊയ്കയും കണ്ടാലൊരു
കാമനെപ്പോലുള്ളൊരു മൂഢനാം പുരുഷനും
പാരിലേ ദ്രവ്യമൊക്കെ[6] മോഹിക്കും നരേന്ദ്രനും
ദാരിദ്ര്യം മുഴുത്തുള്ള സജ്ജനങ്ങളും തഥാ.
മന്നവന്മാരിൽച്ചേർന്നു നില്ക്കുന്ന[7] ദുർമ്മന്ത്രിയും
എന്നിവ നമുക്കേഴു[8] ശല്യങ്ങൾ മനക്കാമ്പിൽ
എന്നതുകൊണ്ടു മഹാദുഷ്ടനാം വൃഷഭത്തെ
കൊന്നതുകൊണ്ടു തെല്ലും കുണ്ഠിതം നമുക്കില്ല.

---

1. ആകിലും—ഘ, ണ. 2. എങ്കിലും—ഗ, ങ. 3. ചേർന്നാൽ—ഖ; ചേർന്ന—ഘ, ഛ, ഡ. 4. ത്യജിച്ചീടാം—ജ. 5. കൃശാംഗിയും—ഖ. 6. എല്ലാം—ഖ. 7. ത്തീകൾ—ഗ. 8. എട്ടു—ക.

[1]ക്രൌൎയ്യവും മനക്കാമ്പിൽ കാരുണ്യമില്ലായ്കയും
വൈരവും വധങ്ങളും കൈതവപ്രയോഗവും
[2]ദൂഷണം മററുള്ളോരു മനുഷ്യൎക്കു തന്നെ
[3]ഭൂഷണം ഭൂപാലന്മാൎക്കെന്നിഹ കേട്ടീടുന്നു. *
സത്യമുണ്ടെന്നും തോന്നും വ്യാജമുണ്ടെന്നും തോന്നും
[4]കൃത്യമുണ്ടെന്നും തോന്നും [5]മൗഢ്യമുണ്ടെന്നും തോന്നും
[6]ലോഭമുണ്ടെന്നും തോന്നും ദാനമുണ്ടെന്നും തോന്നും
ലാഭമുണ്ടെന്നും തോന്നും ചേതമുണ്ടെന്നും തോന്നും
മന്നവന്മാൎക്കും വേശ്യാസ്ത്രീകൾക്കുമൊരുപോലെ
തന്നുടെ ഭാവം [7]തനിക്കൊത്തതുപോലെ കാണാം.
[8]തമ്പുരാനിതുകൊണ്ടു സംഭ്രമമൊട്ടും വേണ്ടാ
കമ്പവും വേണ്ടാ മനസ്താപവും വേണ്ടാ വിഭോ!
സംഭൃതാനന്ദം സദാ സൎവ്വഭൃത്യന്മാരുടെ
സമ്പത്തും വരുത്തിക്കൊണ്ടത്ര വാണരുളണം.
ഇങ്ങിനെ ദമനകൻ ചൊല്ലിനാനതു [9]തന്നെ
ഭംഗിയിൽ കരടകൻ താനുമങ്ങുരചെയ്തു.
പിംഗലകനാം സിംഹമെത്രയും പ്രസാദിച്ചു
മംഗലം വൎദ്ധിപ്പിച്ചു മേവിനാൻ ശുഭം ശുഭം.

ഇതി പഞ്ചതന്ത്രപ്രകരണേ

മിത്രഭേദം നാമ പ്രഥമ തന്ത്രം സമാപ്തം.

---

1. കാൎയ്യവും—ഡ, ന. 2. ഉള്ളു—ഖ. 3. നിവ—ഖ; ഞാൻ—ച. 4. ചേതമുണ്ടെന്നും തോന്നും ചേതമില്ലെന്നും തോന്നും—ച. 5. അകൃത്യമെന്നും—ഖ. 6. മൗഢ്യം—ഖ. 7. എന്നതുപോലെ തോന്നും—ച. 8. ഉണ്ടാകേണ്ടാ—ജ. 9. നേരം—ജ.

* ഇതിന്റെ ശേഷമുള്ള നാലു വരികൾക്കു (സത്യ....ചേതമുണ്ടെന്നും തോന്നും) 'ഗ' പാഠത്തിൽ താഴെക്കൊടുക്കുന്ന രണ്ടു വരികളേയുള്ളൂ.

"സത്യമുണ്ടെന്നു തോന്നും ലോഭമുണ്ടെന്നു തോന്നും
കൃത്യമുണ്ടെന്നുതോന്നും ലാഭമുണ്ടെന്നും തോന്നും."

# II

## സുഹൃല്ലാഭം

### കാക്ക ആമ മുതലായവരുടെ ബന്ധുത്വം

[1] * പഞ്ചവർണ്ണക്കിളിപ്പെൺകിടാവേ ശുഭേ!
പഞ്ചതന്ത്രം മഹാശാസ്ത്രം മനോഹരം
രണ്ടാമതാകും സുഹൃല്ലാഭതന്ത്രവും
കൊണ്ടാടി വർണ്ണിച്ചു ചൊല്ലെടോ[2] ശാരികേ!
സോമശർമ്മാഖ്യനാം ഭൂമിദേവോത്തമൻ
ഭൂമിപാലാത്മജന്മാരോടു ചൊല്ലിനാൻ.
എങ്കിൽ സുഹൃല്ലാഭമെന്നുള്ള തന്ത്രവു-
മെങ്കൽനിന്നാകർണ്ണനംചെയ്ക ബാലരേ!
വിത്തമില്ലെങ്കിലും വിദ്യയില്ലെങ്കിലും
ചിത്തത്തിലന്യോന്യബന്ധുത്വമുള്ളോരു
സത്തുക്കൾക്കെത്തും സമസ്തകാര്യങ്ങളും
വസ്തുഭേദം ജാതിഭേദവുമില്ലെടോ[3].
കാകകൂർമ്മാദി ജന്തുക്കൾക്കു തങ്ങളി-
ലേകാന്തബന്ധുത്വമുണ്ടാകകാരണം
ശോകസന്ത്രാസാദി[4] സങ്കടം വേർപെട്ടു[5]
സാകമെല്ലാവരും സാധുമേവീടിനാർ[6].
അക്കഥ കേൾക്കണമെന്നു ഭൂപാലൻെറ
മക്കൾ ചോദിക്കയാൽ[7] ചൊന്നാൻ മഹീസുരൻ.

---

1. 1–30 വരികൾ 'ഠ' പാഠത്തിലില്ല. 2. ചൊൽകെടോ—ഖ, ഗ, ഛ, ഞ. 3. ഇല്ല കേൾ—ഞ. 4. സന്താപേന—ഞ. 5. വിട്ടു—ഖ. 6. വാണീടിനേൻ—ജ. 7. ചോദിച്ചു പറഞ്ഞു—ക.

ചൊൽക്കൊണ്ട മാഹി[1]ലാരുപൃഗേഹാങ്കണേ
പൊക്കത്തിൽ നില്ക്കും മരാമരത്തേ[2]ലൊരു
വായസശ്രേഷ്ഠൻ വസിക്കുന്നു തന്നുടെ
ജായയും[3] മക്കളുമൊക്കവേ കൂടവേ.
ലഘുപതനനെന്നു[4] പേരായ കാകൻ മുദാ—
ലഘുതരമുദിച്ചു സൂര്യൻ വിളങ്ങുംവിധൌ.
ശരവുമൊരു വില്ലു[5]മായ് വേടൻ വരുന്നൊരു
വരവുമഥ കണ്ടു[6] പേടിച്ചു ചിന്തിച്ചുതാൻ
ഇവനൊരു മഹാപാപി ദുഷ്ടശീലൻ ശഠൻ[7],
ശിവശിവ! മൃഗങ്ങളെക്കൊന്നുതിന്നുന്നവൻ.
പറവകൾ പറക്കുന്ന ദിക്കിലും[8] ചെന്നിവൻ[9]
പലവക വധിച്ചു ഭക്ഷിക്കു[10]മിക്കശ്മലൻ.
ഇവനുടെ സമാരംഭമെന്തെന്നറിവോളം
ഇവിടെയതി ഗൂഢമായ് പ്പാർക്കയേയു[11]ള്ളു ഞാൻ[12].
ഇതി മനസി കാകനും ചിന്തചെയ്തീടിനാൻ
ക്ഷിതിയിലഥ വേടനും[13] ചെന്നു[14]പററീടിനാൻ.
വലയുമഥ കൊണ്ടുവന്നാകവേ കാനനേ
നലമൊടു[15] പരക്കവേ കെട്ടിപ്പ[16]തുക്കവേ.
അടിയിലരിയും[17] നെല്ലുമെല്ലാം വിതച്ചുതാൻ
വടിവൊടു മരം മറഞ്ഞങ്ങു[18] നിന്നീടിനാൻ.

---

1. മഹി—ഖ. 2. മഹാമരത്തിൽ—ഖ. 3. യും—ഖ. 4. തുള്ള—ഭ. 5. ല്ലും ധരിച്ചൊരു വേടന്റെ—ക. 6 ണ്ടിട്ടു—ഘ, ഡ. 7. ഖലൻ—ഘ. 8. മട്ടിക്കിലും ചെന്നവൻ—ഗ. ഘ, ങ; കുമാരിക്കിലും ചെന്നവൻ—ച, ജ. 9. നടൻ—ച. 10. ക്കുന്ന—ജ. 11. യുള്ള വയം—ഖ, ഗ, ഘ 12. നാം—ച. 13. വന്നു—ഘ, ങ, ന, ഫ. 14. പക്ഷി—ഗ, ഘ, ങ, ഞ, ഡ, ന. 15. പഴു—ച, ജ. 16. പ്പര—ഖ, ച, ഭ; നീര—ഘ 17. ആകെ—ഖ, ഞ. 18. ഞ്ഞങ്ങനെനിന്നവൻ—ച.

വലയിലടിപെട്ടു ചിത്രഗ്രീവനെന്നുള്ള
വലിയൊരു[1] കപോതവും തന്നുടെ കൂട്ടവും.

വിരവൊടു കിരാതനും മാടപ്പിറാക്കളെ
പരിചൊടു[2] പിടിപ്പതിന്നോടിയെത്തുംവിധൌ.
വലയിലടിപെട്ടൊരു[3] [4] മാടപ്രാക്കൂട്ടങ്ങൾ[5]
വലയുമഥ മേൽപ്പട്ടുകൊണ്ടുയർന്നീടിനാൻ.[6]
വനചരനു കണ്ടിതു പക്ഷിവൃന്ദങ്ങൾ[7] മേ
വലയുമപി[8] കൊണ്ടുപോയെന്തു ചെയ്യേണ്ടു ഞാൻ.
ഒരു ദിശിയിതൊക്കവേ[9] താഴത്തു[10] വീഴുമെ-
ന്നിതി കരുതി വേടനും[11] കൂടവെ മണ്ടിനാൻ.

ലഘുപതനകാഖ്യനാം കാകനും പിന്നാലെ
ലഘുതരമുടൻ[12] പറന്നെത്തിനാനങ്ങിനെ.[13]
അതുസമയമന്തിയുമായിതു[14] വേടനും
അതുവഴി[15] നടന്നുതൻ വീടു പുക്കീടിനാൻ.
കനിവൊടു[16] കപോതരാജൻ പറഞ്ഞീടിനാ-
നിനിയൊരുപദേശമുണ്ടിങ്ങെടോ[17] കൂട്ടരേ!
മമ സഖി ഹിരണ്യനെന്നുണ്ടൊരു[18] മൂഷികൻ
മമതയുമവനൊന്നൊടു കണ്ടുകൊള്ളാമതും.[19]

---

1. രും—ഖ, ങ, ച, ഞ, ഫ. 2. വിരവൊടു—ഖ. 3. അകപ്പെട്ടൊരു—ഖ. 4. പെട്ടു—ങ, ച, ഛ, ഭ. 5. പിറാസംഘങ്ങൾ—ഞ; പിറാ—ങ, ച, ഛ, ഭ. 6. കൊണ്ടുമേൽപ്പട്ടു—ഖ, ങ. 7. ങ്ങളിൽ—ഞ; ങ്ങളും—ഡ, ഫ. 8. അഥ—ഖ, ഗ, ങ, ച, ജ, ഞ, ഡ. 9. ദിശയിലൊക്കവേ—ഖ, ഛ; ദശയിൽ—ച, ഞ, ഭ, പ. 10. വീണീടുമിതി—പ; വീഴുമിതു—ഡ. 11. താഴെ നടന്നിതു—ക, ഖ. 12. അവൻ—ച. 13. പിന്നാലെ—ച. 14. യും വന്നടുത്തു വേടൻ—ക. 15. ന്നടൻ—ഫ; ന്നുതാൻ—ഖ, ഛ. 16. വിര—ഞ. 17. ണ്ടെടോ—ഖ; ണ്ടിഹ—ഗ, ങ; ണ്ടിങ്ങിനെ—ച; ണ്ടങ്ങനേ—ജ; എന്റെ—ഠ. 18. ള്ളൊരു—ഗ, ങ. 19. ഇനി—ഖ, ഞ, ഠ; എടോ—ഭ.

*വലയിൽ വലയുന്ന നാം തത്ര[1] ചെന്നാലവൻ
വലയിതു കടിച്ചു കണ്ടിക്കുമേ[2] മൂഷികൻ;
എലിയൊടു നമുക്കു ബന്ധുത്വമുണ്ടായതിൻ[3]—
ഫലമിഹ[4] ഭവാന്മാർക്കു[5] കണ്ടുകൊള്ളാമുടൻ[6].

ഇതി ബത പറഞ്ഞു ചിത്രഗ്രീവപക്ഷിയും
ഹിതജനവുമൊക്കവേ[7][8] തത്ര ചെന്നീടിനാർ.
വിവിധപതഗങ്ങളെക്കണ്ടു പേടിച്ചുടൻ
വിരവൊടു ഹിരണ്യനും[9] പോടു പുക്കീടിനാൻ.
നലമൊടു കപോതവും ചെന്നു[10] പോട്ടിന്മുഖേ[11]
* എലിവരനെയും വിളിച്ചീടിനാൻ മെല്ലവേ;
വെളിയിലഥ[12] വന്നുടൻ മൂഷികാഗ്രേസരൻ
തെളിവൊടു പറഞ്ഞു ചിത്രഗ്രീവനോടവൻ[13].
പ്രിയസഖ[14], ഭവാന്മാർക്കിതെന്തൊരാപത്തഹോ!
നലഗുണനിധേ[15], സഖേ! ചൊല്ലെടോ[16] ചൊല്ലെടോ.

വിരവൊടു കപോതവും ചൊല്ലിനാൻ മൂഷിക!
വിധിവിഹിതമേവനും[17] ലംഘിച്ചു കൂടുമോ.
ഇവനിതു ലഭിക്കേണമിന്നകാലം[18] വേണം
അവശത ഭവിക്കേണമർത്ഥനാശം വേണം.

---

* 57–60 വരെ വരികൾ 'ഠ' പാഠത്തിലില്ല.

1 ഉടൻ—പ. 2. മാ—ഗ, ങ; മമ മൂഷി—ഘ. 3. കയ്യാൽ—ഖ. 4. ഇളു—ഖ, ഞ; അതു—ഗ 5. നമുക്കുടൻ—ച. 6. ദൃഢം—ഞ. 7. ഹിത—പ. 8 മൊടൊക്കവേ—ഘ 9 തൻവിലം പൂകിനാൻ—ഗ, ങ. 10. മെല്ലവേ ചൊല്ലിനാൻ—ച. 11. പോതിൻ—ജ; വിലമുഖേ—ഖ; ഗുഹാമുഖേ—ഗ, ങ. 12. വിലഥ—ക, ഗ; യിലിഹ—ഛ. 13. ഇദം—ജ; അഥ—ഞ. 14. സഖി—ഛ; സഖേ!—ഞ. 15. നയ—ഖ, ഘ, ഠ, ഡ. 16. നമ്മോടു ചൊല്ലെടോ—ഗ, ങ; ചൊൽകെടോ സത്വരം—ഖ, ങ; ചൊൽകെടോ ചൊൽകെടോ—ഫ. 17. എങ്കിലും—ഞ. 18. ഭവി—ഖ, ഠ.

* ഇതുമുതൽ '6' വരികൾ 'ച' പാഠത്തിലില്ല.

ഇതി വിധി വിധിച്ചതിപ്രാണികൾക്കൊക്കവെ
ഹിതമഹിതമെങ്കിലും ലംഘ്യമല്ലേതുമേ[1].
തദനു ച[2] ഹിരണ്യനും തത്ത്വമൊന്നുചിവാൻ
തവ വചനമെത്രയും[3] സത്യമല്ലോ സഖേ!
അനവരതമംബരേ നിന്നു ദൂരസ്ഥമാമ-
വനിയി[4]ലെ വൃത്താന്തമൊക്കെ ഗ്രഹിപ്പവൻ[5]
പടുതരവിദഗ്ദ്ധനാം ഗൃദ്ധ്രനും പാശത്തി-
ലടിപെട്ടമൊരിയ്ക്കലെന്നോൎത്തുകൊൾക[6] ഭവാൻ.
വലിയ കുലയാനയും ഘോര[7]സർപ്പങ്ങളും
ബലികളവരെങ്കിലും മാനുഷന്മാരുടെ
വചനമതു കേൾക്കയും തല്ലുകൾ[8]കൊണ്ടുകൊ-
ണ്ടവരുടെ നിയോഗേന[9] നിന്നു കൃത്താടിയും[10]
ശിവ ശിവ! തരംകെട്ടന്നില്ലയോ പിന്നെയെ-
ന്തതിലൊരു ശതാംശമുത്ക്കർഷമില്ലാത്ത നാം.
സകലഭുവനങ്ങളിൽ പ്രൗഢതേജോഭരം[11]
പ്രകടതരമൂൎത്തിയാം ചന്ദ്രനും സൂൎയ്യനും[12]
ഒരു ദശയിലങ്ങഹോ! രാഹുവക്ത്രാന്തരേ
വിരവൊട്ട പതിച്ചുഴന്നീടുന്നതില്ലയോ?
സലിലനിധി[13] വാരിതന്നുള്ളിലുള്ളിൽ[14]ച്ചെന്നു
സുലളിതസുഖം പൂണ്ടു സന്തതം മേവുന്ന[15]

---

1. ആക്രമേ—ഗ, ങ, ഡ, ന, ഫ. 2. സ—ങ. 3. ഒക്കയും—ച, ജ. 4. ഭുവനി—ഘ 5. ച്ചവൻ—ഗ, ങ. 6. കൊള്ളു—ഘ. 7. ക്രൂര—ക. 8. കൊൾകയും—ഖ. 9. ഗതിനൊണ്ണു—ച. 10. കൂത്താടുന്നു—ഡ. 11. ഭര—ഖ, ങ. 12. സൂര്യനും ചന്ദ്രനും—ഖ. 13. ജലനിധിയിൽ—ജ. 14. തന്നഗാധത്തിനുള്ളിൽ—ഗ, ങ. 15. വാഴുന്ന—ഛ.

വലിയ ജലജന്തുവൃന്ദങ്ങളും വന്നിങ്ങു
വലകളിലകപ്പെട്ടു ചാകുന്നതില്ലദയാ?
* കരുതുകിലിതൊക്കവേ[1] കാലനാമീശ്വരൻ[2]
കരതലശതം കൊണ്ടു കർഷണം ചെയ്കയാൽ
സകലദിശി മേവുന്ന സർവജന്തുക്കളും
സപദി വിഷയാനലേ വന്നുചാടി[3] ദ്രുതം
സതതമപി[4] വെന്തു[5]ഭസ്മീഭവിക്കും[6] ദൃഢം.
സുഖമസുഖമെന്നു തോന്നുന്നതും നിഷ്ഫലം.

## മട്ടുമാറി

ഇത്ഥം പറഞ്ഞു ഹിരണ്യകൻ[7] മൂഷികൻ
ബദ്ധനായുള്ള[8] ചിത്രഗ്രീവ[9]പക്ഷിതൻ
പാശം കടിച്ചു മുറിച്ചു സഖിയുടെ
ക്ലേശം കളഞ്ഞു മറവുള്ള മാടപ്പിറാ—
സംഘത്തിനുള്ളൊരു[10] ബന്ധനം ഖണ്ഡിച്ചു
സങ്കടം തീർത്തു സുഖിച്ചു മേവീടിനാൻ[11].
* മാടപ്പിറാക്കൾക്കു[12] നാഥൻ കപോതവും
കൂടെ[13] വന്നീടുന്ന പക്ഷിവൃന്ദങ്ങളും
അന്നത്തെ രാത്രിയിൽ തത്ര വസിച്ചുകൊ—[14]
ണ്ടന്നപാനാദി[15] കഴിച്ചു യഥാസുഖം.

---

1. കയ്യും—ച. 2. കാരണം—ഗ, ഡ, ഫ. 3. ചാട്ടംവിധൌ—ഗ, ങ, ഡ, ന, ഫ. 4. സകലം—ജ. 5. അത്തു—ഛ. 6. കരിക്കും സഖേ!—ഗ, ഘ, ങ, ച, ഛ, ഡ, ന, പ, ഫ. 7. ണ്യുക—ഖ, ഗ, ങ; ണ്യുനം—ജ. 8. മായുള്ള—ഘ. 9. മടപ്പിറാസംഘത്തിനു—ഘ; ചിത്തഗ്രീവ—ഖ. 10. നുമുള്ള—ഗ. 11. വാണീടിനാൻ—ഞ, ഠ 12. കൂടെ—ഠ. 13. കൂടർന്നൊരു—ഖ; കൂടനുള്ള—ഞ; വന്നുള്ളൊരു—ഗ, ങ; വന്നീടിന—ച. 14. വസിപ്പിച്ചു—ജ. 15. ദിയും ചെയ്തു—ച.

*രണ്ടു വരി (97, 98) 'ഖ' പാഠത്തിലില്ല.

യാത്രയും ചൊല്ലിഗ്ഗമിച്ചോരനന്തരം
തത്ര വൃത്താന്തങ്ങൾ കാൺകയാൽ[1] കാകനും
എത്രയും പാരം പ്രസാദിച്ചു മൂഷികം
മിത്രമാക്കീടുവാനിച്ഛിച്ചു ചൊല്ലിനാൻ.
ഭോ ഭോ! ഹിരണ്യക! വിസ്മയം, വിസ്മയം!
ശോഭോന്നതോ[2] ഭവാൻ മൂഷികാഗ്രേസരൻ[3]
നിന്നോട്ടു[4]ക്കൂടി[5]സ്സഖിത്വം ലഭിക്കണം[6]
എന്നുണ്ടു മോഹം നമുക്കതു ചെയ്ക നീ.
എന്നതുകേട്ടു പറഞ്ഞു ഹിരണ്യകൻ;
നിന്നെ ഞാനാരെന്നറിഞ്ഞീലെടോ[7] സഖേ!
ചൊന്നാൻ പതനകൻ[8] കാകനാകുന്നു ഞാൻ
എന്നാൽ ചിതം[9]വരത്തില്ലെന്നു[10] മൂഷികൻ.
തങ്ങളിൽച്ചേരുവാൻ[11] സംഗതിയില്ലാത്ത
നിങ്ങളും ഞങ്ങളും തമ്മിലൊന്നിക്കുമോ?
ഭോക്താക്കൾ നിങ്ങളും ഭോജനം ഞങ്ങളു-
മോർത്താൽ സഖിത്വമുണ്ടാകുമോ, വായസ!
മൂഷികന്മാരെ ഭുജിക്കുന്ന കാക്കയ്ക്കു[12]
മൂഷികന്മാരിൽ കനിവു[13] ജനിക്കുമോ[14]?
കാകൻ പറഞ്ഞിതു, നിന്നെ ഭുജിപ്പതി[15]-
ന്നേകനുണ്ടന്തകനെന്നു[16] പേരായവൻ.

---

1. കണ്ടിതു—ഗ, ങ, ന, ഫ. 2. നന്തത്—ഖ, ഗ, ങ, ഡ, ഫ; ന്നതൻ—പ. 3. സരം—ഫ. 4. ഏ—പ. 5. കൂടെ—ങ. 6. ചെയ്യണം—പ. 7. ഞ്ഞീല്ലെടോ—ഘ; ഞതില്ല—ജ. 8. തനയകൻ—ക, ഘ; നയനകൻ—ം. 9. തരം—ഘ, ഞ. 10. അല്ലയെന്നിതു—ഗ, ങ 11. മോ—ഛ. 12. കൾ—ഫ; കാകനു—ഗ, ങ. 13 കരുണ—പ. 14. ഭവിക്കുമോ—ഗ, ങ; ലഭിക്കുമോ—ഛ. 15. വധി—ങ, പ. 16. രാമവൻ—ഗ, ങ; രുള്ളവൻ—ഞ.

പക്ഷിപ്പരിഷയെ രക്ഷിച്ച നിന്നെയി-
പ്പക്ഷിയാകുന്ന ഞാൻ [1]ഭക്ഷിക്കയില്ലെടോ.
തങ്ങളിലേകൻ കയത്തുവെന്നാകിലും
നിങ്ങളിലേതും ഫലിക്ക[2]യില്ലാ സഖേ!
ചുട്ടെരിച്ചങ്ങു സമീപത്തു[3] കാട്ടിയാൽ
ചുട്ടുപിടിക്കുമോ സാഗരത്തിൻ[4] ജലം[5].
ക്ഷീണനായുള്ള ചിത്രഗ്രീവപക്ഷിയെ
ത്രാണനം[6]ചെയ്ത ഭവാനെച്ചതിപ്പതി-
ന്നാണുങ്ങളായുള്ള ഞങ്ങൾ വാഞ്ഛിക്കുമോ?
നാണമില്ലാത്തവനാണല്ല നിർണ്ണയം.
മൂഷികൻ ചൊല്ലിനാൻ, ചാപല്യമെന്നുള്ള
ദോഷമിക്കാകജാതിക്കൊക്കെയുണ്ടെടോ.
ചാപല്യമുള്ളവൻ ബന്ധുവായാൽ ജന്മ-
സാഫല്യമില്ല വിനാശവും[7] നിർണ്ണയം.
[8]ശക്യമല്ലാതുള്ള കാര്യം പ്രയത്നേന
[9]ശക്യമാക്കീടുവാൻ മോഹം വൃഥാ ഫലം.
വെള്ളമില്ലാദ്ദിക്കിൽ വള്ളം നടക്കുമോ?
വെള്ളത്തിലോട്ടുമോ, ചാട്ടും രഥങ്ങളും?
ദുർജ്ജനം വന്നു നിറഞ്ഞു ഭൂമണ്ഡലേ
സജ്ജനം[10] പാരം ചുരുങ്ങിച്ചമഞ്ഞിതു.

---

1. ക്കുമോ സഖേ—ഖ, ഞ. 2. യുമില്ലെടോ—ഛ. 3. വസ്തുവിലും—ഞ 4. വാരിയിൽ—ഖ. 5. ജലേ—ഘ. 6. വും—ക. 7. നിശ്ചയം—ക. 8. ശല്യമായുള്ളോരു—ച. 9. ശല്യം—ച; സാധ്യം—ഠ. 10. നാചാരം—ക

എന്തെന്നുമേതെന്നുമാരെന്നുമില്ലാത്ത
ജന്തുക്കൾ[1] ബന്ധുക്കളായാൽ ശരീരികൾ-
ക്കെന്തൊരുള്ളു[2] സൗഖ്യം, മഹാമൂഢതാരൂപ[3]-
സിന്ധുതോയത്തിൽക്കിടക്കയെന്ന്യേ, സഖേ!
പണ്ടുള്ള ശബ്ദമീബന്ധുവെന്നുള്ളൊരു
രണ്ടക്ഷരംകൊണ്ടു കെട്ടിച്ചമച്ചതു.
ഇക്കാലമായതിന്നർത്ഥമെന്തെന്നതു[4]-
മുൾ[5]ക്കാമ്പിലോക്കുന്ന മാനുഷൻ ദുർല്ലഭം.
സാരനെന്നാകിലും മുന്നം[6] തനിയ്ക്കുപ-
കാരങ്ങൾ ചെയ്തോരു ദേഹമെന്നാകിലും
വീരനെന്നാകിലും വിദ്യാവിശേഷേണ
ധീരനെന്നാകിലും നല്ല പുരുഷനെ
കണ്ടാൽ മനുഷ്യർക്കു ഞാനിപ്പുരുഷനെ
പണ്ടു[7] കണ്ടിട്ടുമില്ലെന്ന ഭാവം സഖേ!
വേണ്ടാസനത്തിന്നൊരുത്തൻ തുടങ്ങിയാൽ[8]
രണ്ടാമനായിപ്പുറപ്പെട്ടും[9] മററവൻ.
അന്നവും പാലും കൊടുത്തങ്ങു തന്മടി-
തന്നിൽക്കിടത്തിലാളിക്കും മനുഷ്യനെ-
ത്തന്നെ കടിച്ചു[10]കൊന്നീടുകെന്നല്ലാതെ
പന്നഗത്തിന്നൊരു[11] സൗഹാർദ്ദമില്ലെടോ.

---

1. ളായ—ഗ, ങ. 2. രു—പ. 3. മൂഢതാചേത—ഞ. 4. ന്തായതെന്നു—ഖ, ഘ, ഒ. 5 ത്താരി—ഡ. 6 നമുക്കു—ഘ, ഞ 7. ട്ടില്ലിതു—ക 8. പുറപ്പെട്ടാൽ—ച. 9. താനു—ക. 10. മെ—ങ. 11. സംസാരഃ—ഖ, ഘ, ച, ഛ, ജ, ഠ, ഡ; സംസാരമുണ്ടെടോ—ഒ.

[1]എന്നതുപോലി[2]ന്നൊരുത്തനൊരുത്തനോ-
ടന്യോന്യസൗഹാർദ്ദമില്ല ഭൂമണ്ഡലേ.
[3]സ്നേഹമില്ലാതുള്ള പെണ്ണിനു തന്നുടെ
ദേഹത്തിലർദ്ധം പകുത്തു കൊടുക്കിലും
[4]തെല്ലുപോലും വശത്താകയി[5]ല്ലെന്നല്ല
കൊല്ലുവാൻകൂടെ [6]ശ്രമിച്ചിതെന്നും വരും.
ജാത്യാ വിരുദ്ധമായുള്ളവർ തങ്ങളിൽ
ചേർത്താലുമായവർ [7]ചേരുകില്ലാ ദൃഢം.
പൂച്ച[8]യോടിജ്ജനം മൂഷികന്മാർ ചെന്നു
ചേർച്ചയ്ക്കു [9]ഭാവിക്ക നന്നായ്‌വരുന്നതോ?
* അങ്ങോട്ടു[10]പകൃതി [11]ചെയ്തതില്ലെങ്കിലും.
ഇങ്ങോട്ടുപദ്രവിച്ചീടുന്നു [12]ദുർജ്ജനം.
വ്യാഘ്രത്തെയാരാ[13]നുപദ്രവിച്ചോ [14]വന്നു
ശീഘ്രം കടിച്ചു കൊല്ലുന്നു പശുക്കളെ.
എന്നതുകൊണ്ടു പറഞ്ഞു ഞാൻ വായസാ!
നന്നല്ല നാം തമ്മിലുള്ള സമ്മേളനം
വായസം [15]ചൊല്ലിനാൻ വാക്കിനു ഹന്ത ! [16]തേ
മായസംബന്ധമില്ലേതും മഹാമതേ!
സാധോ ഹിരണ്യക! സഖ്യം ഭവാനോടു
സാധിയ്ക്കയി[17]ല്ലെങ്കി[18]ലെന്തിനു ജീവിതം.

1. ഇ—ങ. 2. ഒരുത്തനൊരുവനും—ഗ, ങ 3. ല്ലാത്തൊരു—ച. 4. ല്ലും—ച. 5. നാവരും—ച. 6. ച്ചുവെന്നും—ഖ, ച, ജ, ഠ. 7. ചേരുമോ ചൊല്ലുന്നീ—ഛ. 8. കലം—ജ. 9. ഭാവിപ്പതും—ഗ, ങ; ഭാവിച്ചാൽ—ഫ. 10 ഉപകൃതി—ഘ; അതിക്രമം—ജ. 11. ചെയ്കയി—ഘ. 12. മേ ദുർജ്ജനം—ഗ, ങ; മദ്ദുർജ്ജനം—ഘ, ഫ. 13. വം ചെയ്തിട്ടോ—ജ. 14. ചെന്നു—ഖ, ഘ, ങ, ഫ. 15 ചൊല്ലുന്നു—ജ. 16. മേ—ഘ, ജ. 17. ളു—ക. 18. വനം—ഠ.

* 183 മുതൽ 220 വരെ വരികൾ 'ഛ' യിൽ ഇല്ല.

പ്രായോപവേശേന[1] കേവലം നമ്മുടെ
കായോപസംഹൃതി ചെയ്യുന്നതുണ്ടു ഞാൻ.
ലോഹവും ലോഹവും തങ്ങളിൽച്ചേരുവാൻ
മോഹമുണ്ടെങ്കിൽ ദ്രവിപ്പിച്ചു ചേർക്കണം.
പക്ഷിമൃഗാദിയെ[2] സ്വാധീനമാക്കുവാൻ
ഭക്ഷണം മാധുര്യമോടേ[3] കൊടുക്കണം.
വിത്തം കൊടുത്തും ഭയപ്പെടുത്തും മൂഢ-
മർത്ത്യരെ സ്വാധീനമാക്കാം പതുക്കവേ.[4]
സാധുക്കൾ തങ്ങളിൽച്ചേരുവാനേകദാ[5]
സന്ദർശനം മാത്രമേ വേണ്ടു മൂഷിക!
മങ്കുടം വെക്കം[6] പിളർക്കാമതും[7] പുന-
സ്സംഘടിപ്പിപ്പാൻ മഹാപ്രയത്നം[8] സഖേ!
പൊങ്കുടം പൊട്ടിക്ക വൈഷമ്യമായതു
സംഘടിപ്പിപ്പാൻ പരാധീനമില്ലെടോ!
ദുർജ്ജനാശ്ലേഷവും സജ്ജനാശ്ലേഷവും[9]
ഇച്ചൊന്ന പോലേ ഭവിക്കും[10] ഹിരണ്യക!
എന്നതുകൊണ്ടു ഭവദ്ദർശനാദേവ[11]
വന്നിതു നമ്മുടെ സംബന്ധമുത്തമം.
ചൊന്നാൻ ഹിരണ്യകൻ നന്നെടോ[12] വായസാ!
നിന്നോടു സംഗമേ ഭംഗമില്ലേതുമേ.

---

1. ശനം—ഗ. 2. ഗണങ്ങളെ—ഞ. 3. ട്ട—ഗ, ജ, ഡ. 4. നേ—ജ. 5 കേന—ഖ. 6. വേഗം—ങ, ച; ചെമ്മേ—ഘ. 7. ഇടം—ക; ഇളം—ച. 8. പരാധീനമല്ലയോ—ക. 9. നസംഗവും—ച. 10. ലഭിക്കും—ജ, ഠ. 11. സേവ—പ, ഫ. 12. ഏകദാ—ഞ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

സോപകാരം മിത്രലക്ഷണം പ്രായേണ
സാപകാരം ശത്രുലക്ഷണം കേവലം.
ആജീവനാന്തം ഭവിക്കേണമേ പിണ്ഡ[1]–
ഭോജിയാം നിന്നോട്ടു സഖ്യം നമുക്കെടോ.[2]
ഇത്ഥം[3] നഖത്തോട്ടു മാംസം കണക്കിനേ
ബദ്ധം തദാ[4] കാകമൂഷികസ്സ്നേഹവും.
അന്ന പാനാദി ചെയ്യാൻ[5] മഹാമൂഷികൻ
തന്നുടെ പോട്ടിന്നകത്തു[6] പുക്കീടിനാൻ.
തോഷിച്ചു കാകൻ കടുവാ ഭുജിച്ചതിൽ[7]
ശേഷിച്ച മാംസം ഭുജിച്ചു വന്നീടിനാൻ.[8]
* കാകൻ പറഞ്ഞു ഹിരണ്യനോടേകദാ[9]
പോകുന്നു ഞാനെടോ മറെറാരു കാനനേ.
ഇട്ടിക്കിലഷ്ടിക്ക[10] കഷ്ടിച്ചു കിട്ടുന്ന–
തൊട്ടും സുഖം[11] വരുന്നീലാ നമുക്കെടോ.
അങ്ങൊരു ദിക്കിൽ സരസ്സുണ്ടു നിമ്മലം
അങ്ങൊരു[12] ചങ്ങാതിയുമുണ്ടു ബുദ്ധിമാൻ.[13]
മന്ദരനെന്നു പേരായുള്ള മൽബന്ധു[14]
സുന്ദരൻ ധാമ്മികൻ ക്രമ്മാധിനായകൻ.
മത്സഖിയാകുന്ന[15] മന്ദരൻ വേണ്ടുന്ന
മത്സ്യാദിമാംസം നമുക്ക നല്കീടുവോൻ.

---

1. പ്രാണ—ഞ. 2 ക്കമേ—ഠ. 3. ചിത്തും—ഗ ങ. 4. ഥാ—ങ 5. ചൈതീടുവാൻ മൂഷികൻ—ഖ, ച. 6. പൊത്തിനു—ഖ, ജ, ഡ, ഫ. 7. ച്ചൊരു—ജ. 8 വന്നീ—ക. 8. അന്നേരം—ഗ, ങ 10. അഷ്ടിക്കകഷ്ടിച്ചു കിട്ടുന്നതിട്ടിക്കിൽ—ഗ. 11. നമുക്ക സുഖം വരുന്നില്ലെടോ—ഖ, ച, ഡ, പ, ഫ; ന്നീലെടോ—ഗ, ഛ, 12. ഈ—ക, ഗ. 13. ബന്ധുവായി—ജ. 14. ബുദ്ധിമാൻ—ജ. 15. യുള്ള—ജ, ഞ.

* അങ്ങിനെ നാലഞ്ചു മാസം കഴിഞ്ഞാറേ—ഡ.

എന്നതു കേട്ടു പറഞ്ഞു ഹിരണ്യനും[1]
എന്നെയും തത്ര നീ കൊണ്ടുപോയീടണം.
കൊററിന്നു ദുഃഖം നമുക്കുമുണ്ടിട്ടിക്കിൽ
മററൊരു ക്രൂരകാരി[2]ല്ലാഞ്ഞു പാർക്കുന്നു.
അത്ര ദുഃഖം[3] തനിക്കെന്തെന്നു വായസം;
തത്ര ചെന്നാൽക്കഥിക്കാമെന്നു[4] മൂഷികൻ.
കാകൻ ഹിരണ്യനെ കൊക്കിലാക്കിക്കൊണ്ടു
വേഗം പറന്നങ്ങു ചെന്നു പററീടിനാൻ.
സ്വച്ഛമായുള്ള[5] മഹാതടാകത്തിന്റെ
കച്ഛപ[6]പ്രദേശേ സുഖിച്ചു[7] വസിക്കുന്ന
കച്ഛപശ്രേഷ്ഠനെക്കണ്ടു കുശലവും
പൃച്ഛിച്ചു മൂഷികം[8] താഴത്തിറക്കിനാൻ[9].
മന്ഥരൻ[10] ചോദിച്ചു താനെന്തെടോ മത്ത്യ[11]-
മന്ദിരംതന്നിൽ കരണ്ടു[12] നടക്കുന്ന
മന്ദേതരോത്സാഹിയാമാഖുവൃദ്ധനെ-
സ്സന്ദേഹമെന്ന്യേ പിടിച്ചു കൊണ്ടുന്നതു.
കാകൻ പറഞ്ഞിതു മൂഷികന്മാരിൽവ-
ച്ചേകൻ മഹാരാജരാജൻ ഹിരണ്യകൻ.
ലോകപ്രസിദ്ധനിദ്ദേഹവും ഞാനുമാ-
യേകാന്തബന്ധുത[13]മുണ്ടായി സാമ്പ്രതം.

---

1. ണ്യകൻ—ഛ, ഞ. 2. കൂട്ട—ഖ. 3. തദാ നീക്കെന്നു—ച. 4. കഴിക്കാം—ങ, ഠ. 5. യോരു—ച. 6. കച്ഛിൽ—ച. 7. ച്ചോരു—ഞ. 8. കൻ—ജ, ഞ, ഠ. 9. റങ്ങി—ഖ, ഘ, ജ, ഞ, ഒ. 10. ചൊല്ലിനാൻ—ക. 11. സഖേ!—ച. 12. തുരന്നു കടക്കുന്നു—ഗ, ങ; തുരന്നു കീടക്കുന്ന—ഖ. 13. ബാകകാരണം—ജ.

* ആയിരം വക്ത്രവും രണ്ടായിരം നാക്കു-
മായുള്ള[1]നന്തനമിമ്മൂഷികേന്ദ്രന്റെ
[2]സൽഗുണം വർണ്ണിച്ചു ചൊല്ലു[3]വാൻ വാക്കിന്നു
[4]വൽഗുത്വ[5]മേതും മതിയില്ല മന്ദര!
ദൈവാനുകൂല്യേന [6]സഖ്യം തുടങ്ങിയാൽ
ജീവാവസാനാന്തമല്ലോ മഹാത്മനാം.
ഏവം മഹാഗുണം [7]മററുള്ള ഭൂവാസി-
ജീവജന്തുക്കൾക്കു കാണുന്നതില്ലെടോ!
പാശേ [8]പതിച്ചോരു മാടപ്പിറാക്കളെ
പാശങ്ങൾ കണ്ഡിച്ചു [9]രക്ഷിച്ചു മൂഷികൻ.
ദേശാന്തരേഷു പ്രസിദ്ധനാമിദ്ദേഹ-
മീശാന[10]പുത്രനാം വിഘ്നന്റെ വാഹനം.
രണ്ടു ശരീരമെന്നല്ലാതെ ഞങ്ങൾക്കു
രണ്ടു പേർക്കും [11]പ്രാണനൊന്നെന്നറിക നീ.
പണ്ടുപണ്ടേ മമ ബന്ധുവാകും ഭവാൻ
കണ്ടു [12]ബോധിക്കുമീ മൂഷികന്റെ ഗുണം.
എന്നതു കേട്ടു പ്രസാദി[13]ച്ചു കല്പകം
[14]മന്ദമാംമന്ദം [15]പറഞ്ഞു മഹാമതി.

---

1. കനടെ—ഘ; തന്നടെ—ഞ. 2. തൽ—ഖ, ഗ, ങ, 3. നാ—ഠ. 4. വൈദഗ്ദ്ധ്യം—ജ; വൈഭവം—ഠ. 5. യ—ഘ, ഛ. 6. ഞങ്ങൾ ഞാൻ—ജ. 7. മുററുന്നവാക്കുമീ—ഘ. 8 വസി—ച. 9. ച്ചു—ഛ. 10. ഈശന്റെ—ജ, ഠ. 11. എന്നേയുള്ള—ഗ; നുള്ളിതു—ഗ, ങ; ന്നായതു—ഘ; നുള്ളിതു—ഗ, ങ; കന്നി തെല്ലോ സഖേ!—ഛ. 12. ക്കയി—ഠ. 13. മന്ദരൻ—ഞ. 14. മന്ദരൻ—ഖ, ഗ, ങ; മന്ദരം—ച, ഛ, ഞ, ഠ. 15. മഹാമതേ—ച; തുടങ്ങിനാൻ—ഖ, ഞ.

* രണ്ടു വരികൾ (251, 252) ഖ, ഗ, ങ പാഠങ്ങളിൽ ഇല്ല.

അങ്ങുന്നിവിടേയ്ക്കു പോരുവാനുള്ളൊരു[1]
സംഗതിയെന്തെന്നു ചൊല്ലുക[2] മൂഷിക!
ചൊന്നാൻ ഹിരണ്യകൻ ക്രമ്മരാജാ[3]! ഭവാ[4]–
നെന്നാലതും[5] കേട്ടുകൊൾക മഹാമതേ!

## ഭിക്ഷുമഠത്തിൽ എലിക്കു സംഭവിച്ചതു്.

ധന്യമാകും മഹിളാരൂപ്യസന്നിധൗ[6]
സന്ന്യാസിഗേഹമുണ്ടെത്രയും പാവനം.
തത്ര ചൂഡാകർണ്ണനാമധേയൻ ബ്രഹ്മ–
ഗോത്രപ്രധാനീ[7] പരിവ്രാജകോത്തമൻ[8].
വാണരുളുന്നു ദിനേ ദിനേ ഭിക്ഷയാ
പ്രാണയാത്രാവൃത്തി[9]ചെയ്തുകൊണ്ടങ്ങിനെ.
തത്ര സ്വയംപാക[10]ഭിക്ഷകഴിച്ചുടൻ[11]
പാത്രം സുരംഗയിൽ[12] വയ്ക്കും രജനിയിൽ
പാത്രത്തിലങ്ങുശേഷിച്ചൊരു ഭോജനം[13]
മാത്രം[14] ലഭിക്കും നമുക്കതു ഭോജനം.
അക്കാലമഗ്ഗൃഹേ വന്നു ബൃഹത്സ്ഫിഗെ–
ന്നാഖ്യനായുള്ളൊരു[15] സന്ന്യാസി ഭൂസുരൻ
തത്ര ചൂഡാകർണ്ണസന്യാസി[16] തന്നുടെ
മിത്രമായുള്ള ബൃഹത്സ്ഫിക്കമാദരാൽ.

1. ഒനന്തൊരു—ഞ. 2. രചെയ്ക—ഖ, ങ, ച, ഡ, പ, ഫ. 3. ജൻ—ഖ. 4. വിഭോ—പ. 5. ഇ—ഖ, ഘ. 6. മാഹിളം—ഗ, ങ, പ. 7. ധാന—ഖ. 8. വ്രാഡ്ജനോ—ങ. 9. മാത്രം—ഖ; യാമ—ച. 10. സ്ഥ സന്യസി—ജ. 11. ഞ്ഞടൻ—ഗ, ങ, ച, ഛ, ഫ. 12. സുരംഗ—ക; സുരഗ—ഛ; ത്തുരഗ—ജ; ഗത്തിൽ—ഒ. 13. കാദനം—ഗ, ങ. 14. തത്ര—ക. 15. യാ—ക. 16. നായുള്ള സന്യാസി—ച.

തത്ര വസിച്ചു പുരാണങ്ങൾ വായിച്ചു
മിത്രസന്ന്യാസിയെ കേൾപ്പിക്കുമന്തരേ.
മൂഷികന്മാരെ[1] ഭയപ്പെടുപ്പാനല്ല
ഭീഷണവാദ്യം[2] മുഴക്കി ചൂഡാകർണ്ണൻ.
ആയതു കേട്ടു[3] ചോദിച്ചു[4] ബൃഹൽസ്ഫിക്കും
ആയതെന്തിപ്പോൾ തുടങ്ങി യോഗീശ്വര!
തെല്ലും പുരാണശ്രവണത്തിലാഗ്രഹം
ഇല്ലാ ഭവാനെന്നു തോന്നുന്നു[5] മേ[6] സഖേ.!
ഇച്ഛയില്ലായ്കകൊണ്ടല്ലെടോ വില്ലുകൊ-
ണ്ടൊച്ചപ്പെടുക്കാതിരിന്നാലെലി വന്നു
ഭിക്ഷുക്കൾ വച്ചിരിക്കുന്ന ചോറൊക്കവേ
ഭക്ഷിക്കുമായതുകൊണ്ടിതു[7] ചെയ്തു ഞാൻ.
ഭാഷിതം[8] കേട്ടു ബൃഹത്സ്ഫിക്കുരചെയ്തു.
മൂഷികന്മാരൊരു കൂട്ടമോ ഏകനോ?
ഏകനേയുള്ളു സമൂഹമില്ലാ സഖേ!
ഏകനെങ്കിൽ തന്റെ ഭിക്ഷാന്നഭക്ഷണം[9]
ഒന്നു[10] തന്നെ കാര്യമെന്നു വരികയി-
ല്ലന്യപ്രയോജനമുണ്ടായ്വരും[11] ദൃഢം.
എള്ളു പകരം കൊടുത്തു താനിങ്ങോട്ടു[12]-
മെള്ളുമേടിക്കുന്ന[13] ചണ്ഡാലമാതാവി[14]-

1. രോഷക—ച. 2. ണി—ഖ, ഘ, ഠ, ന. 3. കണ്ടു—ക. 4. പറഞ്ഞു—ങ, ഛ, 5. തോന്നും മമ—ഘ. 6 മൽ—ഗ, ങ 7 അതു—ച. 8. ഭാഷണം—ച. 9. ഭോജന—ക. 10 ഉണ്ടു—ച. 11. ഒന്നു നിർണ്ണയം—ച. 12. ഇങ്ങനെ—ദ. 13, മാറാൻപോണ—ക; വാങ്ങിക്കുന്ന—ഗ. 14. ശാണ്ഡലി—ഖ.

നന്യമായിട്ടൊരു കാരണ[1]മുണ്ടെന്നു[2]
ധന്യനാം വിപ്രനൊരുത്തൻ പറഞ്ഞിതു.
എങ്ങിനെ സംഗതിയെന്നു ചൂഡാകർണ്ണൻ
എങ്കിലോ കേട്ടാലു[3]മെന്നു ബൃഹത്സ്ഫിക്കും

## അന്യായമായിട്ടൊരു കാരണം

ഞാനൊരു[4] വിപ്രന്റെ മന്ദിരേ[5] ചെന്നുടൻ
സ്നാനവും ചെയ്തു വസിക്കുംദശാന്തരേ
* ചൊന്നാൻ[6] ഗൃഹിണിയോടിങ്ങോട്ടു വന്നാലു-
* മൊന്നൊണ്ടു വേണ്ടു[7]ന്നതിന്നു നമുക്കെടോ.
നാളെക്കറുത്ത വാവൂട്ടുവാൻ ഒന്നുര-
ണ്ടാളെ ക്ഷണിച്ചു പോന്നു ഞാനിന്നെടോ.
എള്ളുപുല്ലാജ്യഭോജ്യാദി സംഭാരങ്ങ[8]-
ളെല്ലാം വഴിപോലെ[9] സംഭരിച്ചീടുക.
ചൊല്ലിനാളപ്പോൾ ഗൃഹിണിയും, നമ്മുടെ
ഇല്ലത്തൊരുവസ്തുവില്ല സംഭാരങ്ങൾ[10]
കോപം കലർന്നു ചൊന്നാൻ ദ്വിജൻ, നിന്നുടെ[11]
ലോഭം ചിതമല്ല പോടീ[12] വിലക്ഷണേ!
അന്നന്നു കൃത്യം കഴിക്കേണമല്ലാതെ
പിന്നേക്കു[13] നാളേക്കു മറ്റെന്നാളേക്കെന്നു-

1. കാരിയ—ഘ. 2. ണ്ടത്രെ—ച; ഇന്നു—ഛ. 3. കേട്ടുകൊൾകെന്നു—ഖ. 4. താ—ച. 5. മന്ദിരം പുക്കുടൻ—ഞ. 6. ഗൃഹസ്ഥൻ ഗൃഹിണി—ഘ. 7. വേണ്ടു—ഗ, ച, ഛ. 8. സമ്പത്തുക്കൾ—ങ, ഡ. 9. ഒരുക്കെന്നു ചൊല്ലിനാൻ—ജ. 10. സമ്പത്തുകൾ—ക. 11. തന്നുടെ—ച. 12 പോ നീ—ച. 13 ഇ—ഖ, ഞ.

* ചൊന്നാൻ ഗൃഹസ്ഥൻ ഗൃഹിണിയോടിങ്ങോട്ടു
വന്നാലും ഒന്നൊണ്ടു വേണ്ടു നമുക്കെടോ.—ഖ, ഛ.

മിങ്ങിനെ[1] സംഭരിക്കുന്ന[2] മർത്ത്യന്നു മേ-
ലെങ്ങിനെ കർമ്മമെന്നാരാനറിഞ്ഞിതോ?[3]
പണ്ടൊരു കാട്ടാളനസ്ത്രവും[4] ചാപവും
കൊണ്ടു പുറപ്പെട്ടു കാട്ടു പുക്കീടിനാൻ.
മാനിനെ[5]യസ്ത്രം പ്രയോഗിച്ചു കൊന്നവൻ
താനേ[6] ചുമന്നു നടന്നു പോരും[7] വിധൌ
വമ്പനായുള്ളൊരു പന്നിയെക്കണ്ടു ന-
ല്ലമ്പു[8] പ്രയോഗിച്ചനേരമപ്പന്നിയും[9][10]
വേടനെച്ചാടി കടിച്ചു കൊന്നാശു[11] താൻ
കൂടെപ്പതിച്ചു[12] മരിച്ചു വീണീടിനാൻ.
ദംഷ്ട്രികനെന്നു നാമത്തെ ധരിച്ചൊരു
ക്രോഷ്ടാവുമപ്പോളവിടെക്കു വന്നിതു.
ഇന്നേക്കു ഭക്ഷണം വേടന്റെ വിഗ്രഹം
പിന്നെ[13] നാളേക്കു മൃഗത്തിന്റെ വിഗ്രഹം[14]
പന്നിയെക്കൊണ്ടു മറേറന്നാളുമിങ്ങിനെ
തിന്നീടുമാറെന്നുറച്ചു മനക്കാമ്പിൽ.
ഇന്നിനി[15] പ്രാതൽക്കു[16] വില്ലിന്റെ ഞാണിതു[17]
നന്നെന്നു കല്പിച്ചു[18] ചെന്നു കടിച്ചിതു.[19]
കുത്തിക്കുഴിയെക്കുലച്ചചാപജ്യയ-[20]
മെത്തിക്കടിച്ചവൻ[21] കണ്ഠിച്ച നേരത്തു

1. അ—ഛ. 2. വി—ക. 3. രങ്ങു—പ. 4. പാശവും—ജ. 5. ഏണത്തെ—ജ. 6. തലയിൽ ചുമന്നുനടന്നിതു—ഞ. 7. കം—ഖ 8. സ്തും—പ. 9. രത്തു—പ. 10. പോത്രിയും—ജ. 11. വിരവോടു—ഞ 12 കിടിയും—ജ. 13. തിന്നാമടുത്ത നാൾ മാനിന്റെ—ഗ, ങ 14 ഭക്ഷണം—ഖ 15. ഇന്നലെക്കു—ഞ 16. തലീ—ഘ. 17 ഞാണിനി—ഛ. 18. സ്വറപ്പൻ—ഞ. 19. ച്ചവൻ —ഖ, ഗ, ഘ, ങ, ഡ. 20. ച്ചവിൽജ്യാവിനുതൽ—ഖ, ങ; ച്ചൊരാജ്യ തന്നെ —ഘ; ച്ച ചാപത്തെയും—ഠ. 21. ച്ചങ്ങു—ഞ

വില്ലിൻമുനകൊണ്ടു[1] മാറത്തു നല്ലൊരു
തല്ലുകൊണ്ടപ്പൊഴെ ചത്തു വീണീടിനാൻ.
എന്നതുകൊണ്ടു പറഞ്ഞു ഞാൻ ബ്രാഹ്മണി!
അന്നന്നു കൃത്യം[2] കഴിച്ചേ ചിതം വരൂ.
എള്ളോട്ടുകൂടിച്ചമച്ചീടുമോദന–[3]
മല്ലോ[4] കൃസരമെന്നുള്ളൊരു[5] സാധനം.
ആയതിന്നു തിലം കുത്തിത്തെളികള–
ഞ്ഞായവണ്ണം നീയുണക്കീടണം പ്രിയേ!
പിറേറദ്ദിനമവളെള്ളു കുത്തിപ്പാററി[6]–
മിററത്തുണങ്ങുവാൻ[7] ചിക്കിനിൽക്കും[8] വിധൌ
കുക്കുടം[9] വന്നുതൊട്ടങ്ങുമിങ്ങും[10] ചിന്നി
ദുർഘടമാക്കിച്ചമച്ചോരനന്തരം.
ശോധനചെയ്യാത്തൊരെള്ളു[11] കൊടുത്തങ്ങു
ശോധനചെയ്ത തിലത്തെ വാങ്ങീടുവാൻ
ഭാവിച്ചു[12] ചണ്ഡാലമാതാവിനോടങ്ങു[13]
ചോദിച്ചു മെല്ലെ ഗൃഹസ്ഥൻ ദ്വിജോത്തമൻ.
എങ്ങു പോവാൻ തുടങ്ങുന്നു നീ എന്നവൻ;
എള്ളുമാറാൻ ഗമിക്കുന്നു ഞാനെന്നവൾ.
അങ്ങനെയല്ല ഞാൻ ബോധിച്ചു മററൊരു
സംഗതി കൂട്ടുവാൻ പോകുന്നുവെന്നവൻ.

---

1. വ്—ഘ, ച, ജ, ഠ. 2. ക്കേ—ഗ, ഘ, ങ. 3. പചി—ഘ, ങ, ഡ; വച്ചീടുമന്നോ—ഛ. 4. എല്ലാർക്കും സാര—ഛ 5. കൃസാരമായുള്ളോരു—ഞ; കൃതാസനാമെന്നുള്ള—ച; കൃസനം—ദ. 6. ചേറി—ക. 7. ക്കു—ഗ. 8. ന്നി—ങ. 9. കക്കടം—ച 10. ന്തി—ഖ, ഗ, ങ; മിന്നി—ച. 11. ചെയ്യ്വാൻ തിലത്തെ —ച. 12 ചോദിച്ചു—ച 13. ശാണ്ഡലി—ഖ.

എന്നതുകൊണ്ടിഹ മൂഷികന്റെ സ്ഥിതി-
ക്കന്യപ്രയോജനമുണ്ടെന്നു[1] നിശ്ചയം.
ഇത്ഥം പറഞ്ഞു ഖനിത്രേണ[2] ഭൂതലം[3]
കുത്തിക്കഴിച്ചൊരു നേരത്തു കാണായി.
നമ്മുടെ പക്കൽ പ്രയത്നേന ലബ്ധമാം
സ്വമ്മുള്ളതൊക്കെ കരസ്ഥമാക്കീടിനാൻ.
അന്നു തുടങ്ങി ദരിദ്രനായേഷ ഞാ-
നിന്നും[4] നിലക്കവന്നീല്ലെടോ[5] മന്ദരാ!
അഷ്ടിയില്ലായ്കകൊണ്ടെന്റെ[6] ശരീരവും
പുഷ്ടിയില്ലാതെയായെന്തു ചെയ്യാവതും[7].
* വൃഷ്ടിയില്ലാഞ്ഞാൽ നദികളും വററിടും.
ഇഷ്ടിയില്ലാഞ്ഞാൽ ദ്വിജന്മാരിളപ്പെടും.
തുഷ്ടിയില്ലാഞ്ഞാൽ മനുഷ്യൻ മഹാജളൻ
[8]കൃഷ്ടിയില്ലാഞ്ഞാൽ വിളവും കുറഞ്ഞുപോം.
യഷ്ടിയില്ലാഞ്ഞാൽ നടക്കുമോ വൃദ്ധനും[9]?
സൃഷ്ടിയില്ലാഞ്ഞാൽ പ്രജകളുണ്ടാകുമോ?
പട്ടിയില്ലാഞ്ഞാൽ ഗൃഹത്തിനുറപ്പില്ല[10].
ചെട്ടിയില്ലാഞ്ഞാൽ മുഴക്കുമോ[11] വാണിഭം
കുട്ടിയില്ലാഞ്ഞാൽ പശുക്കൾ കറക്കുമോ?
ചട്ടിയില്ലാഞ്ഞാൽ ദരിദ്രൻ പചിക്കുമോ[12]?

---

1. തോന്നുന്നു—ഛ. 2. വനി—ക; വീനി—ഞ. 3. ലേ—ഖ. 4. നിന്നു—ഞ; നിന്നാലിനിക്ക—ജ. 5. ന്നില്ലേടോ—ഘ, ച. 6. യ്കയാൽ—ഛ. 7. ചെയ്യും—ച. 8. മഹം—ക. 9. വൃഷ്ടി—ജ. 10. രം—ഗ. 11. സ്ഥന്നു—ഗ. 12. ഭുജി—ജ.

* 373 മുതൽ 384 വരെ. 'ഞ' പാഠത്തിലില്ല.

* കേട്ട ചൂഡാകർണ്ണനാകുന്ന സന്ന്യാസി
കേവലം താനേ പറയുന്ന വാർത്തകൾ[1]
അത്ഥമുണ്ടെങ്കിൽ സമസ്തജന്തുക്കൾ സ-
മത്ഥരായീടുമതില്ലാത്ത പൂരുഷൻ
വ്യത്ഥം[2] ശരീരം വഹിക്കുന്നു സർവം നി-
രത്ഥമി[3]ജ്ജീവൻെറ ജീവസന്ധാരണം.
നമ്മുടെ ഭിക്ഷാന്നഭോജിയാം മൂഷികൻ
സ്വാമ്യ നശിച്ചതു[4]മൂലം പരവശൻ.
ദ്രവ്യമുണ്ടെങ്കിലേ ബന്ധുക്കളുണ്ടാവു;
ദ്രവ്യമില്ലാത്തവനാരുമില്ലാ ഗതി.
ഭവ്യ[5]നെന്നാകിലും ദിവ്യ[6]നെന്നാകിലും
ദ്രവ്യമില്ലാഞ്ഞാൽ തരംകെടും നിർണ്ണയം.
ഏവം പറയുന്ന സന്ന്യാസിയെച്ചെന്നു
സേവിച്ചു ജീവനെ[7] രക്ഷിക്ക ദുർഘടം.
മറെറാരു ദിക്കിനു[8] പോകാതെ നമ്മുടെ
മാററിത്തമിപ്പോളൊഴികയില്ലെന്നു ഞാൻ
തെറെറന്നു ചിന്തിച്ചുറച്ചു പുറപ്പെട്ടു
മുറവും ഭവാനെ സമാശ്രിയച്ചേനഹം.
പൊയ്യല്ലിരപ്പാളിയായാൽ മഹാദുഃഖ[9]-
മയ്യോ! മരിച്ചെങ്കിലാപത്തൊഴിഞ്ഞിതു.

---

1. വാക്കുകൾ—ഛ. 2. നശി—ഗ, ങ 3. രസ്തം—ഗ, ങ 4. ശാൽ—ഘ, ൦, ഛ. 5. ദിവ്യ—ഗ. 6. ഭവ്യ—ഗ. 7. നം—ഖ, ഘ. 8 യ്ക്കിൽ—ഖ. 9. കഷ്ടം—ഖ, ഞ.

* കട്ടിലില്ലാഞ്ഞാൽ ശയനസുഖമുണ്ടോ?
പട്ടൻെറ പുത്രനു ശൌര്യമുണ്ടാകുമോ?
കിട്ടുമോ സ്വർഗ്ഗം സുകൃതിയല്ലെങ്കില-
ദൃഷ്ടിയില്ലാഞ്ഞാലവനാൽ ഫലമെന്തു? ൦, ഗ, ഘ, ങ, ച, ജ.

കയ്യും പരത്തിപ്പിടിച്ചങ്ങു യാചനം
ചെയ്യുന്ന ദീനത്വമോർത്താൽ[1] ജ്വലിക്കുന്ന
തീയിൽ പതിച്ചു ശരീരം ദഹിപ്പിക്കു-[2]
മീയൽക്കുലത്തിൽ[3] പിറക്കതന്നെ[4] ശുഭം[5].
* ചെമ്മേ ദരിദ്രനായുദ്ഭവിക്കെക്കാട്ടിൽ
മിണ്ടാതൊരേടത്തിരിക്കതന്നേ ശുഭം[6].
കണ്ടപെണ്ണുങ്ങളെദ്ദ്രോഷപ്പെടുകയിൽ
ഷണ്ഡനായ്[7]ത്തന്നെ പിറക്കതന്നേ ഗുണം.
ബൗദ്ധനെസ്സേവിച്ചു ജീവിക്കയെക്കാട്ടി-
ലൂർദ്ധ്വൻ[8] വലിച്ചു മരിക്കതന്നേ ശുഭം[9].
ചെമ്മേ ദരിദ്രനായുത്ഭവിക്കെക്കാട്ടി-
ലമ്മയ്ക്കു ഗർഭം സ്രവിക്കതന്നേ ഗുണം.
രോഗം പിടിച്ചാൽ[10] വപുസ്സിന്റെ[11] വക്ത്രു
വേഗം ക്ഷയിച്ചുപോമെന്നകണക്കിനേ
* ദേഹിയെന്നക്ഷരം ചൊല്ലുന്ന[12] മർത്ത്യന്റെ
ദേഹത്തിൽനിന്നുമാറും[13] മഹാലക്ഷ്മിയും.
ലബ്ധമായുള്ളതിൽ തൃപ്തിയില്ലാതുള്ള
ലുബ്ധനൊരിക്കലും[14] സൗഖ്യമില്ലാ സഖേ![15]

---

1. ദീനങ്ങളെ—ജ. 2. കുന്ന—ജ. 3. ഗണത്തിൽ—ഘ. 4. ജനിക്ക—ഖ, ഞ; പിറക്കുന്നതേ—ങ, ച, ഠ. 5. സുഖം—ഖ, ച, ഛ, ജ; ഗുണം—ഗ, ങ, ഡ, ന, പ, ഫ. 6. ഗുണം—ഗ, ഘ, ങ, ഛ; സുഖം—ച, ജ. 7. നായിട്ടു പിറക്കതന്നെ ശുഭം—ഖ, ഗ, ങ, ജ; നായ്ത്താനെ പൊറുക്കതന്നെ സുഖം—ച. 8. ശ്വാസംവലിച്ചു—ഖ. 9. സുഖം—ച; ഗുണം—ഛ, ഫ. 10. ച്ചു—ഖ. 11. ശോഭയും ഗ, ഘ, ങ, ഡ, ന. 12. ല്ലും ജനത്തിന്റെ—ഖ, ഗ, ഘ, ങ, ഡ; ല്ലും മനുഷ്യന്റെ—ച, ഛ, ഠ. 13. വാങ്ങും—ഘ. 14. നൊരുത്തനും—ഠ. 15. ദുഃഖം—ഞ.

* 411-ാം വരി. 'ച' പാഠത്തിലില്ല.

* അമ്പിൽ ഗുരുത്വം കുറഞ്ഞ പുരുഷന്റെ
വമ്പും പ്രതാപവും കീഴ്പട്ടു പാലമേ—ഠ.

അല്പമെന്നാകിലും [1]ലഭിച്ചതിൽ സന്തോഷ-
മുല്പന്ന[2]മാകുന്ന മാനുഷൻ മാനുഷൻ.

അങ്ങിനെയുള്ളോരു [3]സന്തോഷിയാമവ-
[4]ന്നെങ്ങുമേ [5]ദുഃഖമുണ്ടാകയുമില്ലെടോ.

തോൽകൊണ്ടു പാദേ ചെരിപ്പുള്ളവന്നു ഭൂ-
ലോകങ്ങൾ [6]ചർമ്മസമ്പൂർണ്ണങ്ങളല്ലയോ?

കിട്ടുന്നതിൽ തൃപ്തിയുണ്ടെങ്കിൽ മാനുഷ-
[7]നൊട്ടും മനഃക്ലേശമില്ലെടോ മന്ദരാ!

എന്നതുകൊണ്ടുഞാനെപ്പൊഴും വൈരാഗ്യ-
മെന്നുള്ള സൽഗുണം കയ്ക്കൊണ്ടു സാമ്പ്രതം.

[8]ധർമ്മമേതെന്നു ചോദിച്ചാനൊരു നരൻ
നിർമ്മലം കാരുണ്യമെന്നതിന്നുത്തരം.

സൗഖ്യമേ[9]തെന്നു ചോദിച്ചതിന്നുത്തരം
മുഖ്യം മഹാവ്യാധി കൂടാതെ വർത്തനം.

സാധ്യ[10]മേതെന്നു ചോദിച്ചതിന്നുത്തരം
സാധുസമ്പർ[11]ക്കേണ വൈരാഗ്യസംഭവം

ബോധ്യ[12]മേതെന്നു ചോദിച്ചതിന്നുത്തരം
ബുദ്ധ്യാ [13]പരബ്രഹ്മ[14]വിജ്ഞാനമുത്തമം.

---

3. ച്ചെങ്കിൽ—ഘ. 4. മായുള്ള—ങ. 5. യുള്ളവൻ—ച. 6. ചെന്നാൽ.... വരാന്നില്ലെടോ—ഖ. 7. വുമുണ്ടാകയി—ഗ, ങ, ച. 8. സംഭൃത—ഗ, ഘ, ന, ഫ; സംദൃശ്യ—ഗ, ങ. 9. ക്കൊ—ഛ. 10. എന്തെന്നു—ഗ, ഘ, ങ, ഡ, ഫ. 11. ന്തെന്നു—ഗ, ഘ, ങ, ഡ, ഫ. 12. ന്തെന്നു—ഗ, ഘ, ങ, ഛ, ജ, ഡ. 13. സംസർഗ്ഗേണ—ഖ, ഗ, ഘ, ഡ. 14. എന്തെന്നു—ഗ, ഘ, ഛ, ഡ. 15. പരംപ്പര—ഖ. 16. സംഭവം—ന; ഉത്തരം—പ.

ശാസ്ത്രം ഗ്രഹിച്ചതുകൊണ്ടു[1] മതിയല്ല[2]
ശാസ്ത്രോക്തമാചരിക്കാതെ ഫലം വരാ
എത്രയും നല്ല കഷായമെന്നാകിലും
മാത്രം കുടിക്കാതെ രോഗം ശമിക്കുമോ?
ഗ്രന്ഥം കരത്തിലുണ്ടായാൽ[3] മതിയല്ല
ചിത്തത്തിലർത്ഥം ഗ്രഹിച്ചു ഫലം[4] വരൂ
അന്ധനായുള്ളവൻ ദീപം[5] കരം[6]തന്നി-
ലേന്തി നടന്നാൽ[7] വഴിയറിഞ്ഞീടുമോ?
ഏറിയൊരർത്ഥം ഗ്രഹിച്ചവനെങ്കിലും
ഏറെപ്പറഞ്ഞാൽ ചിതം വരത്തില്ലെടോ!
എന്തിന്നനേകം പറയുന്നു[8] താനെന്റെ
ബന്ധുവായെന്നെ[9]പ്പൊറുപ്പിക്കിലുത്തമം[10].
തങ്ങടെ[11] സ്ഥാനങ്ങൾ വിട്ടുപോകുന്നവ-
ർക്കെങ്ങുമേ ചെന്നാൽ സുഖം വരത്തില്ലെടോ[12].
ദന്തം നഖം കേശമിത്യാദിയായൊരു[13]
ചന്തമുണ്ടങ്ങേഷു[14] ചേർന്നിരിക്കുംവിധൗ
പെട്ടെന്നു ഗാത്രത്തിൽ നിന്നുവിട്ടാലതു-
തൊട്ടാൽ കുളിക്കേണമെന്നു വന്നീലയോ[15]?

---

1. ഏതും — ഒ. 2. ഫലമില്ല — ഞ. 3. ഇരുന്നാൽ ഫലമില്ല — ഞ. 4 മതി — ക, ഖ. 5. ദീപാന്തരം — ഛ. 6. കരത്തിങ്കൽ — ഖ. 7. നടക്കാൻ — ക. 8. ഞൊട്ടു — ക. 9. വായ്നമ്മെ — ഛ. 10. ക്ക — ഘ. 11. തന്നുടെ — ഗ; തന്നുടെസ്ഥാനം വേറിട്ടുപോകുന്നവർക്കെങ്ങുമേചെന്നാലും ചിതം വരത്തില്ലെടോ — ച. 12. വരികില്ല — ങ 13 നല്ലൊരു — ക. 14. അംഗവും — ഗ, ങ; അങ്ങുതു — ച 15 ന്നില്ല — ഘ, ച, ഛ, ന.

എന്നതു കേട്ടു പറഞ്ഞിതു മന്ദരൻ
തന്നുടെ [1]ദിക്കു വെടിഞ്ഞു പോയീടിലും
തെല്ലും [2]മനോദോഷമില്ലാത്ത പൂരുഷൻ
ചെല്ലുന്ന ദിക്കിൽ സുഖിച്ചിരിക്കാസ്സുരം.
അന്നങ്ങളാ[3]കാശഗംഗാ[4]ജലേ നല്ല
പൊന്നുംസരോജാകരത്തെ [5]വെടിഞ്ഞിങ്ങു
മന്നിടം[6]തന്നിലേ താമരപ്പൊയ്കയിൽ
തന്നെ സുഖിച്ചു വസിക്കുന്നതില്ലയോ ?
[7]മാനതാപവും മഹാവ്യാധിയും സർവദാ
സുന്ദരിമാ[8]രുമായുള്ള സംസർഗ്ഗവും
ജന്മഭൂമിസ്നേഹമെന്നുള്ളതും മഹാ-
ദുർമ്മോഹികൾക്കേ [9]ഭവിപ്പൂ ഹിരണ്യകാ!
ഉത്സാഹവും [10]നല്ല വിദ്യയും ബോധവും
[11]സത്സംഗമങ്ങളും സൽക്കർമ്മധർമ്മവും
ഇങ്ങിനെയുള്ള ഗുണങ്ങൾ [12]തികഞ്ഞവ-
ർക്കെങ്ങുമേ ചെന്നാലുമല്ലലില്ലൊട്ടുമേ.
തന്നുടെ ദിക്കെന്നുമന്യദിക്കെന്നുമി-
ദ്ധന്യരാം നിങ്ങൾക്കു ഭേദമില്ലാ ദൃഢം.
എന്നതുകൊണ്ടു പറഞ്ഞു ഞാൻ മൂഷികാ !
[13]നന്നെടോ, [14]നമ്മോടുകൂടെ നിവാസവും.

---

1. ദേശങ്ങൾ വിട്ടു—ഞ. 2 മന—ഛ. 3. ഗംഗേ ജലേനനൽ—ഭ. 4. തടേ—ഖ. 5. ത്യജിച്ചിങ്ങു—ഖ, ഗ, ഞ, ഡ, ദ; ത്യജിച്ചങ്ങു—ഘ, ങ, ച, ന, പ; ത്യജിക്കുന്നു—ജ. 6. പങ്കജ—ഖ, ഗ, ങ, ച, ഛ, ഞ, ഠ, ഡ, ഭ. 7. മന്ദതാ—ഗ, ച, ജ, ഠ. 8. സമ്പൽക്കാവ്യം—ക. 9. അതൊള്ളു—പ. 10 ബോധവും വിദ്യയും—ഗ. 11. തത്സംഗമംഗലം—ഗ, ങ. 12. തികഞ്ഞവൻ—ങ, ഛ, ഡ; തെളിഞ്ഞ—ക. 13. നിഹ—ഗ, ങ, ഛ; നന്നിതു—ഘ, പ. 14. കൂടി—ഗ.

[1]ശോഖത്തണലിലിരുന്നു സുഖിക്കയും
[2]രാകാദിസസ്യങ്ങൾകൊണ്ടു [3]മോദിക്കയും
യൗവനമുള്ളോരു നാരിയോടൊന്നിച്ചു
നിർവ്വേദഹീനം വി[4]നോദിച്ചിരിക്കയും
അല്പകാലംകൊണ്ടു നാ[5]സ്തിയാമേതും വി-
[6]കല്പമില്ലെന്നും ധരിച്ചുകൊൾക ഭവാൻ.
കാകൻ പറഞ്ഞി[7]തു സത്യം കഥിപ്പതി-
[8]ന്നേകൻ ഭവാനേവ കൃമ്മചൂഡാമണേ!
സത്തുകൾക്കാപത്തു വന്നാൽ നികത്തുവാൻ
സത്തു[9]കൾതന്നെ സമ[10]ത്ഥരാവൂ ദൃഢം.
ആനക്കുഴിയിൽ നിന്നാനയെക്കേററുവാൻ
ആനയല്ലാതെ പി[11]ന്നേകനുണ്ടാകുമോ?
കു[12]ണ്ടുള്ള കായലും തോട്ടമേനേ ഭക്ഷിച്ചു
കൊണ്ടുനടക്കുന്ന മത്സ്യാദി ജന്തുക്കൾ
[13]വണ്ടും മധുവുള്ള പുഷ്പങ്ങളിൽച്ചെന്നു
[14]വേണ്ടും മധുരസമുണ്ടു മേവീടുന്നു.
രാജഹംസങ്ങളും രാജീ[15]വവൃന്ദത്തി-
ലാജീവനാന്തം വസിക്കുന്നു മന്ദരാ!
എന്നതുപോലെ ഹിരണ്യൻ തവാന്തികേ
വന്നു വസിക്കുന്നു ഞാനുമൌവ്വണ്ണമേ.

1. ശാഖി—ഗ, ങ. 2. ശാകാദി—ഗ, ച, പ; ശാഖാദി—ഘ, ങ, ഛ, ഡ, ഫ; ശൗകാദി—ജ 3. ഭുജി—ഗ. 4. ച്ചപാക്കയും—ദ. 5 സൗഖ്യമാമൊട്ടും –ഗ, ങ; ഒട്ടും—ഖ, ഘ, ച, ഛ, ഡ. 6. മില്ലേതും വിവേകമേതും സഖേ!—ഞ. 7. ഖ്യം—ജ. 8. നന്ദേ—ദ. 9. നല്ല—ദ. 10. രാകം—ഖ, ജ. 11. കണ്ടേ —ഖ. 12. കായലും തോടും പുഴയുമ—ച. 13. വേ—ഖ, ഛ. 14. വ—ഛ. 15. ദവും—ദ.

## ഘോരപാശത്തിൽ പതിപ്പാനെന്തു കാരണം.

ഇത്ഥം പറഞ്ഞങ്ങിരിക്കുംദശാന്തരേ[1]
ലുബ്ധകാസ്ത്രത്തെ ഭയപ്പെട്ടൊരുമൃഗം
ചിത്രാംഗനെന്നു പേരായവൻ വേഗേന
തത്രാഗമിച്ചോരു[2] നേരത്തു മന്ദരൻ
സ്വാഗതം ചോദിച്ചു സൽക്കാരവും ചെയ്തു
വേഗതോ[3] ഭോജനം നൽകിപ്പറഞ്ഞിതു.
എങ്ങുന്നു[4] താനത്ര വന്നൂ മഹാമതേ!
* ഞങ്ങടെ ദിക്കിനെ ശൂന്യമാക്കീടുവാൻ.[5]
പാടവമോടേ[6] പറഞ്ഞു ചിത്രാംഗനും
വേടനെപ്പേടിച്ചു മണ്ടിവരുന്നു[7] ഞാൻ
പ്രൗഢരാം നിങ്ങളെക്കണ്ടുനേരം നമു-
ക്കാടലെല്ലാമിന്നുതീൻ[8] ക്രൂമ്മേശ്വരാ!
മന്ദരം[9] ചൊല്ലിനാനിദ്ദിക്കു[10] നമ്മുടെ
മന്ദിരമെന്നു ധരിച്ചുകൊൾക ഭവാൻ.
ഒന്നിനും ദുഃഖമില്ലെന്നോടു കൂടിയാൽ;
ഇന്നു തുടങ്ങി മൽപ്രാണതുല്യൻ[11] ഭവാൻ.
ആഖുപ്രവരൻ[12] ഹിരണ്യനിമ്ദ്രഹവും
കാകപ്രവരനും[13] രണ്ടുപേർ[14] മുന്നമേ.
അത്രാഗമിച്ചിതു മിത്രഭാവാലിന്നു
ചിത്രാംഗനാകും ഭവാനും തഥാവിധം.[15]

---

1. ങ്ങുനിൽക്കം—ഠ. 2. ച്ചിതന്നേ—ങ 3. ഗേന—ഗ, ങ, ച. 4. അ—ഷ. 5 ശൂന്യ—ച. 6. മന്ദരനോടു—ച. 7. വന്നുവേഗേന—ച. 8. മുടൻ—ഗ, ങ. 9. രൻ—ഘ. 10. തന്നുടെ—ഖ, ഘ, ഛ, ച; നിന്നുടെ—ജ. 11. നാഥൻ—ച. 12. വീ—ക. 13 വീ—ക. 14. രണ്ടുമേ—ജ. 15. ധൻ—ഖ.

[1]മന്യേ സുഹൃല്ലാഭസമ്പത്തിനേയൊഴി-
[2]ഞ്ഞന്യസമ്പത്തു [3]സമ്പത്തായ്വരുന്നതോ ?
അത്രാന്തരേ വനേ ഭക്ഷണാൎത്ഥം മുദാ
ചിത്രാംഗസാരംഗമങ്ങു പോയീടിനാൻ.
മദ്ധ്യാഹ്നകാലം കഴിഞ്ഞോരനന്തരം
മന്ഥരൻ താനും ഹിരണ്യനും കാകനും
എന്തേ വരാഞ്ഞു ചിത്രാംഗനെന്നിങ്ങിനെ
സ്വാന്തേ [4]വിചാരിച്ചു ഖേദിച്ചു മേവിനാൻ.
കാകൻ മൃഗത്തെത്തിരഞ്ഞു പുറപ്പെട്ടു
വേഗം വനാന്തരേ ചെന്നു നോക്കുംവിധൌ
വേടൻ [5]കണിവച്ച [6]ചൎമ്മപാശേ ചെന്നു
ചാടിശ്ശരീരവും [7]കെട്ടുപെട്ടങ്ങിനെ
തത്ര കിടക്കുന്ന ചിത്രാംഗനെക്കണ്ടു
[8]സന്ത്രാസശോകേന ചോദിച്ചു വായസം.
ഘോരപാശത്തിൽപ്പതിപ്പതിന്നെന്തൊരു
കാരണം [9]സാരംഗചൂഡാമണേ ! ഭവാൻ.
കാരണം പിന്നെ കഥിക്കാം ഹിരണ്യനെ-
പ്പാരാതെ [10]കൂട്ടിച്ചുകൊണ്ടു [11]വന്നീടുക.
ഇത്തരം ചിത്രാംഗഭാഷിതം [12]കേട്ടങ്ങു
സത്വരം [13]കൊണ്ടുവന്നു മൂഷികാധീശനെ.

---

1. മാന്യ—ഖ; അന്യേ—ഘ. 2. ച്ചു—ഘ. 3. ന്നിതോ—ഗ, ഘ, ച. 4. ദുഃഖിച്ചു—ഠ. 5. കിണി—ജ. 6. കൎമ്മ—ഗ. 7. ങ്ങവൻ—ഠ. 8 സത്രാസവേഗേന—ഠ. 9. വീര ചൂഡാമണേ!—ഖ, ഗ, ഘ, ങ, ന. 10. കൂട്ടിക്കൊണ്ടിങ്ങു—ഗ, ഘ. 11. പോം—ഖ, ഘ, ഛ. 12 ട്ടുടൻ—ഗ, ഘ, ങ, ച, ഛ, പ, ഫ. 13. രനെ—ഠ.

മൂഷികാധീശനും[1] ചോദിച്ചു[2] തന്നുടെ
വേഷമെന്തിങ്ങിനെ ബദ്ധമായീ[3] സഖേ!
ചിത്രാംഗനും പറഞ്ഞീടിനാനാപന്ന-[4]
മിത്രാ! ഭവാനെൻെറ പാശം മുറിച്ചാലും.
അത്യന്തവൈരിയാം[5] വേടൻ വരുമ്മുമ്പേ
നിത്യമല്ലാതുള്ള ദേഹവുംകൊണ്ടു നാം[6]
അങ്ങൊരു ദിക്കിനു മാറിപ്പതുക്കവേ[7]
സംഗതിയൊക്കെപ്പറഞ്ഞുകൊള്ളാം സഖേ![8]
പ്രൗഢനായുള്ളഞാനന്തികേ നിൽക്കവേ
വേടനെപ്പിടിക്കരുതെന്നു മൂഷികൻ.
എങ്കിൽ ശ്രവിച്ചാലുമെന്നു ചിത്രാംഗനും
ശങ്കാവിഹീനം[9] പറഞ്ഞു തുടങ്ങിനാൻ.
ആറു മാസം പുക്ക ബാലനായുള്ള ഞാൻ[10]
കൂറുള്ള മാതാവു[11] വേർപെട്ടിരിക്കവേ,
വേടൻ വരുന്നതു കണ്ടു ഭയപ്പെട്ടു
കൂടെയുള്ള മൃഗക്കൂട്ടങ്ങളും മണ്ടിനാർ.
ഓടുവാൻ[12] മേലാഞ്ഞുഴലുമെന്നെ ദ്രുതം[13]
വേടൻ പിടിച്ചങ്ങു കൊണ്ടുപോയീടിനാൻ.
കേടുവരുത്താതെ കൊണ്ടുചെന്നായവൻ[14]
നാടുവാഴിക്കങ്ങു[15] കാഴ്ച വച്ചീടിനാൻ.

1. ആഖുപ്രവീരനും—ജ. 2. മെല്ലവേ—ക. 3. യീട്ടവാൻ—ഖ. 4 അശ്രമം—ജ 5. മൂഢനാം—ഞ. 6. ഞാൻ—ഞ. 7. പോയി—ഘ, ങ, ഢ. 8. എടോ—ഞ. 9. രഹിതം—ഞ. 10. നാം—ഖ, ഗ, ഘ, ങ, ഢ, ച, ജ, ഠ, ഢ, ച; നാം—ഛ. 11. വി—ഖ. 12. കൂടാ—ഗ. 13. തദാ—ഖ, ങ, ഛ, ഞ, ഢ; ദ്രുതം—ഘ, ച. 14. ഞങ്ങളവൻ—ഭ; ഞാനവൻ—ഛ; ഞാരോൽ—ഖ. 15. ക്കവൻ—ഖ.

ആട്ടും പശുക്കളും രാത്രൗ[1] വസിക്കുന്ന
കൂട്ടുറന്നതിലാക്കിനാൻ[2] മന്നവൻ[3].
പുല്ലും ജലവും നമുക്കു നൽകിത്തദാ[4]
തെല്ലും മുഷിക്കാതെ നമ്മെ വളർത്തിതു.
ഏകദാ രാത്രൗ ശയിക്കുന്ന നേരത്തു
മേഘശബ്ദം കേട്ടു സന്തുഷ്ടനായ[5] ഞാൻ
താനേ മനോരഥം ചിന്തിച്ചുചൊല്ലിനാൻ[6]
ഞാനേവമെത്രനാൾ പാർക്കേണ്ടു ദൈവമേ!
കാനനേ വൃഷ്ടിചൊരിയുന്ന നേരത്തു
ഞാനനേകം മൃഗക്കൂട്ടത്തിലൊന്നിച്ചു[7]
കൂടിച്ചിരിക്കയും[8] ചാടി[9]ക്കളിക്കയും[10]
ഓടിത്തിരിക്കയും[11] തേടി നടക്കയും
എന്നുള്ള ലീലാവിധങ്ങൾക്കഹോ നമ്മ[12]–
ക്കെന്നുവാൻ[13] സംഗതി കൂട്ടുന്നു ദൈവമേ!
എന്നു ഞാൻ താനേ പറഞ്ഞതു ഭൂപാല
നന്ദനൻ കേട്ടി[14]ങ്ങെഴുന്നള്ളിനിന്നുടൻ
നാലു ഭാഗം[15] നോക്കി, ആരെയും കണ്ടീല[16];
ബാലസാരംഗം മനുഷ്യരെപ്പോലൊരു
വാക്കുപറഞ്ഞതി[17]തെന്തൊരു വിസ്മയം[18]
ചാക്കല[19]ദേവത[20] വന്നു ബാധിക്കയോ?

1. ശയി—ഘ, ങ, ഡ. 2. ടും—ഘ, ച. 3. എന്നെയും—ഗ, ങ. 4. സദാ—ഖ; ഭൂതം—ഞ. 5. യി—ഖ, ഗ, ഘ. 6. നേൻ—ങ, ഝ. 7. ങ്ങളോടു—ഘ. 8. കളി—ഖ. 9. ഓടിച്ചിരിക്കയും—ങ. 10. മേളിക്കയും—ഖ. 11. ചാടിക്കളിക്കയും—ങ. 12. മമ—ജ. 13. ക്കേശുവാൻ—ഠ. 14 ട്ടു—ഝ. 15. പാട്ടും—ജ. 16. കണ്ടില്ല—ഘ, ച, ജ, ഡ. 17. കയോ - ഖ, ഗ, ഘ, ങ, ഛ, ഝ, ഡ, പ, ഫ. 18. കാരണം—ഞ. 19. പേ—ഖ, ഗ. 20. ദൈവതം—ജ.

പേക്കൂത്തു[1]കാട്ടും പിശാചങ്ങൾ വന്നിങ്ങു
രാക്കൂത്തിൽ[2] മാനിനെക്കൊണ്ടു മിണ്ടിക്കയോ?
നീതിജ്ഞനെങ്കിലുമിങ്ങിനെ ചിന്തിച്ചു[3]
ഭീതിജ്വരം പിടിപെട്ടു[4]വിറച്ചുകൊ-
ണ്ടന്തഃപുരത്തിൽ[5]പ്പതുക്കെ പ്രവേശിച്ചു,
സന്തപ്തനായി[6] ശയിച്ചു നൃപാത്മജൻ.
പേയും പിറാന്തും[7] തുടങ്ങി തിരുമേനി
കായുന്നിതെന്തൊരു[8] കഷ്ടമെന്നിങ്ങിനെ
സേവകന്മാരും ജനനിയുമുണ്ണിക്കു
ദേവതാപീഡയെന്നോർത്തു ഗണികരെ[9]
കൂട്ടിച്ചുകൊണ്ടന്നു പ്രശ്നവും വയ്പിച്ചു
കേട്ടുവിചാരം തുടർന്നോരനന്തരം.
ദൈവജ്ഞനാമൊരു[10] വിദ്വാനുരചെയ്തു
വൈവശ്യ[11]മെന്തിനു രാജപുത്രാ വിഭോ!
മർത്ത്യരെപ്പോലെ മൃഗങ്ങളും മന്ത്രിക്കു-
മത്യന്തസങ്കടേ ശങ്കകൂടാതവർ.
ഗൂഢസ്ഥലങ്ങളിൽ തൻെറമനോരാജ്യ-
മൂഢപ്രഭാവം കഥിക്കും മൃഗങ്ങളും.
എന്നതു[12]കൊണ്ടു ഭയപ്പെടേണ്ടാ ഭവാൻ;
ഇന്നുതുടങ്ങി ജ്വരം ശമിക്കും ദൃഢം.

1. പുക്കാറം—ഖ, ഗ; ശുക്കാറം—ഘ, ഡ, ഫ. 2. കൂററിൽ—ഛ. 3 ശങ്കിച്ചു—ഖ, ഛ, ജ, പ. 4. യ്യൂ—ഖ; ച്ചടൻ—ജ, ഞ. 5. അകംപുക്കമെല്ലവേ—ഞ 6. സന്താപേ—ജ. 7. പറഞ്ഞ—ഖ. 8. തുയ്യം—ഞ. 9. ണകനെ—ഖ, ങ, ഛ, തരെ—ഠ. 10. യൊരുവിപ്രൻ—ഘ. 11. ഷമൃ—ഘ. 12. കേട്ടു—ഖ, ങ, ഛ, ജ.

തത്ത്വം ഗ്രഹിച്ചോരു[1]നേരം കുമാരനു
ചിത്തം തെളിഞ്ഞു പനിയും ശമിച്ചിതു.
അന്നേരമേ വന്നു കെട്ടഴിച്ചാ[2]ദരാ–
ലെന്നെയും മോചിച്ചയച്ചു നൃപാത്മജൻ.
അങ്ങിനെ ബാല്യകാലത്തും[3] നമുക്കൊരു
സംഗതിയുണ്ടായി ബദ്ധനായീടുവാൻ
അന്നങ്ങനത്ഭുതമായുള്ള[4] ബന്ധന–
മിന്നും നമുക്കു ഭവിച്ചു ഹിരണ്യക!
എന്നതുകൊണ്ടു പറഞ്ഞു ശരീരികൾ–
ക്കിന്നതേ വന്നു ഭവി[5]ക്കുമെന്നി[6]ല്ലെടോ!

## ബന്ധു എന്ന രണ്ടക്ഷരം

[7] ഇങ്ങിനെ തമ്മിൽപ്പറഞ്ഞിരിക്കുംവിധൌ
[8] തങ്ങടെ ബന്ധുവാം കൂർമ്മാധിരാജനും
ബന്ധുവൃത്താന്തം ഗ്രഹിപ്പാൻ പുറപ്പെട്ടു
ബന്ധനസ്ഥാനത്തു[9] വന്നിരിന്നീടിനാൻ.
അപ്പോൾ പറഞ്ഞു ഹിരണ്യകൻ, ഹന്ത! താ–
നിപ്പോളിവിടേക്കു വന്നതു നന്നല്ല.
കണ്ടകൻ വേടൻ വരുന്ന[10]നേരം ഞങ്ങൾ
മണ്ടിത്തിരിപ്പാൻ സമർത്ഥരല്ലോ സഖേ!

---

1. ച്ചതു—ഛ. 2. ച്ചെന്നെയുമാദരാൽ—ക. 3. ത്തു—ഖ. 5 ഭവം—ഛ.
5. പ്പവെ—ഗ, ഘ, ങ, ഫ. 6. ല്ലോ—ജ. 7. അ—ഖ, ഘ, ജ, പ.
8. തന്റെടെ—ങ. 9. ചെ—ഖ. 10. ന്നേരമേ—ഖ.

തോയത്തെവിട്ടു [1]കരയ്ക്കു സഞ്ചാരമി–
ത്തോയത്തിലുള്ള [2]ഭവാന്മാർക്കു സങ്കടം.
മന്ദസഞ്ചാരിയാകും ഭവാനെങ്ങാൻ
വന്നു [3]പിടിക്കയില്ലല്ലീ മഹാമതേ!
മന്ദരൻ [4]ചൊല്ലിനാനെന്തു ചെയ്യാമ[5]ത്ര
മന്ദഭാഗ്യത്വം നമു[6]ക്കും [7]വരുമെങ്കിൽ
വന്നതു വന്നു ഭവാന്മാരെ വേർപിരി–
ഞ്ഞങ്ങു വസിപ്പാനെളുതല്ലിനിക്കെടോ !
ബന്ധുക്കളോടു വേർപെട്ടാൽ മനസ്സുമ–
ങ്ങന്ധമായീടും വിഷാദമാമംബുധൗ
മജ്ജനംചെയ്യും മമത്വമേറീടുന്ന
സജ്ജനത്തിൻെറ സ്വഭാവമേവം സഖേ !
[8]എന്നു പറഞ്ഞങ്ങി[9]രിക്കുന്നനേരത്തു
വന്നു കൃതാന്തനെപ്പോലെ കിരാതനും.
അപ്പോൾ ഹിരണ്യൻ മൃഗത്തിൻെറ പാശവും
കെല്പോടു കണ്ടിച്ചു മണ്ടിത്തിരിച്ചിതു.
ചിത്രാംഗസാരംഗവും മഹാകാകനും
തത്ര നിന്നാശു ഗമിച്ചൊളിച്ചീടിനാർ.
മന്ദം നടക്കുന്ന മന്ദരകൂർമ്മത്തെ
വന്നു പിടിച്ചു [10]വനേചരൻ വേഗേന

1. കരയ്ക്കുള്ള സഞ്ചാരം —ഗ, ഡ. 2. വാനതു—ന. 3 എന്നെല്ലയല്ലീ സഖേ!—ഞ. 4. എന്തു ചെയ്യാവതു ഞാനഹോ—ഛ. 5. അതു—ഖ, ഗ, ഘ, ങ, ഡ; ഇഹ—ച. 6. ക്കു—ഗ, ഘ. 7. വരും ദൃഢം—ച. 8. ഇങ്ങനെ തമ്മിൽ പറഞ്ഞിരിക്കുന്നേരം—ഞ. 9. ക്കും ദശാന്തരേ—ജ. 10. വന—ഗ, ങ, ച, ഛ.

വില്ലിൻെറ ഞാണുകൊണ്ടാശു ബന്ധിച്ചൊരു
കല്ലിൻെറ പോട്ടിലുറപ്പിച്ചു[1] വച്ചവൻ[2].
മററൊരു ജന്തുവെച്ചെന്നു കൊന്നീടുവാൻ
മററൊരു ദിക്കിനു പോയോരനന്തരം
കാകൻ മൃഗം മൂഷികൻ മൂവരും തദാ
ശോകം മുഴുത്തു കരഞ്ഞു വിരഞ്ഞുടൻ
അന്തികേ വന്നൊരു നേരത്തു മന്ഥരൻ
യന്ത്രിതനായ്[3]ക്കിടന്നേവം[4] പറഞ്ഞിതു.
എന്തിനു കേഴുന്നു ബന്ധുക്കളേ! നിങ്ങ-
ളെന്തിങ്ങു സങ്കടം നിങ്ങൾ[5] ജീവിക്കവേ.
ബന്ധുവെന്നിങ്ങനെ രണ്ടക്ഷരം ജഗൽ-
ബന്ധുവാം ബ്രഹ്മാവു[6] കല്പിച്ചതല്ലയോ[7]?
പുത്രൻ, സഹോദരൻ, മാതാ[8], ജനകൻ; ക-
ളത്രവും ഭൃത്യനമാപത്സമാഗമേ
മിത്രങ്ങളെപ്പോലുപകരിക്കില്ലതു
തത്ര[9] തത്രോക്തം പുരാണസാരങ്ങളിൽ[10].
മിത്രൻെറ പുത്രനാം സുഗ്രീവവാനരൻ
മിത്രഭാവേന വത്തിക്കകൊണ്ടല്ലയോ
മിത്രവംശോദ്ഭവൻ ശ്രീരാമഭദ്രനും[11]
വൃത്രാരിവൈരിയാം രാത്രിഞ്ചരേന്ദ്രൻെറ

1. താഴെ—ജ; ചോട്ടിൽ—ഖ, ഛ, ഡ, ന. 2. വച്ചടൻ—ഗ, ഘ, ങ, ഡ, പ, ഫ; വച്ചിതു—ച. 3 യന്ത്രത്തിലേവം—ഛ. 4. ഉരചെയ്തു—ഖ. 5. ഞെ—ഗ. 6. സ്രഷ്ടാവു°—ഖ. 7. സൃഷ്ടി—ഗ, ഡ, പ. 8. മാതാവുതാതനും—ജ. 9. സത്യമതൊക്കെ—ഖ; അത്ര സത്യോക്തം—ഗ, ജ. 10. കാവ്യ—ഘ, ന, ഫ. 11. ചന്ദ്രനും—ഖ, ഗ, ങ, ച. ൦.

വക്ത്രങ്ങൾ പത്തും[1] ശരംകൊണ്ടു ഖണ്ഡിച്ചു
ധാത്രീതലംതന്നിലിട്ടുരുട്ടിത്തദാ
പത്രികൾക്കാഹാരമാക്കിച്ചമച്ചു[2] ജ-
ഗത്ത്രയത്രാണവും[3] ചെയ്തിതു രാഘവൻ.
എന്നതുകൊണ്ടു സുഹൃല്ലാഭമിങ്ങിനെ
വന്നതുകൊണ്ടു നമുക്കും[4] വിപത്തിനു
സംഗതിയില്ലെന്നു[5] സന്ദേഹമില്ലെടോ[6]!
മംഗലം തന്നെ ഭവിക്കും ക്രമേണ മേ.
അത്രാന്തരേ[7] ഹിരണ്യാഖ്യനാം മൂഷികൻ
ചിത്രാംഗവായസന്മാരോടു ചൊല്ലിനാൻ.
ചിത്രാംഗസാരംഗവീരാ! ഭവാൻ ചെന്നു[8]
മിത്രസംരക്ഷണം[9] ചെയ്വാൻ സരസ്സിടേ[10]
ചത്തപോലേ കിടന്നീടണമന്നേര-
മെത്തുന്ന വേടനെച്ചെണ്ടു കൊട്ടിക്കണം.
കാകൻ[11] ഭവാനും മൃഗത്തിന്റെ മേലിരു-
ന്നാകുലംക്കൂടാതെ[12] കൊക്കിൻ മുന[13]കൊണ്ടു
കൊത്തുന്നപോലെ നടിക്കേണമന്നേര-[14]
മത്യന്തമൂഢനാം വേടൻ മൃഗമിതു
ചത്തുവെന്നോർത്തു[15] കൃതാൎത്ഥനായ്വന്നിട്ടും[16]
അജ്ഞാനബുദ്ധികൾക്കുണ്ടോ വിവേകവും.

---

1. ഭേദിച്ചു—ഞ. 2. ച്ചീമ്മ—ജ. 3. ചെയ്തു രഘുവരൻ—ച. 4. ക്കു—ഗ. 5, സംശയം—ഖ, ഗ, ച, ഛ, ങ, ഡ, പ. 6. ല്ലീഹ—ഖ, ഗ, ങ, ഛ, ഡ, ഫ; ല്ലഉ—പ. 7. ത—ഖ, ച, ഛ, ഞ. 8. ഇന്നു—പ. 9. മിത്രംസംരക്ഷണം—ഛ. 10. ഭവാൻ ചെന്നു—ട. 11 കാക!—ഖ. 12. എന്നിയേ—ഞ. 13. ചുണ്ടിൻ—ജ. 14. കാട്ടീടണം—ജ. 15. തെന്നോ—ജ. 16. നിന്നിട്ടം—ഘ; വേഗേന—ഞ. 17. ഉത്ഥാന്—ഘ, ഡ, ന, പ.

കാണിനേരംകൊണ്ടു ക്രമ്മത്തെ ബന്ധിച്ചു
ഞാണും[1] കടിച്ചുവേധിക്കുന്നതുണ്ടു[2] ഞാൻ.
മന്ദരൻ[3] വാപിയിൽ ചാടിമുങ്ങും[4] ദ്രുതം[5]
മന്ദനാം വേടൻ ഗ്രഹിക്കയുമില്ലെടോ[6].

ഉള്ളിൽ പ്രസാദേന മാനിനെക്കെട്ടുവാൻ
വള്ളിയും കണ്ടിച്ചുകൊണ്ടു വനചരൻ[7]
വന്നടുക്കുംമുമ്പേ[8] നാമങ്ങു മൂവരും
മന്ദേതരം[9]മാറി മണ്ടിത്തിരിക്കണം[10].

ഇത്ഥം പറഞ്ഞവരപ്രകാരംതന്നെ
സിദ്ധമായ്[11] വന്നിതു സിദ്ധാന്തമൊക്കവേ.
† ആയതു നേരത്തു വന്നു[12] വേടൻ മൃഗം
* ചത്തുപോയെന്നു നിനച്ചു[13] സന്തുഷ്ടവാൻ.

ആയതമായുള്ള വള്ളികൾകൊണ്ടു ഞാൻ
കായമശേഷം പിരിഞ്ഞു[14] മൃഗത്തിനെ

കെട്ടിയെടുത്തങ്ങു കൊണ്ടുപോവേനെന്നു
യഷ്ടി[15]ക്കുറെച്ചു പുറപ്പെട്ടു കാനനേ.

കെട്ടിപ്പിണഞ്ഞു കിടക്കുന്ന വള്ളികൾ
വെട്ടിച്ചിതം വരുത്തിത്തുടങ്ങീടിനാൻ.

---

1. ഞാണു—ഡ. 2. ഖണ്ഡിക്കുന്നതു—ഖ, ഘ, ഛ, ഞ, ഡ, ന. 3. രം—ച. 4. മണ്ടും—ച. 5. ധൃതം—ഡ. 6. ല്ലകേൾ—ഞ. 7. വനേ—ഫ. 8. നൃ—ഛ. 9. മണ്ടിമാറി—ഖ. 10. ക്കയും—ഖ, ഡ. 11. മാക്കീടിനാൻ കാര്യങ്ങൾ—ജ, ഞ, ഠ. 12. വേടൻ മൃഗമിതു—ഞ. 13. വെന്നോർത്തു—ഞ. 14. വി—ഖ; വ—ജ, ഞ. 15. ബുദ്ധിയുറെച്ചു—ഠ; അഷ്ടിക്കു—ഖ.

† 689—698 വരെ വരികൾ ഘ, ച, ഛ. എന്നീ പാഠങ്ങളിലില്ല.

* മായമെന്യേ ചത്തുപോയെന്നുറച്ചവൻ—ഖ.

സാരസ്യമുള്ളോരു[1] കാകനുമാഖുവും
സാരംഗധീരനും[2] മൂന്നു പേരും മുദാ
മന്ദേതരം മണ്ടിയോടി[3]ഗ്ഗമിച്ചിതു
മന്ദരം[4] ക്രൂർമ്മവും വാപീജലം തന്നിൽ
മുങ്ങിത്തിരിച്ചങ്ങു ബന്ധുക്കൾ മൂവരും
സംഗിച്ചിരിക്കുന്ന[5] സങ്കേതഭൂമിയിൽ
ചെന്നങ്ങു കൂടി സുഖിച്ചു ഗമിച്ചാശു
തന്നുടെ ദിക്കിനെ പ്രാപിച്ചു മേവിനാൻ.
ഒന്നും ലഭിക്കാതെ കുണ്ഠിതവും[6] പൂണ്ടു[7]
ചെന്നു ഗൃഹംപുക്കു മൂഢനാം വേടനും.
മന്ദരൻ കാകൻ മൃഗവും ഹിരണ്യനും
മന്ദിരം പ്രാപിച്ചു മന്ദേതരോത്സവം.
നാലു പേരുംകൂടി മേളിച്ചു[8] ലാളിച്ചു
ലീലാവിലാസേന വാണു യഥാസുഖം.
ഇത്ഥം സുഹൃല്ലാഭമെന്നുള്ള തന്ത്രവും
സിദ്ധം[9] സമസ്തസിദ്ധിപ്രദം മംഗലം.

ഇതി സുഹൃല്ലാഭോ നാമ ദ്വിതീയതന്ത്രം

സമാപ്തം.

---

1. ത—ഖ, ഞ. 2. വീ—ഛ, ജ, ഠ. 3. തിരി—ണ. 4. ര—ജ, ഠ. 5. ച്ചമെവുന്ന—ഞ. 6. ഞ്ഞു—ഖ. 7. തംപൂണ്ടു—ഖ, ഘ, ങ; തനായിട്ടു—ഛ. 8. ലാളിച്ചുമേളിച്ചു—ഖ; ഒരുമിച്ചു—പ 9. സിദ്ധം സമസ്തം സമാപ്തം ശുഭം ശുഭം—ഖ, ഛ, ഠ, ഡ; സിദ്ധം സമാപ്തം ശുഭം ശുഭം മംഗലം—ഘ, ച, പ.

## III

# സന്ധിവിഗ്രഹം

### തദ്വിധന്മാരെ ചെററം വിശ്വസിക്കരുതു്

† അംബരാപഗാപുരേ വാണരുളീടും ദേവ-
[1]നംബുജവിലോചനൻ പാർത്ഥസാരഥി കൃഷ്ണൻ.
[2]അംബരാലയന്മാരാലെപ്പൊഴുമാരാധിതൻ
ശംബരാന്തകപ്രിയൻ [3]ശാശ്വതൻ സദാനന്ദൻ.
[4]കമ്പവും [5]പ്രമോദവുമനഘം ധരിക്കുന്ന
ബിംബവിഗ്രഹ[6]പ്രതിബിംബിതൻ [7]ബ്രഹ്മാത്മകൻ
അംബുദാവലിരുചിശ്യാമളൻ സദാ സമാ-
ലംബനം മമ സ്വാമി ദേവനാം നാരായണൻ.
ശ്രീപതേ ജഗൽപതേ ഗോപകാമിനീപതേ!
ഗോപതേ മഹാകൃപാവാരിധേ നമോസ്തു തേ.
ശോഭതേ ഭവാനെന്റെ മാനസേ [8]സദാ വിഭോ!
രൂപ[9]ധേയമോർത്തുഞാനെപ്പൊഴും കൈകൂപ്പുന്നേൻ.
അന്തികേ വരികെടോ, ശാരികേ! മൂന്നാം തന്ത്രം
* [10]സന്ധിവിഗ്രഹമെന്നു ചൊന്നതു കഥിക്ക നീ
സോമശർമ്മാഖ്യദ്വിജൻ [11]ഭൂപാലാത്മജന്മാരെ
സാമ[12]പൂർവ്വമാം നയം ബോധിപ്പിച്ചുരചെയ്തു.

---

1. ജായതേക്ഷണൻ—ജ, ഞ. 2. ശ്രയന്മാരിലെത്രയും—ച; ധീപ—ങ. 3. ശാശ്വതാനന്ദാത്മകൻ—ഛ; ശാശ്വതൻ സനാതനൻ—ച; ശാശ്വതൻ ഷഡാനനൻ—ജ. 4 കമ്പവും—ഗ. 5. പ്രതോദവും—ങ, ച, ജ, ഡ. 6. പ്രീതി—ച. 7. ബ്രഹ്മാകരൻ—ഛ; ബ്രമാകരൻ—ജ. 8. സദാപി തേ—ക. 9. തേയം—ഗ. 10. സന്തതം സുഖകരമിന്നു നീ കഥിച്ചാലും—ഗ, ങ. 11. ഭൂമിപ—ഖ, ച, ഛ. 12. പൂർവ്വകം—ച.

† ഠ. പാഠത്തിൽ 14, 15, 16. എന്നീ വരികളും ഗ, ങ എന്നീ പാഠങ്ങളിൽ 15, 16 എന്നീ വരികളും ഇല്ല.

* 1—12 വരെ വരികൾ 'ഖ' പാഠത്തിലില്ല.

സന്ധിവിഗ്രഹമാകും തന്ത്രത്തിലാദ്യശ്ലോകേ[1]
ബന്ധിതച്ചാരത്ഥം കേട്ടുകൊൾകെടോ ബാലന്മാരേ!
മുന്നമേതന്നെ മഹാശത്രുവാം ജനം വന്നു
തന്നുടെ സുഹൃദ്ഭാവം പൂണ്ടു മേവുന്നാകിലും,[2]
തദപിധന്മാരെ ചെറ്റും വിശ്വസിക്കരുതെന്നു
തന്ത്ര[3]വേദികൾ പറഞ്ഞീടുന്നു ശിഷ്യരേ!
കാകന്മാർ മുന്നമുലൂകങ്ങടെ വാസസ്ഥാന-
മാകവേ ദഹിപ്പിച്ചു[4]ഭസ്മമാക്കിനാരല്ലോ.
തൽപ്രകാരത്തെക്കേൾപ്പാനിച്ഛിച്ചു കുമാരന്മാർ;
വിപ്രസത്തമനരുൾചെയ്തിതു വഴിപോലെ.

പണ്ടൊരു മഹാവനം തന്നിലങ്ങൊരുദിക്കിൽ
ഉണ്ടൊരു വടവൃക്ഷ[5]മെത്രയുമത്യുത്തമം.
കൊണ്ടലിൻ[6] നിറം പോലെ നീലമാം[7] പത്രാവലി-
കൊണ്ടഹോ[8] മുഴുത്തൊരു[9] കൊമ്പുകൾ കനംകൊണ്ടു
താണുപോമെന്നുള്ളൊരു ശങ്കകൊണ്ടെന്നു തോന്നും
തൂണു[10]പോൽച്ചുഴലവും വേടുകൾ[11] നിലത്തൂന്നി
കാട്ടുകൾക്കൊരു[12] പുരകെട്ടിയപോലെ നാലു[13]
കോട്ടുകളെല്ലാം[14] മൂടിക്കൊണ്ടഹോ[15] നിന്നീടുന്നു

---

1. കം—ച, ജ. 2. മേവീടും കാലം—ജ. 3. ത്ഥ—ഗ, ങ; ത്ത—ച. 4 യാ—ച. 5. മഹത്തരം—ക; മഹോത്തരം—ച. 6. കൊണ്ടൽതൻ—ക; കാർകൊണ്ടൽ—ഘ, ഛ, ഡ, ച. 7. യാം—ക, ഖ. 8. ണ്ടുടൻ—ഗ, ഘ, ങ, ച, ച. 9. കനത്തൊരു—ച. 10. തൂണുകൾ—ഛ, ഢ; കൂണുകൾ—ച. 11. വേങ്കകൾ—ഖ, ഘ, ഠ, ച; വേട്ടുകൾ—ക 12. ഓരോ—ഖ; ങ. 13. ലും—ച. 14. കെട്ടുകളെല്ലാം—ച; ളെക്കെ—ഖ. 15. മേവീ—ഞ.

* കൂടുകൾ [1]കെട്ടിപ്പക്ഷിക്കൂട്ടങ്ങൾ [2]ചുററും മഹാ-
കോടരങ്ങളിൽ [3]നിറഞ്ഞെപ്പൊഴും [4]പാർത്തീടുന്നു.
[5]പോടുകൾ തന്നിൽ ബഹുസർപ്പങ്ങൾ തങ്ങൾക്കുള്ള
വീടുകളാക്കിക്കൊണ്ടു [6]സന്തതം മേവീടുന്നു.
[7]മേഘമാർഗ്ഗത്തോളമങ്ങുയർന്ന പേരാലിന്മേൽ
മേഘവർണ്ണനെന്നൊരു [8]കാകലോകാധിനാഥൻ.
ആകുലം വിനാ ബഹുകാകസൈന്യങ്ങളോടും[9]
[10]സാകമധ്വാംക്ഷശ്രേഷ്ഠൻ [11]സ്വൈരമായ് വാണീടുന്നു.
[12]ചാരുവാം പേരാൽമരംതന്നിൽനിന്നരക്കാതം
ദൂരവേയൊരുമഹാശ്വത്ഥപാദപംതന്നിൽ.
കൗശികാഖ്യങ്ങളാകും പക്ഷിവൃന്ദങ്ങൾക്കെല്ലാം
ഈശനാമാമർദ്ദനനെന്നു[13] പേരായുള്ളവൻ.
തത്ര മേവുന്ന [14]ബഹു[15]മൂങ്ങാക്കൂട്ടങ്ങളോടേ
രാത്രിയിൽ കണ്ണുകാണ്മാൻ ദണ്ഡമില്ലവർകൾക്കു
വായസങ്ങൾക്കു രാത്രൗ കൺകൊണ്ടും[16] ഫലമില്ല
കൗശികങ്ങൾക്കു പകൽ കൺകൊണ്ടും ഫലം നാസ്തി[17].
രണ്ടു കൂട്ടരായവർ[18] തങ്ങളിൽ മഹാവൈരം
കണ്ടുവെന്നാകിലവരപ്പൊഴേ[19] കൊത്തിക്കൊല്ലും.

---

1. കുട്ടി—ക. 2. മറവം—ഖ. 3. കൈക്കെയ്യും—ജ; സന്തതം—ഞ. 4. മേവി—ഞ. 5 പൊട്ടുകൾ—ഖ. 6. വാണി—ഘ. 7. ഉവ്വ—ഗ, ങ. 8. നാക്കേശമന്നൻ—ക. 9. ടേ—ഗ, ഘ, ങ, ച. 10. സാകമാംഭോജ—ഘ, ത; ധ്വാന്ത—ച. 11. സുഖിച്ചു—ഗ, ഘ, ങ, ച, ഡ, പ, ഫ. 12. പാവനം—പ. 13. എന്നൊരുപേരമേവൻ—ഗ, ങ; എന്നൊരു പേരായവൻ—ഘ, ത, ഫ. 14. മഹാ—ച. 15. കൂമ—ഗ, ത. 16. ണ്ടു—ഖ. 17. ഇല്ല—ഘ, ങ, ച, ഡ, പ, ഫ. 18. ക്കാരവർ—ഗ, ഘ, ങ, ച, ജ, ഞ, ഡ. 19. കിൽ തമ്മിൽ—ഖ, ജ, ഠ.

* 35 മുതൽ 38 വരെ വരികൾ 'ച' പാഠത്തിൽ ഇല്ല.

* തങ്ങളിൽ കണ്ടെത്തുവാൻ സംഗതി വരായ്കയാൽ
അങ്ങിനെ[1] ജീവിക്കുന്നു രണ്ടു കൂട്ടക്കാരരും.
ഏകദാ രജനിയിൽ വീര്യവാനാമർദ്ദനൻ[2]
കാകവൃന്ദത്തെക്കുലചെയ്യതിന്നൊരുമ്പെട്ടു
തൽക്ഷണം ലക്ഷം[3] മൂങ്ങാക്കൂട്ടത്തെക്കൂട്ടിദ്ദുപ്പുരാൽ
† വൃക്ഷത്തെ പ്രവേശിച്ചു വളഞ്ഞു ചുഴലവും
കണ്ണുകാണാതുള്ളൊരു കാകവൃന്ദത്തെക്കൊത്തി
ഖണ്ഡിച്ചു[4] കുലചെയ്തു ചണ്ഡമാം കോപത്തോടേ.
മേഘവർണ്ണനും തന്റെ മന്ത്രിവീരന്മാരാകും
കാകന്മാരഞ്ചുപേരുമേതാനും പ്രജകളും
പെട്ടെന്നു[5] ഭയപ്പെട്ടു മററൊരു മരം ചെന്നു[6]
പററി നിന്നൊരുവണ്ണം ചാകാതെ ശേഷിച്ചിതു[7].
പിറേറന്നാൾ പുലർകാലേ വന്നിങ്ങു വടമേറി[8]
ചുററുമങ്ങിരുന്നവർ[9] കാര്യത്തെ[10] വിചാരിച്ചു
അഞ്ചുപേർ സുരൂപികൾ[11] മന്ത്രിമാർ[12] മനക്കാമ്പിൽ
ചഞ്ചലം കൂടാതവർ സ്വാമിയെ പ്രണമിച്ചു
ഏകനങ്ങുദ്ദീപിതൻ[13] രണ്ടാമൻ സന്ദീപിതൻ[14]
മൂന്നാമൻ പ്രോദ്ദീപിതൻ[15] നാലാമനാദീപിതൻ[16]

---

1. അങ്ങനെ ജീവിച്ചിരിക്കുന്നിതുകൂട്ടക്കാരും—ഖ. 2. അമർദ്ദനൻ—ഖ; ആമർദ്ദനൻ—ഗ. 3. ഒരു ലക്ഷം മൂങ്ങകളും പേരാലാകും—ഗ; മൂങ്ങക്കൂട്ടങ്ങൾ പേരാലാകും—ഘ, ഫ; കൂട്ടങ്ങളോടു—ഖ; മൂന്നുലക്ഷം—ച. 4. വധിച്ചിതു—ഗ, ഘ, ങ, ത. 5. തെറെറന്നു—ഖ, ഗ, ഘ, ങ, ഡ, പ. 6. ചെന്നു—ഗ. 7. ജീവിച്ചിതു—ക. 8. പേരാലുമ്മേൽ—ക. 9. ന്നടൻ—ഗ, ഘ, ങ, ച, ത, പ. 10. ങ്ങൾ—ഗ, ഘ, ച, ഢ, ത, പ. 11. സ്വരൂ—ഗ, ങ, ച. 12. കൾ—ഘ, ങ, ച. 13. ഒന്നാമനുദ്ദീപകൻ—ഗ, ങ. 14. ദീപകൻ—ഖ, ഗ; സദീ—ച; ഉദ്ദീപകൻ—ഖ. 15. പ്രദീപകൻ—ഖ, പ, ഗ, ങ; പ്രദീപിതൻ—ഘ, ഡ, ത, പ, ഫ; പ്രദോപിതൻ—ജ. 16. ആദീപകൻ—ഖ, ഗ, ങ.

* രണ്ടു വരികൾ (53, 54) ങ പാഠത്തിലില്ല.

† 58 മുതൽ 126 വരെ വരികൾ 'ഠ' പാഠത്തിലില്ല.

അഞ്ചാമൻ ചിരഞ്ജീവി ഇങ്ങിനെ സചിവന്മാർ
അഞ്ചുപേർ സമർത്ഥന്മാരെല്ലാരു[1]മിരിക്കുമ്പോൾ
ആരെയും[2] ഭേദം കൂടാതാസ്ഥയാ മേഘവർണ്ണൻ
ധീരത പൂണ്ടു[3] പറഞ്ഞീടിനാൻ മനോഗതം[4][5]
മന്ത്രിവീരന്മാരാകും നിങ്ങടെ നിഗ്രുഢമാം
മന്ത്രശക്തികൊണ്ടല്ലോ നമ്മുടെ രാജ്യങ്ങളിൽ
സ്ഥാനവും മാനങ്ങളും അങ്കവും[6] ചുങ്കങ്ങളും
ഊനമെന്നിയേ വർദ്ധിച്ചിങ്ങിനെ ചെന്നീടുന്നു[7].
ഇക്കാലം ശത്രുക്കൾ വന്നിങ്ങിനെ ബഹുതരം[8]
ധിക്കാരം പ്രവർത്തിച്ചു[9] നിഗ്രഹമേററം ചെയ്തു.
വന്നതു വന്നു ഇനി മേല്പട്ടു[10] വരാ ദുഃഖം
വന്നു പോകാതെ വൈരിനിഗ്രഹം ചെയ്തീടുവാൻ[11]
എന്തൊരു[12] വഴി നമുക്കുത്തമ[13]മെന്നുള്ളതു
ചിന്തിച്ചു പറഞ്ഞാലും[14] മന്ത്രിപുംഗവന്മാരേ !
എന്നതു കേട്ടു പറഞ്ഞീടിനാനുദ്ദീപക[15]-
നെന്നുടെ മതമുള്ളിൽ തോന്നിയതുണർത്തിക്കാം.
ഉഗ്രവിക്രമന്മാരാം[16] ശത്രുക്കൾ വന്നു നേർത്താൽ[17]
വിഗ്രഹം[18]ചെയ്തു ജയിച്ചീടുവാൻ[19] പരാധീനം.

---

1. സചിവന്മാർ—ഘ. 2. [illegible]—ച. 3. യോടേ—ഖ, ഗ, ഘ, ങ, ച, ഛ, ഡ, ത, ച. 4. മഹാരാജൻ—ഘ, ച, ഡ, ത, ച. 5. രഥം—ഗ, ങ. 6. കല്പനം—ച. 7. ചേർന്നീ—ഖ, ച. 8. ബാധം—ച, ഞ. 9 പ്രയോഗിച്ചു—ഛ. 10. പരിഭവം—ഖ, ഗ, ങ, ജ; പരാഭവം—ഘ, ഡ, ത; വല്ലുമെന്നും—ച. 11. പൊളുകൊൾവാൻ—ഖ. 12. എന്തിനി നല്ലൂ—ഖ; എന്തഹോ—ഗ, ഡ, ത. 13. എന്നതു മനക്കാമ്പിൽ—ഖ. 14. യണം—ഗ, ഘ, ങ, ഡ, ച, ഫ. 15. ചിതൻ—ഖ, ഗ, ങ. 16. വിഗ്രഹ—ച. 17. [illegible]—ച. 18. നിഗ്രഹം—ഖ, ജ. 19. ദുഃഖ—ഘ, ച, ഛ, ഞ.

മറെറാരു ദിക്കിൽ[1] മാറി പാർക്കയെന്നതും[2] കൊള്ളാം,
മറെറാരു ബലവാനെ[3]ദ്ദസ്സേവ ചെയ്കയും കൊള്ളാം.
വന്നുപദ്രവിക്കുന്ന വൈരിയെത്തന്നെ വെക്കം[4]
ചെന്നങ്ങു[5] സമാശ്രയം ചെയ്കയെന്നതും[6] കൊള്ളാം.
ഇങ്ങിനെ മൂന്നു നയം[7] ദുർബ്ബലന്മാർക്കു യോഗ്യം
തിങ്ങിന ബലമുള്ള വൈരികൾ വരുന്നേരം.
ചൊല്ലിനാൻ സന്ദീപകനിദ്ദേഹം[8] പറഞ്ഞതു
നല്ലൊരു നയത്രയ[9]മെങ്കിലും ചിതം വരാ.
തന്നുടെ രാജ്യം വെടിഞ്ഞന്യദിക്കിനുപോകും[10]
മന്നവന്മാരും[11] പിന്നെ ശ്വാക്കളുമൊരുപോലെ.
നാട്ടിലിങ്ങിരിക്കുമ്പോൾ[12] നല്ലവൻതാനും മറു-
നാട്ടിലായ് വരുന്നേരമെല്ലാർക്കും പരിഹാസം.
കൈക്കലുള്ളതു വിറ[13]റു തിന്നൊക്കെ വകയാക്കി
ദുർഘടസ്ഥലങ്ങളിൽ[14] ദുഃഖിച്ചു തനിക്കൊരു
ചെക്കനുംകൂടെ ചൊൽകീഴില്ലാതെ വരും[15] ക്രമാൽ
അക്കണക്കാകും[16] നാടുവിട്ടുപോകുന്ന നൃപൻ.
കട്ടിലും[17] വിട്ടു കലഹിക്കുന്ന പുരുഷനെ
കെട്ടിയപെണ്ണുംകൂടെ പെട്ടെന്നു വെടിഞ്ഞീടും.

---

1. ഝാങ്ങി—ഗ, ഘ, ങ, ഡ, ത. 2. തേ—ഛ. 3. ചെയ്യാലും—ഘ, ഛ. 4. ശീഘ്രം—ഖ, ഗ, ങ, ച. 5. ചെന്നുടൻ—ഗ, ഘ, ങ, ച, ഛ, ഡ, ത. 6. നാലും—ഖ. 7. ബലം—ച. 8. ചിതൻ—ക; ഇങ്ങിനെ ഉദ്ദീപിതൻ—ച. 9. നീതിമാർഗ്ഗം—ഖ; നല്ലൊരുനയത്രൂപമെങ്കിലും ചിതം വരാ—ച. 10. തൃജിച്ചു —ഗ, ഘ, ങ, ച, ഛ, ഡ. 11. മനുഷ്യന്മാർക്കും—ഞ. 12. ല—ഗ. 13. ന്നെല്ലാം —ഗ, ഘ, ങ, ഛ, ഡ, ത, ച. 14. സ്ഥാന—ഗ, ഛ, ജ. 15. തായ്—ഖ, ഗ, ങ, ഛ. 16. ക്കൊക്കും—ഘ. 17. കാട്ടിലായിട്ടും—ഗ, ങ.

തന്നുടെ പ്രജകളും രാജ്യവും നഗരവു-
മെന്നുള്ള [1]പദാർത്ഥങ്ങളൊന്നുമേ [2]ചിന്തിക്കാതെ
മാററാനെക്കണ്ടപ്പോഴേ മണ്ടിയ[3]ങ്ങൊളിച്ചഹോ
മറെറാരു ദിക്കിൽപ്പോകും മന്നവന്മാർക്കു പിന്നെ
[4]തന്നുടെ നാട്ടിൽ വന്നു വസിപ്പാൻ [5]താനുള്ളന്നു
സംഗതി [6]വരികയില്ലെന്നതും ബോധിക്കേണം.
എന്നതുകൊണ്ടു രാജ്യം വിട്ടു[7]പോകരുതെന്നു
[8]നമ്മുടെ പക്ഷമെന്നു പറഞ്ഞു [9]സന്ദീപകൻ.
ഉക്തവാൻ [10]പ്രോദ്ദീപകൻ നമ്മുടെ പക്ഷം പിന്നെ
[11]ശക്തിമാനായുള്ളൊരു ശത്രുവന്നെതൃക്കുമ്പോൾ
വാഴ്ത്തും ചൊല്ലും പോലെ കേട്ടുകൊണ്ടദ്ദേഹത്തെ
[12]സംശ്രയിച്ചിട്ടും തന്റെ രാജ്യത്തെ രക്ഷിക്കേണം.
ബാലരും വൃദ്ധന്മാരും സ്ത്രീകളും [13]ദീനന്മാരും
കാലിനു [14]മുടവുള്ളോർ കണ്ണു[15]കാണാതുള്ളോരും
ഇങ്ങിനെ ബഹുവിധം രാജ്യവാസികളെല്ലാം
എങ്ങിനെ പൊറുക്കുന്നു മന്നവൻ മണ്ടിപ്പോയാൽ.
ആയതു വിചാരിക്കാതോടുന്ന [16]നൃപൻ ദൂരെ-
പ്പോയെന്നാ[17]ലെങ്ങും പിന്നെപ്പൊറുക്കയില്ലാ ദൃഢം.
നാട്ടിലെ [18]പ്രജകൾക്കു തങ്ങളെ [19]ദണ്ഡിച്ചിങ്ങു
കൂട്ടിച്ചുകൊണ്ടു[20]പോരാനുത്സാഹമുണ്ടാകില്ല.

---

1. പരമാർത്ഥ—ഖ. 2. ഗ്രഹി—ജ. 3. ച്ചുടൻ—ഗ, ഘ, ങ, ച, ഛ, ഡ, ത, പ. 4. ങ്ങ—ഖ, ഗ, ങ, ഫ. 5. ഉം—ങ. 6. തോ—ഛ. 7. ന്നേ—ങ. 8. എന്നുടെ—ഖ, ഗ, ഘ, ങ, ഡ, ത. 9. പിതൻ—ക. 10. ദ്ദീപിതൻ—ങ. 11. ക്തന്മാരാ—ഘ. 12. ആശ്രയിച്ചിട്ടും—ഗ, ങ, പ. 13. ക്കാരും—ച. 14. ക്ക—ഖ, ഗ, ഘ, ങ, ച, ഛ, പ. 15. ള്ളവർ—ഖ, ഗ, ഘ, ങ, ജ, ഡ. 16. ന്മാരെ—ച. 17. അങ്ങു—ഛ. 18. കളും—ച. 19. ച്ചിച്ചു—ഗ. 20. വരാൻ—ഖ, ഘ, ഛ.

[1]വിശ്രുതന്മാരായുള്ള ഭൂപാലന്മാരെച്ചെന്ന-
ങ്ങാശ്രയിച്ചതുകൊണ്ടു ഹാനിയും വരാനില്ല.
പുംഗവധ്വജൻ തന്റെ ചെഞ്ചിടാഭാരംതന്നിൽ
തുംഗസൗഭാ[2]ഗ്യത്തോടേ വാണരുളീടുന്നൊരു
ഗംഗയും താനേ ചെന്നു സാദരം സമുദ്രത്തെ-
[3]സ്സംഗിച്ചു സേവിച്ചീടുന്നില്ലയോ കാകേശ്വരാ !
സ്വാമിയെ ക്രു[4]പ്പിപ്പുറഞ്ഞീടിനാ[5]നാദീപിതൻ
[6]സാമദാനാദി നമുക്കൊട്ടുമേ മതമല്ല.
ചണ്ഡരാ[7]മുലൂകങ്ങളിജ്ജനങ്ങൾക്കു രാത്രൗ
കണ്ണുകാൺകയില്ലെന്നു കല്പിച്ചു [8]നിർമ്മര്യാദം
നമ്മെ[9]വന്നുപദ്രവം ചെയ്തതു ചിന്തിച്ചാലും
ദുർമ്മദന്മാരെ[10]ച്ചെന്നു സേവിപ്പാൻ ചിതമുണ്ടോ.
[11]അണ്ഡജാധമന്മാരാമക്കൂട്ടക്കാർക്കു പകൽ
[12]കണ്ണുകാൺകയില്ലെന്നു തമ്പുരാനോർ[13]ക്കുന്നില്ലേ.
കാകസംഘത്തെ യോഗം [14]തികച്ചു വേഗം [15]ചെന്ന-
ങ്ങാകവേ കൊത്തിക്കൊന്നു പോന്നുകൊള്ളരുതായോ ?
ഇങ്ങനെ നാലു മന്ത്രിപ്രൗഢന്മാരുടെ മതം
സംഗ്രഹിച്ചനന്തരം വായസാധീശൻ മുദാ
അർത്ഥശാസ്ത്രങ്ങളെല്ലാമഭ്യസിച്ചവററില്ല-
[16]ള്ളത്ഥത്തെ വെളിവാക്കിച്ചൊല്ലുവാൻ സമത്ഥനാം

---

1. വിക്രമ—ഛ. 2. ന്തന്നിൽ—ജ. 3. ഒന്നിച്ചു രമിച്ചീടുന്നില്ലഹോ——ച; ന്നീലയോ—ഖ. 4. തൊഴുതീടിനാൻ—ഖ. 5. പകൻ—ഖ, ഗ, ങ. 6. ഏതുമേ മത —ഞ, ണ; ചിത—ക. 7. കന്മാർ—ഖ, ഘ, ങ, ഛ, ഡ. 8. ദ്ദർ—ഗ. 9. ദ്രവിച്ചെന്നതു ചിന്തിച്ചാലോ—ജ; ച്ചാലി—ഗ. 10. ഉപാസിപ്പാൻ—ച. 11. അന്ധത—ജ. 12. കാണ്മായ്കയില്ലെന്നു—ഗ. 13. ന്നീലേ—ഗ, ങ. 14. പകൽ——ഗ, ഘ, ങ, ച, ഛ; തിരിച്ചു പകൽ—ഡ, ത. 15. ചെന്നാൽ—ഖ; പകൽ ചെന്നു—ച. 16 ത്ഥവും—ജ.

മന്ത്രിപുംഗവൻ ചിരഞ്ജീവിതൻ[1] മൎമ്മനാഗതം
മന്ത്രമെന്തെന്നു ചോദ്യം ചെയ്തപ്പോളവൻ ചൊന്നാൻ.
നാലുപേരമാത്യന്മാർ നന്ദിച്ചു[2] പറഞ്ഞതും
നാലുമാൎഗ്ഗമെന്നാലും[3] നന്നിതു വഴി നാലും.
എന്നതിൽ[4] വിശേഷിച്ചൊന്നുമങ്ങാട്ടു[5] ഗ്രഹിപ്പിപ്പാൻ
മന്ദനാമടിയന്നു[6] മാനസേ തോന്നുന്നില്ല.
എങ്കിലുമൊരുവിധം ശാസ്ത്രമങ്ങറിയിക്കാ-
മെന്നുടെ ഗുരിക്കന്മാർ കാണിച്ചു[7] വഴിയാലേ.
മന്ത്രഗോപനം[8] തൊളമാവശ്യം മററില്ലെന്നു[9]
മന്ത്രിപുംഗവന്മാരും സ്വാമിയും ബോധിക്കണം.
കുംഭങ്ങൾ പിളരുമ്പോളായതിന്നകത്തുള്ളോ-[10]
രംഭസ്സും[11] ചോർന്നു ചോർന്നു നാസ്തിയായ്വരുമല്ലോ.
കേവലം ചാർച്ചക്കാരെ ഗൂഢമായുള്ള മന്ത്രം
കേൾപ്പിച്ചു തുടങ്ങിയാൽ മന്ത്രഭംഗവും[12] വരും.
ചാർച്ചക്കാർ പലരുണ്ടാമായവർ കേൾക്കും, ചില
ചാർച്ചക്കാരവരുടെ വേഴ്ചക്കാരൊരു[13] കൂട്ടം.
ചേർച്ചക്കാരവർക്കുള്ള[14] ചാർച്ചക്കാരവരുടെ
വേഴ്ചക്കാരെന്നുവേണ്ട[15] കേട്ടുകേട്ടൊരുപോലെ[16]
ഗൂഢസംസാരം നാട്ടിലൊക്കവേ വെളിവായാൽ
കൂടലർകുലം ബലപ്പെട്ടുപോമതുമൂലം.[17]

---

1. തന്നുടെ മതം—ഛ. 2. ഒന്നിച്ചു—ക. 3. മേ നാലും—ക. 4. ഇ—ഗ. 5. ച്ചങ്ങൊന്നു ഞാൻ ബോധിപ്പിപ്പാൻ—ജ. 6. ന്നീല—ഗ, ങ. 7. അഭ്യസിപ്പിച്ചു വഴി—ഖ, ഗ, ഘ, ങ, ഡ. 8. തന്ത്ര—ഘ. 9. മറെറാന്നില്ല—ക; മററില്ലൊന്നും—ഞ. 10. ക്ക—ഖ, ഗ, ഘ, ങ, ത. 11. സ്സു—ഗ. 12. ഭേദം—ക. 13. കാരോ—ഗ; അന്മരൊക്കെ—ഘ. 14. അവരുടെവേഴ്ചക്കാരെന്നു വേണ്ടാ—ഘ. 15. നാട്ടിലുള്ളവരൊക്കെ—ഘ. 16. കെട്ടുപെട്ടു°—ഛ; പാട്ടുപാടുന്നപോലെ പാരതിൽ പരന്നിടും—ഘ. 17. നേരം—ഘ.

സന്ധി വിഗ്രഹം യാനമാസനം ദ്വൈധീഭാവം
[1]സംശ്രയം നയങ്ങളിച്ചൊന്നതു നാലും രണ്ടും
[2]സാരമാംമന്ത്രത്തിനമംഗങ്ങളഞ്ചാകുന്നു
[3]കാര്യമാരംഭിപ്പാനുള്ളുപായം പ്രഥമാംഗം.
[4]വിത്തവും പുരുഷകാരങ്ങളും സമ്പാദിപ്പാ-
നുത്തമം വിചാരമെന്നുള്ളതു രണ്ടാമംഗം.
[5]ദേശകാലങ്ങൾ വിചാരിപ്പതു മൂന്നാമംഗം
നാശത്തിൻ പ്രതിക്രിയാചിന്തനം നാലാമംഗം
കാര്യസാദ്ധ്യത്തെക്കുറിച്ചുദ്യോഗമഞ്ചാമംഗം.
കാര്യസാരജ്ഞന്മാർ പണ്ടിങ്ങിനെ പറയുന്നു.
[6]സാമവും ദാനം ഭേദം ദണ്ഡവുമുപായങ്ങൾ
[7]സാമവായികന്മാർക്കു [8]സാദ്ധ്യങ്ങളിവയെല്ലാം.
ഉത്സാഹശക്തി പ്രഭുശക്തിയും മന്ത്രശക്തി
മൽസ്വാമി ഗ്രഹിക്കണമീദൃശം നീതിശാസ്ത്രം.
[9]സംഗരം ചെയ്യാനിപ്പോൾ സാമൎത്ഥ്യം നമുക്കില്ല
സംഗരത്തിനുള്ളൊരു കാലവും [10]വന്നില്ലിപ്പോൾ
[11]ആഹവം ചെയ്തില്ലെങ്കിൽ മൃത്യുനിശ്ചയമെന്നു-
മാഹവം ചെയ്താൽ മൃത്യുസംശയമെന്നും വരും.
[12]അങ്ങിനെയുള്ള ദിക്കൽ സംഗരം തന്നെവേണം,
ഇങ്ങിപ്പോളപ്രകാരമാവശ്യം [13]വന്നില്ലിപ്പോൾ.

---

1. സംശ്രയങ്ങളുമൽ നയം—ജ. 2. നയത്തിനു—ഘ. 3. ഉത്സാഹം—ഗ, ങ. 4. കരുതിപ്പാൻ—ച. 5. കാര്യ—ജ. 6 ഇവനാലും—ക. 7. സാമത്യോപായികന്മാൎക്ക—ഖ. 8. സാമ്യ—ക. 9. നൊട്ടം—ഞ. 10. വന്നീല—ഖ, ഗ, ച, ഛ. 11. ചെയ്തീലെന്നാൽ നിശ്ചയം മൃതിയെന്നും—ഗ, ഘ, ങ, ഞ, ത; ചെയ്തില്ലെന്നാൽ—ഖ, ച. 12. ഭേദങ്ങളു—ഖ, ഗ, ഘ, ങ, ഛ, ത. 13. ല്ലല്ലോ—ഖ, ഗ, ങ, ച, ഠ, ഡ, ത, ച.

നമ്മുടെ രിപുക്കളാം കൗശികന്മാർക്കുമിപ്പോൾ
നമ്മെക്കാൾ ബലവീര്യ[1]വിത്ത[2]സമ്പത്തു[3]മേറും.
എന്നതുകൊണ്ടു ബകോടത്തിന്റെ ധർമ്മംകൈക്കൊ-
ണ്ടൊന്നുമേ ഭാവിക്കാതെ നിന്നു[4]കൊണ്ടിനി ക്രമാൽ
സംഗതി വരുന്നേരം സിംഹധർമ്മത്തെപ്പൂണ്ടു
സംഗരേ രിപുക്കളെസ്സംഹരിക്കയും ചെയ്യാം.
വർദ്ധനം രിപുക്കൾക്കു തങ്ങൾക്കു ശക്തിക്ഷയം
ബുദ്ധികൊണ്ടിതുരണ്ടുമോർക്കാതെ പുറപ്പെട്ടു
യുദ്ധത്തിന്നൊരുമ്പെട്ടു[5] ചെല്ലുന്നോരവിവേകി
ഊർദ്ധ്വമായ്[6]മണ്ടിപ്പോരുമൂർദ്ധ്വദർശിയല്ലാഞ്ഞാൽ.
വൈരികൾ ദൂരസ്ഥന്മാരെങ്കിലുമവരുടെ
ഗൗരവം നിലപ്പിക്കു[7]മുൽക്കൃഷ്ടൻ മഹീപാലൻ.
എത്രയും നികൃഷ്ട[8]നായുള്ളവൻ സമീപത്തെ-
ശ്ശത്രുവെപ്പോലും ജയിച്ചീടുവാനാളല്ലല്ലോ.
* ദൂരവേ വന്നങ്ങുദിച്ചീടുന്ന ദിവാകരൻ
പാരിലെത്തിമിരങ്ങളൊക്കവേ നീക്കീടുന്നു.
അല്പമാം പ്രദീപത്തെക്കത്തിച്ചാലടുക്കയു-
ള്ളന്ധകാരവും നിഴൽ പിടിച്ചു നിൽക്കേ[9]യുള്ളൂ.
ശത്രുക്കളുടെ ശക്തി വർദ്ധിക്കും കാലം ധീരൻ
കുത്രചിൽ ക്ഷമിച്ചിരുന്നീടുക[10]തന്നെ നല്ലൂ.

1. വീൎയ്യം—ഗ. 2. അൎത്ഥ—ച. 3. ഉണ്ടു—ജ. 4. അനു—ഖ. 5. പുറപ്പെട്ടു—ക. 6. ഔദ്ധത്യം മാറുമെന്നല്ലൂൎദ്ധ്വമായ്മണ്ടിപ്പോരും—ഖ, ഗ, ങ, ജ, ഡ, ത. 7. ശമ—ഘ. 8. വികൃഷ്ട—ഖ, ജ, ഡ. 9. നിന്നീടുന്നു—ജ. 10. കെന്നതേ—ജ.

* നാലു വരികൾ (201—204) ഗ, ഘ, ങ, ച, ഛ. എന്നീ പാഠങ്ങളിലില്ല.

തത്ര വൈരികൾക്കെല്ലാം താഴ്ച കാണുമ്പോൾ തന്റെ
മിത്രസമ്പത്തും കൂട്ടിച്ചെന്നങ്ങു[1] നേർത്തീടണം.[2]
ധീരന്മാരായുള്ളോരു മേദിനീപാലന്മാർക്കു
ചാരന്മാർ കണ്ണാകുന്നു ദൂതന്മാർ വദനവും.
മന്ത്രമെന്നതു[3] ചട്ടം[4] ബുദ്ധിതാനസ്ത്രങ്ങളും[5]
മന്ത്രികളകമ്പടി കൂട്ടുവാൻ മാത്രം കൊള്ളാം.
ജൃംഭിച്ചു മേവും[6] രിപുസ്ത്രീയാകും[7] ഭുജംഗിയെ
സ്തംഭിപ്പിപ്പതിന്നൊരു മന്ത്രമാസ്ഥരും[8] മന്ത്രം.
അങ്ങിനെയുള്ള[9] മന്ത്രം ഛിദ്രിച്ചുപോയെന്നാകി-
ലെങ്ങുമേ നിലനില്പാൻ കെൽപ്പുമില്ലാതാസ്ഥരും.[10]
സ്വായത്തസിദ്ധി സചിവായത്തസിദ്ധിയെന്നും
നായകന്മാരങ്ങുഭയായത്തസിദ്ധിയെന്നും[11]
താൻതന്നെ കാര്യക്ലേശം ചെയ്യുന്നോനാദ്യൻ നൃപൻ
മന്ത്രിയെത്തന്നെ കല്പിച്ചയക്കുന്നോൻ[12] രണ്ടാം നൃപൻ.
താനുമസ്സചിവനും കൂടവേ വിചാരിച്ചു
സ്ഥാനങ്ങൾ നടത്തുന്ന മന്നവൻ മൂന്നാം നൃപൻ.
എന്നതിൽ[13] മൂന്നാം നൃപൻ നല്ലവൻ തന്റെ പാട്ടിൽ
തന്നുടെ സചിവന്മാർ നിൽക്കുമെന്നാകിൽ[14] ശുഭം.
മന്ത്രഗുപ്തിയും നമുക്കെത്രയും പാരം ഇഷ്ടം[15]
മന്ത്രിപുംഗവന്മാർക്കും മന്ത്രകൗശലം നാസ്തി.

---

1. ചേർന്നങ്ങു—ഖ. 2. ചേ—ഗ. 3. മിത്രം—ഘ 4. ചാപം—പ. 5. ബുദ്ധിയാം—ച; ബുദ്ധിമാൻ—ജ. 6. നിൽക്കും—ക. 7. സ്ത്രീയാകും—ഖ, ങ, ജ, ഠ. 8. മാംവരം—ജ. 9. ഇ—ച. 10 തെ—ഗ, ഘ, ങ, ച, ഡ, ത. 11. രെന്നു—ഖ. 12. ച്ചാക്കുന്നോൻ—ഖ. 13. മന്നവൻതന്റെ പാട്ടിൽ ഏതൊരു കാര്യത്തിനും—ഖ; നാട്ടിൽ—ഠ. 14. നറിഞ്ഞാലും—ജ. 15. കഷ്ടം—ഖ.

ദ്രവ്യവുമില്ല പുരുഷാരവും പാതി ചത്തു
ദ്രവ്യയം ക്രൂടാതിനി കോപ്പുകൾ ക്രൂട്ടാൻ മേലാ[1].
സന്ധിയെന്നതും പിന്നെ സാധിപ്പാൻ പരാധീനം
സന്തതം വർദ്ധിക്കുന്ന മത്സരംകൊണ്ടു പാരം
അന്ധരാമുലൂകന്മാർ[2] വൈരികളവർക്കിപ്പോ[3]-
ളന്തരംഗത്തിലൊരു ശാന്തത തെല്ലുമില്ല.
സന്ധിക്കു സംസാരിപ്പാനില്ലൊരു നേരം പാത്താ-
ലന്തിക്കു മുമ്പ കണ്ണുകാണാതാം[4] നമുക്കെല്ലാം
അക്കാര്യം പകൽ ചെന്നു സാധിപ്പാനതും ക്രൂടാ.
അക്രൂട്ടക്കാർക്കു പകൽ കണ്ണുകാൺകയില്ലല്ലോ.

മേഘവർണ്ണനം ചൊന്നാനെന്തൊരു ഹേതുകൊണ്ടു
കാകലോകവും[5] മുലൂകങ്ങളും തമ്മിൽ വൈരം
ഇങ്ങിനെ ദേവാസുരമെന്നതുപോലെ മുന്നം
സംഗതി വരാനതു[6] കേട്ടറിയുന്നോ ഭവാൻ.
മന്ദഹാസവും[7] പൂണ്ടു പറഞ്ഞു[8] ചിരഞ്ജീവി
മന്ദഭാഗ്യന്മാർ പക്ഷിക്രൂട്ടങ്ങളെന്നേവേണ്ടു.
വ്യാഘ്രചർമ്മത്തെക്കൊണ്ടു[9] കുപ്പായമിട്ടുകൊണ്ടു[10]
ശീഘ്രചാരിയാമൊരു[11] ഗർദ്ദഭം വേനൽക്കാലം[12]
സൗഖ്യമായ് സസ്യങ്ങളും ഭക്ഷിച്ചു നടക്കുമ്പോൾ
വാക്കിൻെറ[13] ദോഷംകൊണ്ടു തനിക്കു നാശം വന്നു.

---

1. വേല—ഘ, ഡ. 2. ന്മാർ—ഖ. 3. ഉള്ളിൽ—പ. 4. കാണാം പോൽ—ജ. 5. വൃന്ദവും—ഞ. 6. എന്നു—ഛ. 7. ചെയ്തു—ഠ. 8. ചൊല്ലിനാൻ—ഗ, ഘ, ങ, ഛ, ഡ, ത, പ. 9. ചൎമ്മംകൊണ്ടുള്ള—ഗ, ങ. 10. ഇട്ടും—ഗ. 11. ഗാമി—ഗ, ങ, ഡ. 12. ലേ—ഗ, ങ, ജ. 13. വാക്കുദോഷം—ഖ, ങ, ഛ, ഡ; വാക്കുദോഷത്തെ—ഫ,

മേഘവർണ്ണനമതു കേൾക്കണമെന്നു ചൊന്നാൻ[1]
കാകമന്ത്രീശൻ[2] ചിരഞ്ജീവിയുമുരചെയ്തു.

## വാഗ്ദോഷം കൊണ്ടു നാശം വന്നതു്

പണ്ടൊരു രജകന്റെ വസ്ത്രഭാണ്ഡവും പേറി[3]—
ക്കൊണ്ടൊരു കഴുതയുണ്ടങ്ങാടിത്തെരുവതിൽ[4]
കണ്ടങ്ങൾ തോറും ചെന്നു സസ്യങ്ങൾ[5] തിന്നുന്നേരം
കണ്ടവരെറിഞ്ഞങ്ങു[6] ദൂരവേ മണ്ടിക്കുന്നു[7].
തന്നുടെ കഴുതയ്ക്കു ഭക്ഷണമില്ലായ്കയാൽ[8]
തന്നുടെ ഭാണ്ഡം പേറാൻ ശക്തിയില്ലാതാമല്ലോ[9].
ഇത്തരം[10] വിചാരിച്ചങ്ങേകദാ രജകനും[11]
പുത്തനാം പുലിത്തോലുകൊണ്ടുവന്നതുകൊണ്ടു
ഗർദ്ദഭത്തിന്റെ[12] ദേഹമൊക്കവേ[13] മൂടിക്കെട്ടി
* തദ്ദിശി സസ്യം തിമ്മാൻ വിട്ടിതു രജനിയിൽ[14]
കണ്ടത്തിൽച്ചാടി സസ്യം ഭക്ഷിച്ചു തുടങ്ങിനാൻ
കണ്ടെത്തി പ്രഹരിപ്പാൻ വന്നിതു[15] കാവൽക്കാരും.
വ്യാഘ്രമെന്നോർത്തു പേടിച്ചോടിനാർ കഴുതയ്ക്കു—
ങ്ങാക്രമിപ്പാനും[16] പരാധീനമില്ലാതെ വന്നു.

---

1. ചൊല്ലി—ഗ, ഘ, ങ, ഡ. 2. മന്ത്രിതാൻ—ജ; ഏന്നതു കേട്ടു—ഠ. 3. ഏറി—ഛ. 4. എത്രയും മഹാബലൻ ഗ, ഘ, ങ, ച, ഛ, ഡ. 5. ധാന്യ—ങ, ഛ, ഡ, പ. 6. ഞാട്ടി—ഖ, ഗ, ഘ, ങ, ച, ഡ. 7 പായി—ച. 8. താ—പ. 9. ഇല്ലാതെയായാകും—ഗ, ഘ, ങ, ച, ഛ, ജ, ഡ, ത. 10. ഇത്ഥമെന്ന—ഘ, 11. ന്നണ്ണേജകൻ—ഖ, പ; രജകന്താൻ—ഗ, ഘ, ങ, ഡ. 12 ഗാത്രം—ങ, ഛ, ത, പ, ഡ. 13. ആകവേ—ഘ. 14. രജകനും—ജ, പ. 15. വരുന്ന—ഖ, ഗ, ങ, ഛ, ഡ. 16. ച്ചീടാൻ—ജ.

* 258-ാം വരി കഴിഞ്ഞു് 'അതൈ്രവ രജനീയിലോരോരോ മിക്കിൽച്ചെന്നു' എന്നു് 'ജ'യിൽ കൂടതൽ.

അങ്ങിനെ നാലുപത്തു[1] രാത്രികൾ കഴിഞ്ഞപ്പൊ-
ളങ്ങൊരു കാവൽക്കാരൻ കൗശലക്കാരൻ വീരൻ[2].
ചിത്രകംബളം[3]കൊണ്ടു തന്നുടെ ഗാത്രം[4] മൂടി
തത്ര ചെന്നിതു[5] വില്ലും ബാണവും[6] മറച്ചുടൻ[7]
ഗർദ്ദഭമതു കണ്ടു ഗർദ്ദഭസ്ത്രീയെന്നോർത്തു
ഗർജ്ജനം[8] ചെയ്തു മദനാർത്തനായ[9]ണഞ്ഞിതു.
ഗർജ്ജനം[10] വികൃതമായ്ക്കേട്ടപ്പോൾ കാവൽക്കാരൻ
ഗർദ്ദഭമിതെന്നറിഞ്ഞ[11]സ്ത്രത്തെ പ്രയോഗിച്ചു[12].
ശബ്ദദോഷത്താല[13]ഃഹാ ഗർദ്ദഭം ശരമേററു
ചത്തുവീണിതു ഭോഷ[14]നങ്ങിനെയവസാനം.
എന്നതുകൊണ്ടു ചൊന്നേൻ കാകകൗശികന്മാർക്കും[15]
തന്നുടെ[16] വാദദോഷം[17] കൊണ്ടുണ്ടായി മഹാവൈരം.
പക്ഷിജാതികളൊക്കെക്കൂടവേ വിചാരിച്ചു
രക്ഷിതാവൊരു യജമാനനെക്കൽപ്പിക്കണം.
പക്ഷിവർഗ്ഗത്തിൽ പട്ടവാകിയ[18] പുരുഷനെ
പക്ഷിരാജ്യാഭിഷേകം ചെയ്തിഹ[19] വാഴിക്കണം[20]
ഇത്ഥമങ്ങെല്ലാവരും കൂടവേ വിചാരിച്ചു
സ്നിഗ്ദ്ധമാമുലൂകത്തെക്കൊള്ളിക്കാമെന്നുറച്ചു[21][22]

---

1. എട്ടു—ഗ. 2. തദാ—ഖ, ഗ, ഘ, ങ, ച, ഛ, ഡ. 3. കമ്പിളി—ഘ, ഛ, ഡ, ഫ. 4. ദേഹം—ജ. 5 ചെന്നുടൻ—ഖ, ഘ, ഫ. 6. ശരവും—ഖ. 7. എടുത്തുടൻ—ഘ; ച്ചവൻ - ഛ, പ; എടുത്തപ്പോൾ—ജ. 8. ഗർദ്ദനം—ക; കർദ്ദനം—ഗ; കദ്ധനം—ങ. 9. അന്ധൻ—ച, പ. 10. ഗർദ്ദനം—ക; കർദ്ദനം—ഗ; കദ്ധനം—ങ. 11. ഉറച്ചു—ഗ, ഘ, ങ, ഡ. 12. ച്ചാൻ—ഖ, ഗ, ങ. 13. അങ്ങു—ഗ, ഘ, ഡ; ഇങ്ങ—ച; ഏവം—ഛ. 14. ദോഷം—ഛ. 15. ന്മാർക്ക—ഡ. 16. ങ്ങ—ഡ, ത. 17. വാക്കദോഷം—ച. 18. ന—ഘ, ഡ. 19. ചൈതാശു—ക. 20. വർത്തി—ഖ. 21. നം—ഖ, ഗ, ഘ, ജ, പ. 22. വന്നു—ച, ജ, ഡ.

[1]പക്ഷിപട്ടാഭിഷേകത്തിനുള്ള പദാൎത്ഥങ്ങൾ
[2]പക്ഷപാതികൾ ചെന്നു കൊണ്ടുവന്നു വട്ടംകൂട്ടി.
ഉത്തമൻ ചകോരവും വന്നിതു [3]തന്ത്രിദ്വിജൻ
സത്വരം കലശങ്ങൾ [4]ധൂളിച്ചു തുടങ്ങിനാൻ.
അന്നേരം [5]വന്നു [6]മഹാവൃദ്ധനാമൊരു കാകൻ
[7]സന്നാഹമിതുകണ്ടു ചോദിച്ചു സഭാന്തരേ.
എന്തൊരു ഭാവം [8]നിങ്ങൾക്കേവനെ പ്രഭുവാക്കാ-
നന്തരം വിനാ വട്ടം കൂട്ടുന്നു [9]ചൊല്ലീടുവിൻ.
[10]പക്ഷികളുരചെയ്തു [11]ഞങ്ങളിന്നുലൂകത്തെ-
[12]പ്പക്ഷിരാജാവായ്വെച്ചു [13]വാഴിപ്പാൻ തുടങ്ങുന്നു.
ചൊല്ലിനാൻ [14]വൃദ്ധധ്വാംക്ഷൻ നല്ലോരു നീതിമാൎഗ്ഗ-
മല്ലിതു ഭവാന്മാൎക്കെന്തിങ്ങിനെ [15]തോന്നുന്നിപ്പോൾ.
വംശശുദ്ധിയില്ലാത്ത കൗശികന്മാൎക്കു രാജ്യം
സംശയം കൂടാതഹോ കൊടുത്താൽ [16]ഗുണം [17]വരാ.
[18]ഏതൊരു പരമ്പരാബന്ധമിദ്ദിവാന്ധന്മാ-
[19]ൎക്കേതൊരു [20]സദാചാരമാചരിക്കുന്നോരിവർ
സൎവദാ [21]കോപംകൊണ്ടു [22]കറുത്ത ഭാവത്തോടേ
വൃക്ഷഗുഹകളിലൊളിച്ചു പകലെല്ലാം.

---

1. കൗം—ജ. 2. വാദി—പ 3. മന്ത്രി—ഖ. 4. പൂജിച്ചു—ഖ, ജ. 5. വന്നാനൊരു—ഖ, ജ. 6. മഹാ—ഖ, ജ, ഠ. 7 അതു—ജ. 8. ഇങ്ങനെ വലുതായിട്ടു—ഗ, ങ; ഇവനെ—ച, പ; ഏകനെ—ജ. 9. കഥിച്ചാലും—ഖ, ഗ, ഘ, ങ, ച, ഡ, ത, ഫ; വദിച്ചാലും—ഛ, പ, 10. ഉര ചെയ്താർ—ഖ. ഡ ൻ—ഗ, ങ, 11. കണ്ടു—ഘ, ഡ, ഫ. 12. ജനായ്—ഖ, ഗ, ഛ. 13. ഭാവിക്കുന്നു—ക. 14. ദ്വിജൻ—ഘ, ത. 15. തോന്നീടുവാൻ—ക. 16 സുഖം—ഖ. 17. ഇല്ല—ഗ, ഘ, ങ, ഛ, ഡ, ത. 18. എന്തൊരു—ഖ, ഘ, ങ, ഡ, പ. 19. എന്തൊരു—ഗ, ഘ, ങ, ച, ഛ, ഠ. 20. മാ—ഗ, ഘ, പ, ജ, ഠ, ഫ. 21. വെ—ഗ, ങ. 22. കൊണ്ടും—ഞ

രാത്രിയിൽപ്പുറപ്പെട്ടു ഭക്ഷണം തേടിക്കൊണ്ടു[1]
ധാത്രിയിലിരുട്ടത്തു[2] സഞ്ചരിക്കുന്ന കൂട്ടം.
പത്രികൾക്കെജമാനനായ്[3] വരുന്നേരം പകൽ
കുത്ര[4] നിന്നിവൻ രാജ്യം രക്ഷിച്ചു പുലർത്തുന്നു[5].
യൽകുലം തന്നിലൊരു വിശ്രുതനുണ്ടെങ്കിലേ[6]
തൽക്കുലേ ജനിക്കുന്നോർക്കുൽക്കൃഷ്ടമുണ്ടായ്[7] വരൂ[8].
ചന്ദ്രഃസവിയാം ശശപ്രൗഢനങ്ങുണ്ടാകയാൽ
അന്യനാമൊരു ശശാ ദന്തിയെ ജയിച്ചല്ലോ.
എങ്ങിനെ ജയിച്ചെന്നു[9] പക്ഷികൾ ചോദിച്ചപ്പോൾ
എങ്കിലോ കേൾക്കെന്നുരചെയ്തിതു കാകാധീശൻ[01]

## ദന്തിരാജനെക്കൊണ്ട് കൂട്ടത്തെ പിരിപ്പിച്ചതു്

ഭൂതലേ പന്തീരാണ്ടു വർഷമില്ലായ്കമൂലം
ഭൂതജാലങ്ങളൊക്കെ[11] ശോഷിച്ചു തരം[12] കെട്ടു.
കാനനേ മഹാഗജക്കൂട്ടങ്ങൾ ദാഹംകൊണ്ടു
ദീനതപൂണ്ടു[13] ഗജശ്രേഷ്ഠനോടറിയിച്ചു.
കുംഭിരാജനായുള്ള തമ്പുരാൻ തിരുവടി
കുമ്പിടും ഗജങ്ങളെ[14]ക്കാത്തരുളേണം നാഥ !
കാട്ടിലെക്കുളങ്ങളും[15] പലപലങ്ങളും വററി
കാട്ടാനക്കൂട്ടങ്ങൾക്കും മററുള്ള ജന്തുക്കൾക്കും

---

1. തെണ്ടി—ക. 2. രാത്രി—ഖ, ജ. 3. ക്ഷീ—ഖ, ഛ. 4. അന്ധനാം—പ. 5. മോ—ഘ, ജ, ഡ, പ. 6. നന്ദേകിലേ—ക. 7. ഒന്നോരു—ക, 8. യിട്ടു—ക. 9. ബന്ധമെന്നു—ക. 10. ധിപൻ—പ. 11. ജാതിക—ഗ, ങ, ജ. 12. വശം—ക. 13 ദീനതപം—ജ. 14. ജന—ക. 15. കുളം തോട്ടം—ഖ, ഘ, പ.

തോയപാനത്തിന്നേററം[1] സംഗതി വരായ്കയാൽ
കായങ്ങൾ[2] മെലിഞ്ഞേററം[3] നടപ്പാൻ മേലാതായി.
ഏതൊരു ദിക്കിൽ ജലമുള്ളു[4]വെന്നന്വേഷിപ്പാൻ
ദൂതരെ[5]ക്കൽപ്പിച്ചയച്ചീടുകവേണം[6] സ്വാമി.

എന്നതുകേട്ടു ഗജശ്രേഷ്ഠനും വനേ വനേ
ചെന്നങ്ങു വിചാരിപ്പാൻ ദൂതരെ നിയോഗിച്ചു[7].
ആയതിലൊരു ദൂതൻ വന്നുനിന്നറിയിച്ചു
തോയപൂർണ്ണമാമൊരു[8] വാപിയുണ്ടൊരു ദിക്കിൽ.
ചന്ദ്രികാസാരമെന്നു[9] നാമവും കേട്ടേനതിൽ
സാന്ദ്രശീതളം ജലം നിർമ്മലം നിരന്തരം.
അത്ര നിന്നൊരു കാതം[10] മാത്രമേ വഴിയുള്ളു
തത്ര ചെന്നംബുക്രീഡാസ്നാനപാനങ്ങൾ സുഖം.
എന്നതുകേട്ടു ഗജരാജനും[11] വൃന്ദങ്ങളും
നന്ദിപൂണ്ടവിടേക്കു സത്വരം പുറപ്പെട്ടു[12].
ചന്ദ്രികാസാരത്തിന്റെ[13] തീരത്തു വസിക്കുന്ന
സുന്ദരം[14] ശശങ്ങടെ കൂട്ടമുണ്ടനവധി[15].

ദന്തിയൂഥങ്ങൾ ചെന്നു ചവിട്ടിശ്ശശങ്ങടെ
പംക്തിയെപ്പാടേ[16] കൊന്നുതുടങ്ങി മാർഗ്ഗങ്ങളിൽ.

---

1. ന്നെങ്ങും—ഖ, ച, ജ; ഏല്ലും—ഞ; നങ്ങൾക്കെങ്ങും—ഗ, ഘ, ങ, ഛ, ഡ. 2. വും—ഞ. 3. ഞ്ഞിട്ടു നടന്നു കൂടാതായി—ഗ, ഘ, ങ, ഡ, ത; ഒട്ടും—ഛ; വഹിയാതായ്—ഛ. 4. ഉള്ളതെ—ഖ; ഷിച്ചു—ഛ. 5. ദൂരവേ—ഖ. 6. ഭവാൻ—ഘ 7. അയച്ചിതു—ഗ, ഘ, ങ, ച, ഛ, ജ, ഡ, ത. 8. യൊ—ഖ, ഘ. 9. സരസ്സെന്നു—ഖ, ഘ. (ചന്ദ്രസരോനാമ സരഃ) 10. അരക്കാതം—ഞ. 11. ശ്രേഷ്ഠനും—ക. 12. നടകൊണ്ടു—ഗ, ങ. 13. സരസ്സിന്റെ—ജ, ത. 14. ര—ഖ, ഗ, ത. 15. വൃന്ദ —ഖ, ഗ, ഘ, ങ, ഛ, ജ, ഡ, ത. 16. പന്തിയെപ്പാരം—ച.

അന്നേരം ശശങ്ങൾക്കു[1] നാഥനാം ശിലീമുഖൻ[2]
തന്നുടെ കാര്യക്കാരെ വരുത്തിവിചാരിച്ചു[3]
നമ്മുടെ സരസ്സുടെ വാരണക്കൂട്ടം വന്നു
നമ്മുടെ പ്രജകളെ ചവിട്ടിക്കൊന്നീടുന്നു
എന്തൊരു മാർഗ്ഗം വേണ്ടു ദന്തിവൃന്ദത്തെ നീക്കാൻ
എന്നതു ചിന്തിക്കേണമെന്നുള്ള മൊഴി കേട്ടു
ചിന്തിച്ചു വിജയനെന്നുള്ളൊരു ശശാമാത്യൻ
ദന്തിരാജനെക്കൊണ്ടു കൂട്ടത്തെപ്പിരിപ്പിക്കാം[4].
ചന്ദ്രികാസാരംതന്നിൽ[5] വന്നിറങ്ങീടും മുമ്പേ[6]
ചെന്നു ഞാൻ ഗജേന്ദ്രനെപ്പറഞ്ഞുനിർത്തീടുന്നേൻ[7].
ഇഷ്ടനാം[8] ശിലീമുഖൻ[9] ചൊല്ലിനാൻ വിജയനെ-
ന്നെട്ടു ദിക്കിലും പുകൾ പൊങ്ങിയ[10] മുയൽ ഭവാൻ.
ഒട്ടുമേ കാലക്ഷേപം കൂടാതെ ചെന്നു ഗജ-
ക്കൂട്ടത്തെപ്പിരിച്ചയച്ചീടുക മഹാബാഹോ[11] !
അങ്ങിനെയെന്നങ്ങുരചെയ്തുടൻ[12] വിജയനും
തുംഗനാം[13] ഗജേന്ദ്രനെ പ്രാപിച്ചു വിചാരിച്ചു.
പ്രാണികൾക്കു ഗജങ്ങളോടടുത്താൽ നാശം വരും
ഘ്രാണിക്കുംപോലെ വന്നു ബാധിക്കും[14] സർപ്പങ്ങളും.

---

1. ഞങ്ങടെ—ച. 2 ശശി—ജ. 3. വിളിച്ചു—ച. 4. പിടി—ഗ. 5. സരസ്സിങ്കൽ—ജ. 6. മുമ്പിൽ—ച. 7. ഭവൻ—ഘ. 8. ഉഷ്ണനാം—ഖ. 9. ശശി—ജ. 10. പുകൾ പൊങ്ങിന—ഗ, ങ; പുകഴ്ന്നുള്ളോരു—ഘ, ഡ; പുകണ്ണീടുന്ന—ച. 11. മദേ—ഗ, ങ, ച, ജ. 12. ചെയ്തിട്ടു—ഖ, ഗ, ഘ, ങ, ത. 13. ള്ളാൻ—ഗ, ങ. 14. പോലെ വന്നു വധിക്കും—ഘ, ങ, ജ, ഡ, ഢ; തന്നെ വധിക്കു—ഗ, ചെന്നു വാസിക്കും—ഞ; വധിക്കും—ഖ, ത.

പുഞ്ചിരിയിട്ടുംകൊണ്ടു കൊല്ലിക്കും ഭൂപാലന്മാർ
വഞ്ചിക്കും ഖലന്മാരും[1] വന്നുനിൽക്കവേ തന്നെ.

വമ്പനാം കുലയാനക്കൊമ്പൻെറ പിറകിലും
മുമ്പിലുമിടം വലം രണ്ടു[2] ഭാഗത്തിങ്കലും
[3]ചേൻനില്ലരുതൊരു നേരവും തൻെറ [4]പാട്ടിൽ
[5]വന്നുവെന്നുള്ള ബുദ്ധി തോന്നിയാൽ നാശം വരും.

എന്നതുകൊണ്ടു ഞാനും പർവ്വതമുകളേറി-
[6]ക്കൊണ്ടു ഞാനിവരോടു കല്യാണം [7]പൃച്ഛിക്കുന്നേൻ.
ഇത്തരം വിചാരിച്ചു ബുദ്ധിമാൻ വിജയാഖ്യൻ[8]
[9]സത്വരം ഗിരിമുകളേ[10]റിനിന്നുരചെയ്തു.
നാഗരാജാവിനും തന്മന്ത്രി[11]മാതംഗങ്ങൾക്കും
സ്വാഗതം ഭവിക്കുന്നോ ഭോഗസൌഖ്യവു[12]മില്ലേ.
രോഗങ്ങൾ കാർശ്യ[13]ക്ഷയമിത്യാദി [14]ദുഃഖത്തോടു
യോഗമെന്നിയേ വനേ വാണരു[15]ളുന്നീലയോ.

എന്നതു കേട്ടു ഗജശ്രേഷ്ഠനും കൂട്ടക്കാരും
* എന്തൊരു മഹാത്ഭുതമാരുവാൻ പറയുന്നു.
ഇങ്ങിനെ വിചാരിച്ചു [16]മേൽപ്പട്ടു നോക്കുന്നേരം
അങ്ങിരുന്നുരചെയ്തു സാദരം വിജയനും.

1. ചേൻറു—ഖ, ഗ; ചെന്നു—ഘ, ങ, ഡ. 2. ത്തും ചെന്നു—ഗ, ഘ, ങ, ഡ. 3. ചെന്നു നിന്നൊരുനേരം തൻെറ പാട്ടിലാക്കുന്നു—ച. 4. പോ—ക. 5. ചേർന്നു—ഗ, ഡ; വന്നീടുമവനുടൻ നാശമെന്നറിഞ്ഞാലും—ച. 6. ന്നിന്നു കൊണ്ടവനോടു—ഗ, ഘ, ങ, ഛ, ഞ. 7. കഥിക്കുന്നേൻ—ഗ, ഘ, ങ, ഛ, ഞ. 8. യനും—ഛ. 9. തൽക്ഷണം—ച. 10. അതൾ—ഛ. 11. മാക്കെല്ലാമില്ലോൾ—ജ. 12. എല്ലാം—ഖ; അല്ലീ—ങ; അല്ലോ—പ. 13. ക്ഷപ—ച. 14. ഉണ്ണത്തോടും—ജ; ദുഃഖത്തോടും—ച. 15. ന്നില്ലയോ—ഘ. 16. ചെല്ല—ജ.
* 368 മുതൽ 406 വരെ വരികൾ 'ണ' ഇല്ല.

താരകാധിപനാകും[1] ചന്ദ്രനാം ഭഗവാന്റെ
ചാരനാമൊരു[2] ശശം ഞാനെന്നു ധരിച്ചാലും.
നമ്മുടെ കൂട്ടങ്ങളിൽ[3] ശ്രേഷ്ഠനാമൊരു ശശം[4]
ചന്ദ്രനെസ്സേവിച്ചല്ലോ പാർക്കുന്നു[5] സദാകാലം.
ചന്ദ്രനിജ്ജനങ്ങൾക്കു[6] നിത്യസൌഖ്യത്തിന്നായി
ചന്ദ്രികാസാരം ഭൂമൌ നിർമ്മിച്ചു മനോഹരം.
ആയതു കാക്കാനെന്നെക്കല്പിച്ചു[7] നിശാകരൻ
ന്യായമല്ലാതെ[8] വിഭോ ! ദൂതന്മാർ പറയുമോ ?
ചന്ദ്രികാസാരം[9] തന്നിലാനകളനവധി
വന്നിറങ്ങിയാൽ വെള്ളമൊക്കവേ[10] കലങ്ങിപ്പോം.
എന്നതു മഹാഗജശ്രേഷ്ഠനെ[11] ധരിപ്പിപ്പാ–[12]
നെന്നുടെ സ്വാമി ചന്ദ്രൻ നമ്മളെ[13] നിയോഗിച്ചു
തന്നുടെ ഹിതന്മാർക്കു ശീതളൻ നിശാകരൻ
തന്നുടെ ശത്രുക്കളെ[14] തപിപ്പിക്കയും ചെയ്യും.
കൈരവങ്ങൾക്കു കാന്തിനൽകുന്ന നക്ഷത്രേശൻ
വൈരമുള്ളംഭോജത്തെ കുണ്ഠിതമാക്കുന്നില്ലേ[15] ?
എന്നതു കേട്ടു ഭയപ്പെട്ടൊരു[16] ഗജശ്രേഷ്ഠൻ
തന്നുടെ കൂട്ടക്കാരെപ്പിരിച്ചങ്ങയച്ചുടൻ

---

1. ധീശനായ—ഗ, ഘ, ങ; നാകം—ഡ. 2. മയൊരു—ഗ. 3. കുലം തന്നിൽ—ഖ; കുലങ്ങളിൽ—ഗ, ഘ, ങ, ജ, ഡ. 4. മുഖ്യൻ—ഖ, ഗ, ങ, ച, ഛ, ജ, ഡ, ത, പ. 5 മേവുന്നു—ഖ. 6. ത്തിനു—ഖ. 7. കാപ്പാൻ—ഖ, ഗ, ഘ, ങ, ജ. 8. ഞായമല്ലാതിങ്ങു—ച. 9. സാരങ്ങളിൽ—ഛ. 10. ആകവേ—ഖ, ഗ, ഘ, ങ, ഛ, ഠ, ഫ. 11. കേട്ടു—ഖ. 12. ബോധി—ജ. 13. ഞങ്ങളെ—ഗ, ഘ, ങ, ഡ; എന്നെയും—ജ, ഫ. 14. രിപുക്കളെസ്സംഭിപ്പിക്കയും—ക. 15. ന്നീലേ—ഗ, ങ 16. ട്ടീളു—ഛ.

താനമശ്ശശത്തോടു യാത്രയും ചൊല്ലിപ്പോയാൻ
[1]എന്നതുകൊണ്ടു ചൊന്നേൻ സൽക്കുലന്മാരേ നല്ലൂ.
ക്ഷുദ്രനാം പുരുഷനെ [2]വിശ്വസിച്ചവർക്കൊട്ടും
ഭദ്രമായ്വരികയില്ലെന്നതും ബോധിക്കണം.
പണ്ടൊരു കപിഞ്ജലപ്പക്ഷിയും [3]ശശകവും
രണ്ടു [4]പേർ മരിച്ചുപോൽ ക്ഷുദ്രവിശ്വാസം [5]മൂലം.

**പക്ഷിയും ശശകനും അന്തികേ ചെന്നനേരം**

ആയതെങ്ങിനെയെന്നു പക്ഷികൾ ചോദ്യം ചെയ്തു
വായസം പറഞ്ഞിതു ഞാനൊരുകാലം മുന്നം
കാനനംതന്നിലൊരു [6]വൃക്ഷത്തിൽ [7]കൂട്ടം കൂട്ടി
[8]ദീനമെന്നിയേ പല വാസരം [9]വസിച്ചിതു.
കോടരേ കപിഞ്ജലനെന്നൊരു പക്ഷി വന്നു
കൂട്ടമുണ്ടാക്കിത്തത്ര [10]വാണിതു യഥാസുഖം.
[11]സോഹമക്കപിഞ്ജലപ്പക്ഷിയും [12]തമ്മിൽ [13]പ്രാണ-
[14]സ്നേഹമായ് ചമഞ്ഞിതു കൂടവേ വസിക്കയാൽ
ഏകദാ സന്ധ്യാഗമേ [15]വന്നീല കപിഞ്ജലൻ
ശോകമുണ്ടിതം [16]പൂണ്ടു വാണു ഞാൻ പുലരോളം.

അക്കാലം കപിഞ്ജലൻ പാർക്കുന്ന കോടരത്തിൽ
ദീർഘകർണ്ണ[17]നെന്നൊരു മുയൽവന്നകം പുക്കു
യോഗ്യമല്ലേടാ [18]ശശം നമ്മുടെ സുഹൃത്താകും
ഭാഗ്യവാൻ കപിഞ്ജലൻ തന്നുടെ ഗൃഹം തന്നിൽ

---

1. ഞാനതു—ഗ. 2 സിപ്പ—ഗ, ഘ, ങ, ത, ഫ. 3. ശശാങ്ക—ക. 4. പോയി—ഗ, ങ. 5. കൊണ്ടു—ഠ. 6. ത്തിൽ—ഖ, ഘ, ങ. 7. വച്ചു—ഗ, ഛ. 8 പത്തു—ജ 9. കഴി—ച 10. വസിച്ചു—ഠ. 11. സാകം—ഘ, ത. 12. ഞാനും തമ്മിൽ—ജ. 13. ബഹു—ഗ, ങ. 14 പ്രാണവിശ്വാസമായി—ജ. 15. നില്ല—ഘ, ഡ. 16. വാണിതു—ജ. 17. ശശം—ജ. 18. ശശ—ഖ, ഗ, ങ, ജ, ത, പ.

വന്നു നീ വസിച്ചു[1]തു നിന്നുടെ നിർമ്മര്യാദം
എന്നു ഞാൻ വിലക്കിനേൻ[2] ആയവൻ[3] കൈക്കൊണ്ടീല.
മൂന്നുനാല[4]ഹോരാത്രമിങ്ങനെ കഴിഞ്ഞപ്പോൾ
വന്നിതു കപിഞ്ജലൻ ദീർഘകർണ്ണനെക്കണ്ടു
ആരെടാ മമ സ്ഥാനേ വന്നിരിക്കുന്നു[5] മൂഢാ !
ദൂരെ മാറിപ്പോകെന്നു പറഞ്ഞു കപിഞ്ജലൻ.
ദീർഘകർണ്ണനും ചൊന്നാനീദൃശസ്ഥാനങ്ങളി–
ലാക്കുമേ ഭേദമില്ലെന്നുത്തമന്മാർ[6] ചൊല്ലുന്നു.
* വാപികൾ തടാകങ്ങൾ[7] കൂപങ്ങൾ വൃക്ഷങ്ങളും
പ്രാപിക്കുന്നവർക്കെല്ലാമാവാസസ്ഥാനം[8] തുല്യം.
ഞാനിതിന്നുടയവനെന്നുര[9]ചെയ്വാനൊരു[10]
സ്ഥാനമില്ലെന്നു[11] മനുമന്നവനരുൾ[12]ചെയ്തു.
മാനവന്മാർക്കും[13] മററു മാദൃശന്മാർക്കുമിന്നു
മാനവസ്മൃതിയല്ലാതെന്തൊരു പ്രമാണവും?
നാലു പേർ തടസ്ഥന്മാരിക്കാര്യം കേട്ടാലനു–
കൂലമായ്പ്പറഞ്ഞെങ്കി[14]ലായതു ഞാനും കേൾക്കാം.
ഇങ്ങവകാശമില്ലെന്നായവർ വിധിച്ചെങ്കിൽ[15]
ഇങ്ങൊരു ശഠതയില്ലാശു ഞാൻ മാറിക്കൊള്ളാം[16].

1. പ്പുതു—ഖ. 2. വിരോധിച്ചേൻ—ഖ, ഗ, ഛ, ഝ, ജ, ഞ, ഠ, ഡ, ത; വിരോധിച്ചു—ഫ. 3. ആയതു—ഗ, ങ. 4, നാള—ഖ. 5. രുന്നതു—ഖ, ഘ, ങ, ഝ, ഡ; രിന്നതു—ത. 6 ഉത്തമർ ചൊല്ലീടുന്നു—ഗ, ങ. 7. കുളങ്ങളും—ഞ. 8. സ്ഥലം—ഖ, ഗ, ഡ, ഫ. 9. ചൊൽവാൻ തന്നിൽ—ഘ. 10. മന്നിൽ—ഗ, ങ, ഡ. 11. സ്ഥാനിയില്ലെന്നു—ഖ, ഗ, ങ, ഡ. 12. ഉര—ഖ, ഗ, ങ. 13. മന്ന—ഖ, ഡ. 14. ഞ്ഞീടിൽ—ഖ, ഗ, ങ; ഞ്ഞാകിൽ—ഘ. 15. പറഞ്ഞ—ജ, ഞ. 16. വാങ്ങി—ഖ, ഗ, ഘ, ഡ, ത.

* വാപീകൂപതടാകാനാം ഗൃഹസ്യാവസഥസ്യ ച
സാമീപ്യാത് പ്രായശഃ സിദ്ധിരിത്യേവം മനുരബ്രവീത്. എന്നു മൂലം.

എങ്കിൽ നാം പോക സഖേ! നല്ലൊരു വിശേഷജ്ഞൻ
തങ്കലാക്കണം[1] കാര്യമെന്തിനു മടിക്കുന്നു?
ഇങ്ങിനെ കപിഞ്ജലപ്പക്ഷിയും ശശകവും
തങ്ങളിലൊരുമിച്ചു തൽക്ഷണം[2] പുറപ്പെട്ടു.
ഞാനുമങ്ങവരുടെ പിന്നാലെ പുറപ്പെട്ടു
ജ്ഞാനമുള്ളവർ വിധിക്കുന്നതു കേൾപ്പാനായി[3].
ഏതൊരു തടസ്ഥനെച്ചെന്നു നാം[4] സേവിക്കേണ്ടൂ[5]
കൈതവമില്ലാത്തവനെങ്കിലേ[6] ഗുണം വരൂ.
ദീർഘകർണ്ണനോടേവം ചോദിച്ചു കപിഞ്ജലൻ
ദീർഘകർണ്ണനും ചൊന്നാനുണ്ടൊരു മാർജ്ജാരകൻ
യമുനാതടേ[7] തപംചെയ്തുകൊണ്ടിരിക്കുന്നു
മാമുനിശ്രേഷ്ഠന്മാരിലൊന്നുപോൽ[8] വസിക്കുന്നു.
ചോദിച്ചു കപിഞ്ജലൻ പൂച്ചമാമുനി കാര്യം
ബോധിച്ചു കണക്കിനു[9] തീർക്കുമോ വിവാദങ്ങൾ[10]?
ധൂർത്തനാം വിലാളത്തെ[11] വിശ്വസിക്കാമോ വ്യാജ-
മൂർത്തികൾ[12] മാർജ്ജാരന്മാരെന്നു ഞാൻ കേട്ടീടുന്നു[13].
ചൊല്ലിനാൻ ദീർഘകർണ്ണൻ നല്ലവൻ[14] പൂച്ചശ്രേഷ്ഠൻ
തെല്ലുമേ കപടമില്ലെന്നു ഞാനറിയുന്നു[15].

---

1. കുന്നു — ക. 2. സത്വരം—ഞ 3. ഷ്പാനായേ—ഖ, ങ. 4. ഞാൻ —ഛ. 5. ക്കുന്നു—ച. 6. രെ—ഖ, ച. 7. യാമുനേ—ക; യമുനാ തീരേ—ഖ. 8. ഈശ്വരന്മാരിൽ—ഖ, ഘ, ങ, ച, ഛ, ജ, ഞ, ഡ, ത. 9. വഴിപോലെ —ജ, ഞ 10 കാര്യങ്ങളും—ജ 11. നെ—ച. 12. പൂർത്തികൾ—ഗ, 13. കേട്ടിരിക്കുന്നു—ജ. 14. നല്ലൊരു—ഖ, ഗ, ഘ, ങ, ച, ഡ, ത. 15. ഞാൻ കേട്ടീടുന്നു—ഗ, ഘ, ങ, ച, ഛ, ഡ, ത, പ, ഫ; ഞാൻ ബോധിക്കുന്നു—ഞ.

*[1]വാശ്ശുതും [2]കണ്ടാൽക്കാണാമീശ്വരനല്ലോ സാക്ഷി
വിശ്വസിക്കരുതെന്നു നമ്മുടെ [3]പക്ഷം സഖേ !
[4]ഇങ്ങിനെ പറഞ്ഞുകൊണ്ടായവർ [5]രണ്ടുപേരും
തങ്ങളിലൊരുമിച്ചു [6]യമുനാ[7]തീരേ ചെന്നു.
ധൂർത്തനാം ദധികർണ്ണനെന്നുള്ള മാർജ്ജാരനെ–
പ്പാർത്തുകണ്ടടിമലർ [8]വന്ദിച്ചു നിന്നീടിനാർ.
കണ്ണുകൾ [9]തുറന്നു നോക്കീടിനാൻ ദധികർണ്ണൻ
കർണ്ണങ്ങൾ വഴിപോലെ കേൾക്കയില്ലെനിക്കെടോ.
അന്തികേ വന്നു കാര്യം ചൊല്ലുവിൻ ധർമ്മാധർമ്മം
[10]ചിന്തിയാതൊരുവസ്തു [11]കല്പിക്കില്ലെടോ ഞാനും.
ധർമ്മത്തെ ദ്വേഷിച്ചെങ്കിൽ ധർമ്മവും ദ്വേഷിച്ചീടും
ധർമ്മത്തെ രക്ഷിച്ചെങ്കിൽ ധർമ്മവും രക്ഷിച്ചീടും.
ധർമ്മത്തെ വഴിപോലെ [12]സേവിക്കുന്നവർകളെ
[13]ധർമ്മമെന്നുള്ള ദൈവം പാലനംചെയ്യും ദൃഢം.
മററുള്ള ബന്ധുക്കളി[14]ദ്ദേഹമുള്ളന്നേയുള്ളു
മുററുമിദ്ധർമ്മം ബന്ധു ചത്താലും കൂടെപ്പോരും.
പ്രാണിഹിംസനത്തോളമധർമ്മം മറെറാന്നില്ല.
[15]പ്രാണിരക്ഷണത്തോളം ധർമ്മവും മറെറാന്നില്ല.
മാതാവെപ്പോലെ പരസ്ത്രീകളെക്കണ്ടീടണം
മാടോട്ടുപോലെ പരദ്രവ്യത്തെക്കൽപിക്കണം.

---

1. വല്ലതും—ഗ. 2. കാണും—ഖ. 3. സത്യം—ഖ; മതം—ഗ. 4. അ—ച. 5. ഇരുവരും—ഖ, ഗ, ങ. 6 യാമുനേ—ക; യാമുനാ—ഖ, ഗ; തീർത്ഥേ—ഞ. 8. ചൊല്ലീടിനാൻ—ഗ, ഘ, ങ, ഡ. 9. തുറന്നവൻ നോക്കിനാൻ—ഘ. 10. ചിന്തിതം നിങ്ങളോടു—ജ. 11. കാര്യം—ഖ, ഗ, ഘ, ച, ജ. ഞ, ഡ, ഢ. 12. ക്കേ—ഛ; ച്ചീടുന്നവർക്കു—ജ. 13 മേയുള്ള—ജ. 14. സ്നേഹം—ജ. 15. പ്രാണ—ജ.

* വല്ലതെന്നാലും ചെന്നു കണ്ടീടാം ഗുണദോഷം
വിശ്വത്തിലുള്ള ജന്തുവൃന്ദത്തിൽ മാർജ്ജാരനെ, 'ച' കൂടുതൽ.

തന്നെപ്പോൾ മറവു[1]ള്ളാരെക്കൂടവേ കാണുന്നവൻ
ധന്യപൂരുഷനെന്നു ചൊല്ലുന്നൂ മഹത്തുകൾ.
ധർമ്മമീവണ്ണം പറയുന്നോരു മാർജ്ജാരനെ
ധർമ്മവാനിവനെന്നു വിശ്വാസമുണ്ടാകയാൽ
പക്ഷിയും[2] ശശകനുമന്തികേ[3] ചെന്നനേരം
തൽക്ഷണം പിടിപെട്ടു മാർജ്ജാരൻ മഹാപാപി.
രക്ഷണം മോഹിച്ചുങ്ങുചെന്നവർകളെക്കൊന്നു
ഭക്ഷണം കഴിച്ചുടൻ[4] പിന്നെയും തപംചെയ്താൻ[5].
അത്തൊഴിലെല്ലാംകണ്ടു[6] ശങ്കരാ! ശിവായെന്നു
ചിത്തത്തിലുറപ്പിച്ചു ഞാനുമിങ്ങോട്ടുപോന്നു[7].
എന്നതുകൊണ്ടു ചൊന്നേൻ[8] ക്ഷുദ്രനാമുലൂകത്തെ
മന്നവനാക്കിവച്ചാൽ ഭദ്രമായ്‌വരികില്ല[9]
വൃദ്ധവായസത്തിന്റെ വാക്കുകൾ കേട്ടനേരം
ബദ്ധസന്തോഷം പക്ഷിക്കൂട്ടങ്ങൾ പറഞ്ഞിതു.
ധ്വാംക്ഷവൃദ്ധന്റെ[10] വാക്യമൊക്കവേ പരമാർത്ഥം
കാംക്ഷയില്ലഭിഷേകം കൗശികത്തിനെച്ചെയ്വാൻ[11].
വേഗമിസ്സംഭാരങ്ങൾ കൊണ്ടങ്ങു[12] പൊയ്ക്കൊണ്ടാലും
യോഗവും പിരിഞ്ഞാലും കൗശിക[13]! നീയും പോക.
ബുദ്ധിയും കെട്ടു വൈരം മുഴുത്തോരുലൂകവും
വൃദ്ധകാകനോടുരചെയ്തിതു[14] കോപത്തോടേ.

---

1 സ്നേഹിക്കുന്നോൻ—ഞ. 2. ശശവുമങ്ങു—ജ. 3. ചെല്ലും—ഗ, ജ, ഡ, ത, പ, ഫ. 4. ച്ചവൻ—ഖ, ച. 5 ചെയ്തു—ഗ, ഘ, ജ, ഫ. 6. ദൈവമേ അയ്യോ—ഖ. 7. ന്നേൻ—ഞ. 8. മാം—ക. നെ—ഖ, ച, ഛ; 9. രത്തില്ല—ഖ, ഘ, ച, ഛ, ഫ. 10. ഏതയും—ജ. 11. ന്ന—ഖ, ഗ, ഘ, ജ; ന—ഡ. 12. നടന്നാലും—ഗ, ജ. 13. കൗശികൻ പൊയ്ക്കൊണ്ടാലും—ഗ, ഘ, ച, ജ, ത. 14. ടു—ച.

എന്തൊരു[1] ദോഷം ചെയ്യനിന്നു[2] ഞാൻ നിനക്കെടോ[3]
ചിന്തിതം കാൎയ്യം മുടക്കീടുവാനെന്തു[4]മൂലം.
അമ്പുകൊണ്ടുള്ള[5] വ്രണമൊക്കവേ[6] നികന്നീടും
കൊമ്പുകൾ ഖണ്ഡിച്ചാലും പാദപം കിളുൎത്തീടും[7]
കാട്ടുതീ വെന്താൽ[8] വനം പിന്നെയും തളുൎത്തീടും[9]
കേട്ടുകൂടാത്ത[10] വാക്കാമായുധം പ്രയോഗിച്ചാൽ
കൎണ്ണങ്ങൾക്കകം പുക്കു പുണ്ണായാലതു പിന്നെ
പൂൎണ്ണമായ്[11]വരികയില്ലൊട്ടുനാൾ ചെന്നാൽപ്പോലും[12].
എന്നെല്ലാം[13]മുരചെയ്തു കൗശികൻ നടകൊണ്ടു[14]
അന്നുതൊട്ടുണ്ടായൊരു വൈരമെത്രയും ഘോരം.
തങ്ങളിൽ കാകോലൂകന്മാൎക്കു[15] ശമിക്കയി–
ല്ലിങ്ങിനെ ചിരഞ്ജീവി പറഞ്ഞു കൂപ്പീടിനാൻ.
മേഘവൎണ്ണനുമുരചെയ്തിതു മഹാത്മാവേ !
കാകമന്ത്രീശാ[16] ! ഭവാനാകുലന്മാരായുള്ള
കാകന്മാൎക്കൊരു ജയം[17] കിട്ടുവാനുപായത്തെ
വൈകാതെ രാത്രിവരുംമുന്നമേ ചിന്തിക്കണം[18].
ഉക്തവാൻ ചിരഞ്ജീവി സന്ധിവിഗ്രഹം രണ്ടും
യുക്തമല്ലെന്നു വന്നാൽ പിന്നെ നാലുണ്ടു നയം.

---

1. എന്തു ഞാൻ—ഠ; എന്തെടോ—ഞ. 2. ചെയ്തതിന്നു—ഗ, ഘ, ജ. 3. തന്നി—ഛ, ജ, ഡ. 4. ഞായം—ഞ. 5. കൊള്ളുന്ന—ച. 6. കാലമേ—ഗ, ഘ, ജ, ത; കാലത്താൽ - ഖ, ജ, ഞ, ഠ; കാലൊന്നോ കണ്ടിച്ചിട്ടു—ച. 7. തഴുത്തീടും—ഘ, ത; കിളിച്ചീടും—ഠ. 8. വെട്ടാൽ—ഠ. 9 മുളച്ചീടും—ത; കിളർ—ച 10. ത—ഘ. 11. ശമിക്ക—ഖ, ഗ, ഘ, ങ, ഛ, ഡ. 12. കഴിഞ്ഞാലും—ച. 13. എന്നുടെൻ—ഗ, ഘ. ങ, ച, ഛ, ഡ, ത, 14. കൊണ്ടാൻ—ഖ, ഘ, ഡ. 15. സഹി—ച. 16. ശൻ—ഗ. 17. ഗതി—ച. 18. ച്ചാലും—ഗ, ഘ, ജ. ച, ഛ, ഡ, ത.

എന്നതിൽ യാനം[1] ബലവാന്മാരിൽ വൃഥാ ഫലം
തന്നുടെ നാശം ഫലമാസനം പ്രയോഗിച്ചാൽ.
ആശ്രയിച്ചിട്ടു വേണം വൈരിഷു ദ്വൈധീഭാവം
ആശ്രയം തന്നെ മുന്നം[2] ചെയ്കയെന്നെന്റെ[3] പക്ഷം.
ജീവനെ ത്യജിച്ചിട്ടുമാശ്രയംകൊണ്ടുതന്നെ[4]
കാര്യത്തെസ്സാധിക്കുന്നേനേഷ[5][6] ഞാൻ പതുക്കവെ.
വഞ്ചനപ്രവീരന്മാർ[7] വൈരികളുലൂകന്മാർ
കിഞ്ചന പ്രയാസമുണ്ടാശ്രയിപ്പാനും വിഭോ !
ഇഷ്ടിക്കുവേണ്ടി ദ്വിജൻ കൊണ്ടന്ന[8] മേഷത്തിനെ
പട്ടിയെന്നാക്കിത്തീർത്തു ദുഷ്ടന്മാർ പലർ കൂടി.
എങ്ങിനെയതെന്നു ചോദിച്ചു മേഘവർണ്ണൻ
സംഗതി പറഞ്ഞീടാമെന്നങ്ങു ചിരഞ്ജീവി.

## ചെണ്ട കൊട്ടിച്ചു നമ്മെ കഷ്ടം അങ്ങാടിക്കാരൻ

നാട്ടിലെപ്പുഷ്ടിക്കിഷ്ടിചെയ്യുതിന്നൊരു[9] വിപ്രൻ
ആട്ടിനെക്കൊണ്ടുംകൊണ്ടു പോകുന്നമാർഗ്ഗംതന്നിൽ[10]
ദുഷ്ടരാമൊരു[11] കൂട്ടം നായന്മാരതുകണ്ടു
ശിഷ്ടനാം ദ്വിജേന്ദ്രനെച്ചതിപ്പാൻ വട്ടംകൂട്ടി
തങ്ങളിൽപ്പറഞ്ഞൊത്തു[12] മാർഗ്ഗത്തിന്നിടക്കിടെ[13]
തങ്ങടെ കൂട്ടം പല ദിക്കിലും പാർത്തീടുവാൻ[14].

---

1. മാ—ഖ. 2. മുമ്പിൽ—ഞ. 3. വേണമെന്നുടൻ—ഗ, ഘ, ങ, ഢ, ഫ. 4. കാര്യം—ഗ, ഡ, ത. 5. കേവലം—ഖ, ച; കേവലം സാധിക്കണം—ഗ, ങ, ഡ, ത; കേവലം സാധിക്കുന്നേൻ—ഛ. 6. ഇന്നു രാത്രിയിൽത്തന്നെ—ഖ, ച. 7. പ്രവര—ഖ, ഫ; പ്രവീണ—ങ, ച, ഛ. 8. ഷം തന്നെ—ച, ഠ. 9. കിട്ടിക്കൊണ്ടുവതിന്നു—ഞ. 10. രു—ഡ. 11. ന്മാർ—ഖ. 12. ഞ്ഞവർ—ച. 13. ന്നി—ച. 14. ടന്നു—ജ.

അന്തണൻ വരുന്നേരം[1] തത്ര തത്ര[2] ചെന്നവർ
അന്തികേ മരംമറഞ്ഞൊളിച്ചു[3] നിന്നീടിനാർ.[4]
ആയതിലൊരു ഭടൻ വിപ്രനെച്ചെന്നു കൂപ്പി
നായിനെക്കൊണ്ടങ്ങെഴുന്നള്ളുന്നതെന്തു[5] പോററീ!
ഉത്തരം പറയാതെ വിപ്രനും നടകൊണ്ടു.
സത്വരം പോകുന്നേരം മറെറാരു ഭടൻ വന്നു
പട്ടിയെക്കെട്ടിക്കൊണ്ടുപോകുന്നതെന്തെന്നവൻ[6]
പട്ടിയല്ലെന്നു[7] വിപ്രൻ പിന്നെയും നടകൊണ്ടു.
ആ വഴി പോകുന്നേരം മറെറാരു നായർ വന്നു
ശ്വാവിനെ[8]ക്കൊണ്ട[9]ങ്ങെഴുന്നള്ളുന്നു[10]വെന്നു[11] ചൊന്നാൻ.
ഇങ്ങിനെ മാർഗ്ഗേ മാർഗ്ഗേ[12] വന്നവരെല്ലാം നായെ–[13]
ന്നിങ്ങിനെ പലർ പറയുന്നതു കേട്ടു വിപ്രൻ.
കണ്ടവരൊക്കെ[14]ശ്ശ്വാവെന്നല്ലാതെ[15] ചൊല്ലുന്നില്ല[16]
ചെണ്ടകൊട്ടിച്ചു നമ്മെക്കഷ്ടമങ്ങാടിക്കാരൻ.
ഒന്നുരണ്ടാളല്ലിപ്പോൾ വന്നുകാണുന്നോരെല്ലാം
ഒന്നുതാനുര[17]ചെയ്താൽ വിശ്വസിക്കയേയുള്ളൂ.[18]
ഇത്തരം[19] വിചാരിച്ചു വിപ്രനജത്തിനെ[20]
സത്വര[21]മുപേക്ഷിച്ചു ചെന്നു തന്നില്ലംപുക്കു.

---

1. മുമ്പേ—ഖ, ഗ, ഘ, ങ, ഞ, ഫ; മാർഗ്ഗേ—ഗ, ച, ജ, ഠ. 2. തത്ര ചെന്നവരവർ—ച; തത്ര ചെന്നെല്ലാവരും—ഗ, ഘ, ങ. 3. ഇങ്ങിനെ—ഖ, ഗ, ഘ, ങ, ഫ; അങ്ങിനെ—ച, ഛ, ഡ 4. മേവീ—ഖ. 5 ന്തേ—ഘ, ങ, ച. 6. കൊണ്ടിങ്ങോട്ടു—ച. 7. യെന്നഹോ—ജ. 8. നായിനെ—ജ. 9 കെട്ടിക്കൊണ്ടുപോകുന്നോ—ഖ 10. പോകുന്നതെന്തിന്നഹോ—ജ. 11. എന്തു പോററീ—ഞ. 12 മാർഗ്ഗമദ്ധ്യേ—ച. 13. ശ്വാവെ—ഖ, ഗ, ഘ, ങ, ഡ, ഫ. 14. എല്ലാം—ഞ 15. ന്നിങ്ങനെ—ത. 16. ന്നീല—ഖ, ഗ, ങ. 17. പോൽ—ഖ, ഗ, ഘ. 18. നിശ്ചയിച്ചീടമല്ലോ—ഗ, ങ 19. ഉരചെയ്തു—ജ. 20. സത്വരം—ച, വിപ്രനും—ഘ, ഛ. 21. വിപ്രനങ്ങുപേ—ച.

[*]പെട്ടെന്നു [1]നായന്മാരുമൊക്കവേ [2]യോഗം കൂടി
ആട്ടിനെ വെട്ടിക്കൊന്നു കൊണ്ടുഃ[3]പാസ്സിച്ചതിന്നു.
എന്നതുകൊണ്ടു ചൊന്നേൻ വൈരികൾ പലർകൂടി
[4]ഒന്നിച്ചു നിൽക്കുന്നതു ഭേദിപ്പാൻ [5]മഹായത്നം.
[6]ഇശൃശൃംഗാദ്രൗ വസിച്ചീടുവിൻ ഭവാന്മാരും
വിശ്വസിപ്പിച്ചു ചതിച്ചീടുവാൻ പോകുന്നു ഞാൻ.
ഇത്ഥമങ്ങുരചെയ്തു [7]ശിരസ്സും മുണ്ഡമാക്കി
ചത്ത കാകന്മാരുടെ ചോരയുമെടുത്തണി-
ഞ്ഞത്രയും വികൃതമാം [8]വിഗ്രഹത്തോടും കൂടെ
തത്ര [9]കൗശികാവാസം പ്രാപിച്ചു ചിരഞ്ജീവി.
സൂര്യനസ്തമിച്ചപ്പോൾ [10]മൂങ്ങകൾ പുറപ്പെട്ടു
വൈരിശേഷത്തെക്കൊൽവാൻ വന്നിതു [11]വടദ്രുമേ.
[12]ന്യഗ്രോധദ്രുമം [13]തന്നിൽ [14]കണ്ടീല കാകന്മാരെ
വ്യഗ്രത[15]പൂണ്ടുപോന്നിങ്ങശ്വത്ഥമുകളേറി.
[16]തദ്വിക്കിൽ ചിരഞ്ജീവി വല്ലാതെ വികൃതമായ്
ശബ്ദിച്ചാനതുകേട്ടു കൗശികക്കൂട്ടം ചെന്നു.

---

1. ഭട—ച, ഛ, ഡ, ത 2. വന്നു—ഗ, ഘ, ങ, ഛ, ഡ, ത, ഫ. 3 തിന്നാർ—ഖ. 4. നിനച്ചു—ച. 5. പരാധീനം—ക; മഹാപ്രേതം—ച. 6. ടുക—ഗ, ഘ, ങ, ച, ഛ, ഡ, പ. 7. സ്സു—ഖ 8 ത്തോടും പോയി—ക; ത്തോടു തദാ—ഘ; തദാ—ഡ, ത, പ, ഫ. 9. സ്ഥാനം —പ; സ്ഥാനേ —ഗ, ഘ, ങ, ത; സ്ഥാനേ ചെന്നിതു—ഗ, ഘ, ങ, ഡ; വാസസ്ഥാനേ ചെന്നിതു ചിരഞ്ജീവി—ച. 10 കൂമന്മാർ—ഗ, ഘ, ങ, ഡ, ത; മൂകാംഗൻ—ച. 11. വടാദ്രിഃമൽ—ച; വൃക്ഷേ - ഗ, ഘ, ങ, ഡ, ത. 12. നോക്കിയനേരം തത്ര—ഘ, ങ, ത, ഫ; നോക്കിയനേരം തത്ര കണ്ടില്ല കാകന്മാരെ—ഡ. 13. തന്നെ—ക. 14. കണ്ടില്ല-ഖ. 15. യോടേ—ച, ഛ; യോടും വന്നു—ങ; യോടേ വന്നിങ്ങശ്വത്ഥം തന്നിലേറി—ഡ. 16. ത്ഥം തന്നിലേറി —ച, ഛ. ഡ. ത. പ; ത്ഥം കരയേറി–ഗ, ങ. 18. അ—ഖ, ഗ, ഘ, ങ, ഛ, ജ, ഡ.

* പെട്ടെന്നു ഭടന്മാരുമട്ടിനേ ചെന്നുകൂടി—ച.

കാക്കയെപ്പിടിച്ചു[1] ബന്ധിച്ചു[2]കൊണ്ടാമർദ്ദനന്റെ
കാൽക്കൽ വച്ചുടൻ[3] വണങ്ങീടിനാരുലൂകന്മാർ.
ആരെടാ നീയെന്നു[4] മൂകേശ്വരൻ[5] ചോദ്യംചെയ്തു
ധീരനാമവൻ[6] ചൊന്നാനേഷ ഞാൻ ചിരഞ്ജീവി.
കാകലോകാധീശന്റെ[7] മന്ത്രിപുംഗവൻ ഭവാ-
നാകുലപ്പെട്ടീവണ്ണം വന്നതിന്നെന്തു മൂലം ?
ചൊല്ലിനാൻ ചിരഞ്ജീവി നിന്തിരുവടിയുടെ
ചൊല്ലവും[8] പ്രഭുത്വവും ശൌര്യാദിഗുണങ്ങളും
മന്ത്രശാലയിൽനിന്നു[9] വർണ്ണിച്ചേനതു[10]മൂലം
മന്ത്രിപുംഗവന്മാരും മേഘവർണ്ണനും പാരം
കയർത്തു ശത്രുപക്ഷക്കാരനാമിവനുടെ
കഴുത്തു കണ്ടിക്കേണമെന്നതിൽച്ചിലജനം.
നരച്ച വൃദ്ധക്കാക്കക്കള്ളന്റെ[11] രോമം പാടേ
ചെരച്ചുവിട്ടീടുകെന്നൊന്നുടെ തമ്പുരാനും.
അങ്ങിനെ കല്പിക്കയാൽ മന്ത്രിവായസന്മാരും
*ഇങ്ങനെ വികൃതമാക്കീട്ടവർ[12] വിട്ടീടിനാർ.
എന്നതു[13] കേട്ടു മന്ത്രിശ്രേഷ്ഠരെ വിളിച്ചുടെ[14]-
നെങ്ങിനെ വേണ്ടുവെന്നു ചിന്തിച്ചാനാമർദ്ദനൻ.
കുക്കുരാക്ഷനും വക്രകപോതൻ[15] ദീപ്താക്ഷനും
മുഷ്ക്കരന്മാരാം മൂന്നു[16] മന്ത്രികളുരചെയ്തു.

---

1. ച്ചങ്ങ--ഖ. 2. കൊണ്ടന്നവച്ചു --ജ. 3. ച്ചങ്ങ–ജ. 4. ഉലൂ–ഖ, ഗ, ച, ഛ, ഠ, ച. 5. ഉര–ഘ. 6. വീ–ങ, 7. ധിപന്റെ–ഖ. 8 ല്ലെഴും–ച. 9. മന്ത്രിച്ചു–ഘ. 10. ച്ചെന്നതു—ക. 11. കള്ളക്കാകന്റെ–ഘ, 12. വിട്ടീടുവിനെന്നുടൻ—ഗ, ഘ, ങ, ഡ, ഛ. 13. ഇങ്ങിനെ—ഗ. 14. വേറേ വിളിച്ചു–ഖ, ഘ, ങ. 15. പോതകൻ–ഡ. 16. മൂന്നു—ഛ.

* ഇതു മുതൽ 22 വരി ഖ, 'ഠ' എന്നീ പാഠങ്ങളിലും 559, 560 ഈ വരികൾ 'ഛ' പാഠത്തിലും 583, 584 വരികൾ 'ജ' പാഠത്തിലും ഇല്ല.

[1]ദൂതനെക്കൊലചെയ്ക യോഗ്യമല്ലെന്നു കേൾപ്പൂ
[2]ഭീ[3]തനാമിവനുടെ ഭീതിയുമൊ[4]ഴിച്ചുടൻ
നൂതനങ്ങ[5]ളായുള്ള [6]മാംസശോണിതം നൽകി
പ്രീത[7]നാക്കീടണ[8]മെന്നെങ്ങൾക്കു തോന്നീടുന്നു.
പണ്ടൊരു കഥ കേട്ടിട്ടുണ്ടതുമുണർത്തിക്കാം;
കണ്ടകനൊരു വൃദ്ധൻ വാണിഭക്കാരൻ ചെട്ടി
കെട്ടിയ പെണ്ണി[9]ന്നൊട്ടുമിഷ്ടമില്ലാഞ്ഞു വൃദ്ധ-
[10]ച്ചെട്ടിയെത്തൊട്ടിട്ടില്ല പിന്നെയെന്താലിംഗനം.
അക്കാലമൊരു കള്ളൻ മോഷ്ടിപ്പാൻ തരം നോക്കി
തക്കത്തിലൊരു നിശി ചെട്ടിവീടകം [11]പുക്കാൻ.
ചോരനെക്കണ്ടു ഭയ[12]പ്പെട്ടൊ[13]രു ചെട്ടിച്ചിയും
ചാരവേ ചെന്നു വൃദ്ധ[14]ച്ചെട്ടിയെപ്പുണർന്നിതു.
ഇഷ്ടനാം മുതുക്കനും ചോരനു ചോ[15]റും കൊടു-
[16]ത്തഷ്ടിയും കഴിപ്പി[17]ച്ചു സല്ക്കരിച്ചുരചെയ്തു.
കെട്ടിയ[18]പ്പിന്നെ മമ പെൺകിടാവിവൾ നമ്മെ-
[19]ത്തൊട്ടിട്ടില്ലവൾ താനേ വന്നുടൻ കെട്ടിപ്പുണ-
ർന്നീ[20]ടിനാൾ വഴിപോലെ നിന്നുടെ കൃപയാലേ
ഗാഢമാമാശ്ലേഷം മമ സംഗതി വന്നു ചോരൻ
പീടിക തന്നിലുള്ള ദ്രവ്യമൊക്കവേ കവ-
ർന്നീടുക ഭവാനിനിക്കൊക്കെയുമനുവാദം.

---

1. ഭര—ഘ, ങ, ഡ. 2. ദീന—ച. 3. ജ്ജ്വർ തന്റെ—ഗ, ഘ ങ 4 നാം—ച. 5. മായുള്ളൊരു—ഗ, ങ. 6. ഭോജനം—ഞ. 7. നാക്കണമെന്നു—ഘ, ങ. 8. ഞങ്ങൾക്കു—ഗ; എനിക്കു തോന്നുന്നിതു—ജ. 9. ന്നൊട്ടുമിഷ്ടമില്ലവൾ—ഗ, ങ, ച, ജ, ഡ, ഫ; ന്നൊട്ടുമിഷ്ടനല്ലവൻ—ഘ, ഛ 10. ശ്രേഷ്ഠി—ഛ. 11. പുക്കു—ഗ, ഘ, ങ. 12. പെൺകിടാവും—ഛ. 13. സ്ത്രീയും—ച. 14. ശ്രേഷ്ഠിയെ—ഛ. 15. നൽകി—ച. 16. തൃപ്തിയും വരുത്തിട്ടങ്ങവനോടുരചെയ്തു—ച. 17. ച്ചയച്ചിതു—ജ. 18. ചെട്ടിച്ചി—ക. 19. തൊട്ടിട്ടില്ലിപ്പോൾ തന്നെ വന്നുടൻ പുണർന്നിതു—ഘ, ഫ. 20. താനേ—ക.

ചോരനുമുരചെയ്തു[1] തന്നുടെ ഗൃഹം തന്നിൽ
ചോരണം ചെയ്യാനെങ്ങുമൊന്നുമേ കാണുന്നീല.
കണ്ടുവെന്നാലും കട്ടുകൊണ്ടുപോകയുമില്ല
രണ്ടു വാക്കില്ല മമ പോകുന്നേനെന്നും ചൊല്ലി
പോന്നിതു സർവ്വദ്രവ്യം മോഷ്ടിക്കുന്നവൻ താനും
എന്നതുകൊണ്ടു ചൊല്ലീ ദീനരിൽ കൃപ വേണം.
ധീരാത്മാവാമർത്ഥനൻ പിന്നെയും ബകനെന്നു
പേരായുള്ളമാത്യനെ വിളിച്ചു ചോദിച്ചിതു.
കാകമന്ത്രിയെക്കുലചെയ്കയോ മോചിക്കയോ[2]
ലോകവീരനാം ഭവാനെങ്ങിനെയഭിപ്രായം.
ഉക്തവാൻ[3] ബകാമാത്യൻ ദീനനെക്കുലചെയ്ക
യുക്തമല്ലിഹ[4] സ്വാമിന്നഞ്ജസാ[5] രക്ഷിക്കണം.
ബ്രഹ്മരാക്ഷസൻ താനും ചോരനും രക്ഷിച്ചു[6]പോൽ
ബ്രാഹ്മണനേയുമദ്ദേഹത്തിൻെറ ഗോക്കളേയും.

## ഉത്തരം നമുക്കിപ്പോളാശ്രിതത്രാണം തന്നെ

എങ്ങിനെയെന്നു സ്വാമി കേട്ടാലുമെന്നു ബകൻ.
തിങ്ങിന തിമിരത്താൽപ്പൂർണ്ണമായൊരു[7] നിശി
ദുഷ്ടനാമൊരു ചോരൻ വിപ്രനു പ്രതിഗ്രഹം
കിട്ടിയ[8] പശു രണ്ടുണ്ടായതു മോഷ്ടിപ്പാനായ്
ബ്രാഹ്മണഗൃഹം നോക്കിപ്പോകുമ്പോൾ മാർഗ്ഗേയൊരു
ബ്രഹ്മരാക്ഷസനെയും കണ്ടെത്തി യദൃച്ഛയാ.
ആരെടോ താനെന്നഥ ചോദിച്ചു ചോരൻ ധീരൻ[9]
ആരെടോ[10] താനെന്നഥ ബ്രഹ്മരക്ഷസ്സും ചൊന്നാൻ.

---

1. അതുകേട്ടു—ഗ. 2. ഷ്ടീ—ക. 3. ട്ടതനെ—ച. 4. ല്ലിതു—ഖ, ഗ, ച. 5. യശസേ—ഗ, ങ, ജ. 6. ച്ചു—ജ. 7. യാമൊരു—ഗ. 7. യാമൊരു—ഗ, 8. അതിനെ—ഗ, ങ, 9. വീ—ഗ, ങ. 10. അതു—ഘ, ഛ, ജ.

തസ്കരൻ ഞാനെന്നേകൻ[1] രാക്ഷസൻ ഞാനെന്നന്യൻ
തസ്കരാ ഭവാനെങ്ങു പോകുന്നു പറകെടോ !
വിപ്രന്റെ ഗൃഹംതന്നിൽ[2] രണ്ടു ഗോക്കളുണ്ടതു
ക്ഷിപ്രം മോഷ്ടിപ്പാനായിപ്പോകുന്നു താനെങ്ങെടോ[3] ?
ഞാനുമദ്വിജേന്ദ്രനെക്കൊന്നുതിന്മാൻ പോകുന്നു
നൂനമെന്നവർ തമ്മിൽപ്പറഞ്ഞു[4] തത്ര[5] ചെന്നാർ.
നില്ലെടാ മുമ്പിൽ[6] ഞാൻ പോയ് വിപ്രനെ വധിക്കണം[7]
നില്ലെടാ മുമ്പിൽ[8] ഞാൻ പോയ് ഗോക്കളെ ഹരിക്കണം[9][10].
ഇങ്ങിനെ തമ്മിൽ വിവദിക്കുന്ന[11] വാക്കു വിപ്രൻ
തിങ്ങിന ഭയത്തോടേ[12] പുറത്തു വന്നനേരം
ബ്രഹ്മരാക്ഷസൻ ചൊന്നാൻ തസ്കരനിവൻ[13] തവ
ബ്രഹ്മസ്വം പശുക്കളെ മോഷ്ടിപ്പാൻ വന്നു വിപ്രാ!
തസ്കരൻ ചൊന്നാനെടോ[14] ബ്രാഹ്മണാ ! ഭവാനെയും
മക്കളെയുമിന്നിവൻ കൊന്നുതിന്മാനായ്[15] വന്നു
തന്മൊഴി[16] കേട്ടു മുദാ[17] ഭൂസുരൻ രണ്ടുപേർക്കും[18]
സമ്മാനം നൽകിയയച്ചീടിനാൻ വിരവോടേ.
ഞാനതു[19]കൊണ്ടു ചൊല്ലുന്നേൻ ജ്ഞാനമില്ലാത്തുള്ളോർക്കും[20]
ദീനരിൽ കൃപയുണ്ടാം പിന്നെയെന്തീശന്മാർക്കും.

---

1. ന്നവൻ—ഖ, ഗ, ഘ. 2. അതിൽ—ഛ. 3. താനെങ്ങിനെ—ക. 4. ചെന്നീടിനാർ—ച. 5. ചെന്നു—ഗ, ഘ. 6. ഞാൻ പോയ് മുമ്പിൽ—ഗ, ഛ; മുന്നം—ജ, പ. 7. ക്കാനും—ച. 8. ഞാൻ പോയ് മുന്നം—ഗ, ഘ, ഛ, ജ, പ. 9. ഹനി—ഖ. 10. ക്കാനും—ച. 11. വാദിക്കുന്നതുകേട്ടു—ഖ, ഛ; പറയുന്നതു—ഗ, ഘ ങ, ഡ, ത. 12. ടു—ജ. 13. തന്റെ—ജ. 14. നപ്പോഴും—ഗ, ങ. 15 ഭക്ഷിപ്പാൻ—ജ. 16. അമ്മൊഴി—ഖ, ഘ. 17. തദാ—ഛ. 18. ഇരുവർക്കും—ഗ. 19. എന്നതു—ക. 20. ദീന—ച.

ഉക്തവാൻ[1] ദീപ്താക്ഷനെന്നുള്ളൊരു മഹാമാത്യൻ
യുക്തമേവേദം[2] ബകാമാത്യനാലുദീരിതം.
പ്രത്യക്ഷമപരാധം ചെയ്തുവെന്നാലും[3] പിന്നെ
പ്രത്യക്ഷസ്തുതികൊണ്ടു ദുർജ്ജനം പ്രസാദിക്കും.
പണ്ടൊരു സൂതൻ തന്റെ ഭാൎയ്യയും ജാരനെയും
രണ്ടുപേരെയും തന്റെ ശിരസ്സിൽ വഹിച്ചുപോൽ.[4]
കിംപ്രകാരമെന്നതു[5] ചോദിച്ചു[6] കൗശികേന്ദ്രൻ[7]
സാമ്പ്രതം ശ്രവിച്ചാലുമെന്നു ദീപ്താക്ഷൻ ചൊന്നാൻ.
ധൂളിയായൊരു രഥകാരപ്പെൺകിടാവിനെ
വേളിയും കഴിച്ചൊരു പൂരുഷൻ രഥകാരൻ
ലാളിച്ചുംകൊണ്ടു മുദാ സന്തതമവളോടു[8]
മേളിച്ചു ഭവനത്തിലങ്ങിനെ മേവും[9] കാലം.
നേരല്ലിക്കളമൊഴിയാളുടെ[10] ശീലം സദാ[11]
ജാരന്മാൎക്കധീനയായ്[12] വന്നിതു ദിനേ ദിനേ.
ആയതു പരീക്ഷിച്ചു ബോധിപ്പാൻ കുറഞ്ഞൊരു
മായത്തെ[13] പ്രയോഗിക്കതന്നെയെന്നുറച്ചവൻ.[14]
തത്രനിന്നവളോടു യാത്രയും ചൊല്ലിസ്സൂതൻ
ഛത്രവുമെടുത്തങ്ങു[15] നടന്നാനൊരുദിനം[16]
അന്തിയായപ്പോൾ[17] വന്നിങ്ങാരുമേ[18] ബോധിക്കാതെ
ദന്തിഗാമിനിയുടെ വാസമന്ദിരം പുക്കാൻ.[19]

1. ദീപ്തമാൻ—ക. ('രക്താക്ഷഃ അബ്രവീത്' എന്നു മൂലം) 2. ഏവ തത്—ഖ, ഗ, ങ. 3. കിലും—പ. 4. ധരിച്ചു—ഗ, ങ. 5. അപ്രകാരം—ഛ. 6. എന്നങ്ങു—ഗ, ങ; എന്തെന്നു—ഘ, ഛ. 7, കന്നം—ഗ, ഘ, ങ, ഡ, ത, പ, ഫ. 8. നടൻ—ഛ; ളോടേ—ങ. 9. വാഴും—ഛ. 10. ല്ല—ച. 11. തദാ—ഘ, ജ 12. നമായ്—ഛ. 13. മിപ്രയോഗങ്ങൾ—പ. 14. ക്കന്നുറച്ചു മഹാസൂതൻ—ഗ, ഘ, ങ, ഛ, ത. 15. ക്കൊണ്ടു—ഗ, ഘ, ങ, ഛ, ത. 16. ദൃതം—ച. 17. ന്ന—ഘ. 18. യാ—ഘ. 19. പുക്കു—ഗ, ങ.

കട്ടിൽക്കീഴൊളിച്ചൊരു കോണിലങ്ങൊതുങ്ങിക്കൊ-
ണ്ടൊട്ടുമങ്ങനങ്ങാതെ[1] പാർത്തിതു രഥകാരൻ.
ജാതസന്തോഷം രഥകാരകാമിനിയപ്പോൾ
ദൂതിയെ വിട്ടു തന്റെ ജാരനെ വരുത്തിനാൾ.
സത്വരമവനോടു[2][3] സാരസ്യമാടിക്കൊണ്ടു
മെത്തമേലേറിശ്ശയിച്ചീടിനാളസംശയം.
കട്ടിലിന്നധോഭാഗേ മേവുന്ന[4] സൂതന്റെ[5] മേൽ
തട്ടിത്തൻ[6]പാദമവൾക്കന്നേരം[7] ബോധിച്ചിതു.
എന്തു ഞാൻ വേണ്ടുവെന്നു സുന്ദരി ചിന്തിക്കുമ്പോൾ
ബന്ധമെന്നിയേ ജാരൻ ചോദിച്ചാനവളോടു
സുന്ദരി നിനക്കു നിൻ ഭർത്താവോ ഞാനോ പ്രിയൻ[8]?
എന്നതുകേട്ടു കൊള്ളാമെന്നോർത്തു[9] ചൊന്നാളവൾ.
എന്തെടോ മൂഢത്വം കൊണ്ടിങ്ങിനെ ചോദിക്കുന്നു[10]
സന്തതം നമ്മെ[11]പ്പുലർത്തീടുന്ന ഭർത്താവിനെ
വച്ചേച്ചു മററുള്ളോരിൽ[12] സ്നേഹമുണ്ടാമോ സ്ത്രീകൾ-
ക്കിഷ്ടർക്കു ചേരുന്നതു നൽകുമോ മററാരാനും?
യൗവനാരംഭംകൊണ്ടും കാമചാപല്യം[13] കൊണ്ടും
ദ്രവ്യത്തിൻകൊതി[14]കൊണ്ടും നിന്നെ ഞാൻ പ്രാപിക്കുന്നേൻ.
പ്രാണവല്ലഭ[15]നൊരു വിപത്തു വരുന്നാകിൽ
പ്രാണത്തെ[16] ത്യജിപ്പാനുമിങ്ങൊരു[17] മടിയില്ല.

1. മെയനങ്ങാതെ—ങ. 2. സാദരം—പ. 3. ളോ—ക. 4. പാൎക്കുന്ന—ങ, ഡ, പ. 5. സൂതൻ തന്റെ—ഛ, ജ. 6. ത[illegible]യ പാദമമ്പു—ച. 7. ഉന്നേരം—ങ. 8. പ്രിയം—ഘ, ഛ, ഡ. 9. നവപ്പോർത്തു ചൊന്നാൾ—ഗ, ഘ, ഛ, ഡ. 10. തോന്നീടുന്നു—ക. 11. തന്നെ—ഗ, ങ. 12. രെ—ച. 13. സ്ത്രീസ്വഭാവത്തെ—ക. 14. മോഹം—ക. 15. നാഥനെച്ചൊല്ലി—ഡ. 16. നെ—ച, ഡ. 17. പ്പതിന്നിങ്ങൊരു—ച.

മൽപ്രിയൻ രഥകാരൻ മൽപരദൈവമവ-
ന്നപ്രിയമൊരുനാളും ചെയ്കയില്ലെടോ ഞാനും.
ഇത്ഥമങ്ങവളുടെ വാക്കുകൾ കേട്ടു[1] സൂതൻ
ചിത്തത്തിലുണ്ടായൊരു സന്തോഷം സഹിയാഞ്ഞു[2]
സത്വരമെഴുന്നീററു കട്ടിലും കനത്തൊരു
മെത്തയും ജാരനേയും ഭാൎയ്യയാമവളെയും
ഒക്കവേ കൂടെത്തന്റെ ശിരസ്സിലേററിക്കൊണ്ടു
തൽക്ഷണം നൃത്തമാടിപ്പാടിനിന്നാടീടിനാൻ.
ജാരസംഭോഗത്തിലും നമ്മളെബ്ബഹുസ്നേഹം
ഭാൎയ്യയാമിവൾക്കെന്നു ചിന്തിച്ചു നൃത്തംചെയ്യാൻ.
മന്ത്രിവാക്കുകൾകേട്ടു ഇഷ്ടനാമാമർദ്ദനൻ
മാനിച്ചു മുദാ ചിരഞ്ജീവിയെക്കൈക്കൊണ്ടിതു.
ഉക്തവാൻ ചിരഞ്ജീവി കൗശികാധീശാ വിഭോ![3]
ശക്തനാം ഭവാനെ ഞാൻ വൎണ്ണിച്ചു പറകയാൽ
ക്രുദ്ധനാം കാകാധീശൻ നമ്മെയങ്ങുപേക്ഷിച്ചാൻ[4]
ഉദ്ധതന്മാരാമവരൊക്കവേ ദുഷ്ടക്കൂട്ടർ.[5]
ഒന്നു ഞാൻ നിശ്ചയിച്ചേനിന്നുഞാനെന്റെ ദേഹം
വഹ്നിയിൽ ദഹിപ്പിച്ചു വൈകാതെ പുനൎജ്ജന്മം
ആശു ഞാനുലൂകമായ്പിറന്നു കാകന്മാരെ
ആകവേ കുലചെയ്യുന്നുണ്ടു ഞാൻ കണ്ടുകൊൾവിൻ.
ആയതുകേട്ടു പറഞ്ഞീടിനാനാമൎദ്ദനൻ
നീയതു ഭാവിച്ചതു നിഷ്ഫലമെന്നേ വരൂ.[6]
അന്യജന്മത്തിൽപ്പോലും പൂൎവജാതിയെവെടി-
ഞ്ഞന്യജാതിയിൽ ജന്മം സാധ്യമല്ലെടോ സഖേ![7]

1. കേട്ടനേരം—ഗ. 2. യാഞ്ഞു—ച. 3. ദേവ ! ഹേ ദയാനിധേ ! —ഗ, ഛ ഹ. 4. ച്ചു—ച, ജ. 5. ട്ടം—ഖ, 6. വേണ്ടു—ജ. 7. ജന്മത്തിൽപ്പോലും—ക.

സൂൎയ്യനെ പ്രാപിച്ചിട്ടും മേഘത്തെ പ്രാപിച്ചിട്ടും
മാരുതം പ്രാപിച്ചിട്ടും ശൈലത്തെ പ്രാപിച്ചിട്ടും
മുന്നമങ്ങുതാനൊരു മൂഷികസ്ത്രീ പിന്നെയും
തന്നുടെ ജാതിതന്നിലകപ്പെട്ടതേയുള്ളൂ.
എങ്ങിനെയതെന്നു[1] ചോദിച്ചിതു[2] ചിരഞ്ജീവി
മൂങ്ങകൾക്കധീശ്വരൻ ചൊല്ലിനാനാമൎദ്ദനൻ.

## മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീ.

പണ്ടൊരു പരുന്തൊരു മൂഷികപ്പെൺകുഞ്ഞിനെ[3]
ക്കൊണ്ടങ്ങു[4] പറക്കുമ്പോൾ കൊക്കിൽനിന്നധോഭാഗേ
വീണുപോയ[5]വളൊരു മാമുനിശ്രേഷ്ഠൻതന്റെ
പാണിയിൽപ്പതിച്ചിതു സന്ധ്യാകൎമ്മം ചെയ്യുമ്പോൾ.
തന്നുടെ തപോബലംകൊണ്ടുടൻ തപോധനൻ
തന്നുടെ ഗൃഹിണിക്കു പുത്രിയായ്ദാനംചെയ്തു.
മൂഷികകുമാരിയെത്താപസകുമാരിയായ്
പോഷിപ്പിച്ചിതു മുദാ താപസേന്ദ്രന്റെ ഭാൎയ്യാ.
വീൎയ്യവും സൗന്ദൎയ്യവും വിദ്യയും[6] വിഭുത്വവും[7]
ധൈൎയ്യവുമുള്ളവനു പുത്രിയെക്കൊടുക്കണം.
സൂരിയാം[8]മുനിശ്രേഷ്ഠനിങ്ങനെ വിചാരിച്ചു
സൂൎയ്യദേവനെച്ചെന്നു വന്ദിച്ചു ചൊല്ലീടിനാൻ.
ഉന്നതപ്രഭാവനാം[9] നിന്തിരുവടി മമ
കന്യയെപ്പാണിഗ്രഹം ചെയ്യണം ദിനേശ്വരാ!
എന്നതു കേട്ടങ്ങരുൾ[10]ചെയ്തിതു ദിനേശ്വരൻ[11]
എന്നെക്കാൾ മഹത്തരം മേഘമെന്നറിഞ്ഞാലും

1. യതെന്നുടൻ—ഖ. 2. ച്ചു—ഖ. 3. സ്ത്രീയെക്കൊത്തി—ക 4. പോകുന്നേരം—ജ. 5 ആയതങ്ങു്—ഖ. 6. വിത്തവും—ജ. 7. പ്ര—ഖ. 8. ആൎയ്യനാം—ഖ, ജ, ഠ. 9. ത—ജ. 10 കേട്ടിട്ടരുൾ—ഖ. 11 ശനും—ഖ.

KOTTAYAM PUBLIC LIBRARY KOTTAYAM.

എന്നുടെ പ്രകാശത്തെ മറപ്പാ[1]നവൻ പോരും
എന്നതുകൊണ്ടു നമ്മെക്കാ[2]ളവൻ മഹാപ്രഭു.
എന്നതുകേട്ടു മുനി മേ[*]ഘത്തോടു[3]രചെയ്താ-
നെന്നുടെ മകളെ നീ വേട്ടുകൊ[4]ണ്ടാലും സഖേ!
വാരിവാഹവും ചൊന്നാനെന്നെക്കാൾ വലിയവൻ
മാരു[5]തൻ ദേവൻ നമ്മെക്കൊണ്ടവൻ നടക്കുന്നു.
മാമുനീശ്വരൻ ചെന്നു മാരുതനോടു ചൊന്നാൻ;
മാമകാത്മജയ്ക്കു നീ വല്ലഭനായീടണം.
മാരുതനരുൾ ചെയ്തു, പർവതമെന്റെ ഗതി
വാരണം ചെയ്യു[6]മവൻ നമ്മെക്കാൾ മഹാരഥൻ.
സർവതാപസശ്രേഷ്ഠൻ കന്യയെക്കൊണ്ടു ചെന്നു
പർവതത്തോടു ചൊ[7]ന്നാൻ വേൾക്ക നീ കുമാരിയെ.
പർവതമുരചെയ്തു മൂ[8]ഷികൻ മഹാബലൻ
സർവതോ നമ്മെക്കരണ്ടായവൻ തുളയ്ക്കുന്നു.
മൂഷികന്മാരെ പ്രാപിച്ചുക്തവാൻ മുനീശ്വരൻ
[9]ദൂഷിതം [10]വിനാ വേട്ടുകൊൾക മേ കുമാരിയെ.
ചൊല്ലിനാനെലിശ്രേഷ്ഠൻ കല്യാണം കഴിക്കാമെ-
ന്നില്ലത്തു കൊണ്ടുപോവാൻ തെല്ലുണ്ടു പരാധീനം.
നമ്മുടെ ഗൃഹമൊരു രന്ധ്രമാത്രമേയുള്ളൂ;
പെണ്മണിയാളെയതിൽക്കടത്തിക്കുടിവെപ്പാൻ
സാധ്യമല്ല[11]ല്ലോ മുനേ! സാഹസം ചെയ്താലതു
[12]ബാധ്യമാസ്സുരുമെന്നു ശങ്കിച്ചു മടിക്കുന്നു.

---

1. പ്പാൻ പോരുമവൻ—ഖ. 2 അവൻ നമ്മെക്കാൾ—ഖ. 3. ടപേക്ഷിച്ചു—ക; ചെയ്തു—ഛ. 4. കൊള്ളണം—ക. 5. തദേവൻ—ഖ. 6. ന്നവൻ—ജ. 7. ചൊന്നു—ജ. 8 ഖ—ഖ. 9. മൂഷികാ ഭവാനെന്റെ പുത്രിയെ വേട്ടീടണം—ഖ. 10. നീ—ജ. 11. ല്ലടോ—ഖ. 12. സാധ്യമാസ്സുരായെന്നു—ഖ.

* 'സംവർത്തകം നാമ മേഘം' എന്നു മൂലം

താപസൻ തപോബലം കൊണ്ടുടൻ തൻപുത്രിയെ
താമസം[1] കൂടാതൊരു മൂഷികപ്പെണ്ണാക്കിനാൻ
മൂഷികൻ വിവാഹവുംചെയ്തിതു മുന്നേപ്പോലെ
മൂഷികസ്ത്രീ പിന്നെയും[2] മൂഷികസ്ത്രീയായ്‌വന്നു.
എന്നതുകൊണ്ടു ചൊന്നേൻ ജാതിക്കു വിപര്യ്യാസം[3]
വന്നുസംഭവിക്കയില്ലന്യജന്മത്തിൽപ്പോലും.
ഇങ്ങിനെ പറഞ്ഞുലൂകേന്ദ്രനാമാമർദ്ദനൻ
ഇംഗിതമവനുള്ളിലുള്ളതു ബോധിക്കാതെ.
[4]ശത്രുമന്ത്രിയാം ചിരഞ്ജീവിയെ സമ്മാനിച്ചു
മിത്രമാക്കിനാനഹോ! ബോധമില്ലായ്കമൂലം.
നിന്നുടെ ഗൃഹംപോലെ കണ്ടുകൊൾകെടോ ഭവാ-
നെന്നുടെ ജനം ധനം സ്ഥാനവും മാനങ്ങളും
ഒക്കവേ നിനക്കധീനം[5] സഖേ ചിരഞ്ജീവിൻ!
[6]മൽക്കുലേ സുഖിച്ചു വാഴ്കെന്നുമങ്ങുരചെയ്തു.
ഭക്ഷണത്തിനും വക കല്പിച്ചു നിജഗൃഹ-[7]
രക്ഷണത്തിനുമാക്കി സ്വസ്ഥനാമാമർദ്ദനൻ.[8]
സൂര്യ്യനങ്ങുദിച്ചപ്പോളന്ധരാം[9] ഉലൂകന്മാർ
സ്വൈരമായുറക്കവും തുടന്നാനുലൂകേശൻ
ധീരനാം ചിരഞ്ജീവി ശത്രുസംസ്ഥാനങ്ങളിൽ
[10]ദ്വാരങ്ങൾ, കിടങ്ങുകൾ, കോട്ടകൾ, മതിലുകൾ
കൊത്തളം പുറത്തളം കൊട്ടിലും കോലായ്പുറം
കൽത്തളം കളം കുളം കാനനം സ്ഥാനങ്ങളും[11]

1. സ്ത്രീയാക്കിനാൻ—ഖ. 2. തീൻ—ച. 3. ര്യ്യയം—ഖ. 4. ശാസ്ത്ര—ജ. 5 ധീനങ്ങളെന്നുരച്ചു—ഖ. 6. ഇക്കുലം ബലപ്പെടുത്താശു നീ രക്ഷിക്കണം—ഖ. 7. സ്ഥാനേ—ഖ, ജ. 8. സ്ഥാനം—ഖ. 9. കൂട്ടത്തോടെ—ക. 10. വാടകൾ—ച. 11. ന—ഖ, ജ.

ഒക്കവേ പകൽകണ്ടു ഗ്രഹിച്ചു വഴിപോലെ
തക്കത്തിൽ ദഹിപ്പിപ്പാൻ കൗശലങ്ങളും നോക്കി
വയ്ക്കോലും തൃണങ്ങളും പഞ്ഞിയുമിടയ്ക്കിടെ
പൊക്കത്തിൽ സ്വരൂപിച്ചു[1] മറച്ചു[2] വസ്ത്രങ്ങളാൽ
ചിത്രമോരോന്നുണ്ടാക്കിയപ്പുരേ[3] ചിരഞ്ജീവി
എത്രയുമുചിതമെന്നോർത്തു[4]കൊണ്ടുലൂകന്മാർ
രാത്രിയിൽ കണ്ടു കണ്ടു വിസ്മയിച്ചതേയുള്ളു
ശാത്രവൻ[5] ചതിക്കുമെന്നാർക്കുമേ ബോധം നാസ്തി.
ചിന്തിച്ചു ചിരഞ്ജീവി ശത്രുസംസ്ഥാനങ്ങളിൽ
ബന്ധിച്ചു ദുർഗ്ഗങ്ങളും ദുർഘടസ്ഥാനങ്ങളും
ഒക്കവേ കണ്ടേനഹം നീക്കമില്ലിനിശ്ശീഘ്രം[6]
തീക്കനൽക്കിരയാക്കുന്നുണ്ടു ഞാനിപ്രദേശം.
അക്കണക്കറച്ചവൻ ശുഷ്കഗോമയങ്ങളിൽ
തീക്കനലിട്ടു[7] നാലുഭാഗവും ജ്വലിപ്പിച്ചു.
അർക്കന്റെ[8] പ്രതാപവും അഗ്നിതൻപ്രതാപവും
ഒക്കവേയൊരുമിച്ചു പൊക്കത്തിൽപ്പുക പൊങ്ങി.
തൽക്ഷണം[9] മൂങ്ങാക്കൂട്ടമൊക്കവേ മഹാശ്വത്ഥ-
വൃക്ഷവും മുറിച്ചാശു[10] ഭസ്മമായ്[11] പ്പതിച്ചിതു.
ഇത്ഥമങ്ങുലൂകസംഹാരത്തെച്ചെയ്തു[12]വേഗാൽ
സുസ്ഥിതൻ[13] ചിരഞ്ജീവി പോന്നിങ്ങു നിജസ്ഥാനേ.
മേഘവർണ്ണനെച്ചെന്നു വണങ്ങിപ്പേരാൽവൃക്ഷ[14]
മോഘമെന്നിദ്ദേയ[15] കൊണ്ടന്നിരുത്തിസ്സുഖിപ്പിച്ചു.

---

1. സ്വരുമിച്ചു മറവമീ—ജ. 2. പച്ചിലകൊണ്ടു മൂടി—ഖ, പത്രങ്ങൾ കൊണ്ടു മൂടി—ച. 3 മൽപുരം—ക. 4. ത്തുടൻ—ച. 5. ശാസ്രുവാൻ—ച, ജ. 6. ഭൃതം—ച; ജ. 7. ത്തും—ജ. 8. കാററമഝൂമങ്ങളും—ഖ. 9. ണം—ജ. 10. ദഹിച്ചു—ഖ, ജ. 11. ധൂമിച്ചിതു—ഖ. 12. ചെത്തു—ജ. 13 സത്വരം—ഖ. 14. രാലിന്മേൽ—ച. 15. ഭേദം—ച; മോദ—ജ.

പ്രൗഢസന്തോഷം ചിരഞ്ജീവിയെ കാകാധീശൻ
ഗാഢമാശ്ലേഷംചെയ്തു ഗ്രദ്ധമെന്നിദ്ദയ ചൊന്നാൻ.
[1] ഹേ സഖേ ചിരഞ്ജീവിൻ ! ഹന്ത നീ ചിരഞ്ജീവ
ഹേലയാകൃതം കാര്യമാശ്ശു ഹേ സഖേ ! നിന്നാൽ
എങ്ങിനെ ഭവാനഹോ ! ശത്രുരാജ്യം പ്രാപിച്ചു
എങ്ങിനെ പുനസ്സഖേ ! തത്ര വാണതും ഭവാൻ.
ഇങ്ങിനെ ഉപകൃതി[2] ചെയ്തതിന്നഹോ ! ഞാനു-
മെങ്ങിനെ ചെയ്തീടേണ്ടു പ്രത്യുപകാരം[3] സഖേ !
ഇങ്ങിനെ ചോദിച്ചോരു വായസപ്രവീരനോ-
ടിങ്ഗിതം ഹിതം പറഞ്ഞീടിനാൻ ചിരഞ്ജീവി
ദുർഘടം കാര്യം[4] ലഭിച്ചീടുവാൻ മഹത്തുക്കൾ
ദുർഘടസ്ഥാനങ്ങളിൽ[5] ചെന്നിരുന്നനേകധാ
ദുഃഖങ്ങളനുഭവിക്കുന്നവർ പതുക്കവേ
തൽക്കാര്യം ലഭിക്കുമ്പോൾ സ്വസ്ഥരായ് വരുന്നീല[6].
പഞ്ചപാണ്ഡവന്മാരും പാഞ്ചാലീദേവി താനും[7]
ചഞ്ചലം[8] വിനാ വേഷം മറച്ചു വിരാടൻെറ
പത്തനം തന്നിലൊരു വത്സരം പാർത്തീലയോ ?
പത്തനംഗന്മാർ മരിച്ചുകനായ് പിറന്നപ്പോൽ
എത്രയും മനോജ്ഞനാമർജ്ജുനൻ താനും പുരേ
തത്ര ചെന്നാണുംപെണ്ണുമല്ലാതെ പാർത്തീലയോ[9] ?
വീരനാം വൃകോദരൻ താനുമങ്ങടുക്കള-
ക്കാരനായരിവച്ചു വിളമ്പിപ്പാർത്തീലയോ ?

---

1. ഹേ ! സഖേ ! ചിരഞ്ജീവി ! ഹേലയാകൃതം കാര്യം.
ആശു ഹേ ! സഖേ ! നിന്നാലെങ്ങനെ ഭവാനഹോ
ശത്രുരാജ്യത്തെ പ്രാപിച്ചാസ്ഥനായ് പുനഃസഖേ
തത്ര വാണതും ഭവാനിങ്ങനെയുപകൃതി
ചെയ്തതിന്നഹോ ഞാനുമെന്തു പ്രത്യുപകൃതി
ചെയ്തീടേണ്ടുവെന്നേവം ചോദിച്ചു കാകാധീശൻ—ഖ. 2. കാരം—ച.
3. പരം—ച. 4. സ്ഥാനം—ഖ. 5. സ്ഥലങ്ങ—ഖ, ച. 6. ന്നില്ലേ—ഖ.
7. താനും പിന്നെ—ഖ. 8. ചാഞ്ചല്യം—ച. 9. വാണീ—ച.

സുന്ദരീദമയന്തീവല്ലഭൻ നളൻ നൃപൻ
ചെന്നൊരു നരേന്ദ്രന്റെ പാചകസ്ഥാനം വാങ്ങി
ശോകവും[1] മനക്കാമ്പിലടക്കിബ്ബഹുകാലം
പാകവുംചെയ്തുകൊണ്ടു മുഷിഞ്ഞു പാർത്തീലയോ ?
ശത്രുവർഗ്ഗാണാം മദ്ധ്യേ വാസമെന്നതു നൃണാ-
മൈത്രയും[2] പരാധീനമായതു വിചാരിച്ചാൽ
ഖഡ്ഗധാരാഖ്യവ്രതം സാധിച്ചു പണിപ്പെട്ടു
സൽഗതി വരുത്തുന്ന യോഗിക്കു സമംതന്നെ.
ആസനം സ്ഥാനം യാനം ഭോജനം പാനം സ്നാനം
ആയതു സർവം മഹാസങ്കടം ശത്രുസ്ഥലേ.
സർവദിക്കിലും വിഷം സംഗമിപ്പിക്കുമതു
സർവദാ[3] സമാധാനം ചെയ്തു സൂക്ഷിച്ചീടണം.
ഏതൊരു ദുർമ്മന്ത്രിക്കു ദുർന്നയം ഭവിക്കാത്തു ?
ഏതൊരു പുരുഷനെ ശ്രീ മദിപ്പിച്ചിടാത്തു ?
ഏതൊരു മനുഷ്യന്മാരപഥ്യം ഭക്ഷിക്കയാ-[4]
ലാതുരന്മാരല്ലാതെ സംഭവിക്കുന്നു[5] വിഭോ !
ഏതൊരു നരന്മാർക്കു മൃത്യുവും ഭവിക്കാത്തു ?
ഏതൊരു വിഷയിക്കു വിപത്തുമുണ്ടാകാത്തു ?
സാവധാനതക്കുടാതുള്ള[6]വർക്കൊരു നാളും
സാധ്യമല്ലരിപുരേ ചെന്നുപോരികപോലും
വൈരിയെ സ്തുതിക്കണം[7] വൈരിയെബ്ഭജിക്കണം
വൈരിയെ ശിരസ്സിങ്കലെടുത്തു[8] നടക്കണം.
വൈരിയെച്ചതിക്കണമെങ്കിലീവിധമെല്ലാം
വൈകാതെ ചെയ്തു[9] പോവൂ വാശ്ശജാതിയെന്നാലും.

1. സദാ—ഖ. 2. നിരൂപി—ഖ. 3. സാവ—ജ. 4. ഭവി—ഖ.
5. സംഭവി—ഖ. 6. തും—ഖ. 7. സേവി—ച. 8. ങ്കൽ വഹിച്ചു—
ഖ, ച, ജ. 9. യ്തു—ഖ.

## രിപുക്കളെ
## സ്കന്ധത്തിൽ വഹിച്ചീടാം

പണ്ടൊരു കൃഷ്ണസർപ്പം മണ്ഡൂകക്കൂട്ടങ്ങളെ
കണ്ഠത്തിൽ വഹിച്ചുകൊണ്ടൊക്കവേ[1] കുലചെയ്തു[2].
അക്കഥ കേൾക്കേണമെന്നുക്തവാൻ കാകാധീശൻ
സൽക്കരിച്ചു[3]രചെയ്തു[4] ബുദ്ധിമാൻ ചിരഞ്ജീവി.
ബുദ്ധിമാൻ മന്ദ[5]വിഷനെന്നൊരു കൃഷ്ണസർപ്പം
വൃത്തിക്കു ലഭിക്കാഞ്ഞു വിശന്നു നടന്നുടൻ
മുഷ്കരന്മാരായുള്ള[6] ഭേകങ്ങൾ പെരുത്തൊരു
പുഷ്കല[7]ഹ്രദത്തിന്റെ വക്കത്തു ചെന്നിരുന്നു[8]
ദുഃഖവും നടിച്ചുകൊണ്ടത്രയും പരവശം[9]
തൽക്കയം തന്നിലുള്ള ദർദ്ദുര[10]ക്കൂട്ടങ്ങളിൽ
ജാലപാദ[11]നെന്നുള്ള[12] ഭേഷ്കകൾക്കധീശ്വരൻ[13]
ചാലവേ ദുഃഖത്തിന്റെ കാരണം ചോദിച്ചിതു.
കാളസർപ്പവും കനിഞ്ഞാസ്ഥയാ പറഞ്ഞിതു
കേളെടോ മഹാത്മാവേ, മണ്ഡൂകേശ്വരാ, സഖേ !
വംശശുദ്ധിയുള്ളോരു വിപ്രന്റെ കുമാരനെ
ദംശനംചെയ്തേനഹം ദൈവകല്പിതം മൂലം.
തൻപിതാവാകും വിപ്രൻ കോപിച്ചു ശപിച്ചു[14] മാം
കെല്പിയന്നൊരു ഭുജംഗാധമാ ,ദുരാത്മാവേ!

---

1. ണ്ടാകവേ—ഖ, പ. 2. ചെയ്താൻ—ജ. 3. വിസ്തരിച്ചു—ജ. 4. സാദരം—ഖ, ജ. 5. മഹാ—ഗ, ഘ, ങ. 6. ഷ്ക—ക. 7. ര—ജ. 8. ചെന്നുകൂടി—ജ; ചെന്നിരുന്നാൻ—ച. 9. വശാൽ—ഖ, ച, ജ. 10. മണ്ഡൂക—ജ. 11. ത—ഖ. 12. ന്നൊരു മണ്ഡൂകശ്രേഷ്ഠനതാ—ഗ. 13. ഭേകങ്ങൾ—ഖ; കൂട്ടങ്ങൾ—ച. 14. പറഞ്ഞിതു—ജ.

എന്നുടെ കുമാരനെ ദംശിക്കനിമിത്തമായ്
നിന്നുടെ ഭോജ്യങ്ങളാം മണ്ഡൂകക്കൂട്ടങ്ങളെ[1]
തന്നുടെ[2] തോളിൽ ചുമന്നീടുക; തവളകൾ
*തന്നുള്ളോരശനവും[3] കഴിച്ചു നടന്നാലും.
ഇങ്ങിനെ ലഭിച്ചോരു[4] ശാപത്തെ നിവൎത്തിപ്പാൻ
നിങ്ങടെ[5] മനസ്സുണ്ടെന്നാകിലേ[6] കഴിവരൂ.
എന്നതുകേട്ടു[7] മണ്ഡൂകാധിപനുരചെയ്തു.
ഇന്നുതൊട്ടോരോ മണ്ഡൂകങ്ങളെ വഹിക്ക നീ
ഇക്കയം തന്നിൽനിന്നു മറെറാരു കയംതന്നിൽ
വെക്കമെങ്ങെടുത്തുകൊണ്ടാക്കിയാൽ മതിതാനും.
കൃഷ്ണസർപ്പവും മുദാ ദൎദ്ദുരങ്ങളെത്തിന്മാൻ
തൃഷ്ണ[8]കൊണ്ടോരോ ദിനംമാരോരോ മണ്ഡൂകത്തെ
തന്നുടെ ഗളംതന്നിൽ ചുമന്നു കൊണ്ടുപോയി
തിന്നുതിന്നം[9]ഗങ്ങൾക്കുപുഷ്ടിയുമുണ്ടായ്‌വന്നു.
*എന്നതുകൊണ്ടു ചൊന്നേൻ തന്നുടെ കാൎയ്യത്തിന്നു
തന്നുടെ രിപുക്കളെ[10] സ്കന്ധത്തിൽ വഹിച്ചീടും[11].
ദണ്ഡിച്ചേ മതിയാവൂ ദൈവകല്പിതം കൎമ്മം
ഖണ്ഡിച്ചീടുവാനാൎക്കും ശക്തിയില്ലല്ലോ[12] സ്വാമിൻ !
വഹ്നിശേഷവുമൃണശേഷവും മഹാമതേ !
വൈരിശേഷവും പിന്നെ വ്യാധിശേഷവും തഥാ.

1. വൃന്ദ—ഖ. 2. ആയവൻ—ജ. 3. ഭക്ഷിച്ചു—ജ. 4. ശപി—ഖ. 5. ത—ഖ. 6. മതി—ഖ 7. പൻകഥിച്ചിതു—ഗ. 8. പൂ—ഖ. 9. അഹികൾക്ക—ജ. 10. തലയിലെടുത്തീടും.—ച. 11. ച്ചീടാം—ഖ; ക്കണം.—ജ. 12. യുമില്ലയല്ലോ—ച.

* ഈ വരി 'ഠ' ഇല്ല. * ഇതു മുതൽ 6. വരി 'ഖ' പാഠത്തിലില്ല.

വച്ചുകൊണ്ടിരിക്കരുതക്കൂട്ടം[1] ക്രമത്താലേ
വർദ്ധിച്ചാൽ[2] വംശം മുടിച്ചീടുവാൻ മതിയാകും[3].
എന്നതുമൂലമുലൂകങ്ങടെ[4] സമൂഹത്തി–
ലൊന്നുമേ ശേഷിക്കാതെ സംഹരിച്ചിതു[5] ഞാനും.
ആപത്തുവരുന്നേരമാകുലതാപവും വേണ്ടാ
സമ്പത്തു വരുന്നേരം സമ്പ്രഹർഷവും വേണ്ടാ.
ക്രോധവും ദുർബ്ബോധവും ലോഭവും ദുർമ്മോഹവും
രോധവും വിവാദവുമീവിധങ്ങളും[6] വേണ്ടാ.
സർവവും ക്ഷമിച്ചുകൊണ്ടിരുന്നു[7] പതുക്കവേ
ദുർവ്വിധം നീക്കി കാലം സാധുവായ് വരുന്നേരം
സർവകാമങ്ങളെല്ലാം[8] ഫലിക്കും ധീരന്മാൎക്ക
സർവസമ്പത്തും തന്റെ ഹസ്തത്തിൽ വരുമപ്പോൾ.
പ്രാജ്യപൌരുഷനാകും ശ്രീരാമസ്വാമിക്കഹോ[9]
രാജ്യവിഭ്രംശം[10] വനേ വാസവും ഭവിച്ചില്ലേ[11] ?
പഞ്ചപാണ്ഡവന്മാരും[12] നാടുവിട്ടരണ്യത്തിൽ
സഞ്ചരിച്ചഹോ ബഹുസങ്കടം പ്രാപിച്ചില്ലേ[13] ?
നൈഷധൻ[14] നളൻ താനും ഭാൎയ്യയെപ്പിരിഞ്ഞഹോ[15]
വൈഷമ്യം പലതനുഭൂതവാനായീലയോ ?
ദുർഘടസ്ഥാനമവർക്കെല്ലാർക്കുമൊഴിഞ്ഞപ്പോ–
ളുൽക്കടപ്രകാശവും പ്രാഭവങ്ങളും വന്നു.
എന്നതുപോലെ[16] മമ സ്വാമിക്കുമനർത്ഥങ്ങൾ
വന്നതു[17] സമസ്തവുമൊഴിഞ്ഞു വഴിപോലെ.

---

1 ക്കവേ അക്കൂട്ടം—ജ. 2 വാസ്സിച്ചാൽ–ച. 3. വും–ജ. 4. ങ്ങളെ സമൂഹമേ––ഖ് 5. ച്ചീടും–ഖ 6. വിഷം—ഖ. 7. സഹി—ച. 8. കൎമ്മ—ഖ; കാൎയ്യ—ജ. 9. ചന്ദ്രനഹോ—ഖ. 10. ഭംശേ - ഖ. 11. ച്ചല്ലോ—ഖ. 12. ക്ക – ച. 13. പ്രാപിച്ചീലേ—ഖ; ഭവിച്ചല്ലോ—ച. 14. നൃപൻ—ച. 15. ഭൈമിയെ—ജ. 16. കേൾ ണ്ടു —ഖ. 17. വഴിപോലെയൊഴിഞ്ഞു സമസ്തവും—ഖ.

സന്ധിവിഗ്രഹംകൊണ്ടു ശത്രുസംഹാരം ചെയ്തു
[1]സന്ധിച്ചൂ സദാനന്ദം സാമ്പ്രതം സുമംഗലം.
[2]ഇങ്ങിനെ ചിരഞ്ജീവി പറഞ്ഞ ഗിരംകേട്ടു
തിങ്ങിന സന്തോഷത്താൽ പൂർണ്ണനാം മേഘവർണ്ണൻ
കാകലോകാധിപത്യം പ്രാപിച്ചു ബഹുകാല–
മാകുലം വിനാ വാണു മംഗലം ശുഭം ശുഭം.

ഇതി ശ്രീമത് പഞ്ചതന്ത്രപ്രകരണേ സന്ധിവിഗ്രഹോ നാമ
തൃതീയ തന്ത്രം സമാപ്തം

---

# IV

## ലബ്ധനാശം

* [3]ശുകതരുണി വരിക തവ സുകവിതകൾ കേൾക്കയാൽ
ശുദ്ധമെന്മാനസം മാനനീയാകൃതേ !
ശുകനിലയവരവസതി പരമശിവശങ്കരൻ
ശൂലബാലേന്ദുസാരംഗ[4]ഖടപാംഗവാൻ
ലളിതതരമഭിലഷിതവരമരുളുമീശ്വരൻ
ലബ്ധനാശാഖ്യമാം തന്ത്രം കഥിക്ക നീ.
വരദ ജയ മുരമഥന ജയ വിജയസാരഥേ !
വാനോർനദീനാഥ, വന്ദേ രമാപതേ !

---

1. നന്ദിച്ചു—പ. 2. തന്നുടെ—ജ. 3. യുവതി—ഘ, ഛ, ഡ, ത, ഫ.
4. ഖടപാംഗസാരംഗ—ഘ,

* 'ഛ' പാഠത്തിൽ 176 വരികളേ ഉള്ളൂ. 1—14 വരെ വരികൾ 'ഠ' പാഠത്തിലില്ല.

നാലു വരികൾ (3, 4, 7, 8) ഖ പാഠത്തിലില്ല.

സുമതികുലമകുടമണി ധരണിസുരപുംഗവൻ
സോമശർമ്മാഖ്യൻ പറഞ്ഞുതുടങ്ങിനാൻ.
ധനമപി ച ജനമപി ച നിജകരതലാഗതം
ധർമ്മബുദ്ധ്യാ വെടിഞ്ഞീടുന്ന പൂരുഷൻ.
അധികതരമധമനവനവനിപതിബാലരേ !
ആയവൻ വഞ്ചിതനായ്‌വരും നിർണ്ണയം.
*വനനദിയിലിയലുമൊരു വലിയ ജലജന്തുവേ
വഞ്ചനം ചെയ്തു[1]പോൽ പണ്ടൊരു വാനരൻ.
അവനിപതിവരനുടയതനയരതികൗതുകാൽ[2]
ആയതു കേൾക്കേണമെന്നു ചൊല്ലീടിനാർ.
കനിവിനൊടു ധരണിസുരവരനുമിദമൂചിവാൻ
കാനനേ പണ്ടൊരു വൃദ്ധനാം വാനരൻ
ചപലബഹുകപികളുടെ നികരമതിൽ[3] നിന്നവൻ
ചാട്ടം പിഴക്കയാൽ കൂട്ടം പിരിഞ്ഞുപോയ്.
കടലുടയനികടതട[4]ഭുവിമരുവുമത്തിമേൽ
കായും പറിച്ചുതിന്നങ്ങിനേ മേവിനാൻ.
*അതിമധുരമതിസരസമധികതരമോഹനം[5]
അത്തിപ്പഴം ഭക്ഷണത്തിന്നു വിസ്മയം.
ഇതി മനസി കുതുകമൊടു മദമുടയമർക്കടൻ
ഇച്ഛയാ ചാടിത്തകർത്തു തുടങ്ങിനാൻ.
*അതുസമയമതിബഹളഗുളുഗുളുരവ[6]ത്തൊടും
അംഭസ്സിലാശു പൊഴിഞ്ഞു ഫലങ്ങളും.

---

1. രം—ക. 2. അവനുടയതനയരറിയാഞ്ഞ്‌കയാൽ—ഛ. 3. നടൻ—ഖ, ങ, ജ. 4. നികടഭുവിവളരുമൊരുദുംബാര—ഖ, ഘ, ങ; ഉദുംബരേ—ഗ. 5. ഉത്തമം—ഖ, ഗ, ഘ, ങ, ഛ, ഡ, ത. 6. രസ—ജ.

* 15—28 വരെ വരികൾ ‘ഠ’ പാഠത്തിലില്ല.

* 25–28 വരെ വരികൾ ‘ജ’ പാഠത്തിലില്ല.

* 29-ാം വരി ‘ഠ’ പാഠത്തിലില്ല.

ശിഥില[1]ജല[2]പതിതഫലമതു ബത ഭുജിച്ചുടൻ
ശിംശുമാരാഖ്യൻ ജലജന്തുപുംഗവൻ.
അമൃതിനൊടു സദൃശമിതു മമ സതതഭോജനം
അത്രതന്നെ വാസസൌഖ്യമെന്നിങ്ങനെ.
അതികുതുകമകതളിരിലിയലുമഥ ശിംശുമാ-
രാഖ്യനാം ജന്തുരാജാവത്ര മേവിനാൻ.
പരിചിനൊടു പറക മമ[3] കപിവര തനിക്കെന്തു
പേരെന്നു ചോദിച്ചു ശിംശുമാരൻ മുദാ[4].
സലിലചര സരസ ശൃണു മമ ഖലു വലീവക്ത്ര[5]-
നെന്നു പേരെന്നു പറഞ്ഞിതു വാനരൻ.
അധികതരകനിവിനൊടു പുനരിരുവരും മുദാ
അന്യോന്യബന്ധുത്വഭാവമോടു മേവീടിനാർ.
ഭവന[6]മതിലിയലു[7]മഥ[8] ജലചരമഹേന്ദ്രൻെറ
ഭാര്യയാം ശിംശുമാരിക്കഹോ സങ്കടം.
അവനുടയ ചരിതമിദമറിവതിനു ദൂതിയെ
ആശു നിയോഗിച്ചു ശിംശുമാരീ തദാ[9].
അവളുമഥ[10] വിരവിനൊടു നികടഭുവി ചെന്നുടൻ
ആലോകനം ചെയ്തു ശിംശുമാരേന്ദ്രനെ.
സഖിയുടയ രമണനിവനൊരു കപിവരസ്ത്രീയാ
സാകം രമിച്ചുമേവുന്ന[11]ഹോ കശ്മലൻ.
ഇതി മനസി കരുതി ബത കുപിതമതിദൂതിയും
ഇങ്ങോട്ടു വന്നു സഖിയോടു ചൊല്ലിനാൾ.

---

1 നിഖില—ഖ; ശിഥിത—ഡ. 2. ബല—ല. 3. തവ—ജ. 4. തദാ—ജ. 5. വലീമുഖൻ—ഖ. 6. ഭുവനം—ജ. 7. മരുവും—ഖ. 8, കരു—ഗ, ങ. 9. മുദാ—ജ. 10. കനിവിനൊടു—ഖ. 11. ന്നിഹ—ഛ.

*52 മുതൽ 90 വരെ വരികൾ 'ഠ' പാഠത്തിലില്ല.

സഖി[1] തവ തു രമണനൊരു വിജനഭുവി വാനരീ-
സംഗമംചെയ്തു വസിക്കുന്നു സന്തതം.
സഖിയുടയ വചനമിതു[2] സപദി ബത കേൾക്കയാൽ
സന്താപകോപേന ശിംശുമാരീ തദാ.
അധികതരപരവശത കലരുമൊരു ഭാവേന[3]
അഭ്യംഗവും[4] തേച്ചു രോഗം നടിച്ചുടൻ
സഖികളുടെ[5] നടുവിലവളവശതരമെത്രയും
സന്താപമോടേ ശയിക്കും ദശാന്തരേ.
ശിരസി ബഹുഫലനികരമഴകൊടു വഹിച്ചുടൻ
ശിംശുമാരൻ വന്നു[6] ചോദിച്ചു മെല്ലവേ.
മമ ഹൃദയരമണിയുടെ പരവശമിതെന്തഹോ[7]![8]
മാനിനിമാരേ വിരവോടു ചൊല്ലുവിൻ.
വടിവിനൊടു സഖിയുമഥ വചനമിദമോതിനാൾ
വല്ലാത്ത രോഗം പിടിപെട്ടു സാമ്പ്രതം[9].
വയമപി ച സഖിയുടയ പരവശത കാരണാൽ[10]
വൈദ്യനെക്കൊണ്ടന്നു കാട്ടീ മഹാമതേ !
അവനുടയ വചനമതുമതിവിഷമമായ്‌വരും[11]
അങ്ങാടിയിൽപ്പോലുമില്ലാത്തൊരൌഷധം[12].
ഇതിനു പുനരതുവിഹിതമതു ബത ലഭിക്കുമോ ?
ഇന്നതെന്നുള്ളതു[13] ചൊല്ലാം മഹൌഷധം.
കപിയുടയ ഹൃദയമിതിനുചിതതരമൌഷധം[14].
കല്പിച്ചു വൈദ്യൻ കഷായത്തിനിങ്ങിനെ.

---

1. ഹി—ഗ, ങ. 2. ഇതി—ഗ. 3. ഭാഗമങ്ങ്—ങ. 4. ച്ചവാറം—ഛ. 5. യുടയ—ഛ. 6. ചെന്നു—ഖ. 7. വിവശത—ഖ, ങ, ഛ. 8. ടോ—ജ. 9. സംപ്രതി—ഘ. 10. കാൺകയാൽ—ഖ. 11 വന്നു—ഛ. 12. തന്നിലും കിട്ടാത്ത—ജ. 13. ഉം—ഗ. 14. അതിനു ചാരുതരം—ക; ഇതി സൂചിതതരം—ഘ.

അതിവിഷമമതു കിമപി വിരവൊടു ലഭിച്ചെങ്കി[1]–
ലപ്പോഴേ രോഗം ശമിക്കുമെന്നുക്തവാൻ.
സഖിയുടയ കപടമൊഴി വടിവിലഥ[2] കേട്ടടൻ
സഞ്ചിന്തനം ചെയ്തു ശിംശുമാരൻ തദാ.
അപരമൊരു കപിഹൃദയമിഹ[3] നഹി വലീവർത്ത–
നല്ലാതെ മററൊരു മർക്കടൻ നാസ്തി മേ.
അവനുടയ നിധനമതു ശിവശിവ മഹാകഷ്ട–
മത്യന്തബന്ധു മേ ശുദ്ധൻ വലീമുഖൻ.
തരുണിയുടെ തനുവിനകളൊഴിവതിനു വേണ്ടീട്ടു
തന്നുടെ ബന്ധുവെക്കൊല്ലുന്നതെത്രയും
അധമമൊരുവിധമധികദുരിതഫലമെങ്കിലു–
മായത്തും[4] ചെയ്‌കെന്നു വന്നുകൂടീ ദൃഢം.
മികവിനൊടു[5] മനസി സുഖമുതകിന[6] കളത്രവും
മിത്രവും[7] തമ്മിൽ വിശേഷമുണ്ടായ്‌വരും.
നിജരമണിയുടെ[8] ഹരണമതു ബത നിമിത്തമായ്
നിഗ്രഹിപ്പിച്ചു സുഗ്രീവനും ബാലിയെ.
പ്രണയിനിയിലനിശമൊരു കനിവുടയ പൂരുഷൻ
പ്രാണിഹിംസയ്ക്കു മടിക്കയില്ലേതുമേ[9].
ഇതി മനസി കരുതി ജളകമതി ജലജന്തുതാ[10]–
നിഷ്ടനാം കീശനെ പ്രാപിച്ചു മെല്ലെവേ.

---

1. ആകിൽ—ക. 2. നൊടു–ഖ, ഘ. 3 അതിനു ബലീവദനേ—ഖ.
4. ളു–ഖ, ഘ. 5. കനി—ത. 6 രു—ഖ 7. തമ്മിൽ വിശേഷവുമേററ മുണ്ടായ്‌വരും–ഘ. 8. തരുണി—ഗ, ഘ, ഛ, ഡ, ത, ഫ. 9. എന്നുമേ—ഘ; ഒട്ടുമേ—ജ. 10. വും—ഗ, ഘ, ങ, ഡ, ത, ഫ.

കപിവരനുമവനുടയ വരവുമവലോകയൻ[1]
കല്യാണവാൎത്തയും ചോദിച്ചു[2] സാദരം.
ജലചരനുമവനൊടഥ കപടമിദമൂചിവാൻ
ജന്തുക്കൾ ബന്ധുക്കളന്യോന്യമിങ്ങിനെ.
വിധിവിഹിതമനവധികസുഖസഖിസമാഗമം[3]
വേർപെട്ടം നേരം മഹാദുഃഖമായ്‌വരും.
മമ തരുണിയുടെ മനസി[4] സമധികമൊരാഗ്രഹം[5]
മൎക്കടാധീശ്വരാ നിന്മുഖം കാണ്മവാൻ.
വരിക മമ വപുഷി ഖലു സുഖമൊടു വസിക്ക നീ
വാനരാ നിന്നെ വഹിക്കുന്നതുണ്ടു ഞാൻ.
മമ ഭവനമപി ച മമ കമനിയുടെ രൂപവും
മാനിച്ചു കണ്ടു പോരേണം സഖേ! ഭവാൻ.
പരിചിനൊടു കപിവരനുമുപരി[6] ജലജന്തു തൻ—
പൃഷ്ഠേ കരേറി[7]ത്തിരിച്ചോരനന്തരം
നിജവപുഷി കപിവരനെ വിരവൊടു വഹിച്ചുടൻ
നീന്തിത്തിരിച്ചിതു ശിംശുമാരൻ മുദാ[8].
കപിവരനുമവനൊടഥ കിമപി ഗിരമൂചിവാൻ
കാന്തക്കു സൗഖ്യമോ ശിംശുമാരാ[9], സഖേ!
കപടമതി ജലചരനുമവനൊടു കഥിച്ചു[10] മേ
കാന്തക്കു ദേഹസൗഖ്യം നാസ്തി വാനരാ!

---

1. മിതു—ഗ. 2. സത്വരം—ജ. 3. തം—ങ. 4. മതിയിൽ—ഖ.
5. സമധികതരാഗ്രഹം—ഖ; വളരുമൊരു വാഞ്ഛിതം—ഗ, ങ.
6. ഉടനെ—ഗ; അപി ച—ഛ. 7. വസി—ഗ, ങ, ഡ. 8. തദാ—ഖ, ഘ.
9. മാരാധമാ—ജ. 10. ദൂരപെയ്തുമൽ—ഗ, ങ.

ഉദരമതിലതികഠിനമനിശമൊരു[1] വേദന
ഊണുമില്ലിപ്പോളുറക്കവുമില്ലപോൽ.[2]
അതിനു ചില പൊടികളഥ ഗുളികകൾ കഷായവും[3]
ആശു വൈദ്യന്മാർ വിധിച്ചില്ലയോ[4] സഖേ!
അതിവിഷമമതിനുടയ ശമനകരമൗഷധം
അങ്ങാടി തന്നിലും കിട്ടാത്ത സാധനം.
കപിയുടയ ഹൃദയമൊരുപലമതു[5]മശിക്കാതെ
കായരോഗം[6] ശമിക്കില്ലപോൽ വാനരാ!
സഖിയുടയ വചനമിതി സപദി ബത കേൾക്കയാൽ
സാരം ഗ്രഹിച്ചു വിചാരിച്ചു[7] വാനരൻ.
ശിവനുടയ ചരണമിഹ ശരണമധുനാ ശഠൻ
ശിംശുമാരൻ ചതിപ്പാൻ തുടങ്ങുന്നു മാം.
അപരമൊരു[8] കപിയുമിഹ നഹി മമ വധന്യന—
മാഗതം ദൈവമേ! കാത്തുകൊള്ളേണമേ.
ഇവനുടയ ഹൃദയമതികഠിനമിതി[9] ഹന്ത! ഞാൻ
ഇത്രനാളും ഗ്രഹിക്കാതെ പോയെന്തഹോ!
വിപിനഭുവി തപമിയലുമൃഷികളെയുമാക്കുമേ
വിശ്വസിപ്പാൻ[10] മേല പിന്നെയെന്തന്യനെ.
*കരളിടയിലധികശമഗുണമുടയ[11] മർത്ത്യനു
കാനനംവേണമെന്നുണ്ടോ തപസ്സിനു?

---

1. നാവുകൊണ്ടു്—ഗ, ങ. 2. ല്ലഹോ!—ഖ, ഗ, ങ. 3. മേ—ഘ, ഛ. 4. ച്ചില്ലഹോ—ഗ; ച്ചീലയോ—ങ, ഛ, ജ. 5. അതുമൊരുപലം—ഗ, ങ. 6. കാന്തയ്ക്കു—ഛ. 7. നം—ഛ. 8. നൊരു—ഖ, ഘ, ഫ. 9. ഹ—ഛ; യു—ജ. 10. പണ്ണി—ഗ, ഘ, ഡ, ത, ഫ. 11. ത—ക.

* 133—240. വരെ വരികൾ. 'ഫ' പാഠത്തിലില്ല.

നിജഭവനമതിലു[1]മിഹ നിയമഗുണമുള്ളവൻ
നിത്യം വസിച്ചു[2] മോക്ഷം വരുത്തീടുവോൻ.
ഹൃ[3]ദയമതില[4]ഖിലഗുണമതു കിമപി നാസ്തിയാ-
മിദ്ദേഹമെത്രയും മൂഢൻ, മഹാജളൻ.
മമ മനസി കപടമതു നഹി നഹി കിനാവിലും
മൽസ്വാമി നമ്മെച്ചതിക്കയില്ലീശ്വരൻ.
ഒരു കപടമിവനൊടിഹ കിമപി കഥയാമി ഞാൻ
ഓൎത്തുകണ്ടേവം പറഞ്ഞു വലീമുഖൻ.
കമനിയുടെ ഗദമതിനു കപിഹൃദയമൗഷധം
കല്പിതം[5] മുന്നമേ ചൊല്ലാഞ്ഞതെന്തെടോ ?
വനവിടപിയുടെ മുകളിൽ മമ ഹൃദയമങ്ങു ഞാൻ
വച്ചേച്ചു[6] പോന്നുപോയെന്തു ചെയ്യാമിനി ?
പ്രഥമമിതു[7] കിമപി മമ കഥിതമിദമല്ലഹോ !
പ്രസ്ഥാന[8]കാലേ കഥിക്കാഞ്ഞതെന്തു താൻ.
കപിയുടയ കപടമൊഴി കനിവിനൊടു കേട്ടവൻ
കാൎയ്യമെന്നോൎത്തു മഹാജളൻ ചൊല്ലിനാൻ.
അതിസുഭഗ, കപിവൃഷഭ ! തവ ഹൃദയമത്തിമേൽ
അങ്ങു വച്ചേച്ചു പോന്നെങ്കിലങ്ങോട്ടുതാൻ

1. ത—ഘ. 2. ഭജി— ഖ, ഗ, ങ. 3. ശുഭം—ഗ. 4. അമിത—ഖ. 5. ഛര ത്ത—. 6. പോരുന്നേനീദം—ഗ; പോന്നു ഞാൻ—ഘ, ത; പോരുന്നേനിതു—ങ. 7. നഹി കഥിതമെങ്കിലും—ഖ; കഥിതവുമിതല്ലയോ—ഘ, ഡ; കഥിതമതുമില്ലഹോ—ഗ, ങ. 8. കാലത്തുമെന്തു ചൊല്ലാഞ്ഞ നീ—ഖ; കാലത്തുമോതാത്തതെന്തുവാൻ—ഗ, ങ.

*വിരവിനൊടു ഗമനമിഹ സമുചിതമയേ സഖേ!
വിക്രമാംഭോധ! തിരിച്ചു നാം പോകെടോ.
അഥ സപദി പുനരപി ച കടലുടെതടേ നില്ക്കു-
മത്തിമേൽച്ചെന്നു കരേറി കപീശ്വരൻ[1]
വലിവദന[2] ഝടുതി തവ ഹൃദയമതു[3]കൊണ്ടു നീ
വന്നാലുമെന്നുരചെയ്തു ജലചരൻ[4].
നിപുണമതി കപിവരനമവനൊടിദമൂചിവാൻ.
നിന്നെക്കണക്കിനേ[5] ഭോഷനല്ലേഷ[6] ഞാൻ.
ഗഹനഭുവി പുനരപി ച ഗമനമതു കാരണം.
ഗർദ്ദഭത്തെപ്പോലെ ചാകയില്ലേഷ ഞാൻ.
അതു കഥയ കനിവിലിതി[7] ജലചരനമൂചിവാൻ[8].
അക്കഥ കേട്ടാലുമെന്നു കപീശ്വരൻ
ശിവശിവ കിമിതി വദതി ചപലഹൃദയൻ ഭവാൻ
ഗഹനഭുവി മരുവുമൊരു ഗജരിപു[9] മൃഗാധിപൻ
ഗോമായുവാം തന്റെ ഭൃത്യനോടുക്തവാൻ.
കുരു കിമപി മമ രുചിതമതിചതുരജംബുക!
കുക്ഷിരോഗംകൊണ്ടു പാരം വലഞ്ഞു ഞാൻ.
ഗജരുധിരജനിതമിതി കഥയതി ചികിത്സകൻ
ഗർദ്ദഭത്തെക്കൊന്നതിന്നേ ശമം വരൂ.
കഴുതയുടെ രുധിരമിഹ[10][11] വനഭുവി നമുക്കഹോ

1. ദ്രുതം—ഖ. 2. വലീവർദ്ദന—ക; പ്ലവംഗവര വിരവിനൊടു—ഗ, ങ; വിരവിനൊടു—ഘ, ഛ, ഡ. 3. പി—ങ, ഛ. 4. ജലേശ്വരൻ—ഛ. 5. കണക്കേ—ഖ 6. മഹാഭോഷ—ഖ. 7. നൊടു—ഖ. 8. നാൻ—ഛ. 9. കുലം—ഗ, ങ 10. ഖര—ഗ. 11. ഇതു—ഘ, ങ; അതു—ത.

* 157—175 വരെ വരികൾ 'ഠ' പാഠത്തിലില്ല.

കാണ്മാനുമില്ല കേൾപ്പാനുമില്ലെങ്ങുമേ.
വരികരികിലതി[1]സുഭഗ! കഴുതയുടെ മാംസത്തെ
വല്ലേടവുംചെന്നു കൊണ്ടുവാ നീ സഖേ!
ഹരിവരനെ വിരവി[2]നൊടു തൊഴുതഥ സൃഗാലവും
അങ്ങാടി[3]യിൽച്ചെന്നു രാത്രികാ[4]ലേ തദാ.
രജകനുടെ കഴുതയൊടു രഹസി ഗിരമൂചിവാൻ
രാജസേവയ്ക്കു മോഹം നിനക്കില്ലയോ?
രജകനുടെ വസനഭ[5]രമനവധി വഹിച്ചു നീ.
രാപ്പകൽ ദുഃഖി[6]ക്കവേണ്ടെടോ രാസഭ!
ഭയരഹിതമിഹ വരിക ഹരിനൃപതിസന്നിധൌ
ഭക്ഷണത്തിന്നെത്ര സൗഖ്യം ദിനേ ദിനേ.
അശനമപി വസനമപി സകലമപി സാധിക്കു[7]-
മത്രമാത്രം കൈക്കലുണ്ടായ്‌വരും ക്രമാൽ.
അവനുടയ ചതിവചനമതിജളതകൊ[8]ണ്ടഹോ
അങ്ങിനെയെന്നു പുറപ്പെട്ടു ഗർദ്ദഭം.
കുടിലമതി കുറുനരിയുമതിജളനെ വൈകാതെ
കൂട്ടിച്ചുകൊണ്ടങ്ങുചെന്നു കൂപ്പീടിനാൻ.
അതിമുദിതഹൃദയനഥ മൃഗപതിയുമാദരാ-
ലത്താഴമൂണിനു കൊള്ളാമെനിക്കിവൻ.
സരസ[9]രസമിതി കരുതി[10] മനസി മൃഗപും[11]ഗവൻ
സന്ധ്യാനിയമം കഴിപ്പാൻ ഗമിച്ചിതു

1. യി—ഗ. 2. നിമിഷമൊടു,—ത. 3. പുക്ക—ജ. 4. മുദാ —ഖ. 5. അഴകൊടു—ഘ. 6. നീ—ഘ. 7. ഇന്ന—ഖ. 8. ണ്ടുടൻ—ഖ; ണ്ടവൻ—ക. 9. തര—ഖ, ങ,ഡ. 10. മനസി കരുതി—ഗ. 11. ഹരി—ഗ. ങ ഡ.

അതുസമയമതുലഭയതരളമതി[1] ഗർദ്ദഭം
ആരും ഗ്രഹിക്കാതൊളിച്ചു മണ്ടീടിനാൻ.
കഴുതയുടെ ഗമനമതു വിരവൊടു[2] ധരിക്കയാൽ
കണ്ഠീരവേന്ദ്രനും കുണ്ഠിതം പൂണ്ടിതു.
അതിചപലനവനവനെ[3]യിനിയുടനൊ[4]രിക്കൽ നീ
ആഗമി[5]പ്പിക്കേണ[6]മെന്നു ക്രോഷ്ടാവിനെ
പുനരപി ച കഴുതയുടെ നികടഭുവി ചെന്നവൻ[7]
പുത്രാ! വരികെന്ന[8]നുസരിച്ചീടിനാൻ.
ഗത[9]സുകൃതനതി[10]വികൃതദുരിതനിധിയാകയാൽ
ഗർദ്ദഭീഗർഭേ പിറന്നു നീ ദുർഭഗാ![11]
രജകനുടെ വിടുപണിയുമു[12]ടയ വിടുഭോഷനു
രാജസേവാ[13]രസജ്ഞാനമില്ലാ ദൃഢം.
വിപിനതലമതി[14]ലധികമനവധി സുഖം സഖേ !
വിശ്വാസവഞ്ചനം സിംഹത്തിനില്ലെടോ !
കിമപി സുഖമറിവതിനു വിധി[15] ബത നിനക്കില്ല
കിം കാരണം നീയൊളിച്ചുപോന്നു[16] സഖേ !.
[17]കഴുതപുനരവനൊടൊരുവചനമഥ ചൊല്ലിനാൻ
[18]കശ്മലൻ നമ്മെ കടിച്ചു തിന്നും ശഠൻ.

---

1. ഗതി—ഘ. 2. ഗ്രഹിക്ക—ഖ 3. ഇനിയുമിഹകാനനേ—ഗ, ഘ, ങ, ഡ. 4. കരടപ്പു—ക. 5. ആശുവരുത്തുവേണമെന്നു ഗോമായുവും— ഗ, ഘ, ങ, ഡ, ത, 6. പ്പിക്കെന്നയച്ചു—ഖ, ജ. 7. ചെന്നടൻ— ഗ, ഘ, ങ, ഡ 8. വടീ—ഖ. 9. അഫല—ം 10. ദുരിതനിധിയാകയാലിങ്ങിനെ—ഗ. 11. അർഭകേ—ഖ, ഗ, ഘ, ഡ. 12 കളടയ—ഗ, ജ. 13. പരി—ഗ. 14. അഖിലസുഖമധികമുണ്ടെടോ—ഗ, ഘ, ഡ. 15. മതീ—ഖ. 16. വൃഥാ—ക. 17. കഴുതപുനരിദമവദതികഠിനമെന്നെയും—ഘ, ഡ, ത. 18. കൊന്നുതിന്നീടുമെന്നോർത്തു ചൊന്നേനഹം—ഘ, ഡ, ത.

*കരിനികരരിപുവിന്നുടെ കണ്ണുമദ്ദംഷ്ട്രവും
കണ്ടുഭേപടിച്ചു ഞാൻ മണ്ടി സൃഗാലക !
ശിവ ശിവ! കിമിതി വദതി ചപല[1]ഹൃദയ![2] ഭവാൻ
ശീലം ഗ്രഹിക്കാതെ ശങ്കിച്ചതെന്തെടോ![3]
ഗുരുവിനയ ജലധി ഗുണഗണമഹത്തരൻ,
ഗോബ്രാഹ്മണപ്രിയൻ ഗോമായുസേവിതൻ,
സകലജനഹിതകരണനിപുണമതി നീതിമാൻ.[4]
സർവ്വദാ സൗമ്യൻ മൃഗാധിരാജൻ സഖേ!
[5]അമലഗുണനവനപി ച വിരവൊടു ഭവാനെ വ-
ന്നാലിംഗനം ചെയ്‌വതിന്നു ഭാവിച്ചിതു.
കുശലമപി പറവതിനു[6] തുനിയുമളവേഷ നീ
കൊല്ലുവാനെന്നോർത്തു[7] മണ്ടിനാൻ ദുർബ്ബലൻ.
മഹിതഗുണമുടയ തവകുലമഹിമ കേട്ടു ഞാൻ
മക്കടപ്പെണ്ണിന്റെ വേളിക്കു പാടുവാൻ[8]
കഴുതകളിലഴകുടയ പരിഷ പലതുണ്ടുപോൽ
കള്ളമല്ലിങ്ങിനെ നിങ്ങടെ വൈഭവം.
നലമുടയ കുലമിയല്വമതിസുഭഗ നിന്നുടെ
നാദങ്ങൾ കേൾപ്പാൻ കൊതിക്കുന്നു തമ്പുരാൻ.[9]

---

1. തരള—ഘ. 2. യൻ—ഖ, ജ. 3. അഹോ—ഗ, ങ. 4. ദീനവാൻ—ക. 5. അനഘ—ഗ, ങ, ത. 6. ഋ—ഖ. 7. ശങ്കിച്ചുപോയീ വൃഥാ— ഖ, ഗ, ഘ, ങ, ഡ, ത. 8. ചാ—ക. 9. കേസരീ—ഗ, ഘ, ങ, ഡ, ത.

* 211, 212 എന്നീ രണ്ടു വരികൾ 'ഘ' പാഠത്തിലില്ല.

നിഖിലവനമൃഗനികരമതികുതുകമോടഹോ!
നിന്മുഖം കാണ്മാൻ കൊതിച്ചു[1] വന്നു തദാ.
ചലഹൃദയനതുപൊഴുതു[2] ബഹുഭയമിയന്നു നീ
ചാടിയോടിപ്പോന്നതെത്രയും[3] സാഹസം?
ഇഹ ജഗതി വൃഷലികടെ തുണികളുമഹോ[4] ചുമ-
ന്നിങ്ങനെ കാലം കഴിക്കുന്നതെന്തു[5] നീ?
ഇതി കപടവടുവിനുടെ ചടുമൊഴികൾ കേൾക്കയാ-
ലിന്നിയും പോകെന്നുറച്ചിതു ഗർദ്ദഭം.
പുനരപി ച വിപിനഭുവി ഹരിണരിപുസന്നിധൌ
പുണ്യഹീനൻ ചെന്നുനിന്നു[6] ക്രുപ്പീടിനാൻ.
മൃഗപതിയുമതിരഭസമവനെ[7] നിധനംചെയ്തു
മൃത്യുലോകത്തേക്കയച്ചാനസംശയം.
നിഭൃതമഥ ഹരിണരിപു കുറുനരിയൊടുചിവാൻ
നിത്യകർമ്മം കഴിച്ചാശു[8] വരുവൻ ഞാൻ.
അതിനിടയിലപരമൃഗമിതു ബത ഭുജിക്കാതെ
ഔഷധം[9] രക്ഷിച്ചു[10] നിൽക്ക നീ ജംബുക!
നിജസചിവനൊടു സരസമിതി കില[11] പറഞ്ഞുടൻ
നിത്യകർമ്മത്തിന്നു പോയി[12] സിംഹേന്ദ്രനും.

---

1. വന്നേനഹം—ജ. 2 പൊഴുതിലതി— ഖ, ഗ, ങ, ഡ. 3. ന്തൊരു —ഖ, ഗ, ങ, ഡ. 4. അഖിലം—ഖ, ഗ, ഘ, ങ, ഡ, ത. 5. ന്നതേടോ —ഖ്, ഗ, ഘ, ങ, ഡ, ത 6. ക്രുപ്പിനിന്നീടിനാൻ—ഖ, ജ. ഠ; ഗർദ്ദഭം ചെന്നു നിന്നിതു—ഗ,ഘ, ങ, ത. ഫ. 7 ഹനിച്ചങ്ങു—ഖ,ഗ, ഘ, ങ, ത. 8. ന്നു—ക. 9. ആമിഷം—ഖ. 10. നില്ലു—ഖ, 11. ചിലർ—ജ, ഠ. 12. മൃഗേന്ദ്രനും— ഠ, ത.

തദനു മൃത[1]കഴുതയുടെ ഹൃദയമപി [2]കണ്ഠവും
താനങ്ങു ഭക്ഷിച്ചു ഗോമായു തസ്കരൻ.
നിയമവിധി വിധിവദഥ വിരവൊടു കഴിച്ചവൻ[3]
നിക്ഷേപഭക്ഷണത്തിന്നു വന്നു ഹരി.
ഇതിനുടയ ഹൃദയമപി ഗളമപി കുതസ്സഖേ!
ഇങ്ങനെ ചോദിച്ചു കേസരീന്ദ്രൻ തദാ.
*ഹൃദയഗളയുഗളമപി നഹി നഹി മഹാരാജ!
*ഇക്കഴുതയ്ക്കെന്നു ഗോമായു ചൊല്ലിനാൻ.
കരളിവനു യദി ഭവതി സരഭസഗതൻ ജളൻ
കണ്ടാലുമിങ്ങനേ പിന്നെയും പോരുമോ ?
ഗജരിപുവുമതിനിഭൃതമവസദതു കാരണം
ഗർദ്ദഭമല്ല ഞാനെന്നു ചൊന്നേനഹം.
ശൃണു കുടില, ചടുല തവ ഹിതമിതുവൃഥാഫലം
ശിംശുമാരാധമാ പൊയ്ക്കൊൾകെടോ ഭവാൻ.
ലഘുതവരുമളവു കപിവചനമതു കേട്ടുടൻ
[4]ലബ്ധനാശം വന്നു ഖേദിച്ചു മാറിനാൻ.
ലളിതതരചരിതമിതു നരവരകുമാരരേ
ലബ്ധനാശാഖ്യമാം തന്ത്രം ശുഭം ശുഭം.

ഇതി പഞ്ചതന്ത്രപ്രകരണേ ലബ്ധനാശോ നാമ
ചതുർത്ഥതന്ത്രം സമാപ്തം.

---

1. ഹത—ഖ, ഗ, ങ, ത. 2. ഥ—ഖ, ഗ, ൦, ത. 3. ച്ചടൻ— ഘ, ങ, ത, ഫ.
4. ലബ്ധനാശാതുരൻ ഖേദിച്ചുമേവിനാൻ—ഖ, ഗ, ഘ, ങ, ത.

* ൦ പാഠത്തിൽ 253 മുതലുള്ള വരികൾ ഇല്ല.

ഉപകാരിഷു യസ്സാധുസ്സാധുത്വേ തസ്യ കോ ഗുണഃ:
അപകാരിഷു യസ്സാധുസ്സ സാധുസ്സത്ഭിരുച്യതേ.

# V

# അസംപ്രേക്ഷ്യകാരിത്വം

*[1]വാനോർനദീപുരേ വാണരുളീടുന്ന
[2]വാസുദേവം ഭജ ദേവദേവം ഭജ.
വരദ ജയ മുരമഥന വരഗുണഗണാംബുധേ!
വന്ദേ മുകുന്ദേതി വന്ദിച്ചു[3] മേവുന്ന
ശാരികപ്പൈതലേ പഞ്ചമം തന്ത്രവും
പാരാതെ[4] ചൊൽക നീ പാരമുണ്ടാഗ്രഹം.
ചതുരതരമധുരമൊഴികിളിമകളുമാദരാൽ
ചൊന്നാളസംപ്രേക്ഷ്യകാരിത്വതന്ത്രവും.
സോമശർമ്മദ്വിജൻ ഭൂപാലപുത്രരോ-
ടാമോദമോടെ പറഞ്ഞു തുടങ്ങിനാൻ.
യാതൊരു പൂരുഷൻ തത്ത്വം ഗ്രഹിക്കാതെ
ജാതരോഷം പ്രവർത്തിക്കുന്നു ഭൂതലേ,
അവനു പുനരുപരിവരുമനവധി പരിതാപ[5]-
മന്തണശ്രേഷ്ഠനു കീരിമൂലം യഥാ.

## അന്തണശ്രേഷ്ഠനു കീരിമൂലം യഥാ

അക്കഥ കേൾക്കേണമെന്നു ഭൂപാലന്റെ
*മക്കൾ ചോദിച്ചു[6] പറഞ്ഞാൻ[7] മഹീസുരൻ.
ഗൗഡദേശേ ദേവശർമ്മനെന്നൊത്രയ്യം
പ്രൗഢനാം ബ്രാഹ്മണശ്രേഷ്ഠനുണ്ടായിപോൽ.

---

* 1 മുതൽ 4 വരെ വരികൾ 'ഖ' പാഠത്തിലില്ല. 1 മുതൽ 11 വരെ വരികൾ 'ഠ' പാഠത്തിലും ഇല്ല.

1. അമരവരതടിനിയിലമന്നരുളും—ഗ, ങ. 2. പരമാനന്ദവിഗ്രഹം പാർത്ഥസൂതം ഭജേ— ഗ, ങ. 3. മ— ഗ, ങ 4. കെ— ക. 5. അധി— വും— ജ. 6. ഞ്ഞു — ക, 7. ഭൂപാലനും—ക.

16–ാം വരി കഴിഞ്ഞ് 'ഖ' പാഠത്തിൽ ''അപരീക്ഷ്യ ന കർത്തവ്യം സുപരീക്ഷിതം പശ്ചാത് ഭവതി സന്താപോ ബ്രാഹ്മണ്യാം നകുലാർത്ഥത'' എന്ന മൂലശ്ലോകം ചേർത്തിരിക്കുന്നു.

യമനിയമഗുണമുടയ ധരണിസുരനാഥന്നു[1]
യജ്ഞദേസനാഖ്യയാം പത്നിയും[2] ജാതയായ്.
ഭാർയ്യയ്ക്കു ഗർഭം പതുക്കെത്തികഞ്ഞിതു
ഭർത്താവുമോദാൽ പറഞ്ഞു[3] മനോരഥം.
ഉഭയകുലശുഭകരണനിപുണനൊരു നന്ദനൻ
ഊനം വരാതെ ജനിക്കും നമുക്കെടോ.
അന്തണസ്ത്രീയും പറഞ്ഞു മനോരഥം
സന്തതിക്കാകാ സദാനന്ദഭൂസുര[4] !
ഉപരിവരുമധികതരവിഭവശതമാഗ്രഹി-
ച്ചുക്കതി ഘോഷിക്കുന്ന ദുർമ്മോഹി പൂരുഷൻ[5].
സോമശർമ്മന്റെ പിതാവിനെപ്പോലവൻ
ഭൂമിയിൽ ഖേദിച്ചു മേവുമാറായ് വരും.
കഥയ മമ കമലമുഖി! കഥമിതി മഹീസുരൻ
കാർമുകിൽവേണി കഥിച്ചു തുടങ്ങിനാൾ.

## മനോരാജ്യം ഏറെത്തുടങ്ങരുത്

പണ്ടൊരു ഭൂസുരബ്രഹ്മചാരീ[6] സുഖം
പൂണ്ടൊരു വിപ്രന്റെ മന്ദിരം പുക്കുടൻ[7],
ശ്രാദ്ധം ഭുജിച്ചു മലർപ്പൊടിദക്ഷിണ
മാത്രം ലഭിച്ചു മൺപാത്രത്തിലാക്കിനാൻ.
തവിട്ടുപൊടി[8] വടിവിനൊട്ടു ഘടമതിൽ നിറച്ചവൻ
താനേ തലയിൽ ചുമന്നു നടന്നിതു.

1. നം—ഷ്ഠ 2. നാമ ധർമ്മപത്നീ മുദാ—ഘ; ധർമ്മപത്നീം ശുഭം—ഛ; ധർമ്മ പത്നീ ശുഭാ—ഡ, ത. 3. പതുക്കവേ—ജ. 4. പൂരുഷൻ—ജ. 5. ഭൂസുരൻ—ജ. 6. —രൻ—ങ; പൂരുഷ—ജ; പൂരുഷൻ—ഠ. 7. രേ ചെന്നുടൻ—ഗ, ഘ, ങ, ത, ഫ. 8. വിര—ഘ.

മാഗ്ഗേ മനോരാജ്യമോരോന്നു[1] ചിന്തിച്ചു
മാണവൻ[2] മെല്ലെഗ്ഗമിച്ചു[3]തുടങ്ങിനാൻ.
“ആപണേചെന്നു മലർപ്പൊടി വിററു പെ-
ണ്ണാടിനെ മേടിച്ചുകൊണ്ടുപോയ്[4] മെല്ലവെ
സരസതൃണസലിലമിവ സതതമപി[5] നൽകി ഞാൻ
സാദരം നന്നായ് വളൎത്തുകൊണ്ടീടുവൻ.
സംവത്സരത്തിലിരണ്ടു ശിശുക്കളെ-
സ്സംഭവിപ്പിക്കുമീ പെണ്ണാടുമങ്ങിനെ.
ആട്ടിൻ[6] കിടാങ്ങളെ[7] വിററു പശുവിനെ[8]—
പ്പാട്ടിൽ നമുക്കൊന്നു മേടിക്കണം ദൃഢം.
പശുവിനൊരു ശിശു ഭവതി ശിശുവിനു ശിശുക്കളും
പാരാതെ നാലഞ്ചു കാളക്കിടാങ്ങളും[9].
അങ്ങിനെ വന്നാൽ[10] കൃഷി തുടങ്ങാനുള്ള
സംഗതി വന്നു ഭവിക്കും നമുക്കിനി.
നല്ല കണ്ടത്തിൽ കൃഷിചെയ്തുകൊണ്ടു[11] ഞാൻ
നെല്ലും വളരെ സ്വരൂപിച്ചു[12]നന്തരം
ഇരവു പകലധികതരസുഖമൊടു[13] വസിക്കയും[14]
ഇല്ലവും പുത്തനാക്കിപ്പണിയിക്കയും[15]
നല്ലൊരു പെണ്ണിനേ വേളികഴിക്കയു[16]-
*മില്ലത്തു മെല്ലെക്കുടിവച്ചുകൊൾകയും[17]

1. ന്നേ— ക. 2. ബ്രാഹ്മണൻ—ഗ, ങ; ഭൂസുരൻ—ജ. 3. നടന്നു—ഗ, ഘ, ങ, ഛ, ഡ, ത. 4. പോയങ്ങു ഞാൻ— ക, ഖ; പോയങ്ങുതാൻ—ജ. 5. ഇഹ—ഛ, ഫ 6 ആടു—ക. 7. ക്കൾ— ഘ, ങ, ഛ. 8. ക്കളെ—ജ. 9. ക്കൾ—ഘ. 10. വാണാൽ—ഖ. 11. ണ്ടുടൻ—ജ. 12. രുമി—ഠ. 13. നവധിസുഖ—ക 14. ച്ചു ഞാൻ—ഗ, ങ, ത. 15. യിച്ചുടൻ—ഗ, ങ, ഡ, ഫ; ച്ചുഞാൻ—ഘ, ഛ; ക്കണം—ജ, ഠ. 16. ച്ചു ഞാൻ—ഗ, ഘ, ങ, ഢ, ത, ഫ.
17. കൊള്ളുവൻ—ഗ, ഘ, ങ, ഛ, ഡ, ത, ഫ.

അപ്രകാരം സുഖിക്കും[1]വിധൌ ഭാൎയ്യയ്ക്കു
ഗർഭമുണ്ടാകും പ്രസവിക്കുമുണ്ണിയെ.
സുതനുടയ ജനനമതിശുഭ[2]തരമവനു[3] ഞാൻ
സോമശൎമ്മാവെന്നു പേരിട്ടു[4] കൊള്ളുവൻ.
അക്കാലമുണ്ണിയെ നോക്കാതെ മാതാവു
പൈക്കറപ്പാനങ്ങു[5] പോയെങ്കിലാശു[6] ഞാൻ
കോപിച്ചു കോൽകൊണ്ടു താഡനം കൂട്ടുവാൻ
ഗോശാലയിൽ ചെന്നകത്തു പൂക്കീടുവൻ[7].”
പൊണ്ണനീവണ്ണം മനോരഥം ചിന്തിച്ചു
ദണ്ഡുകൊണ്ടൊന്നങ്ങടിച്ചു കുംഭോദരേ.
[8]മൺകുടം പൊട്ടിത്തകൎന്നു മലർപ്പൊടി
മണ്ണിലും തന്നുടെ കണ്ണിലും മൂക്കിലും
അടിമുടികളും മുഴുവനഥ[9] വെളുവെളെയണിഞ്ഞുകൊ–
ണ്ടങ്ങിനെ ചെന്നു ഗൃഹംപുക്കു[10] മാണവൻ.
എന്നതുകൊണ്ടു പറഞ്ഞു മനോരഥ[11]–
[12]മേവം തുടങ്ങരുതെന്നു ഞാൻ ബ്രാഹ്മണാ!
അഞ്ചാറു വാസരമങ്ങു കഴിഞ്ഞനാ-
ളഞ്ചാതെ പെറ്റു കുമാരനുണ്ടായിതു.

---

1. രമിക്കും—ഖ, ഗ, ഘ, ങ, ഛ, ത, ഫ. 2. കരം—ഗ, ങ. 3. ന്നിനി—ഘ, ഡ. 4. ദേണം ധ°രവം—ഘ, ഡ, ത, ഫ. 5. ആശു—ജ. 6 പൊയ്ക്കളഞ്ഞെങ്കിൽ—ഘ, ത, ഫ; പൊയ്ക്കളഞ്ഞാകിൽ—ഖ. 7. ടിലും—ഖ, ഘ, ത, ഫ. 8. മണ്ണുകുംഭം പൊരിഞ്ഞാശു—ഘ; മൺകുടംപൊട്ടി തകൎന്നാശു—ത. 9. ഇഹ—ജ. 10. പുക്കുവാണവൻ—ഖ; പുക്കുബ്രാഹ്മണൻ—ങ; പുക്കുമേവി നാൻ—ച; പുക്കിരുന്നവൻ—ജ. 11. രാജ്യം—ഗ ഘ, ഡ, ത, ഫ. 12. ഏറ—ഖ; കാത്തു—ഗ, ഘ, ത, ഫ.

* ഠ പാഠത്തിൽ 58 മുതൽ 118 വരെ വരികൾ ഇല്ല.

നളിനമുഖി[1] തെളിവിനൊടു ദശമദിവസോദയേ[2]
സ്നാനത്തിനായ്[3] പുറപ്പെട്ടിതു മെല്ലവേ.
പുത്രനെ സൂക്ഷിച്ചു തത്ര വാണീടുവാൻ[4]
ഭൎത്താവിനെപ്പറഞ്ഞാക്കിഗ്ഗമിച്ചിതു.
അന്തരമാശു രാജാവിൻെറ ദൂതനും[5]
വന്നു ഗൃഹസ്ഥദ്വിജനോടു ചൊല്ലിനാൻ.
ഇന്നങ്ങമാവസ്യ കാൽ കഴുകി ഭുജി
ക്കുന്നവൎക്കീരണ്ടു കൃപാ പ്രതിഗ്രഹം.
വെക്കം[6] വരേണമെന്നിങ്ങനെ തമ്പുരാൻ
തൃക്കൺമുനകൊണ്ടു കല്പിച്ചയച്ചു[7] മാം.
ഇതി നൃപതിഭടനുടയ[8] വചനമതു കേട്ടുട-
നിഷ്ഠനാം പുത്രനെക്കാത്തു പാൎത്തീടുവാ[9]-
നെത്രയും വിശ്വാസമുള്ളോരു കീരിയെ
തത്ര[10] കല്പിച്ചു[11] ഗമിച്ചു മഹീസുരൻ.
ഉണ്ണിയെ നോക്കി സമീപേ നകുലവും
കണ്ണടയ്ക്കാതങ്ങു[12] പാൎക്കും ദശാന്തരേ
ശിശുവിനുടെ നികടഭുവി വലിയൊരു ഭുജംഗമം
ശീഘ്രം വരുന്നതുകണ്ടൊരു കീരിയും
സത്വരം ചെന്നങ്ങു[13] നാലഞ്ചു ഖണ്ഡിച്ചു
രക്തവും മെയ്യിലണിഞ്ഞു പാൎത്തീടിനാൻ.
ശ്രാദ്ധം കഴിഞ്ഞു വരുന്നോരു വിപ്രൻെറ
കാൽത്തളിർ ചെന്നു വണങ്ങീ നകുലവും

---

1 വിരവിനൊടു—ഗ, ഘ, ഡ. 2. സേ മുദാ—ഗ, ങ, ഛ, ത. 3. ഭാസിയും—ക. 4. പാൎത്തീടുവാൻ—ഖ. 5. തം—ക, ങ. 6 വേഗം—ജ. 7. ച്ചതേ—ജ. 8. ത—ങ. 9. വാണീടുവാൻ—ഖ, ഗ, ഘ, ങ. 10. പാൎപ്പിച്ചു—ഖ, ഗ, ഘ, ഡ, ത, ഫ. 11. ച്ചിതു ഭൂസുരൻ—ങ, ഛ. 12 യം—ഖ. 13. ചെന്നുടൻ—ഖ, ഗ, ഘ, ങ, ത

കീരിതൻ[1] മേനിമേൽ ചോരകണ്ടപ്പൊഴേ
പാരം കയത്തു[2] വിചാരമില്ലാത്തവൻ
അതിചപലമതി[3]നകുലനഹഹ മമ പുത്രന്റെ
അംഗം[4] മുറിച്ചു ഭക്ഷിച്ചു[5] മഹാശഠൻ.
എന്നു കല്പിച്ചു തടികൊണ്ടടിച്ചാശു
കൊന്നാനസംപ്രേക്ഷ്യകാരീ[6] നകുലനെ.
ചെന്നങ്ങകംപുക്കു നോക്കുന്നനേരത്തു
നന്ദനൻ കൈകാൽ കുടഞ്ഞു ക്രീഡിക്കുന്നു.
സർപ്പഖണ്ഡങ്ങളും കണ്ടു സമീപത്തു
വിപ്രനും പാരം വിഷാദിച്ചു നിന്നിതു[7].
ഉരഗതനു വിരവൊടു വിശകലിതമാക്കിയെ-
ന്നുണ്ണിയെ പാലനം ചെയ്തോരു കീരിയെ
യഷ്ടികൊണ്ടാശു വധിച്ചോരു നമ്മുടെ
എഷ്ടിതം[8] മെത്രയും കഷ്ടം ശിവ ശിവ!
അനന്തരമംബയും[9] വന്നു ചോദിച്ചു[10]വെ-
ന്നുണ്ണിക്കു തുല്യനാം[11] കിരിക്കുമാരനെ
അതികുടിലചപലമതി മനുജഖലനാരുവാൻ[12]
അയ്യോ ശിവ ശിവ! തല്ലി വധിച്ചിതു[13].
എത്രയും പാരം വിഷണ്ണനാം വിപ്രനും
വൃത്താന്തമെല്ലാം പറഞ്ഞറിയിച്ചിതു.
*ബ്രാഹ്മണി താനും പറഞ്ഞിതു[14] സാഹസം
*ബ്രാഹ്മണാ! നിങ്ങൾക്കു വേണ്ടുന്നതല്ലിതു.

1. യിൽ—ഖ, ഗ, ഘ, ജ, ഡ, ത. 2. വേക—ഗ, ങ. 3. നിതി—ഗ, ങ, 4. ദേഹം—, ങ. 5. ഭുജിച്ചു—ഖ. 6. ത്തെ—ല്. 7. നിന്നുടൻ — ഛ. 8. ചേഷ്ടിതം — ഖ. 9. അമ്മ—ഖ, ഗ, ങ. 10. പൊ—ഗ, ഘ, ങ. 11. മാം—ജ. 12. ഖരൻ—ഖ, ഘ; ഇവൻ—ഗ, ങ. 13. ച്ചതും—ഖ; ച്ചിതോ— ഝ. 14. പറഞ്ഞാളതു നേരം—ഛ.

*119, 120 എന്നീ വരികൾ 'ഘ' പാഠത്തിലില്ല.

കണ്ടതും കേട്ടതുമൊക്കെ പ്രമാണമാ–
യ്യൊണ്ടു വിചാരവും കൂടാതെ ചെയ്യുവൻ[1]
പണ്ടൊരു മൂഢക്ഷുരകനു വന്നൊരു
ചെണ്ടത്വമെന്നതുപോലെ[2] തരംകെട്ടും.
അതുപറക വിരവിലിതി ധരണിസുരനുചിവാൻ
ആയതു കേട്ടാല്യമെന്നു തൻഭാൎയ്യയും.

## ദ്രവ്യമില്ലാഞ്ഞു ദുഃഖിക്കവേണ്ടാ ഭവാൻ

ഉണ്ടായി പണ്ടൊരു ചെട്ടിക്കുമാരകൻ[3]
ഉണ്ടായനാളേ ജനനി മരിച്ചിതു.
അപ്പനുമില്ലൊരു ബന്ധുക്കളുമില്ല
ചാൎച്ചയും[4] വേഴ്ച്ചയുമുള്ളോരുമില്ലഹോ![5]
മാതാവു തന്നുടെ ദാസി മുലകൊട്ടു–
ത്തേതാവതാ വളൎത്തീടിനാൾ ബാലനെ.
ദാരിദ്ര്യദുഃഖവും[6] പാരം പഴങ്കഞ്ഞി
കോരിക്കുടിച്ചു[7] കഴിക്കുന്നു[8] വാസരം.
സ്വജനധനരഹിതനവനൊരു നിശി[9] യദൃച്ഛയാ
സ്വപ്നത്തിലേകനെക്കണ്ടു വരുന്നതു.
ദിവ്യൻ പുമാനവൻ ബാലനോടുരചിവാൻ
ദ്രവ്യമില്ലാഞ്ഞു ദുഃഖിക്കവേണ്ടാ[10] ഭവാൻ.
കാലത്തെഴുന്നേററു കാല്യം വദനവും
ചാലവേ ശുദ്ധിവരുത്തി വസിക്ക നീ.
മഹിതഗുണഗണമുടയ യതികളിഹ മൂന്നുപേർ
മധ്യാഹ്നകാലേ വരും[11] തവോപാന്തികേ.
ഭിക്ഷുക്കൾ മൂവരും വന്നാലവരെ നീ

1. ചെയ്യുവൻ—ക. 2. കുണ്ഠത്വം—ജ. 3. ശ്രേഷ്ഠീകുമാരനും—ഛ. 4. ചേർച്ചയും വേഴ്ചയും ഇല്ലഹോ!— ഖ, ജ. 5. ഉള്ളവരുമില്ല—ഘ. 6. ദുഃഖം മുഴുത്തു— ഗ, ങ. 7. തെണ്ടി—ജ. 8. വസി—ഘ. 9. ദിനം—ജ, ത. 10. ക്കേണ്ട നീയിനി—ഛ. 11. വരുവോർ തവാന്തികേ—ഖ.

തൽക്ഷണം കോൽ[1]കൊണ്ടടിച്ചു കൊന്നീടുക.
ഭിക്ഷുക്കൾ മൂവരുമന്നേരമേ മൂന്നു
നിക്ഷേപ[2]കുംഭങ്ങളായ്പ്പിറന്നീടുമേ.
നിയതമിതി പുരുഷവരനരുളി ഗതവാനസൗ
നിദ്രാവസാനേ വിബുധൻ[3] കുമാരകൻ.
പാരാതെ കാലത്തെഴുന്നേററു സത്വരം
ക്ഷൗരാദി ശുദ്ധി വരുത്തിക്കുളിച്ചുടൻ
സപദി നിജ[4]നിലയമതിലവികലമിരുന്നാശു
സന്യാസിമാരെ പ്രതീക്ഷിച്ചു മേവിനാൻ.
മദ്ധ്യാഹ്നകാലത്തു മൂന്നു സന്യാസിമാർ
മാദ്ധ്യന്ദിനസ്നാനമാചരിച്ചഞ്ജസാ
വന്നു വണിക്കിന്റെ[5] മിററത്തിരുന്നിതു.
വന്ദനംചെയ്തു[6] വണിക്കും പതുക്കവേ.
കണ്ണുമടച്ചങ്ങിരിക്കും യതികളെ
ദണ്ഡുകൊണ്ടൊന്നങ്ങ[7]ടിച്ചു[8] മടിക്കാതെ.
നിമിഷമഥ യതികളവരനഘകനകാഞ്ചിതം
നിക്ഷേപകുംഭങ്ങളായ്ത്തീർന്നു[9] മൂവരും.
പൊന്നും[11] പണങ്ങളും സമ്പൂർണ്ണമായുള്ള[10]
പൊന്നും[11] ഘടങ്ങളെക്കണ്ടു വണിഗ്വരൻ[12].
ചെന്നു വലംവച്ചു വന്ദി[13]ച്ചെട്ടത്തിങ്ങു[14]

---

1. വാറും—ക; വടി—ജ. 2. കുണ്ടങ്ങൾ—ക; കുംഭങ്ങളായിപ്പിറക്കും തദാ—ഗ, ഘ, ങ, ച, ത, ഫ. 3. വിധവാൻ—ഖ; ബുധൻ—ഗ, ങ, വിബുധകുമാരനും—ഘ. 4. സദനം—ഗ. ച, ഡ. 5. ന്നുടൻ—ഗ, ഘ, ങ, ച, ത, ഫ. 6 ക്കൻ—ഘ. 7. എടുത്ത—ഖ, ഗ, ഘ, ച. 8. യാതെ—ഖ, ഗ, ഘ, ങ, ച, ഠ, ഫ. 9. വന്നു—ഗ, ഘ, ച, ത, ഫ. 10. പൂർണ്ണമായുള്ളോരു—ച. 11. പൊന്നിൻപണം—ഖ. 12. വണീശ്വരൻ—ക. 13. ച്ചു വേഗേന—ഠ. 14. ത്തങ്ങു—ഗ.

തന്നുടെ ഭണ്ഡാരഗേഹത്തിലാക്കിനാൻ.
ക്ഷൗരകൃത്തിന്നൊരു[1] പൊന്നുരുപാ കൊട്ട-
ത്താരും ഗ്രഹിക്കാതെ[2]യങ്ങയച്ചീടിനാൻ[3].
*നവകനകഘടജനനചരിതമതു[4] കണ്ടുടൻ
നാപിതൻ മാനസേ വിസ്മയിച്ചീടിനാൻ.
സന്ന്യാസിമാർകളെ തച്ചുകൊന്നാലുടൻ
സന്ന്യാസകുംഭങ്ങൾ സംഭവിച്ചീടുമെ-
ന്നിത്രനാളും ഗ്രഹിച്ചില്ല[5]ഹോ ഞാനിനി-
ത്തത്ര കണ്ടീടുന്ന ഭിക്ഷുക്കളെത്തല്ലി
നിഗ്രഹിച്ചും[6]കൊണ്ടു നിക്ഷേപകുംഭം പ-
രിഗ്രഹിച്ചീടുന്നതൊണ്ടെന്നുറച്ചവൻ[7]
നിജഭവനനികടഭുവി വിരവിനൊടു ചെന്നുടൻ[8]
*നിന്നു[9] ഭിക്ഷുക്കളെപ്പാർത്തു[10] പാർത്തീടിനാൻ.
ദണ്ഡും കാഷായവസ്ത്രങ്ങളും നെററിമേൽ
മണ്ണുകൊണ്ടുള്ള കുറികളും[11] കുക്ഷിയും
മുണ്ഡിതമാകും ശിരസ്സും ധരിച്ചുള്ള
പണ്ഡിതന്മാർ മൂന്നു ഭിക്ഷുക്കൾ വന്നിതു.
ക്ഷുരകനതുപൊഴുതു നിജപുരമുറിയിൽനിന്നുടൻ
ക്ഷുദ്രൻ മഹാമൂഢനോടിവന്നീടിനാൻ.
സന്ന്യാസിമാരെ പ്രഹരിപ്പതിന്നുള്ള

---

1. കത്തിന്നൊരു—ഖ, ഠ. 2. അറിയാതെ—ഛ; ഗ്രഹിയാതെ—ഠ. 3. കണ്ട—ക. 4. ഘടഘടനമുടനഥ വിലോകയൻ—ഗ, ഘ; ഘടനമുടനഥ വിലോകയൻ—ങ, ഹ; ഘടജനനമുടനഥ വിലോകയൻ—ഛ. 5. ട്ടില്ല—ഗ. ങ, ഹ; ച്ചീല—ജ. 6 നിഗ്രഹിച്ചാലുടൻ നിക്ഷേപകുംഭവും—ജ. 7. നിത്യം പരിഗ്രഹിക്കാമെന്നുറച്ചവൻ—ജ. 8. ന്നവൻ—ഘ. 9. നിന്നീടിനാൻ മഹാപാപിയാം നാപിതൻ—ഗ, ങ. 10. വാണീ—ഖ, 11. കണ്ഡിയും—ഖ, ങ.

*167 മുതൽ 185 വരെ വരികൾ 'ഠ' പാഠത്തിലില്ല.

*176-ാം വരി 'ഘ' പാഠത്തിലില്ല.

സന്നാഹവും[1] കൂട്ടി വന്നുടക്കം[2] വിധൗ
പേടിച്ചുമണ്ടുന്ന ഭിക്ഷുക്കളെച്ചെന്നു
താഡിച്ചു കോൽ[3] കൊണ്ടു നാപിതൻ കശ്മലൻ.
ഹാ ഹാ മഹാരാജ! രക്ഷിക്ക[4] രക്ഷിക്ക
*ഹാ ഹാ മഹാദേവ! രക്ഷിക്ക രക്ഷിക്ക
*രഘുതനയ യദുതനയ മധുമഥന, മാധവാ!
ശ്രീകൃഷ്ണ,[5] ഗോവിന്ദ പാഹി പാഹി പ്രഭോ![6]
ഇത്ഥം മുറവിളികേട്ടു ഭൂപാലന്റെ
ഭൃത്യപ്രധാനികൾ മണ്ടിവന്നീടിനാർ.
മൂർഖക്ഷുരകനെച്ചെന്നു പിടിപെട്ടു
മൂക്കും ചെവികളും[7] ചെത്തിത്തടികൊണ്ടു
താഡിച്ചു പല്ലും[8] തകർത്തുടൻ തീവെച്ചു
താടിയും മീശയും ചുട്ടു[9] കരിച്ചുകൊ–
ണ്ടാരോഹണാഗ്രേ കിടത്തിത്തിരിച്ചുവ-
ന്നാദരാമൽ വന്ദനംചെയ്തു യതികളെ.
ഇതി[10] വിപദി പതനമതു വിധിവിഹിതമിദ്ദോഷ–
മെല്ലാമസംപ്രേക്ഷ്യകാരിതാകാരണം.
മുററുമൊരുത്തൻ പ്രവൃത്തിച്ചതിന്നെന്തു–
മൂലമെന്നുള്ള[11] വിചാരങ്ങൾ കൂടാതെ
മററവൻ കൂടെ പ്രവൃത്തിക്കിലിങ്ങനെ

1. മോടങ്ങു—ഛ, ഡ. 2. പാഞ്ഞടുക്കം—ഖ, ഡ, ത. 3. വാൾ—ക. 4. പാഹിമാം പാഹിമാം—ഖ. 5. രക്ഷിക്ക രക്ഷിക്ക ഭിക്ഷുക്കളേ പ്രഭോ!—ഖ; ഭവാൻ—ഘ, ഠ, ത. 6. വിഭോ!—ഗ, ങ. 7. ഗളം—ഖ, ഗ, ഘ, ങ, ഡ, ത. 8. പൊഴിച്ചു—ഗ, ഘ, ങ, ഡ. 9. ച്ചുടൻ—ഗ. 10. സപദി—ഗ. 11. രവം—ഖ, ഡ.

* 188-ാം വരി 'ഗ' പാഠത്തിലില്ല.
* 189–208 വരികൾ 'ഛ' പാഠത്തിലില്ല.

കുററം ഭവിക്കുമെന്നോൎത്തുകൊണ്ടീടുവിൻ.
[1]മിത്രഭേദം സുഹൃല്ലാഭം പുനസ്സന്ധി-
വി[2]ഗ്രഹം ലബ്ധനാശം തഥാ[3]സംപ്രേക്ഷ്യകാരിത്വമിങ്ങിനെ
[4]പഞ്ചതന്ത്രങ്ങൾ വിചാരിച്ചു ബുദ്ധിക്കു
ശുദ്ധി വരുത്തുവിൻ [5]ഭൂപാലപുത്രരേ.
[6]പരമഗുണഗണമുടയ നരപതി സുദർശനൻ,
*പാടലീപുത്രഗേഹത്തിന്നധീശ്വരൻ,
നിങ്ങടെ താതൻ, നിലിമ്പരാജോപമൻ,
മം[7]ഗലാകാരൻ, മഹീപാലശേഖരൻ.
നിങ്ങൾക്കു [8]നീതി[9]മാൎഗ്ഗത്തെ ഗ്രഹിപ്പിച്ചു
നിൎമ്മലജ്ഞാനമുണ്ടാക്കുവാൻ നമ്മോടു
[10]കല്പിച്ചതൊക്കവേ സാധിച്ചു ചെററം വി-
കല്പമില്ലേതും വിവേകമേകം സുഖം.
ജനകനുടെ നികടഭുവി കനിവിനൊടു ചെന്നുടൻ
ജാതസന്തോഷം വണങ്ങുവിൻ ബാലരേ!
പഞ്ചതന്ത്രം പഠിച്ചീടും ജനങ്ങൾക്കു
നെഞ്ചകത്തേററം വിവേകമുണ്ടായ്‌വരും.
സച്ചിദാനന്ദം സമസ്തകൃത്യാകൃത്യ-
സഞ്ചിന്തനത്തിന്നു പാത്രമാകും ദൃഢം.
[11]സരസതര[12]സരസമിതിവചനമുരചെയ്തുടൻ.

---

1. മിത്രഭേദം മുമ്പ് രണ്ടാം സുഹൃല്ലാഭം—ഗ, ങ, 2. മൂന്നാമതാം സന്ധിവിഗ്രഹവും പിന്നെ—ഗ, ങ, 3. ലബ്ധനാശം നാലിതഞ്ചാമസംപ്രേക്ഷ്യ—ഗ, ങ. 4. കാരിത്വമിങ്ങിനെ അഞ്ചായ്പറഞ്ഞിതു—ഗ, ങ. 5. വിൻഭൂപാലപുത്രരേ—ക; വിൻ ഭൂപാലബാലരേ—ഗ. 6. മഹിത—ഛ, 7. ലപാലൻ—ഛ. 8. സിദ്ധ—ഘ. 9. ശാസ്ത്രത്തെ—ഖ, ഗ, ങ. 9. കല്പിക്കയാൽ നിങ്ങൾ—ഗ, ങ; ശാസിക്കയാൽ—ഘ, ഡ. 11. സരസതരമിതിവചനരചനമുരചെയ്തുടൻ—ഖ സരസതരമിതി മധുരവചന—ഗ, ങ, ഡ. 12. ഇതിവചന—ഛ.

209—അവസാനംവരെ 'ഠ' പാഠത്തിലില്ല.

സോമശർമ്മാഖ്യൻ മഹീസുരാഗ്രേസരൻ,
പാടലീപുത്രാധിനാഥൻെറ മക്കൾക്കു
[1]പാടവപ്രൗഢത്വ[2]മുണ്ടാക്കി മെല്ലവേ,
ദക്ഷിണന്മാരാം കുമാരകന്മാരോടു
ദക്ഷിണവാങ്ങി[3]ഗ്ഗമിച്ചു സുമംഗലം. 228

** ഇതി പഞ്ചതന്ത്ര പ്രകരണേ അസംപ്രേക്ഷ്യ കാരിത്വം നാമ പഞ്ചമം തന്ത്രം സമാപ്തം.

---

1, പാടവം—ഗ. 2. ഉണ്ടായി—ഖ. 3. ഗമിക്ക—ഛ.

* ഗ, ങ എന്നീ പാഠങ്ങളിൽ മംഗളപരിസമാപ്തിക്കു ശേഷം,
‹കീർത്തിമകളുമിതിസരസമഴകൊടുരചെയ്തടൻ
കീർത്തിച്ചു നാരായണായേതി വാണീടിനാൻ,'' എന്നു കാണുന്നു.

* 'അഗ്നിപരീക്ഷിതകാരകം' എന്ന അഞ്ചാം തന്ത്രത്തിൽ ചേർത്തിട്ടുള്ള ആദ്യ ശ്ലോകം 'ഖ' പാഠത്തിൻെറ അവസാനത്തിൽ കാണുന്നു.

''കുദൃഷ്ടം കുപരിജ്ഞാതം കുശ്രുതം കുപരീക്ഷിതം,
തന്നരേണ ന കർത്തവ്യം നാപിതേനാത്ര യത്കൃതം''
പകാരകഥാനചിതം സൂക്തയുക്തം
ശ്രീവിഷ്ണുശർമ്മാ നൃപനീതിശാസ്ത്രം. 'ഖ' പാഠം

'ക' പാഠത്തിൽ മാത്രം കാണുന്ന രണ്ടു ശ്ലോകങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചതന്ത്രം നീതിശാസ്ത്രം
ഭാഷയാ സന്നിവേശിതം
രാമേണ പാണിവാദേന
ബാലാനാം ബോധഹേതവേ.

ശ്രീമദംബരവാഹിന്യാം
ധാമനി സഹൃദമുല്ലസൽ
ശ്രീവാസുദേവോ ഭഗവാൻ
ശ്രേയസേ ബോഭവീതു നഃ.

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. MAS Acc. No. 61637

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 50 Ps. per day will be charged

MA5
RAG-P

61637

രാഘവൻ പിള്ളക്ക
പഞ്ചതന്ത്രം കിളിപ്പാട്ട്